ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

Welfare Standing Committee

# നഗരസഭകളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ള

# കൈപ്പുസ്തകം

## Handbook for Welfare Standing Committee in Urban Local Governments


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ-680581

KERALA INSTITUTE OF LOCAL ADMINISTRATION (KILA)

MULAMKUNNATHUKAVU.P.O, TRISSUR-680581

നവംബർ 2022

November 2022

**നഗരസഭകളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ്**
**കമ്മിറ്റിയ്ക്കുള്ള കൈപ്പുസ്തകം**

**ചീഫ് എഡിറ്റർ**
**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**എഡിറ്റർമാർ**
ഡോ. കെ രാജേഷ്
സീനിയർ അർബൻ ഫെല്ലോ, കില
ഡോ. കെ.പി.എൻ അമൃത
റിസേർച്ച് അസോസിയേറ്റ്, കില

**അസോസിയേറ്റ് എഡിറ്റർമാർ**
ശ്രീ. എം രേണുകുമാർ
കൺസൽട്ടന്റ്, കില
ശ്രീ. ആർ ബാലഗംഗാധരൻ
കൺസൽട്ടന്റ്, കില
ശ്രീ. പി എം ദേവരാജൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില
അഡ്വ. ടി എസ് സെയ്ഫുദ്ദീൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില

**അസിസ്റ്റന്റ് എഡിറ്റർമാർ**
ശ്രീ. കെ വിനീത്
പ്രോഗ്രോം കോർഡിനേറ്റർ, കില
ശ്രീമതി. റിമ ജോസ്
പ്രോഗ്രോം കോർഡിനേറ്റർ, കില

**രചനയിൽ സഹായിച്ചവർ**
ഡോ. കെ പി ദിലീപ് കുമാർ
ശ്രീ. ഇ നിസ്സാമുദ്ദീൻ
ശ്രീ. കെ പി അനിൽകുമാർ
ശ്രീ. കെ വി ഗോവിന്ദൻ
ശ്രീ. ടോമി ചാക്കോ
ശ്രീമതി. പി മീര
ശ്രീമതി. ജെ മായാലക്ഷമി
ശ്രീമതി. സി സീത
ശ്രീ. എൻ വിജയരാജൻ
ശ്രീ. കെ എം മുഹമ്മദാലി
അഡ്വ. ഫെബി ലിയോ മാത്യൂ
ശ്രീ. എം ജി കാളിദാസൻ
ശ്രീ. കെ ജി ബഷീർ
ശ്രീ. വി സി ചെറിയാൻ

**ഡി.ടി.പി**
ശ്രീമതി. ജാനകി കെ എ
ശ്രീമതി. ജോഫി എൻ ജോണി

**കവർ & ലേഔട്ട്**
ശ്രീ. അഭിരാം കെ.ടി.കെ

**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581
ഫോൺ: +91-487-2207000, 2201312
ഫാക്സ് : +91-487-2201062
ഇ-മെയിൽ : info@kila.ac.in
വെബ് സൈറ്റ് : http://www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം
കഞ്ചിക്കോട്

നവംബർ 2022

**Handbook for Welfare Standing Committee**
**in Urban Local Governments**

**Chief Editor**
**Dr. Joy Elamon**
Director General, KILA

**Editors**
Dr. K Rajesh
Senior Urban Fellow, KILA
Dr. K.P.N Amrutha
Research Associate, KILA

**Associate Editors**
Shri. M Renukumar
Consultant, KILA
Shri. R Balagangadharan
Consultant, KILA
Shri. P M Devarajan
Training Coordinator, KILA
Adv. T S Saifudeen
Training Coordinator, KILA

**Assistant Editors**
Sri. K Vineeth
Programme Coordinator, KILA
Smt. Rima Jose
Programme Coordinator, KILA

**Contributors**
Dr. K P Dileep Kumar
Sri. E Nizamudeen
Sri. K V Anil Kumar
Sri. K V Govindan
Sri. Tomy Chacko
Smt. P Meera
Smt. J mayalakshmi
Smt. C Seetha
Sri. N Vijayarajan
Sri. K M mUhammedali
Adv. Febby Leo Mathew
Sri. M G Kalidasan
Sri. K G Basheer
Sri. V C Cherian

**D.T.P**
Smt. Janakey K A
Smt. Joffy N Johny

**Cover & Layout**
Mr. Abhiram K.T.K

**Published by**

Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur-680 581
Phone: +91-487-2207000, 2201312
Fax : +91-487-2201062
e-mail : info@kila.ac.in
Website : http://www.kila.ac.in

**Printed by**
Gramalakshmi Mudralayam
Kanjikode

November 2022

ISBN NUMBER 978-81-954977-6-8

**ശ്രീ.എം.ബി രാജേഷ്**
**ബഹു തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**
**കേരള സർക്കാർ**



# സന്ദേശം

കേരളത്തിലെ നഗരസഭകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് നഗരസഭാ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെപ്പറ്റി കില പരിശീലനം നൽകി കഴിഞ്ഞിരിക്കുന്നു. അതിന്റെ തുടർച്ചയായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും കാലാനുസൃതമായ രീതിയിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് 1996 ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണത്തോടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇന്ന് അധികാരവും വിഭവങ്ങളും ഉദ്യോഗസ്ഥ–സ്ഥാപന സംവിധാനങ്ങളുമെല്ലാം സ്വന്തമായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾ ഏറെ പ്രതീക്ഷിക്കുന്നു. ഇതനുസരിച്ച് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുമ്പോഴേ അധികാരവികേന്ദ്രീകരണം സാർത്ഥകമായി എന്ന് പറയാൻ കഴിയൂ.

ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം. തീരുമാനങ്ങൾ എടുക്കാൻ അധികാരപ്പെട്ട ജനപ്രതിനിധി സംവിധാനത്തിന് ഫലപ്രദമായി അത് കഴിയണമെങ്കിൽ കൃത്യമായ പരിശീലനം ആവശ്യമാണ്. ഇതിനനുസരണമായ പരിശീലനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കില സ്തുത്യർഹമായ രീതിയിൽ നടപ്പാക്കിയിട്ടുണ്ട്.

ഈ പ്രത്യേകതകൾക്കനുസരണമായിട്ടാണ് ജനപ്രതിനിധികൾക്കായിട്ടുള്ള പുതിയ കൈപ്പുസ്തകങ്ങൾ കില തയ്യാറാക്കിയിട്ടുള്ളത്. തീർച്ചയായും ഈ പുസ്തകങ്ങൾ പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് കൗൺസിലർമാരെ പ്രാപ്തരാക്കും എന്നത് നിസ്തർക്കമാണ്. പുതിയ സവിശേഷതയോടുകൂടി ഈ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയേയും അതിനവരെ സഹായിച്ച മറ്റുള്ളവരേയും അഭിനന്ദിയ്ക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്.

സ്നേഹപൂർവ്വം

**ശ്രീ. എം. ബി രാജേഷ്**

**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ ജനറൽ**
**കില**



# അവതാരിക

കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് ഏകദേശം തുല്യ പ്രാധാന്യം നൽകുന്ന ഒരു ഭരണസംവിധാനം ആയിരുന്നു സ്വതന്ത്ര ഇന്ത്യ മുന്നോട്ട് വെച്ചത്. എന്നാൽ കാലം മുന്നോട്ടു പോയപ്പോൾ പല കാരണങ്ങളാലും ഭരണസംവിധാനത്തിന് കേന്ദ്രീകൃത സ്വഭാവം കൂടുതലായി കൈവരികയാണ് ചെയ്തത്. ഇത്തരമൊരു സംവിധാനത്തിൽ ദുർബല ജനസമൂഹങ്ങളും അവികസിത പ്രദേശങ്ങളും വികസന മുന്നേറ്റത്തിൽ സ്വാഭാവികമായും പിന്തള്ളപ്പെട്ടു പോകുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പല മുൻനിര നേതാക്കന്മാർക്കും ഈ പ്രതിഭാസം ഉണ്ടാകുമെന്ന് അറിയാമായിരുന്നു. അതുകൊണ്ടാണ് സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ അധികാര വികേന്ദ്രീകരണത്തെപ്പറ്റി ദേശീയ പ്രസ്ഥാനത്തിനുള്ളിൽ സജീവമായ ചർച്ചകൾ ഉയർന്നു വന്നത്. അതിന്റെ ഏറ്റവും ഉയർന്ന രൂപമായിരുന്നു ഗാന്ധിജി മുന്നോട്ടുവെച്ച 'ഗ്രാമസ്വരാജ്'.

എന്നാൽ, സ്വാതന്ത്ര്യാനന്തരമുണ്ടായ ഭരണനടപടികളിൽ ഈ ആശയങ്ങൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കപ്പെട്ടില്ല. ഈ അവസ്ഥയ്ക്കെതിരായി, തുടക്കത്തിൽ തന്നെ പല സ്ഥലങ്ങളിലായി പ്രതിഷേധങ്ങൾ ഉയർന്നു വരികയുണ്ടായി. അതിന്റെ ഒരു ഘട്ടത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം വീണ്ടും ഉയർന്നു വന്നു. അതനുസരിച്ചുള്ള ചില നടപടികൾ പല സമയത്തായി കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ നിന്നുണ്ടാവുകയും ചെയ്തു. കേരളത്തിലെ ജില്ലാ കൗൺസിലുകൾ, കർണാടകത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ പശ്ചിമബംഗാളിൽ ഒരു ഘട്ടത്തിൽ നടപ്പാക്കപ്പെട്ട അധികാര വികേന്ദ്രീകരണ സംരംഭങ്ങൾ എന്നിവ ഈ സരണിയിലുള്ള ചില കാൽവെപ്പുകൾ ആയിരുന്നു. എന്നാൽ 73, 74 ഭരണഘടനാ ഭേദഗതികളോടെയാണ് അധികാരവികേന്ദ്രീകരണ നടപടികൾക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ ഫലപ്രദമായ തുടക്കമായത്.

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയോടെ ഇന്ത്യയിലെ നഗരസഭകൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടുകളും ലഭ്യമായി. അതനുസരിച്ച് നഗരഭരണ സംവിധാനത്തെ പറ്റിയുള്ള ജനകീയ പ്രതീക്ഷകളും വിപുലമായി.

ഈ മാറ്റങ്ങൾ ജനപ്രതിനിധികളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സമൂഹം നഗരസഭകളിൽ നിന്ന് സമഗ്രവും സമയബന്ധിതവുമായ സേവനങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വെല്ലുവിളി നേരിടുന്നതിന് നഗരഭരണകൂടങ്ങൾക്ക് സാധ്യമാവാതെ വന്നാൽ അധികാര

വികേന്ദ്രീകരണം നഗരപ്രദേശങ്ങളിൽ ഫലപ്രാപ്തിയിൽ എത്താൻ പ്രയാസമാണ്. ഈ കഴിവ് നേടുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം നിരന്തരവും ഇടമുറിയാത്തതുമായ വിദഗ്ധ പരിശീലനമാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽമാർക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ 2020 ഡിസംബർ മാസത്തിൽ മൂന്ന് ദിവസത്തെ പരിശീലനം കില നൽകുകയുണ്ടായി. ഇതിനോടനുബന്ധിച്ച് നവകേരളത്തിനായി നഗരസഭകൾ എന്ന പേരിൽ വിവിധ വിഷയങ്ങളിലായി തയ്യാറാക്കിയ കൈപ്പുസ്തകങ്ങളും എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ തുടർച്ചയായി നഗരസഭകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കും അംഗങ്ങൾക്കും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങളിൽ വിശദമായ പരിശീലനവും നൽകുകയുണ്ടായി. ഇത്തരത്തിൽ നഗരസഭകളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശീലനത്തിന്റെ തുടർച്ചയായി പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഉപകാര പ്രദമാകും വിധമാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾക്കായി ഈ കൈപുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്. അത് രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത്, സീനിയർ അർബൻ ഫെല്ലോ ഡോ. കെ രാജേഷ് എന്നിവരോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ കില ടീം അംഗങ്ങളേയും അഭിനന്ദിച്ച് കൊണ്ട് ഈ പുസ്തകം കിലയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

**ഡോ. ജോയ് ഇളമൺ**

**ഡോ. അജിത് കാളിയത്ത്**
**അർബൻ ചെയർ പ്രൊഫസർ**
**കില**



# ആമുഖം

സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച 'നമ്മൾ നമുക്കായ്' എന്ന ആശയത്തിന്റെ സാധ്യതകൾ പൂർണ്ണമായും നേടാൻ കഴിവുള്ള ഒരു പ്രാദേശിക ഭരണ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പിൽ വന്ന അധികാരവികേന്ദ്രീകരണ ഭരണസംവിധാനങ്ങളും വികേന്ദ്രീകരണ ആസൂത്രണവും മറ്റ് രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയായി തീരുകയും വിജയം കൈവരിയ്ക്കുകയും ചെയ്തതിന്റെ പ്രധാന കാര്യങ്ങളിൽ ഒന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിയ്ക്കുന്ന എല്ലാവർക്കും വിവിധ മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിന് നേതൃത്വം നൽകുന്ന സ്ഥാപനങ്ങളിൽ മുൻനിരയിൽ നിൽക്കുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കിലയാണ്. ഓരോ തെരഞ്ഞെടുപ്പിന് ശേഷവും പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിയ്ക്കും വരെ തുടർപരിശീലനം നൽകി കൊണ്ടിരിയ്ക്കുകയും ചെയ്യുക എന്നത് കില വർഷങ്ങളായി തുടർന്നു വരുന്ന നടപടിക്രമമാണ്.

സാങ്കേതിക മുന്നേറ്റത്തിന് വിധേയമായി കാലാകലങ്ങളിൽ പഠനരീതിയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കില പഠനസമ്പ്രദായങ്ങൾ പരിഷ്ക്കരിയ്ക്കുന്നു പഠിതാക്കൾ മുതിർന്നവരാണെന്ന കാര്യവും കണക്കിലെടുക്കുന്നു. നീണ്ട അവതരണ രീതികൾക്ക് പകരം പങ്കാളിത്ത പഠന രീതിയ്ക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ് തുടങ്ങിയ രീതികൾ സന്ദർഭാനുസരണം ഉപയോഗിയ്ക്കുന്നു.

ഇന്നാവട്ടെ സ്ഥിതി മറ്റെല്ലാ കാലത്തേക്കാളും സങ്കീർണ്ണമാണ്. കോവിഡ്-19 എന്ന മഹാമാരി അറിവിന്റേയും പഠനത്തിന്റേയും തലങ്ങളിലും പുതിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. അതനുസരിച്ച് പഴയ രീതിയിൽ പഠിതാക്കളെ ഒരു കേന്ദ്രത്തിൽ ഒന്നിച്ചു കൂട്ടി പഠനം നടത്തുക എന്നത് പ്രായോഗികമായി പ്രയാസകരമായപ്പോൾ പകരം സംവിധാനങ്ങൾ കിലയ്ക്കും പരീക്ഷിയ്ക്കേണ്ടിവന്നു. ഏറ്റവും സ്വാഭാവികമായ പുതു സംവിധാനം എന്ന നിലയിൽ ഓൺലൈൻ രീതിയാണ് കില സ്വീകരിച്ചത്. നഗരസഭാ കൗൺസിലർമാരുടെ പൊതുപരിശീലനത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ പ്രത്യേക പരിശീലനത്തിനും ഈ രീതി വിജയകരമായി പ്രയോജനപ്പെടുത്താൻ കിലയ്ക്ക് കഴിഞ്ഞു. ഡിജിറ്റൽ ഇക്കോണമിയുടെ

സഹായത്തോടെ വിജ്ഞാന സമൂഹത്തിലേക്കുള്ള ചുവടു വെപ്പുകൾ അതി വേഗം നടത്തുന്ന കേരളത്തിലെ ജനപ്രതിനിധികൾക്ക് ഈ മാറ്റം ഉൾക്കൊള്ളാനും, അവരുടെ പ്രവർത്തനങ്ങൾ ഇത്തരത്തിലൂടെ മെച്ചപ്പെടുത്തുന്നതിനും കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ പുതിയ സംവിധാനത്തിൽ പഠനത്തിനു സഹായകരമായ കൈപുസ്തകങ്ങളുടെ പ്രാധാന്യം വളരെയേറെ വർദ്ധിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി പരിശീലനത്തിനും ഇത് ബാധകമാണ്. ഈ പുതിയ പരിസ്ഥിതി കണക്കിലെടുത്ത് അതനുസരിച്ചുള്ള കാഴ്ചപ്പാടോടു കൂടിയാണ് കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേകം പ്രത്യേകം പുസ്തകങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പതിവിൽ നിന്നും വ്യത്യസ്തമായി ഓരോ വിഷയങ്ങളോടും ബന്ധപ്പെട്ട വിദഗ്ധരെ കണ്ടെത്തി അവരുടെ അനുഭവും വൈദഗ്ധ്യവും ഉൾക്കൊള്ളുന്ന ലേഖനങ്ങൾ സംഭരിയ്ക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സമകാലീന സേവനങ്ങൾക്ക് ഉതകുന്നതോടൊപ്പം ഭാവിയിലും ഉപയോഗിയ്ക്കുവാൻ കഴിയുന്ന രീതിയിലാണ് പുസ്തകങ്ങൾ സംവിധാനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട മേഖലകളിൽ ദീർഘകാലമായി പ്രവർത്തിച്ചു വരുന്നവരാണ് എല്ലാ ലേഖന കർത്താക്കളും. പ്രാദേശിക ഭരണ സംവിധാനങ്ങളുടെയും അധികാര വികേന്ദ്രീകരണത്തിന്റേയും ചരിത്രപരമായ ഉരുത്തിരിയൽ മുതൽ ഇന്ന് അത് അഭിമുഖീകരിയ്ക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളും അതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പങ്കും പ്രസക്തിയും വരെ ഈ പുസ്തകങ്ങളിൽ ചർച്ച ചെയ്യുന്നു.

ഈ രീതിയിൽ ഈ പുസ്തകം രൂപകല്പന ചെയ്യാനും സമയബന്ധിതമായി തയ്യാറാക്കുന്നതിനും ലേഖനകർത്താക്കളും കിലയുടെ ജീവനക്കാരും പൂർണ്ണ മനസ്സോടെ സഹകരിച്ചിട്ടുണ്ട്. അവർക്കും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യനായ കില ഡയറക്ടർ ജനറലിനും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിയ്ക്കുന്നു.

**ഡോ. അജിത് കാളിയത്ത്**

## ഉള്ളടക്കം


**1 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ ഉത്തരവാദിത്തങ്ങൾ ........ 25**

1.1 ആമുഖം........ 25

1.2 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നഗര ഭരണസംവിധാനവും ........ 25

1.3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ചുമതലകൾ ഉത്തരവാദിത്തങ്ങൾ........ 26

1.3.1 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 അനുസരിച്ച് നഗരസഭകളിൽ ക്ഷേമകാര്യ ........ 26

1.3.2 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ (സൂചന കേരള മുനിസിപ്പാലിറ്റി ആക്ട്-ഒന്നാം പട്ടിക) ........ 26

1.4 നഗരസഭാസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും........ 28

1.5 സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ........ 29

1.6 ഘടകസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും നിയന്ത്രണസംവിധാനവും ........ 29

1.7 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും........ 30

1.8 പൊതുവിതരണം ........ 30

1.8.1 ചുമതലകളും പ്രവർത്തനങ്ങളും ........ 30

**2 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് & സോഷ്യൽ ഓഡിറ്റ് ........ 32**

2.1 ആമുഖം........ 32

2.2 പദ്ധതി ആസൂത്രണ രേഖ ........ 32

2.3 14ാം പഞ്ചവത്സര പദ്ധതി മാർഗരേഖ സവിശേഷതകൾ (സ.ഉ (കൈ) നമ്പർ 86/2022/തസ്വഭവ, തിയ്യതി 19.4.2022)........ 33

2.4 ആസൂത്രണം എങ്ങനെ? ........ 33

2.5 ആസൂത്രണ നടപടി ക്രമങ്ങൾ ........ 34

2.5.1 ആസൂത്രണ സമിതി രൂപീകരണം........ 34

2.5.2 വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കൽ........ 35

2.6 വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും ........ 36

2.7 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾ........ 37

2.7.1 വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന, പ്രവർത്തന രീതി........ 37

2.8 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികൾക്ക് ഫണ്ട് വകയിരുത്തലും ........ 38

2.9 ഫണ്ട് വകയിരുത്തൽ ........ 38

2.10 പ്രോജക്ട് ഉൾപ്പെടുത്തൽ ........ 38

2.11 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഉപപദ്ധതികളും പ്രോജക്ടുകളും ........ 39

2.12 വികസന രേഖ തയ്യാറാക്കൽ........ 39

2.13 വാർഡ് സഭകൾ/ഊരുകൂട്ടങ്ങൾ/മത്സ്യ സഭകൾ യോഗം ചേരൽ........ 40

2.13.1 വാർഡ് സഭായോഗങ്ങൾ ........ 40

2.13.2 ഊരുകൂട്ട യോഗം ....................................................................40
2.12.3 മത്സ്യസഭാ യോഗം ................................................................40
2.14 വികസന സെമിനാർ ..................................................................40
2.15 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ .....................................41
2.15.1 ബാങ്ക്/സഹകരണ സംഘം പ്രതിനിധികളുമായി ചർച്ച ........................41
2.15.2 പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക് .41
2.16 വാർഷിക പദ്ധതി രേഖ ...............................................................42
2.17 വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം..........42
2.18 പ്രോജക്ടുകൾ തയ്യാറാക്കൽ .........................................................42
2.18.1 ചുമതല ..................................................................................42
2.18.2 പ്രോജക്ട് ഡാറ്റാ എൻട്രി ചെയ്യുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ..............................................42
2.18.3 പ്രോജക്ട് ഫോറങ്ങൾ ..................................................................43
2.19 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം.....................43
2.20 പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും .................................44
2.21 പദ്ധതി നിർവ്വഹണം ......................................................................45
2.21.1 സാമ്പത്തികാനുമതി ...................................................................45
2.21.2 കരാറിലേർപ്പെടൽ .....................................................................45
2.21.3 തുക വിനിയോഗ നിബന്ധന ..........................................................45
2.22 അനിവാര്യ വകയിരുത്തലുകൾ .......................................................45
2.22.1 അങ്കണവാടി പോഷകാഹാര വിതരണം .............................................45
2.23 വിഭവങ്ങളുടെ മേഖലാ വിഭജനം നിശ്ചയിക്കൽ .....................................46
2.24 നഗരസഭകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ........................................46
2.25 സബ് സിഡിയും അനുബന്ധ വിഷയങ്ങളും........................................47
2.26 പദ്ധതി മോണിറ്ററിംഗ് ..................................................................47
2.26.1 മോണിറ്ററിംഗ് കൊണ്ട് ലക്ഷ്യമിടുന്നത്..............................................48
2.26.2 മോണിറ്ററിംഗ് ചുമതലകൾ.............................................................49
2.26.3 മോണിറ്ററിംഗ് എങ്ങനെ?...............................................................49
2.27 സോഷ്യൽ ഓഡിറ്റ് .......................................................................50
2.27.1 സാമൂഹ്യ ഓഡിറ്റിനായി അവശ്യം പരിശോധിക്കേണ്ട രേഖകളുടെ പട്ടിക.. 51
**3 ജെന്ററും പ്രാദേശിക ഭരണവും – ആശയങ്ങൾ ........................................53**
3.1 ആമുഖം.......................................................................................53
3.2 കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും ..................................54
3.2.1 സ്ത്രീകളുടെ അവസ്ഥ .....................................................................54
3.2.2 സ്ത്രീ പദവി ...............................................................................54
3.3 ട്രാൻസ് ജെന്റർ വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങൾ ..................................57
3.4 സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കാരണങ്ങൾ .........................................57
3.4.1 ലിംഗവിവേചനം (Gender Discrimination) ........................................57
3.4.2 എന്താണ് പിതൃമേധാവിത്ത വ്യവസ്ഥ (Patriachy).................................58

3.5 ജെൻഡർ, അനുബന്ധ ആശയങ്ങൾ ....................................................58
3.6 ലിംഗ വ്യത്യാസം (Sex)....................................................58
3.7 ലിംഗപദവി (Gender) ....................................................59
3.8 ജന്റർ റോളുകൾ (Gender Roles)....................................................59
3.9 ലിംഗസമത്വം (Gender Equality) ....................................................60
3.10 ലിംഗനീതിയും സന്തുലനവും (Gender Equity and Justice)....................................................60
3.11 ലിംഗപദവി തൊഴിൽവിഭജനം ....................................................61
3.12 ജൈവപരമായ തൊഴിൽവിഭജനം ....................................................61
3.13 ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ ....................................................61
3.14 വേതനമില്ലാത്ത ജോലികളുടെ ലിംഗപരമായ വിഭജനം....................................................61
3.15 ലിംഗപദവി മുഖ്യധാരാവൽക്കരണം ....................................................62
3.16 ലിംഗപദവി സംവേദനക്ഷമത (Gender Sensitivity) ....................................................62
3.17 ലിംഗപദവി വീക്ഷണം (Gender Perspective)....................................................62
3.18 ലിംഗപദവി ആസൂത്രണം ....................................................63
3.19 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ ....................................................63
3.19.1 വിവരശേഖരണം ....................................................63
3.19.2 പ്രശ്നത്തെ നിർവ്വചിക്കുക....................................................64
3.19.3 തന്ത്രങ്ങൾ രൂപപ്പെടുത്തുക ....................................................64
3.19.4 പദ്ധതി ലക്ഷ്യം വയ്ക്കുന്നവരെ കണ്ടെത്തുക. ....................................................65
3.19.5 സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക ....................................................66
3.19.6 ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ നൽകുക ....................................................66
3.19.7 പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ, പരിണതഫലങ്ങൾ ഇവ നിർവ്വചിക്കുക ....................................................67
3.19.8 മോണിറ്ററിംഗ്, റിപ്പോർട്ടിംഗ് നടപടികൾ ....................................................68
4 **ജെന്റർ സൗഹൃദ നഗര ഭരണം (Gender Friendly Local Governance) .................... 70**
4.1 ഭരണഘടനാ വ്യവസ്ഥകൾ....................................................71
4.2 ലിംഗ നീതിയ്ക്കായുള്ള നിയമങ്ങളും അവയുടെ പ്രാപ്യതയും ....................................................72
4.3 ലിംഗപദവിപഠനം....................................................74
4.4 പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ (Practical Gender Needs) ....................................................74
4.5 നിർണായക ലിംഗപദവി ആവശ്യങ്ങൾ (Strategic Gender Needs)....................................................74
4.6 ജെൻഡർ ബജറ്റിംഗ് ....................................................75
4.6.1 ലക്ഷ്യങ്ങൾ ....................................................75
4.7 ജെൻഡർ ഓഡിറ്റിംഗ് ....................................................75
4.7.1 എന്താണ് ലിംഗപദവി ഓഡിറ്റിംഗ് ....................................................75
4.7.2 ലക്ഷ്യങ്ങൾ ....................................................76
4.8 വനിതാ ഘടക പദ്ധതി ....................................................76
4.9 വനിത ഘടക പദ്ധതി (WCP)എന്തിന്?....................................................76
4.9.1 സാധ്യതകൾ ....................................................77

4.9.2 കഴിഞ്ഞ കാലങ്ങളിലെ പരിമിതികൾ ....77
4.10 ജെൻഡർ റിസോഴ്സ്സെന്റർ ....78
4.10.1 ലക്ഷ്യങ്ങൾ ....78
4.11 ജാഗ്രതാ സമിതി ....78
4.12 ജാഗ്രതാസമിതിയുടെ ലക്ഷ്യങ്ങൾ ....79
4.13 കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ (CWF) ....79
4.14 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല ....79
**5 കുട്ടികളുടെ സമഗ്ര വികസനം ....81**
5.1 കുട്ടികളുടെ സമഗ്ര വികസനം ....81
5.1.1 കുട്ടികളുടെ നിലവിലുള്ള അവസ്ഥ- സംസ്ഥാനത്ത് ....82
5.1.2 ശിശുവികസന മേഖല നേരിടുന്ന പ്രശ്നങ്ങൾ ....82
5.1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ....82
5.2 ഐ.സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന ശിശുവികസന പദ്ധതികൾ ....86
5.2.1 സംയോജിത ശിശു വികസന സേവന പദ്ധതി (Integrated Child Development Services - ICDS) ....86
5.2.1.1 പദ്ധതിയുടെ ലക്ഷ്യങ്ങൾ ....86
5.2.1.2 ഗുണഭോക്താക്കൾ ....86
5.2.1.3 സേവനങ്ങൾ ....86
5.2.1.4 അങ്കണവാടികൾക്ക് അവശ്യം വേണ്ടതായ സൗകര്യങ്ങൾ ....87
5.2.1.5 മാതൃകാ അങ്കണവാടികളുടെ നിലവാരം ....87
5.2.2 അങ്കണവാടികളിൽ നൽകുന്ന അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം ....88
5.2.3 രോഗപ്രതിരോധ പ്രവർത്തനങ്ങൾ ....88
5.2.4 അനുപൂരക പോഷകാഹാര പദ്ധതി ....88
5.2.5 ഹോം റേഷൻ സ്ട്രാറ്റജി (THRS) ....89
5.2.6 കുമാരിക്ലബ് ....89
5.2.7 അങ്കണവാടികളും മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയും ....89
5.2.8 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതി 90
5.3 സ്കൂളുകൾ ....90
5.3.1 ബഡ്സ് സ്കൂൾ -പ്രവർത്തനം ....90
5.4 നഗരസഭാതല ശിശുസംരക്ഷണ സമിതി ....90
5.5 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ ....91
5.5.1 അങ്കണവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ ....91
5.5.2 പ്രീ സ്കൂൾ കിറ്റുകൾ ....91
5.5.3 SAG - Scheme for Adolcent Girls ....91
5.5.4 കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം ....91
5.5.5 കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസലിംഗ് പ്രോഗ്രാം) ....92
5.5.6 തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം ....92
5.5.7 ഫൗണ്ടിലിംഗ് ഹോമുകൾക്കുള്ള ധനസഹായം ....92

5.5.8 അഗതികളായ കുട്ടികൾക്കുവേണ്ടിയുള്ള അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്. 92
5.5.9 അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി. ....93
5.5.10 അനാഥാലയങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സീറ്റ് റിസർവേഷൻ. ....93
5.6 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH) ....94
5.7 NHM (ദേശീയ ആരോഗ്യ മിഷൻ) ....94
5.8 കേരള സാമൂഹ്യ സുരക്ഷാമിഷൻ പദ്ധതികൾ ....94
5.8.1 ക്യാൻസർ സുരക്ഷ ....95
5.8.2 താലോലം ....95
5.8.3 ശ്രുതിതരംഗം കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി ....95
5.8.4 സ്നേഹപൂർവ്വം പദ്ധതി ....96
5.8.5 മാനദണ്ഡങ്ങൾ ....96
5.8.6 സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ....97
5.9 കേരള സംസ്ഥാന ശിശുക്ഷേമസമിതി പ്രവർത്തനങ്ങൾ ....97
5.9.1 ദത്തെടുക്കൽ കേന്ദ്രം ....97
5.9.1.1 ദത്തെടുക്കൽ....97
5.9.2 അങ്കണവാടി പ്രവർത്തക പരിശീലനകേന്ദ്രങ്ങൾ ....97
5.9.3 വിവിധതരം അവാർഡുകൾ ....97
5.9.4 പുനർജനി....98
5.9.5 മോണ്ടിസോറി ഹൗസ് ഓഫ് ചിൽഡ്രൻ ....98
5.9.6 ഡോൾസ് മ്യൂസിയം....98
5.9.7 കുട്ടികളുടെ വാർഡ്സഭ....98
**6 കുട്ടികളുടെ സംരക്ഷണ സംവിധാനം ....99**
6.1 അന്താരാഷ്ട്ര ഉടമ്പടി പ്രകാരം കുട്ടികൾക്കുള്ള സംരക്ഷണം ....99
6.2 കേരളത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ....100
6.3 കുട്ടികളുടെ സംരക്ഷണത്തിനായി കേരളസർക്കാരിന്റെ സംവിധാനങ്ങൾ.....101
6.3.1 കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ....101
6.3.2 കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും ....101
6.3.3 സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്....101
6.3.4 ജുവനൈൽ പ്രൊബേഷൻ സർവ്വീസ്....101
6.3.5 ജുവനൈൽ ജസ്റ്റിസ് ബോർഡ്....102
6.3.6 ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ....102
6.3.7 സ്റ്റേറ്റ് ചൈൽഡ് പോളിസി....102
6.4 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് ....102
6.5 അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റുകൾ ....103
6.6 സംയോജിത ബാലസംരക്ഷണപദ്ധതി (PCPC) ....103

6.7 ചൈൽഡ് ലൈൻ ....104
6.8 ബാലമിത്രം....104
6.9 സ്നേഹിത ....104
6.10 KeCRO (Kerala Child Rights Observatory) ....104
6.11 DCPU (District Child Protection Unit) ....104
6.12 വനിതാ ശിശു വികസന വകുപ്പുവഴിയുള്ള സ്ഥാപനങ്ങൾ....105
6.12.1 സ്പെഷ്യൽ ഹോം ....105
6.12.2 ഒബ്സർവേഷൻ ഹോം....105
6.12.3 ചിൽഡ്രൻസ് ഹോം ....105
6.12.4 നിർഭയ ഷെൽട്ടർ ഹോം....105
6.12.5 നിർഭയ പദ്ധതി....106
6.12.6 വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ ....106
6.12.7 നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ ....106
6.12.8 ദിശ ....106
6.12.9 ഭൂമിക....106
6.12.10 സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ട്....107
6.12.10.1 പ്രോജക്റ്റ് ലക്ഷ്യങ്ങൾ ....107
6.12.10.2 പ്രവർത്തനങ്ങൾ....108
6.12.10.3 സമൂഹത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ....108
6.12.10.4 പ്രോജക്ട് ഒഫീഷ്യൽസ്....109
6.12.10.5 കമ്മ്യൂണിറ്റി പോലീസ് ഓഫീസർ....109
6.13 കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (ORC– Our Responsibility to Children) .... 109
6.13.1 ജില്ലാ ORC റിസോഴ്സ് സെന്റർ....110
6.14 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 . 110
6.14.1 കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ ....110
6.14.2 കുറ്റവും ശിക്ഷയും....111
6.14.3 കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ് ....112
6.14.4 ബാലസൗഹൃദ നടപടിക്രമങ്ങൾ ....112
6.14.5 നഷ്ടപരിഹാരം....113
6.14.6 നിയമസഹായം ....113
6.14.7 സപ്പോർട്ട് പേഴ്സൺ ....113
**7 ഭിന്നശേഷി സൗഹൃദ നഗരഭരണം .... 114**
7.1 ആരൊക്കെയാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ....114
7.1.1 ഭിന്നശേഷി തരംതിരിവുകൾ ....114
7.1.2 ഭിന്നശേഷിക്കാരുടെ പ്രധാന പ്രശ്നമേഖലകൾ ....115
7.1.3 ഭിന്നശേഷി നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി ....115
7.1.4 പരിഹാരമാർഗ്ഗങ്ങൾ/കർമ്മപരിപാടികൾ....116
7.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന നിലവിലുള്ള

പദ്ധതികളും ധനസഹായങ്ങളും. ....117
7.2.1 വിവിധ സ്കോളർഷിപ്പുകൾ, ബത്തകൾ....117
7.2.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ....118
7.2.3 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകൽ 118
7.2.4 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ ....119
7.2.5 ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്നവർ....119
7.2.6 വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർ ....119
7.2.7 യാത്രാ ഇളവുകൾ (പൊതു നിർദ്ദേശങ്ങൾ) ....119
7.2.7.1 യാത്രാ ഇളവുകൾ എങ്ങനെ നേടാം ?....120
7.3 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ ....120
7.3.1 ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ....120
7.3.1.1 ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്) – ....120
7.3.1.2 വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം/പരിശീലനം എന്നിവ നൽകുന്നതിനുള്ള പദ്ധതി ....120
7.3.1.3 സ്പെഷ്യൽ സ്കൂൾ ....120
7.3.1.4 സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി....121
7.3.1.5 തൊഴിൽ പരിശീലനകേന്ദ്രങ്ങൾ....121
7.3.1.6 ഷെൽറ്റേർഡ് വർക്ക് ഷോപ്പ് ....121
7.3.1.7 കുഷ്ഠരോഗവിമുക്ത പുനരധിവാസ പദ്ധതി....121
7.3.1.8 മാനസിക രോഗബാധിതർക്കുള്ള ചികിത്സാ പുനരധിവാസ പദ്ധതി....121
7.3.1.9 വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനുമുള്ള പദ്ധതി....121
7.3.1.10 കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട്....121
7.3.1.11 കാഴ്ച്ചശക്തി വളരെക്കുറഞ്ഞവർക്കുള്ള പദ്ധതി ....121
7.3.1.12 മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി ....121
7.3.1.13 സെമിനാറുകൾ/ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി....122
7.3.1.14 പരിസ്ഥിതി സൗഹൃദ ജൈവാധിഷ്ഠിത പദ്ധതികൾ ....122
7.3.1.15 കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം ....122
7.3.1.16 കെട്ടിട നിർമാണ പദ്ധതി....122
7.3.1.17 നിയമാവബോധത്തെ സംബന്ധിച്ച പദ്ധതി ....122
7.3.1.18 സ്കോളർഷിപ്പ് ....122
7.3.1.19 അഭിഭാഷകർക്കുള്ള ധനസഹായം ....122
7.3.1.20 അഭിമുഖം, എഴുത്ത് പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നവർക്കുള്ള യാത്രാബത്ത ....123
7.3.1.21 എൻ.ജി.ഒ നടത്തുന്ന ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളിലെ

അന്തേവാസികൾക്ക് നൽകേണ്ടുന്ന ഗ്രാന്റ്.......123
7.3.1.22 പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ (PWD Act – Chapter IX Section – 50).......123
7.3.1.23 ചികിത്സാ ധനസഹായം.......123
7.3.1.24 വിവാഹധനസഹായം (പരിണയം പദ്ധതി).......123
7.3.1.25 എഡിഐപി സ്കീം (Assistance to disabled persons for purchase/fitting of Aid Applicance).......123
7.3.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ.......124
7.3.2.1 ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC).......124
7.3.2.2 പ്രതീക്ഷാഭവൻ.......124
7.3.2.3 പ്രത്യാശാഭവൻ.......124
7.3.2.4 വികലാംഗസദനം.......124
7.3.2.5 വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ.......124
7.3.2.6 ബാലവികലാംഗസദനം.......125
7.3.3 കാഴ്ച്ചവൈകല്യമുള്ളവർക്കുള്ള പദ്ധതികൾ.......125
7.3.3.1 കുറഞ്ഞ കാഴ്ചശക്തിയുള്ളവർക്ക് ശക്തിയേറിയ മാഗ്നിഫൈയിംഗ് ഗ്ലാസ്/ടെലസ്കോപ്പ് മൗണ്ടഡ് സ്പെക്സ് വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു. (500 പേർക്ക്).......125
7.3.3.2 കാഴ്ച വൈകല്യമുള്ളവർക്ക് വൈറ്റ്കെയിൻ നൽകുന്ന പദ്ധതി (2000 പേർക്ക് നൽകുന്നു).......125
7.3.3.3 കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ബ്രെയിലി കിറ്റ് അനുവദിക്കുന്ന പദ്ധതി (1000 പേർക്ക്).......126
7.3.3.4 കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Talking Calculator അനുവദിക്കുന്ന പദ്ധതി (500 പേർക്ക്).......126
7.3.3.5 കാഴ്ച വൈകല്യമുള്ളവർക്ക് Daisy Player System നൽകുന്ന പദ്ധതി.......126
7.3.3.6 കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിന്റെ പരിപാലനത്തിന് പ്രതിമാസം 2000 രൂപ നൽകുന്ന പദ്ധതി (200 പേർക്ക്).......127
7.4 കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ:.......127
7.4.1 വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി..127
7.5 കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ സ്കീമുകൾ.......128
7.5.1 അംഗപരിമിതർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ സഹായോപകരണങ്ങളുടെ സൗജന്യ വിതരണം.......128
7.5.2 അംഗപരിമിതർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനികോപകരണ വിതരണം.......128
7.5.3 സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം.......128

7.5.4 അംഗപരിമിതർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി. ....................129
7.5.5 നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ....................129
7.5.6 സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി) ....................130
7.5.7 ബി പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി....................130
7.5.8 തികച്ചും അംഗപരിമിതരായ കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി ....................130
7.5.9 ജില്ലയിൽ ഉയർന്ന മാർക്കു നേടുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ് ....................130
7.5.10 സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം. ....................131
7.5.11 സ്റ്റേറ്റ് റിസോഴ്സ് സെന്റർ....................131
7.5.12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അംഗപരിമിതർക്ക് പുനരധിവാസ പദ്ധതി - സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ....................131
7.5.13 അംഗപരിമിതർക്ക് ബോധവൽക്കരണം....................132
7.5.14 ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും. ....................132
7.5.15 ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം ....................132
7.6 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ....................132
7.6.1 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ പ്രധാന പ്രവർത്തനങ്ങൾ ....................132
7.7 ഭിന്നശേഷിയുള്ളവർക്കുള്ള സഹായസംവിധാനങ്ങൾ അവകാശ സംരക്ഷണ നിയമങ്ങൾ, ഇളവുകൾ ....................133
7.7.1 മെന്റൽ ഹെൽത്ത് കെയർ ആക്ട്, 2017 ....................133
7.7.2 റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1992 ....................133
7.7.3 ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ദേശീയ അവകാശ നിയമം 2016.133
7.7.4 നാഷണൽ ട്രസ്റ്റ് ആക്ട്-1999....................134
7.7.5 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഇളവുകളും, അവകാശങ്ങളും ....................134
7.7.5.1 ഡിസെബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ....................134
7.7.5.2 യൂണിക് ഡിസെബിലിറ്റി ഐഡി കാർഡ് ....................135
7.7.5.3 വിദ്യാഭ്യാസം ....................135
7.7.5.4 ബഹുഭാഷകൾ പഠിക്കുന്നതിൽ ഇളവുകൾ (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, പഠനവൈകല്യം) ....................135
7.7.5.5 എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ....................135
7.7.5.6 കാഴ്ചക്കുറവുള്ള കുട്ടികൾക്ക്....................135
7.7.5.7 കേൾവിക്കുറവുള്ള കുട്ടികൾക്ക്....................136
7.7.5.8 ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ....................136
7.7.5.9 അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്....................136

7.7.5.10 പഠനവൈകല്യമുള്ള കുട്ടികൾക്ക്.....136
7.7.5.11 സർവ്വകലാശാല പരീക്ഷകൾ.....137
7.7.5.12 ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.....137
7.7.5.13 സഹായക ഉപകരണങ്ങൾ.....137
7.7.5.14 ബി.ആർ.സി.യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ.....137
7.7.5.15 ഗൃഹകേന്ദ്രീകൃത പരിശീലന പരിപാടി.....138
7.7.5.16 മറ്റു സേവനങ്ങൾ.....138
7.7.6 സാമ്പത്തിക സഹായങ്ങൾ.....139
7.7.6.1 സ്കോളർഷിപ്പുകൾ.....139
7.7.7 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (എസ്.എസ്.കെയിൽ നിന്ന്).....139
7.8 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH).....140
7.9 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്.....140
**8 വയോജന സൗഹൃദ നഗരഭരണം.....142**
8.1 ആമുഖം.....142
8.2 വയോജനങ്ങൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ.....143
8.3 വയോജനങ്ങളുടെ സവിശേഷ പ്രാധാന്യവും സൗഹൃദ തദ്ദേശഭരണവും.....143
8.4 വയോജനങ്ങളുടെ അവകാശങ്ങൾ.....144
8.5 വയോജന നയം.....144
8.5.1 വയോജന വികസന സമീപനങ്ങൾ.....144
8.5.2 വയോജന സൗഹൃദ കർമ്മപദ്ധതി നിർദ്ദേശങ്ങൾ.....144
8.5.3 വയോജനനയം തയ്യാറാക്കൽ.....145
8.5.4 സഹായസമിതി ചുമതലകൾ.....145
8.6 പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെ ? എങ്ങനെ ?.....145
8.6.1 പകൽ വീട്.....145
8.7 സാമൂഹ്യനീതിവകുപ്പ് വഴിയുള്ള പദ്ധതികൾ വയോജനക്ഷേമ പദ്ധതികൾ.....146
8.7.1 വയോജനങ്ങൾക്കുള്ള സംയോജിതസംരക്ഷണ പദ്ധതി.....146
8.7.2 വൃദ്ധസദനം.....147
8.7.3 വൃദ്ധസദനങ്ങൾക്കുള്ള കേന്ദ്രസഹായം.....147
8.7.4 ആശ്വാസകേന്ദ്രങ്ങളും തുടർസംരക്ഷണ കേന്ദ്രങ്ങളും.....147
8.7.5 വൃദ്ധർക്കായി വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി.....147
8.7.6 മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി.....147
8.12.7 ഓർമ്മശക്തി നശിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി.....147
8.7.8 ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം.....148
8.7.9 വികലാംഗ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.....148
8.7.10 വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ പദ്ധതി.....148
8.7.11 വയോജനങ്ങളുടെ കൗൺസിലിംഗ് ഹെൽപ്പ്ലൈൻ എന്നിവ

നടത്തുന്നതിന് ധനസഹായം ....148
8.12.12 അവബോധ ക്യാമ്പുകൾ സംഘടിപ്പിക്കുക ....148
8.7.13 മേഖല അടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം ....148
8.7.14 വൃദ്ധാജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലന പരിപാടികൾക്ക് നൽകുന്ന ധനസഹായം ....148
8.7.15 വയോജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം ....148
8.7.16 വൃദ്ധാസദനം/ഡേകെയർ സെന്റർ എന്നിവ ആരംഭിക്കുന്നതിന് നഗരസഭകൾക്കുള്ള ധനസഹായ പദ്ധതി ....148
8.8 വയോജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ ....149
8.8.1 അംഗപരിമിതരായ വയോജനങ്ങൾക്കുള്ള ഹോം....149
8.8.2 വയോജനങ്ങൾക്കുള്ള ഡേകെയർ സെന്ററുകൾ....149
8.9 നിയമവ്യവസ്ഥകൾ ....149
8.9.1 മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം-2007 ....149
8.9.2 നിയമത്തിലെ പ്രധാന വ്യവസ്ഥകൾ....150
8.9.3 ക്രിമിനൽ നടപടിക്രമം 1973 ....151
8.10 സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കുന്ന പദ്ധതി....151
8.10.1 ആശ്വാസകിരണം പദ്ധതി :....151
8.10.2 വയോമിത്രം പദ്ധതി....151
8.10.3 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്....152
**9 പട്ടികജാതി വികസനം.... 154**
9.1 ആമുഖം....154
9.2 പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ. ....155
9.3 പട്ടികജാതി ഉപപദ്ധതി (CSP) പ്രോജക്റ്റ് തയ്യാറാക്കൽ ....156
9.4 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗര ഭരണസ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ ....157
9.5 മൃഗസംരക്ഷണം/ക്ഷീരവികസന മേഖലയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്....158
9.6 പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം....159
9.6.1 വിദ്യാഭ്യാസ പരിപാടികൾ ....159
9.6.2 സാമ്പത്തിക വികസന പദ്ധതികൾ....166
9.6.3 സാമൂഹ്യക്ഷേമ പദ്ധതികൾ....167
9.7 നിയമ പരിരക്ഷകൾ ....168
9.7.1 പൗരാവകാശ സംരക്ഷണ നിയമം1955....168
9.7.2 അതിക്രമങ്ങൾ തടയൽ ....169

**10 പട്ടികവർഗ്ഗ വികസനം ........ 170**
10.1 ആമുഖം ........ 170
10.2 ഭരണഘടനാപരമായ പരിരക്ഷകൾ ........ 170
10.3 നഗരസഭകൾക്ക് പട്ടികവർഗ്ഗഫണ്ട് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ. ........ 170
10.4 പട്ടികവർഗ്ഗ ഉപപദ്ധതി ........ 171
10.4.1 സവിശേഷതകൾ ........ 171
10.4.2 നിലവിലെ അവസ്ഥാവിശകലനവും വികസന തന്ത്രവും ........ 173
10.4.3 ഉപപദ്ധതി രൂപീകരണം, നടപടിക്രമങ്ങൾ ........ 173
10.5 നഗരസഭയിൽ നിന്ന് നൽകേണ്ട വിദ്യാഭ്യാസ ധനസഹായങ്ങൾ ........ 174
10.6 നഗരസഭക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ ........ 175
10.7 പട്ടികവർഗ വകുപ്പിൽ നിന്നുള്ള വികസന പദ്ധതികൾ ........ 175
10.7.1 വിദ്യാഭ്യാസ പദ്ധതി ........ 175
10.8 ആരോഗ്യസുരക്ഷ ........ 178
10.9 സാമൂഹ്യ-സാമ്പത്തിക ഉന്നമന പരിപാടികൾ ........ 180
10.10 വനം വകുപ്പ് വഴി നൽകുന്ന ധനസഹായം ........ 182
10.10.1 വന്യജീവി മൂലമുണ്ടാകുന്ന വിളനാശം ........ 182
10.11 സംയോജന സാധ്യതകൾ ........ 182
10.12 നിയമപരിരക്ഷകൾ ........ 183
**11 ദാരിദ്ര്യ നിർമ്മാർജ്ജനവും ചേരിപരിഷ്ക്കരണവും ........ 185**
11.1 എന്താണ് ദാരിദ്ര്യം? ........ 185
11.2 ദാരിദ്ര്യ ലഘൂകരണ പരിപാടികൾ ........ 186
11.3 ദാരിദ്ര്യ ലഘൂകരണം - നഗരസഭകളുടെ സാധ്യതകൾ ........ 186
11.4 കുടുംബശ്രീ ........ 187
11.5 ലഘുചരിത്രം ........ 188
11.6 ഒരു തിരിഞ്ഞുനോട്ടം ........ 188
11.7 സംഘടനാ സംവിധാനം ........ 189
11.8 അയൽക്കൂട്ടം ........ 189
11.9 ഭരണസമിതി ........ 189
11.10 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.) ........ 189
11.11 പൊതുയോഗം ........ 190
11.11.1 എ.ഡി.എസ് ഭരണസമിതി ........ 190
11.11.2 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.) ........ 190
11.11.3 പൊതുസഭ (ജനറൽബോഡി) ........ 190
11.11.4 ഭരണസമിതി ........ 190
11.11.5 എക്സ് ഒഫീഷ്യോ അംഗങ്ങൾ ........ 191
11.11.6 വിലയിരുത്തൽ സമിതി ........ 191
11.11.7 വിലയിരുത്തൽ സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്: 192
11.12 (ആശ്രയ) അഗതി രഹിത കേരളം ........ 192

11.12.1 കുടുംബത്തിന് ബാധകമായ ക്ലേശ ഘടകങ്ങൾ ..................................193
11.12.2 അധിക ക്ലേശഘടകങ്ങൾ ..................................193
11.13 ദാരിദ്ര ലഘൂകരണ പദ്ധതി (Anti Poverty Sub Plan) ..................................193
11.14 ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കൽ പ്രവർത്തനങ്ങൾ ..........194
11.15 സാമൂഹ്യ നീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ ..................................194
11.16 ദേശീയ നഗര ഉപജീവന മിഷൻ ..................................195
11.17 പദ്ധതിയുടെ ഘടകങ്ങൾ ..................................195
11.17.1 സാമൂഹ്യ സംഘാടനവും, സ്ഥാപനങ്ങൾ വികസിപ്പിക്കലും ..................................195
11.17.2 ദരിദ്രജന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ ..................................195
11.17.3 സ്വയം സഹായ സംഘങ്ങൾക്കും അവയുടെ
ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട്..................................195
11.17.4 നഗര ഉപജീവന കേന്ദ്രങ്ങൾ ..................................195
11.17.5 കാര്യശേഷി വികസനവും പരിശീലനവും ..................................195
11.17.6 ദേശീയ-സംസ്ഥാന-നഗരതല സാങ്കേതിക സഹായം..................................196
11.18 നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും. ..................................196
11.19 സ്വയം തൊഴിൽ പദ്ധതി വ്യക്തിഗതവും കൂട്ടുസംരംഭങ്ങളും..................................196
11.20 തെരുവ് വ്യാപാരക്കാർക്ക് അനുകൂലമായ നഗരാസൂത്രണം ..................................196
11.21 നൂതനാശയ-സവിശേഷ പദ്ധതികൾ ..................................197
11.22 സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു) ..................................197
11.23 പ്രധാനമന്ത്രി ആവാസ് യോജന (PMAY)..................................198
11.23.1 പദ്ധതി ലക്ഷ്യം ..................................198
11.23.2 PMAY ഉപഘടകങ്ങൾ ..................................199
11.23.2.1 ചേരി പുനഃരുദ്ധാരണം സവിശേഷതകൾ ..................................199
11.23.2.2 ഭവന നിർമ്മാണ പലിശ സബ്സിഡി..................................199
11.23.2.3 പങ്കാളിത്ത ഭവന പദ്ധതി ..................................199
11.23.2.4 ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണവും വിപുലീകരണവും199
11.23.3 ലൈഫ് മിഷൻ ..................................200
11.23.3.1 ഗുണഭോക്താക്കൾ ..................................200
11.23.3.2 പ്രവർത്തന സമീപനം..................................200
11.23.4 മത്സ്യത്തൊഴിലാളിക്ഷേമം..................................201
11.23.4.1 ഭവന പദ്ധതി ..................................201
11.23.4.2 വിദ്യാഭ്യാസ കൺസെഷൻ പദ്ധതി..................................201
11.23.5 സമ്പാദ്യവും, ആശ്വാസവും പദ്ധതി..................................201
11.23.6 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി ............201
11.23.7 മത്സ്യ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി ..................................201
11.23.8 മത്സ്യ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി..................................202
11.23.9 ബന്ധപ്പെട്ട ജോലിക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി..............202
11.23.10 നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി..................................202
11.23.11 മത്സ്യ ബന്ധന വല വാങ്ങൽ പദ്ധതി..................................202

11.24 സാമൂഹ്യക്ഷേമം ....................202
11.24.1 നിർമാല്യ ഹെൽത്ത് ഇൻഷുറൻസ് ....................202
11.24.2 ട്രാൻസ്ജന്റർ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതികൾ ...203
11.24.3 തടവുകാരുടെ കുട്ടികൾക്കും മറ്റ് ആശ്രിതർക്കുമായുള്ള സഹായം.......203
11.24.4 വൈകല്യം ഉള്ളവർക്കായുള്ള സഹായം ....................203
11.24.5 വൈകല്യം ഉള്ളവരുടെയും, ബുദ്ധിമാന്ദ്യം ഉള്ളവരുടെയും
അമ്മമാർക്ക് ഉള്ള സഹായം ....................203
11.24.6 വയോധികർക്കായുള്ള സഹായങ്ങൾ ....................203
11.24.7 മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം....................204
11.25 വിദ്യാഭ്യാസം ....................204
11.25.1 സൗജന്യ സ്കൂൾ യൂണിഫോം സ്കീം രജിസ്ട്രേഷൻ ....................204
11.26 പട്ടികജാതി/പട്ടികവർഗക്ഷേമം ....................204
11.26.1 സ്വയം തൊഴിൽ ....................204
11.26.2 അഭിഭാഷകരായി തൊഴിൽ സ്വീകരിക്കുന്നതിനുള്ള സഹായം ...........204
11.26.3 ടെക്നിക്കൽ അപ്രന്റിസ്ഷിപ്പ്....................204
11.26.4 ടൂൾ കിറ്റ് ....................205
11.26.5 പുറം രാജ്യങ്ങളിൽ ജോലി നോക്കുന്നതിനുള്ള ധനസഹായം..............205
11.27 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്....................205
11.27.1 ശരണ്യ സ്വയം തൊഴിൽ പദ്ധതി ....................205
11.28 റവന്യൂ വകുപ്പ്....................205
11.28.1 നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം....................205
11.29 വനിത–ശിശു വികസന വകുപ്പ്....................205
11.29.1 അഭയകിരണം പദ്ധതി ....................205
11.29.2 മംഗല്യ പദ്ധതി....................205
11.29.3 സഹായഹസ്തം ....................205
11.30 സ്ത്രീകൾ ഗൃഹനാഥ ആയിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ
സഹായ ധനം ....................205
11.31 പടവുകൾ ....................206
11.32 ചേരി പരിഷ്കരണം....................206
11.33 ഉപസംഹാരം ....................207
**12 സാമൂഹ്യക്ഷേമവും സാമൂഹ്യസുരക്ഷ പെൻഷനും .................... 208**
12.1 ആമുഖം ....................208
12.2 ലക്ഷ്യം ....................209
12.3 സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായങ്ങളും ....................209
12.4 പെൻഷൻ....................210
12.5 ധനസഹായം ....................210
12.6 സാമൂഹ്യ സുരക്ഷാ പെൻഷൻ –നഗരസഭകളുടെ ചുമതലകൾ ....................210
12.7 തുടർനടപടികൾക്ക് ....................210
12.8 പെൻഷൻപൊതുമാനദണ്ഡം ....................210

12.9 മറ്റ് മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ ....211
12.9.1 ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നവർക്ക്: ....211
12.9.2 ഇപിഎഫ് പെൻഷൻ ....212
12.9.3 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം പെൻഷൻ. ....212
12.9.4 ആധാർ എടുക്കാൻ കഴിയാത്തവർ ....212
12.9.5 ഭൗതിക സാഹചര്യങ്ങളും കൂടി പരിശോധിക്കണം ....212
12.9.6 പെൻഷന് അർഹതയില്ലാത്തവർ ....212
12.10 ഭിന്നശേഷിക്കാർക്കുള്ള പ്രത്യേകപരിഗണന ....213
12.11 വിവിധ പെൻഷനുകൾ–നിബന്ധനകൾ ....213
12.11.1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ....213
12.11.2 വിധവാ പെൻഷൻ ....214
12.11.3 വികലാംഗ പെൻഷൻ ....214
12.11.4 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ....215
12.11.5 കർഷകത്തൊഴിലാളി പെൻഷൻ ....215
12.12 ധനസഹായങ്ങൾ ....216
12.12.1 തൊഴിൽരഹിതവേതനം ....216
12.12.2 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം 217
12.13 അപ്പീൽ അധികാരികൾ ....219
12.14 ജാഗ്രത ....219
**13 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ഒരു കർമ്മ പരിപാടി....220**
13.1 നഗരസഭയുടെ ലക്ഷ്യങ്ങൾ നിർണ്ണയിക്കുക ....220
13.2 ലിംഗനീതിയിലേക്ക് ....220

# 1

# ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ ഉത്തര വാദിത്തങ്ങൾ

## 1.1 ആമുഖം

73, 74 ഭരണഘടനാഭേദഗതികളുടെ അന്തഃസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അധികാരം, വിഭവം എന്നിവയ്ക്കൊപ്പം പ്രാദേശിക തലത്തിലുള്ള വികസന സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതോടൊപ്പം വിവിധ വകുപ്പുകളുടെ കീഴിലുള്ള ഭൂരിഭാഗം വികസന ക്ഷേമ പരിപാടികളും ഈ സ്ഥാപനങ്ങളെ ഏല്പിക്കുകയും ചെയ്ത സംസ്ഥാനം എന്ന പദവിയും കേരളത്തിന് കരഗതമായി. ഇന്ന് സംസ്ഥാന സർക്കാർ കൈകാര്യം ചെയ്യുന്ന ഫണ്ടിന് ഏറെക്കുറെ തുല്യമായ തുക ത്രിതല പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും കൂടി കൈകാര്യം ചെയ്യുന്നുണ്ട്. സാമൂഹികനീതിയും സാമ്പത്തിക വികസനവും ക്ഷേമവും സാധ്യമാക്കുക എന്ന സുപ്രധാന ചുമതലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## 1.2 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നഗര ഭരണസംവിധാനവും

അധികാരവികേന്ദ്രീകരണത്തിന്റെയും പങ്കാളിത്ത ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് പ്രാദേശിക ഭരണസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയെന്ന ചുമതലയാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടത്. നഗരസഭ ഓഫീസിനേയും ഘടകസ്ഥാപനങ്ങളേയും ജനക്ഷേമകരമാക്കി മാറ്റുന്നതിൽ നേതൃത്വപരമായ പങ്ക് സ്റ്റാന്റിംഗ് കമ്മിറ്റികൾ വഹിക്കേണ്ടതുണ്ട്. നഗരസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനവും ജനാഭിപ്രായത്തിനൊത്ത് ഉയരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അതനുസരിച്ച് നഗരസഭാ യോഗത്തിൽ ഓരോ തീരുമാനവും സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമായ ഉത്തരവാദിത്തവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 ലാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതല

പറയുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ട ഏത് കാര്യവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിന്റെ അജണ്ടയിൽ നഗരസഭ സെക്രട്ടറി (മേയർ/ചെയർപേഴ്സനുമായി ആലോചിച്ച്) ഉൾപ്പെടുത്തേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ തൊട്ടടുത്ത നഗരസഭാ യോഗം അംഗീകരിക്കേണ്ടതും അപ്രകാരമുള്ള പ്രമേയങ്ങളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിന് മുനിസിപ്പൽ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

ശരിയായ വിധം ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി പ്രാദേശികഭരണം കാര്യക്ഷമമാക്കുന്നതിനും ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. ഈ പ്രവർത്തനത്തിൽ നഗരസഭയെ സഹായിക്കേണ്ട ഉത്തരവാദിത്തം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുപ്പിക്കുകയും അതത് മേഖലകളിൽ ആവശ്യമായ സാങ്കേതിക ഉപദേശം ലഭ്യമാക്കുകയും ചെയ്യുമ്പോൾ മാത്രമേ മെച്ചപ്പെട്ട തീരുമാനം എടുക്കുന്നതിന് കഴിയുകയുള്ളൂ.

ഘടകസ്ഥാപനങ്ങളിലും അതോടനുബന്ധിച്ച് വിവിധ ക്ഷേമസ്ഥാപനങ്ങളിലും തുടർച്ചയായി സന്ദർശനം നടത്തി പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1.3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ചുമതലകൾ ഉത്തരവാദിത്തങ്ങൾ

### 1.3.1 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22 അനുസരിച്ച് നഗരസഭകളിൽ ക്ഷേമകാര്യ

**സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ**

| നഗരസഭ |
|---|
| പട്ടികജാതി വികസനം |
| പട്ടികവർഗ്ഗ വികസനം |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം |
| സാമൂഹ്യക്ഷേമം |
| സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും |
| ചേരിപരിഷ്ക്കരണം |
| ദാരിദ്ര്യ നിർമ്മാർജനം |
| പൊതു വിതരണ സമ്പ്രദായം |

### 1.3.2 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ (സൂചന കേരള മുനിസിപ്പാലിറ്റി ആക്ട്-ഒന്നാം പട്ടിക)

**അനിവാര്യചുമതലകൾ**

ചേരിപ്രദേശങ്ങളിൽ അടിസ്ഥാസൗകര്യങ്ങൾ ഏർപ്പെടുത്തുക

### പൊതുവായ ചുമതലകൾ

നഗരസഭയുടെ 14 പൊതുചുമതലകളിൽ താഴെ പറയുന്ന നാല് ചുമതലകൾ ക്ഷേമകാര്യ സ്റ്റാന്റിഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടതാണ്.

1. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
2. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.
3. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും, കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.
4. മിതവ്യയം ശീലിപ്പിക്കുന്നതിന് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

### മേഖലാ ചുമതലകൾ

കേരള മുനിസിപ്പാലിറ്റി ആക്ട് ഒന്നാം പട്ടിക പ്രകാരം ആകെ 19 വിഷയമേഖലകളിലായി 106 ചുമതലകൾ ഉള്ളതിൽ താഴെ പറയുന്ന 4 മേഖലകളിലെ 24 ചുമതലകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്നതാണ്.

#### 1. സാമൂഹ്യക്ഷേമം

» അങ്കണവാടികൾ നടത്തുക.
» അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
» തൊഴിലില്ലായ്മ വേതനം അനുവദിക്കലും വിതരണവും.
» വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് ധനസഹായം അനുവദിക്കുക.
» ദരിദ്രവിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.
» അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുക.
» അംഗഭംഗം വന്നവർ, അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക.
» സ്വയം തൊഴിൽ പദ്ധതികൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ നൽകുക.

#### 2. ദാരിദ്ര്യനിർമ്മാർജ്ജനം

» ദരിദ്രരെ കണ്ടെത്തുക.
» പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതി നടപ്പാക്കുക.
» പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.
» ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോട് കൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക.

#### 3. പട്ടികജാതി-പട്ടികവർഗ്ഗ വികസനം

» പട്ടികജാതി ഉപപദ്ധതിയുടെയും (SCSP) പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും (Tribal Sub Plan) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.

» പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് വേണ്ടി നഴ്സറി സ്ക്കൂളുകൾ നടത്തുക.
» പട്ടികജാതി പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്തുക.
» പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
» സഹായം അർഹിക്കുന്ന പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും വിവേചനപൂർവ്വം സഹായം നൽകുക.
» മുനിസിപ്പൽ പ്രദേശത്തെ പ്രീമെട്രിക്ക് ഹോസ്റ്റൽ നടത്തുക.
» പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.
» പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ നടത്തുക.

### 4. പൊതുവിതരണസമ്പ്രദായം

» പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
» അളവ് തൂക്കങ്ങൾ സംബന്ധിച്ച് കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക
» റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റ് പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

» ചുമതലയിലില്ലാത്ത കാര്യങ്ങൾ ചെയ്യുന്നത് അധികാര ദുർവിനിയോഗമാണ്.
» സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ ക്രമപ്രകാരമുള്ള തീരുമാനങ്ങളിലൂടെയാണ് അധികാരങ്ങൾ വിനിയോഗിക്കേണ്ടത്.
» അധികാരങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. അതായത് നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തണം.
» മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ.ഉ (പി) 181/95/ത.ഭ.വ തീയതി 18.1.95 പ്രകാരം നഗരസഭകൾക്ക് കൈമാറിയ സ്ഥാപനങ്ങളിൽ താഴെ പറയുന്നവ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്.

## 1.4 നഗരസഭാസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

» അതാത് സ്ഥലത്തെ ഡെകെയർ സെന്ററുകളും അങ്കണവാടികളും, CDPO, ICDS സൂപ്പർവൈസർ അടക്കമുള്ള തസ്തികകളും.
» പട്ടികജാതി വികസന വകുപ്പിൽ നിന്നും കൈമാറിയ ബാലവാടികൾ, ബാലവാടി–കം –ഫീഡിങ്ങ് സെന്റർ, സീസണൽ ഡെകെയർ സെന്റർ, ഡോർമിറ്ററി, പ്രീമെട്രിക് ഹോസ്റ്റലുകൾ, പട്ടികജാതി വികസന ഓഫീസർ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ.
» അർബൻ പോവർട്ടി അലീവിയേഷൻ പ്രൊജക്റ്റ് ഓഫീസർ.
» പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കൈമാറിയ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്ക്കൂളുകൾ, മിഡ് വൈഫറി സെന്ററുകൾ, ആയുർവേദ ആശുപത്രികൾ.
» ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

വനിതാ ക്ഷേമകേന്ദ്രങ്ങൾ, കുടുംബശ്രീ കേന്ദ്രങ്ങൾ, വൃദ്ധാസദനങ്ങൾ, സ്വയം തൊഴിൽ സ്ഥാപനങ്ങൾ, പകൽവീടുകൾ, വിപണന കേന്ദ്രങ്ങൾ, ദുരിതാശ്വാസ കേന്ദ്രങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, ഡോർമിറ്ററികൾ, ദത്തെടുക്കൽ കേന്ദ്രങ്ങൾ, സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ, ബഡ്സ് സ്കൂൾ, ജുവനൈൽ ഹോംസ്, അനാഥാലയങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, ശിശുക്ഷേമ കേന്ദ്രങ്ങൾ, അബല മന്ദിരങ്ങൾ, മഹിളാസമാജങ്ങൾ, സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ.

## 1.5 സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ

നഗരസഭയ്ക്ക് അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനുമായി അങ്കണവാടി മോണിറ്ററിംഗ് കമ്മിറ്റികൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയ്ക്ക് സമാനമായ രൂപത്തിൽ സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്. ബന്ധപ്പെട്ട മാനേജ്മെന്റ് കമ്മിറ്റികളുടെ രൂപീകരണത്തിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ മുൻകൈ എടുക്കണം. കൈമാറിയ ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെല്ലാം നഗരസഭകളുടെ നിയന്ത്രണത്തിലാണ്. സ്ഥാപനങ്ങളെല്ലാം നഗരസഭയുടെ പേരിലുമാണ് അറിയപ്പെടേണ്ടത്.

## 1.6 ഘടകസ്ഥാപനങ്ങളും ഉദ്യോഗസ്ഥരും നിയന്ത്രണസംവിധാനവും

1994–ലെ കേരള മുനിസിപ്പൽ ആക്ട് പ്രകാരവും 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരവും 2.6.1998 ലെ ജി.ഒ.(പി.) നം 113/98/LAD നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും നഗരസഭകളിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥരുടെ മേൽ താഴെ പറയുന്ന തരത്തിലുള്ള നിയന്ത്രണാധികാരങ്ങൾ നഗരസഭയ്ക്കുണ്ട്.

- ആകസ്മിക അവധി അനുവദിക്കൽ, മറ്റ് ലീവുകൾക്ക് ശുപാർശ ചെയ്യൽ (ഓഫീസ് മേധാവികൾക്ക് മാത്രം ബാധകം)
- യോഗങ്ങളിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കൽ
- റിപ്പോർട്ടുകൾ ആവശ്യപ്പെടൽ
- ഫീൽഡ് ചുമതലകൾ നിശ്ചയിച്ചു നൽകൽ
- ഓഫീസർമാരുടെ ടൂർ പരിപാടി അംഗീകരിക്കൽ
- ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെക്കുറിച്ച് മേലധികാരികൾക്ക് റിപ്പോർട്ട് നൽകൽ
- തദ്ദേശ സ്വയംഭരണ സ്ഥാപനം അവരുടെ ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യവുമായി ബന്ധപ്പെട്ടുള്ള ജോലികൾ അതാത് ഉദ്യോഗസ്ഥരെ ഏല്പിക്കുക.
- ഒഴിവുള്ള തസ്തികകളിലേക്ക് പി.എസ്.സി വഴിയുള്ള ഉദ്യോഗസ്ഥർ ലഭ്യമാകുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നടത്തുക.
- ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് അതിന് അധികാരമുള്ള ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുക.
- നഗരസഭയ്ക്ക് ഘടകസ്ഥാപനങ്ങളിലെ അടക്കമുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള കൃത്യവിലോപത്തിനൊ അച്ചടക്കലംഘനത്തിനൊ, ചട്ടങ്ങളുടെയൊ

ഉത്തരവുകളുടെയൊ ലംഘനത്തിനൊ ലഘുശിക്ഷ ചുമത്താവുന്നതാണ്. ഗുരുതര സ്വഭാവദൂഷ്യം ഉൾപ്പെടുന്നതോ കടുത്ത ശിക്ഷ അർഹിക്കുന്നതോ ആയ കുറ്റം ആരോപിക്കപ്പെട്ടാൽ ഗസറ്റഡ് ഉദ്യോഗസ്ഥർ ഒഴികെയുള്ള ജീവനക്കാരെ സസ്പെന്റ് ചെയ്യുന്നതിനും അധികാരമുണ്ട്.

## 1.7 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

| | |
|---|---|
| 1 | ദാരിദ്ര്യലഘൂകരണം |
| 2 | സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പടെ) |
| 3 | പട്ടികജാതിവികസനം |
| 4 | പട്ടികവർഗ്ഗ വികസനം |
| 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം |

മേൽ പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം അദ്ധ്യക്ഷനായിരിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മേൽ പറഞ്ഞ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഈ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ ആസൂത്രണഘട്ടം മുതൽ പൂർത്തീകരണ ഘട്ടം വരെ മോണിറ്റർ ചെയ്യേണ്ട ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൈകാര്യം ചെയ്യേണ്ട പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ സംബന്ധിച്ച് മറ്റൊരു അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പൊതുവിതരണം സംബന്ധിച്ചുള്ള ചുമതലകളും പ്രവർത്തനങ്ങളും താഴെ ചേർക്കുന്നു.

## 1.8 പൊതുവിതരണം

### 1.8.1 ചുമതലകളും പ്രവർത്തനങ്ങളും

ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്നത് ഏതൊരു ഭരണകൂടത്തിന്റെയും മുഖ്യ ഉത്തരവാദിത്തങ്ങളിൽ ഒന്നാണല്ലോ. ജനങ്ങളെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളായ വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവും തടയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വളരെ വലിയ പങ്കുണ്ട്. ഭക്ഷ്യവസ്തുക്കൾ കൂടുതലായി ഉൽപാദിപ്പിക്കുക, അധികമായി ഉൽപ്പാദിപ്പിച്ച ഭക്ഷ്യ ഉൽപന്നങ്ങൾ ഉൽപ്പാദന സ്ഥലത്ത് തന്നെ കെട്ടിക്കിടക്കാതിരിക്കുക, ആവശ്യക്കാർക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക, ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുക, പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുക ഇവയൊക്കെ പ്രാദേശികമായി ഇടപെടേണ്ടുന്ന കാര്യങ്ങളാണ്.

ഉത്പാദനവിതരണ സമ്പ്രദായങ്ങളിലെ ക്രമീകരണം വില നിയന്ത്രിക്കുന്നതിന്

സഹായകമാകുന്ന ദൗത്യമാണ് പൊതുവിതരണ സമ്പ്രദായത്തിനു നിർവ്വഹിക്കാനുള്ളത്. നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുക, ലഭ്യത ഉറപ്പുവരുത്തുക, പാവപ്പെട്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് പൊതുവിതരണ സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾ. ഇതിനുള്ള ഉപാധികളാണ് നീതിസ്റ്റോർ, ലാഭംസ്റ്റോർ, കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് സ്റ്റോർ, കൺസ്യൂമർഫെഡ് സ്റ്റോർ, മാവേലി സ്റ്റോർ തുടങ്ങിയവ.

പൊതുവിതരണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഏറ്റെടുക്കാവുന്നതാണ്.

» പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.
» അളവും തൂക്കവും സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക.
» റേഷൻകടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റു പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുമേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
» സിവിൽസപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ റേഷൻകടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവശ്യസാധനങ്ങൾ പൂഴ്ത്തിവെക്കുന്നതിനെതിരായി നടപടിയെടുക്കുകയും ചെയ്യുക.

ചുരുക്കത്തിൽ നഗരഭരണ സംവിധാനത്തിൽ വളരെ നിർണ്ണായകമായ പങ്കാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നിർവ്വഹിക്കാനുള്ളത്. സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വികസനം മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ മുൻകൈയെടുക്കേണ്ടതാണ്.

# 2

# പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് & സോഷ്യൽ ഓഡിറ്റ്

## 2.1 ആമുഖം

അധികാര വികേന്ദ്രീകരണത്തിലൂടെ ആസൂത്രണ വികേന്ദ്രീകരണം കൂടി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഭരണഘടനയുടെ 11, 12 പട്ടികകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള അവകാശം ഭരണ ഘടന തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളുടെ പീഠികയിൽ തന്നെ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുള്ള ചുമതലയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല ഓരോ മുനിസിപ്പാലിറ്റിയും ഓരോ വർഷവും നിർണയിക്കപ്പെട്ട രീതിയിൽ ആ മുനിസിപ്പൽ പ്രദേശത്തിനുവേണ്ടി അടുത്ത വർഷത്തേയ്ക്കുള്ള ഒരു വികസന പദ്ധതി മുനിസിപ്പാലിറ്റിയിലെ വാർഡ് കമ്മറ്റികളോ വാർഡ് സഭകളോ അതിന് സമർപ്പിച്ച വികസന പദ്ധതികൾ പരിഗണിച്ച് കൊണ്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടുന്ന തിയ്യതിക്കുമുമ്പായി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ് എന്ന് മുനിസിപ്പാലിറ്റി നിയമത്തിലെ 51(2) വകുപ്പിൽ പറഞ്ഞിരിക്കുന്നു.

ഭരണഘടനയും മുനിസിപ്പാലിറ്റി നിയമവും നിർദ്ദേശിക്കപ്പെട്ട പ്രകാരം വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ തക്കവണ്ണം സാഹചര്യങ്ങളും സൗകര്യങ്ങളും ഒമ്പതാം പദ്ധതിക്കാലം മുതൽ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനം നൽകിയ ഊർജ്ജം ആവാഹിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള ശേഷിയും ശക്തിയും ആർജിക്കുകയും പങ്കാളിത്ത–സൂക്ഷ്മതല ആസൂത്രണം പ്രാവർത്തികമാക്കുകയും ചെയ്തു. അന്നു മുതൽ സംസ്ഥാന സർക്കാർ നൽകുന്ന വിവിധ ഫണ്ടുകളും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളും തനത് വരുമാനങ്ങളും ഉൾപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

## 2.2 പദ്ധതി ആസൂത്രണ രേഖ

പൊതുജന പങ്കാളിത്തത്തോടെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാ

റാക്കുമ്പോൾ തയ്യാറാക്കുന്ന പദ്ധതികൾ നിയതവും നീതിപൂർവ്വകവുമായ നടപടികളിലൂടെ ആകുന്നതിനും, ജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നതിനും, ഉപയോഗപ്പെടുത്തുന്ന വിഭവങ്ങൾ പാഴാകാതിരിക്കുന്നതിനും പൊതുപണം ധൂർത്തടിക്കപ്പെടാതിരിക്കുന്നതിനും, സുതാര്യത ഉറപ്പു വരുത്തുന്നതിനുമായി 9ാം പദ്ധതികാലം മുതൽ പദ്ധതി ആസൂത്രണ മാർഗരേഖ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കാറുണ്ട്. 13ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം നിബന്ധനകൾ പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2.3 14ാം പഞ്ചവത്സര പദ്ധതി മാർഗരേഖ സവിശേഷതകൾ (സ.ഉ (കൈ) നമ്പർ 86/2022/തസ്വഭവ, തിയ്യതി 19.4.2022)

i. നഗര–ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മാർഗരേഖ

ii. അനിവാര്യമായി ചെയ്യേണ്ടതും അഭികാമ്യമായി ചെയ്യേണ്ടതും വേർതിരിച്ച് പറഞ്ഞിരിക്കുന്നു.

iii. ഓരോ വിഭാഗം തദ്ദേശ ഭരണ സ്ഥാപനവും ഏറ്റെടുക്കേണ്ടതും ഏറ്റെടുക്കാവുന്നതും ഏറ്റെടുക്കാൻ പാടില്ലാത്തതുമായ പ്രോജക്ട്ടുകൾ ഏതെല്ലാമാണെന്ന് വ്യക്തത കൈവരുത്തിയിരിക്കുന്നു.

iv. നൂതന പ്രോജക്ട്ടുകൾ ഏറ്റെടുക്കാൻ അനുമതി, അവ അംഗീകരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ

v. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 4 മിഷനുകളുടെ പ്രവർത്തനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കാൻ നിർദ്ദേശം.

## 2.4 ആസൂത്രണം എങ്ങനെ?

ആവശ്യാധിഷ്ഠിത ആസൂത്രണത്തിൽ (Need based Planning) നിന്ന് വിഭവാധിഷ്ഠിത ആസൂത്രണത്തിലേക്ക് (Resource based planning) മാറേണ്ടത് ആസൂത്രണ ഫലപ്രാപ്തിക്ക് അനിവാര്യമാണ്. അതുകൊണ്ട് തന്നെ ഓരോ വികസന മേഖലയ്ക്കും സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ടും വികസന രേഖയും തയ്യാറാക്കി, അതിലൂടെ വികസന മേഖലയുടെ പ്രശ്നങ്ങളും ആവശ്യങ്ങളും തിരിച്ചറിയുന്നു. വിഭവ സാധ്യതകളും വികസന സാധ്യതകളും തിരിച്ചറിയുന്നു. ഈ തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ്സഭാതലം മുതൽ വികസന സെമിനാർ വരെ വിവിധ തലങ്ങളിൽ ചർച്ച ചെയ്യുന്നു. അതിലൂടെ മുൻഗണനകൾ നിശ്ചയിക്കപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട്ടുകളും പദ്ധതിയും തീരുമാനിക്കുന്നു. ആവശ്യമായ അനുവാദങ്ങളും അംഗീകാരങ്ങളും നേടി നടപ്പിലാക്കുന്നു.

### പ്രശ്ന പരിഹാരം എങ്ങനെ?

എല്ലാ പ്രശ്നങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തി പരിഹാരം കാണേണ്ടവയല്ല. അതിന് കഴിയുകയുമില്ല. പ്രശ്ന പരിഹാരത്തിനായി പ്രോജക്ട്ടുകൾ ഏറ്റെടുക്കുമ്പോൾ താഴെപ്പറയുന്ന മുൻഗണനാ ക്രമം പാലിക്കേണ്ടതുണ്ട്.

i. ജനങ്ങൾക്ക് സ്വയം പരിഹരിക്കാൻ കഴിയുന്നവയും ജനങ്ങൾ സ്വയം പരിഹരിക്കേണ്ടവയും ജനങ്ങൾ തന്നെ ചെയ്യണം. അക്കാര്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല.

ii. നിലവിലുള്ള ഏതെങ്കിലും വകുപ്പ് പരിപാടികളിലൂടെ പരിഹരിക്കാൻ കഴിയുന്ന ആവശ്യങ്ങൾ (നിറവേറ്റാൻ കഴിയുന്ന സംഗതികൾക്ക്) തദ്ദേശ ഭരണ സ്ഥാപനം ഏറ്റെടുക്കേണ്ടതില്ല. അങ്ങനെ ചെയ്യുന്നത് ഫണ്ട് വിനിയോഗത്തിന്റെ ആവർത്തനമായി മാറും.

iii. മേൽപ്പറഞ്ഞ രണ്ടു രീതിയിലും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളായിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. മാത്രമല്ല ഇങ്ങനെ ഏറ്റെടുക്കമ്പോൾ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ സമാഹരിക്കാൻ ശ്രമിക്കുകയും വേണം. കൂടാതെ ഏറ്റെടുക്കുന്ന കാര്യങ്ങൾ തങ്ങളുടെ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് ഉറപ്പു വരുത്തുകയും വേണം.

## 2.5 ആസൂത്രണ നടപടി ക്രമങ്ങൾ

### 2.5.1 ആസൂത്രണ സമിതി രൂപീകരണം

**പ്രസക്തി**

ആസൂത്രണം എന്നത് ഒരു തുടർ പ്രക്രിയയാണ്. നാടിന്റെ വികസനത്തിൽ എല്ലാ പൗരൻമാരും തുടർച്ചയായി താൽപര്യമെടുക്കുകയും പങ്കാളികളാകുകയും ചെയ്യുന്ന അവസ്ഥയിലേക്ക് എല്ലാവരും മുന്നേറണം. അതിന് പൊതുകാര്യങ്ങളിൽ താൽപര്യമെടുക്കുകയും ചിന്തിക്കുകയും സംവാദങ്ങളിൽ ഏർപ്പെടുകയും പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പൗര സമൂഹത്തിന് രൂപം നൽകണം. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ അപ്രകാരം ഒരു സമ്പ്രദായം വാർത്തെടുക്കുന്നതിന് എല്ലാ നഗരസഭാ സ്ഥാപനങ്ങളിലും ഓരോ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. നഗരസഭകളിലെ പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. മറ്റൊരു ചുമതല ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ നഗരസഭാ കൗൺസിലിനെ സഹായിക്കുക എന്നതാണ്. അതിനാൽ ആസൂത്രണ സമിതിയിൽ അംഗങ്ങളാകുന്ന ജനപ്രതിനിധികളും വിദഗ്ധരും സന്നദ്ധ പ്രവർത്തകരും മേൽപ്പറഞ്ഞ തരത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കാൻ പ്രവർത്തിക്കണം.

**ആസൂത്രണ സമിതിയുടെ ഘടന**

| | |
|---|---|
| അദ്ധ്യക്ഷൻ | കോർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ |
| ഉപാദ്ധ്യക്ഷൻ | ആസൂത്രണ പ്രക്രിയയിൽ നഗരസഭയെ സഹായിക്കാൻ കഴിയുന്ന വിദഗ്ധൻ/വിദഗ്ധ |
| അംഗങ്ങൾ | സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, സന്നദ്ധ സേവകരായ വിദഗ്ധർ |
| കൺവീനർ | സെക്രട്ടറി |

മുനിസിപ്പാലിറ്റിയിലെ ആസൂത്രണ സമിതിയിൽ 15 അംഗങ്ങളും മുനിസിപ്പൽ

കോർപ്പറേഷനുകളിൽ 17 അംഗങ്ങളും എന്നതാണ് അഭികാമ്യം. നഗരസഭാ സെക്രട്ടറി നഗരസഭാ പ്ലാൻ കോർഡിനേറ്ററുടെ ചുമതല വഹിക്കണം. ആസൂത്രണ സമിതിയുമായി ബന്ധപ്പെട്ട ഓഫീസ് ചുമതലയ്ക്കായി ഒരു ഉദ്യോഗസ്ഥയെ/ഉദ്യോഗസ്ഥനെ അസിസ്റ്റന്റ് കോ–ഓർഡിനേറ്ററായി നിയമിക്കാവുന്നതാണ്. ആവശ്യമെങ്കിൽ മാത്രം ആസൂത്രണ സമിതിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്.

**കാലാവധി**

ആസൂത്രണ സമിതിയുടെ കാലാവധി കൗൺസിലിന്റെ കാലാവധി ആയിരിക്കുന്നതാണ്. സമിതിയിൽ ഉണ്ടാകുന്ന ഒഴിവുകൾ കാലതാമസം കൂടാതെ നികത്തപ്പെടണം. ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്.

### 2.5.2 വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കൽ

**വർക്കിംഗ് ഗ്രൂപ്പുകൾ ഏതെല്ലാം?**

» മുനിസിപ്പാലിറ്റികളിൽ 16 വർക്കിംഗ് ഗ്രൂപ്പുകളും കോർപ്പറേഷനുകളിൽ 17 വർക്കിംഗ് ഗ്രൂപ്പുകളും അനിവാര്യമായും രൂപീകരിക്കണം. എന്നാൽ ഏതെങ്കിലും പ്രത്യേക വികസന മേഖലകൾ പരിഗണിക്കണമെന്ന് കൗൺസിൽ തീരുമാനിക്കുകയാണെങ്കിൽ കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാ പ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടേയും പാശ്ചാത്തലത്തിൽ ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്ന മേഖലയ്ക്ക് ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട് (ഈ കമ്മിറ്റിയടക്കമാണ് 16/17 വർക്കിംഗ് ഗ്രൂപ്പുകൾ). ഈ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ നഗരസഭകളിൽ മേയർ/ചെയർപേഴ്സൺ, കൺവീനർ സെക്രട്ടറിയുമായിരിക്കണം. മുനിസിപ്പാലിറ്റികളിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കോർപ്പറേഷനുകളിൽ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും വേണം ടി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ജൈവ വൈവിധ്യ പരിപാലന കമ്മിറ്റിയിലെയും ദുരന്ത നിവാരണ സമിതിയിലെയും അംഗങ്ങളുടെ പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം.

» തീരദേശ മേഖലകളിലും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ള നഗരസഭകളിലും മത്സ്യ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് ഉണ്ടായിരിക്കണം.

» ഇരുപതോ അതിലധികമോ പട്ടിക വർഗ കുടുംബങ്ങളോ ഒരു പട്ടിക വർഗ ഊരോ ഉള്ള നഗരസഭകൾ പട്ടിക വർഗ വികസനത്തിന് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.

» ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതാണ്.

» മത്സ്യ വികസന വർക്കിംഗ് ഗ്രൂപ്പ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുമായും പട്ടിക വർഗ വികസന വർക്കിംഗ് ഗ്രൂപ്പ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കണം.

» മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ചുവടെ വിവരിക്കുന്ന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കണം.

## 2.6 വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല | |
|---|---|---|---|
| | | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ) | ധനകാര്യം | ധനകാര്യം |
| 2 | കൃഷിയും അനുബന്ധ മേഖലകളും (കൃഷി, ജലസേചനം, മണ്ണ്–ജല സംരക്ഷണം, മത്സ്യ ബന്ധനം, പരിസ്ഥിതി ഉൾപ്പെടെ) | വികസന കാര്യം | വികസന കാര്യം |
| 3 | മൃഗസംരക്ഷണവും ക്ഷീര വികസനവും | വികസന കാര്യം | വികസന കാര്യം |
| 4 | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ | വികസന കാര്യം | വികസന കാര്യം |
| 5 | ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്ക്കരണം | ക്ഷേമകാര്യം | ക്ഷേമകാര്യം |
| 6 | സാമൂഹ്യ നീതി (കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമം, സാമൂഹ്യ സുരക്ഷാ മിഷൻ ഉൾപ്പെടെ) | ക്ഷേമകാര്യം | ക്ഷേമകാര്യം |
| 7 | വനിതാ വികസനം | ക്ഷേമകാര്യം | ക്ഷേമകാര്യം |
| 8 | പട്ടികജാതി വികസനം/പട്ടിക വർഗ വികസനം | ക്ഷേമകാര്യം | ക്ഷേമകാര്യം |
| 9 | ആരോഗ്യം | ആരോഗ്യകാര്യം | ആരോഗ്യകാര്യം |
| 10 | ശുചിത്വം, മാലിന്യ സംസ്കരണം | ആരോഗ്യകാര്യം | ആരോഗ്യകാര്യം |
| 11 | വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായികം, യുവജന ക്ഷേമം | വിദ്യാഭ്യാസം–കല –കായിക കാര്യം | വർക്കിംഗ് ഗ്രൂപ്പ് ഇല്ല |
| 12 | പാർപ്പിടം | മരാമത്ത് കാര്യം | മരാമത്ത് കാര്യം |
| 13 | കുടിവെള്ളം | മരാമത്ത് കാര്യം | മരാമത്ത് കാര്യം |
| 14 | പൊതുമരാമത്ത്, ഊർജ്ജം | മരാമത്ത് കാര്യം | മരാമത്ത് കാര്യം |
| 15 | നഗരാസൂത്രണം | മരാമത്ത് കാര്യം | മരാമത്ത് കാര്യം |
| 16 | വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം | വർക്കിംഗ് ഗ്രൂപ്പ് ഇല്ല | വിദ്യാഭ്യാസം–കല –കായിക കാര്യം |
| 17 | കല, സംസ്കാരം, പുരാവസ്തു സംരക്ഷണം | വർക്കിംഗ് ഗ്രൂപ്പ് ഇല്ല | നഗരാസൂത്രണ കാര്യം |
| 18 | ജൈ വൈവിദ്ധ്യ മാനേജ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | മരാമത്ത് കാര്യം | നഗരാസൂത്രണ കാര്യം |

## 2.7 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾ

» സ്ത്രീകളുടേയും കുട്ടികളുടേയും വികസനം
» സാമൂഹ്യനീതി (വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ഗ്രൂപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ ഉൾപ്പെടെ)
» ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്ക്കരണം
» പട്ടികജാതി വികസനം
» പട്ടികവർഗ്ഗ വികസനം
» വനിതാ വികസനം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരിൽ ആരെങ്കിലും മേൽപ്പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരായി കൗൺസിലിന് ചുമതലപ്പെടുത്താവുന്നതാണ്.

മേൽപ്പറഞ്ഞ വർക്കിംഗ് ഗ്രൂപ്പുകളുടെയും ചെയർപേഴ്സൺമാർ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ജനപ്രതിനിധികളായത് കൊണ്ട് തന്നെ ഓരോ വിഷയ മേഖലയിലും ഓരോ വിഭാഗത്തിനും വേണ്ടി സ്വീകരിക്കേണ്ട സമീപനം, കാഴ്ചപ്പാട്, മുൻഗണനകൾ എന്നിവയെക്കുറിച്ചും ഓരോ വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കേണ്ട പ്രോജക്ടുകളെക്കുറിച്ചും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടക്കുന്ന ചർച്ചകളും അവിടെ എടുക്കുന്ന തീരുമാനങ്ങളും കൃത്യമായ നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൈമാറാൻ കഴിയണം.

### 2.7.1 വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന, പ്രവർത്തന രീതി

» ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരു അംഗം എന്നിവരിൽ ആരെയെങ്കിലും വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ ആയി കൗൺസിലിന് തീരുമാനിക്കാവുന്നതാണ്.
» ബന്ധപ്പെട്ട വിഷയമേഖലയിലെ ഒരു വിദഗ്ധൻ വർക്കിംഗ് ഗ്രൂപ്പ് ഉപാധ്യക്ഷൻ ആയിരിക്കേണ്ടതാണ്.
» ബന്ധപ്പെട്ട മേഖലയിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനെ പ്രസ്തുത മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ആയി നിയോഗിക്കണം. കൺവീനറെ കൂടാതെ മറ്റൊരു ഉദ്യോഗസ്ഥനെ കൂടി വർക്കിംഗ് ഗ്രൂപ്പിൽ അംഗമാക്കേണ്ടതാണ്.
» വനിതാ വികസനം, പട്ടികജാതി വികസനം, പട്ടിക വർഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടികവർഗ കൗൺസിലർമാർ ആയിരിക്കണം. പട്ടിക വർഗ വികസന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായ ഒരു നഗരസഭയിൽ പട്ടിക വർഗ കൗൺസിലർ ഇല്ലായെങ്കിൽ നഗരസഭാ മേയർ/ ചെയർപേഴ്സൺ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആകേണ്ടതാണ്.
» ഓരോ വർക്കിംഗ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. അവരിൽ അതാത് വികസന മേഖലയിലെ വിദഗ്ധരും ഉൾപ്പെടണം.
» ആവശ്യമാണെങ്കിൽ, നഗരസഭകൾക്ക് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉപസമിതികളും രൂപീകരിക്കാവുന്നതാണ്.
» വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ഉപസമിതിക്കും ബാധകമാണ്. ഉപസമിതിക്ക്

ചെയർപേഴ്സണും കൺവീനറും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കുന്ന അംഗങ്ങളും ഉണ്ടായിരിക്കണം.

» ഓരോ വർക്കിംഗ് ഗ്രൂപ്പിലും വനിതാ പ്രാതിനിധ്യവും പട്ടികജാതി പ്രാതിനിധ്യവും, പട്ടിക വർഗ ഉപപദ്ധതി വിഹിതം ഉള്ള നഗരസഭകളിൽ പട്ടിക വർഗ പ്രാതിനിധ്യവും ഉണ്ടായിരിക്കണം.
» വർക്കിംഗ് ഗ്രൂപ്പുകളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണം. ഓരോ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും കൺവീനറുടെ ഹാജർ നിർബന്ധമാണ്.
» നഗരസഭാ കൗൺസിലിന്റെ പൊതുവായ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടത്. എന്നാൽ ഓരോ വർക്കിംഗ് ഗ്രൂപ്പിനേയും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്.

## 2.8 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികൾക്ക് ഫണ്ട് വകയിരുത്തലും

പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക, അതോടൊപ്പം സാമൂഹ്യ നീതി ഉറപ്പാക്കുക എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ രണ്ടു മുഖ്യ ചുമതലകൾ. തദ്ദേശ സ്വയം ഭരണസ്ഥാപനം നടത്തുന്ന വിവിധ പദ്ധതി–പദ്ധതിയേതര പ്രവർത്തനങ്ങളിലൂടെയാണ് ഈ ചുമതലകൾ നിറവേറ്റുന്നത്. ഈ രണ്ട് ചുമതലകളിൽ സാമൂഹ്യ നീതി ഉറപ്പ് വരുത്തുക എന്ന ചുമതല നിറവേറ്റുന്നതിനുള്ള നേതൃത്വപരമായ പങ്ക് വഹിക്കേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ഒരു നഗരസഭയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാഴ്ചപ്പാടും സമീപനവുമായിരിക്കും അവിടുത്തെ സാമൂഹ്യ നീതിയുടെ അടിസ്ഥാനം. അതിനാൽ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. വികസന പ്രവർത്തനങ്ങളിൽ സാമൂഹ്യനീതി ഉറപ്പ് വരുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ക്ഷേകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 2.9 ഫണ്ട് വകയിരുത്തൽ

» വനിതാ ഘടക പദ്ധതിക്ക് ആവശ്യമായ തുക (വികസന ഫണ്ടിന്റെ മിനിമം 10 ശതമാനം)
» കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ എന്നിവയ്ക്ക് ആവശ്യമായ തുക (വികസന ഫണ്ടിന്റെ മിനിമം 5 ശതമാനം തുക)
» വയോജന ക്ഷേമം, പാലിയേറ്റീവ് കെയർ പരിചരണം (വികസന ഫണ്ടിന്റെ 5% തുക)

## 2.10 പ്രോജക്ട് ഉൾപ്പെടുത്തൽ

» പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം
» മതിയായ തുക വകയിരുത്തിക്കൊണ്ട് അങ്കണവാടി പോഷകാഹാര വിതരണത്തിനുള്ള പ്രോജക്ട്
» മതിയായ തുക വകയിരുത്തിക്കൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട്

» കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിയായ പി.എം.എ.വൈ യ്ക്ക് വകയിരുത്തേണ്ട അധിക വിഹിതം വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ട്
» അഗതി രഹിത കേരളം പദ്ധതിയുടെ (ആശ്രയ) വിഹിതം
» ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത

## 2.11 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഉപപദ്ധതികളും പ്രോജക്ടുകളും

» വനിതാ ഘടകപദ്ധതിയിൽ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണം.
» പട്ടികജാതി ഉപപദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണം.
» പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പട്ടികവർഗക്കാരുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കണം.
» ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കണം
» ചേരി നിർമ്മാർജ്ജനത്തിനാവശ്യമായ പ്രൊജക്റ്റുകൾ ഉൾപ്പെടുത്താം
» വൃദ്ധർ, ശിശുക്കൾ, ട്രാൻസ്ജെൻഡർ, ശാരീരിക-മാനസിക അവശതയുള്ളവർക്ക് വേണ്ട പ്രൊജക്റ്റുകൾ

## 2.12 വികസന രേഖ തയ്യാറാക്കൽ

» വാർഡ് സഭാ യോഗങ്ങളുടേയും വികസന സെമിനാറിന്റേയും മുന്നോടിയായി വികസന രേഖ (Development Report) തയ്യാറാക്കണം. അതിനായി ഒൻപതാം പദ്ധതിയിലെ വികസന റിപ്പോർട്ട് ഒരു അടിസ്ഥാന രേഖയായി അവലംബിക്കാവുന്നതാണ്. അതുപോലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാ രേഖയിലെ (status report) സ്ഥിതി വിവരക്കണക്കുകളും നടപ്പാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വികസന രേഖയിൽ പ്രതിഫലിക്കേണ്ടതാണ്.
» വികസന രേഖയിൽ രണ്ട് തരത്തിലുള്ള അവസ്ഥാ വിശകലനങ്ങൾ ഉണ്ടായിരിക്കണം. കോർപ്പറേഷന്റെ/മുനിസിപ്പാലിറ്റിയുടെ വിവിധ മേഖലകളുടെ വികസനാവസ്ഥ അപഗ്രഥിക്കണം. അതോടൊപ്പം 13ാം പഞ്ചവത്സര പദ്ധതിയിൽ സ്വീകരിച്ച വികസന തന്ത്രങ്ങളും നടപ്പിലാക്കിയ പ്രോജക്ടുകളും സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ വിലയിരുത്തലുകളും സംഗ്രഹിച്ച് നൽകേണ്ടതാണ്.
» വികസന രേഖയുടെ ഉള്ളടക്കം ആമുഖം, വികസന തന്ത്രം, വിഭവ സമാഹരണം, വികസന മേഖലകൾ എന്നീ രീതിയിൽ നാല് അദ്ധ്യായങ്ങളായി ക്രമീകരിക്കേണ്ടതാണ്.
» ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയിലെ അംഗങ്ങൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നീ വിഭാഗങ്ങളുടെ സംയുക്ത പ്രവർത്തനത്തിലൂടെയാണ് കരട് വികസന രേഖ തയ്യാറാക്കേണ്ടതും വികസന പരിപ്രേക്ഷ്യം ആവിഷ്ക്കരിക്കേണ്ടതും. വികസന രേഖയും വികസന സമീപനവും എഴുതി തയ്യാറാക്കുന്നതിന് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഒരു ഉപസമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നത് അഭികാമ്യം ആയിരിക്കും.
» കരട് വികസന രേഖ വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അന്തിമ രൂപം നൽകേണ്ടതാണ്. വികസന സെമിനാറിനുശേഷം നഗരസഭാ കൗൺസിൽ

അംഗീകരിക്കുന്ന വികസന രേഖ അച്ചടിച്ച് പ്രസിദ്ധീകരിക്കണം.

## 2.13 വാർഡ് സഭകൾ/ഊരുകൂട്ടങ്ങൾ/മത്സ്യ സഭകൾ യോഗം ചേരൽ

### 2.13.1 വാർഡ് സഭായോഗങ്ങൾ

» പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണായകമായ പങ്കു വഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാവുമെന്നോ അത്രമാത്രം നല്ലത്. വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ വാർഡ് സഭയിലേക്ക് പോകുന്നതിന് മുമ്പ് തന്നെ അവ അയൽസഭകളിലും ഇതരവേദികളിലും ചർച്ച ചെയ്ത് വേണ്ട മാറ്റം വരുത്താവുന്നതാണ്. തുടർന്ന് നിർബന്ധമായും വാർഡ് സഭായോഗം ചേരണം. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഭാ സ്ഥാപനങ്ങൾക്ക് വാർഡ് സഭയ്ക്ക് പകരം വാർഡ് കമ്മിറ്റി രൂപീകരിക്കാം. എങ്കിലും പദ്ധതി ആസൂത്രണത്തിന് വാർഡ് സഭാ യോഗം ചേരേണ്ടതാണ്.

» വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, യുവജനങ്ങൾ, ഭിന്നലിംഗക്കാർ എന്നീ വിഭാഗങ്ങൾക്ക് നഗരസഭാതല യോഗങ്ങൾ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്.

» ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ പ്രത്യേകം യോഗം അനിവാര്യമായും ചേരണം

### 2.13.2 ഊരുകൂട്ട യോഗം

» പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന നഗരസഭകൾ പദ്ധതി ആസൂത്രണ വാർഡ് സഭകൾ ചേരുന്നതിന് മുമ്പായി പട്ടിക വർഗ ഊരുകളിൽ വാർഡ് സഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

### 2.12.3 മത്സ്യസഭാ യോഗം

» മത്സ്യ വകുപ്പിന്റെ പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ നിലവിലുള്ള നഗരസഭാ വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കായി മത്സ്യ സഭകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനുപുറമേ കുറഞ്ഞത് 25 മത്സ്യ തൊഴിലാളികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിലും വാർഡ് സഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചു ചേർക്കേണ്ടതാണ്.

## 2.14 വികസന സെമിനാർ

» എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും, ഏകദിന വികസന സെമിനാർ സംഘടിപ്പിക്കണം. നഗരസഭാ കൗൺസിലർമാർ, നഗരസഭാ ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വാർഡ് സഭാ പ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ടവും മത്സ്യസഭയും ഉണ്ടെങ്കിൽ അവയുടെ പ്രതിനിധികൾ, എസ്.സി/എസ്.റ്റി പ്രമോട്ടർമാർ, എ.ഡി.എസ്/സി.ഡി.എസ് പ്രതിനിധികൾ, ബാങ്കുകളിലേയും സഹകരണ സ്ഥാപനങ്ങളിലേയും പ്രതിനിധികൾ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ,

വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗം ജനങ്ങളെയും വികസന സെമിനാറിൽ പങ്കെടുപ്പിക്കണം.

» വികസന സെമിനാറിന് മുമ്പേ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് വാർഡ്സഭ/ഊരുകൂട്ട/മത്സ്യസഭാ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നഗരസഭാ കൗൺസിലിന് സമർപ്പിക്കണം. കൗൺസിലിന്റെ പരിഗണനയ്ക്ക് ശേഷമാണ് കരട് പദ്ധതി രേഖ തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടത്.
» കരട് വികസന രേഖ, കരട് പദ്ധതി രേഖ എന്നിവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം.

## 2.15 വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ

### 2.15.1 ബാങ്ക്/സഹകരണ സംഘം പ്രതിനിധികളുമായി ചർച്ച

» വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വായ്പാബന്ധിത പ്രോജക്ടുകളുടെ വായ്പാ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തദ്ദേശ ഭരണ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും നേതൃത്വത്തിൽ ലീഡ് ബാങ്ക് (Lead Bank) പ്രതിനിധികളുമായും അതാത് തലത്തിലെ ബാങ്കേഴ്സ് കമ്മിറ്റികളുമായും ചർച്ച നടത്തേണ്ടതാണ്. അതുപോലെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം പ്രതിനിധികളുമായി സഹകരണാടിസ്ഥാനത്തിൽ യോജിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകളെക്കുറിച്ച് കൂടിയാലോചനകളും നടത്തേണ്ടതാണ്. ഇപ്രകാരം നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം വായ്പാബന്ധിത പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.
» വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിനു മുമ്പ് വിഭവ സമാഹരണം സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. വിഭവ പരിധികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമരൂപം നൽകണം.
» വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ അടങ്കൽ തുകയ്ക്ക് കൃത്യമായ വിലയിരുത്തൽ നടത്തണം. പ്രോജക്ടുകളിൽ പരിസ്ഥിതി ആഘാത സാദ്ധ്യതകളും വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധനാ വിധേയമാക്കണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിന് അഭികാമ്യമായിരിക്കും.

### 2.15.2 പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്

» പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ, പദ്ധതി അടങ്കൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭവങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണ സമിതി കൈക്കൊള്ളേണ്ടതുമാണ്.
» പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രോജക്ടും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി

അംഗീകരിക്കണം. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രോജക്ട് അംഗീകാര തീരുമാന നമ്പർ, തീയതി എന്നിവ പ്രോജക്ട് രേഖയിൽ രേഖപ്പെടുത്തി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒപ്പ് വയ്ക്കണം.

## 2.16 വാർഷിക പദ്ധതി രേഖ

» വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖയുടെ ഖണ്ഡിക 5.2 ൽ പറഞ്ഞ ഘടനയിലും (10 അദ്ധ്യായങ്ങൾ) ഉള്ളടക്കത്തോടെയും വാർഷിക പദ്ധതി രേഖ തയ്യാറാക്കണം.

## 2.17 വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണസമിതി അംഗീകാരം

» സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമ രൂപം നൽകിയ പദ്ധതിയും പ്രോജക്ടുകളും ഭരണ സമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്.
» ഓരോ പ്രോജക്ടിന്റേയും പേരും വകയിരുത്തൽ വിശദാംശങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങളടങ്ങുന്ന കരട് പദ്ധതി രേഖയുടെ പകർപ്പ് എല്ലാ ജനപ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ്.
» തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി യോഗ ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നൽകണം.
» പദ്ധതിയും പ്രോജക്ടുകളും ഭരണ സമിതി അംഗീകരിച്ചു കഴിഞ്ഞാൽ പ്രോജക്ട് രേഖകളിൽ ഭരണ സമിതി അംഗീകാര തീരുമാനത്തിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തി മേയർ/ചെയർപേഴ്സണും സെക്രട്ടറിയും ഒപ്പ് രേഖപ്പെടുത്തണം.

## 2.18 പ്രോജക്ടുകൾ തയ്യാറാക്കൽ

### 2.18.1 ചുമതല

» വികസന സെമിനാറിനു ശേഷം, ഭരണ സമിതി വാർഷിക പദ്ധതി അംഗീകരിച്ചു കഴിഞ്ഞാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് റിപ്പോർട്ടുകൾ (വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ) തയ്യാറാക്കേണ്ട ചുമതല അതാത് വിഷയമേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥന്റേതാണ്.
» തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മുതൽ അംഗീകാരം, നിർവ്വഹണം വരെയുള്ള മുഴുവൻ കാര്യങ്ങളും ഐ.കെ.എം തയ്യാറാക്കി നൽകിയിട്ടുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ ആയ സുലേഖ മുഖേനയാണ് നടത്തേണ്ടത്.
» നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ചു മാത്രമേ ഡാറ്റാ എൻട്രി നടത്തുവാനും പ്രോജക്ട് ഭേദഗതി വരുത്തുവാനും കഴിയുകയുള്ളൂ.
» ഏതൊരു വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശമായിരുന്നാലും പ്രോജക്ടിന്റെ നിർവ്വഹണ ചുമതല വരുന്ന ഉദ്യോഗസ്ഥനാണ് ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

### 2.18.2 പ്രോജക്ട് ഡാറ്റാ എൻട്രി ചെയ്യുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ

» ഭരണസമിതി അംഗീകരിച്ച പദ്ധതിയും പ്രോജക്ടുകളും നിയമാനുസൃതമാണ്.

» പ്രോജക്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള വിഷയം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലും ഉത്തരവാദിത്തത്തിലും ഉള്ളതാണ്.
» സബ് സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ, അംഗീകൃത നിരക്കുപ്രകാരമാണ് സാങ്കേതികമായ ക്ഷമത ഉള്ളതും പ്രായോഗികമായി നടപ്പിലാക്കാവുന്നതും ആണ്.
» ആസൂത്രണ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.
» പ്രോജക്ട് ഗുണമേന്മ ഉള്ളതാണ്.
» പ്രാബല്യത്തിലുള്ള നിയമങ്ങളും ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും പൂർണമായും അവലംബിച്ചാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

### 2.18.3 പ്രോജക്ട് ഫോറങ്ങൾ

» പ്രോജക്ട് തയ്യാറാക്കുന്നതിന് മൂന്ന് രീതിയിലുള്ള ഫോറങ്ങളാണ് ഉപയോഗിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ടിന് അനുയോജ്യമായ ഫോറം തെരഞ്ഞെടുക്കണം.
» ഗുണഭോക്തൃ തിരഞ്ഞെടുപ്പിനാവശ്യമായ പ്രോജക്ടുകൾ
» പൊതുനിർമ്മാണ പ്രവർത്തനങ്ങളും പൊതു ആവശ്യത്തിനുള്ള വാങ്ങലുകളും
» പൊതുസേവന പ്രോജക്ടുകൾ

## 2.19 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

» നഗരസഭാ കൗൺസിൽ അന്തിമ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുകയും പ്രോജക്ടുകൾ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തു കഴിഞ്ഞാൽ വാർഷിക പദ്ധതിയുടെ അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാവുന്നതാണ്. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത് പദ്ധതിയ്ക്കാണ്. പ്രോജക്ടുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നൽകേണ്ടത് അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്.
» തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതി ചുവടെ വിവരിക്കുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുന്നതാണ്.
» പദ്ധതി രൂപീകരണ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണ് വാർഷിക പദ്ധതി രൂപീകരിച്ചിട്ടുള്ളത്.
» പദ്ധതി തയ്യാറാക്കിയിട്ടുള്ളത് പദ്ധതി വിഹിതത്തിന്റെ മേഖലാ വകയിരുത്തലിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ്.
» തദ്ദേശ സ്ഥാപനം ആവിഷ്ക്കരിച്ചിട്ടുള്ള വികസന പരിപ്രേക്ഷ്യം, കാഴ്ചപ്പാട്, സമീപനം, തന്ത്രം, നയം, പരിപാടികൾ എന്നിവ പ്രതിഫലിപ്പിക്കുന്ന തരത്തിലാണ് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുള്ളത്.
» പട്ടികജാതി ഉപപദ്ധതി (SCSP) പട്ടിക വർഗ ഉപപദ്ധതി (റ്റി.എസ്.പി) എന്നീ വിഭാഗങ്ങളിലെ പശ്ചാത്തല വികസന പ്രോജക്ടുകളോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും സമർപ്പിച്ചിട്ടുണ്ട്.
» പദ്ധതിയിൽ ഉൾപ്പെടെ എല്ലാ പ്രോജക്ടുകളും ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ട്.
» ചുവടെ വിവരിക്കുന്ന സാഹചര്യങ്ങളിൽ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകാൻ പാടില്ല.

1. ആസൂത്രണ നടപടി ക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കിയിട്ടുള്ള വാർഷിക പദ്ധതികൾ.
2. എല്ലാ വാർഡുകളിലും പദ്ധതി ആസൂത്രണ വാർഡ് സഭകൾ ചേരാതിരിക്കുക. ചില വാർഡുകളിൽ വാർഡ് സഭാ യോഗങ്ങൾ ചേർന്നെങ്കിലും ക്വാറം തികയാത്ത അവസ്ഥ ഉണ്ടാക്കുക.
3. പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ ഉള്ള നഗരസഭകളിൽ മത്സ്യസഭ യോഗം ചേരാതെ പദ്ധതി തയ്യാറാക്കുക.
4. ഊരുകൂട്ട യോഗങ്ങൾ ചേരാൻ ബാദ്ധ്യതയുള്ള നഗരസഭകൾ അപ്രകാരമുള്ള ഊരുകൂട്ട യോഗങ്ങൾ ചേരാതെ പദ്ധതിരേഖ തയ്യാറാക്കുക.
5. നിശ്ചിത ഘടനയും നിർദ്ദേശിച്ച ഉള്ളടക്കവുമില്ലാതെ പദ്ധതിരേഖ തയ്യാറാക്കുക.
6. നിർബന്ധിതമായും ഏറ്റെടുക്കേണ്ട എല്ലാ പ്രോജക്ട്കളും ഏറ്റെടുക്കാതെയുള്ള പദ്ധതി.
7. സർക്കാർ നിർദ്ദേശിച്ച തീയതിക്കുശേഷം പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുക.

## 2.20 പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും

» ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനുശേഷം പ്രോജക്ട്കൾ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് സെക്രട്ടറി അയക്കേണ്ടതാണ്.
» പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ അല്ലെങ്കിൽ ആ മേലുദ്യോഗസ്ഥന്റെ ജില്ലാതല/സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് പ്രോജക്ട് പരിശോധിച്ച് വിലയിരുത്തി അംഗീകാരം നൽകേണ്ടത്.
» ഒരു ഉദ്യോഗസ്ഥന് അംഗീകാരത്തിനായി ലഭിച്ച പ്രോജക്ട് തന്റെ സാങ്കേതിക വൈദഗ്ദ്ധ്യ പരിധിയിൽ വരുന്നതല്ലെങ്കിൽ അത് തിരിച്ചയക്കേണ്ടതാണ്.
» ജില്ലാ തലത്തിൽ പരിശോധിച്ച് അംഗീകാരം നൽകാൻ കഴിയാത്തതോ/ഉയർന്ന തലത്തിലെ അംഗീകാരം ആവശ്യമായതോ ആയ പ്രോജക്ട്കൾ ബന്ധപ്പെട്ട സംസ്ഥാന തല സ്ഥാപനങ്ങളിലേക്ക് (ഉദാ: ശുചിത്വ മിഷൻ, അനർട്ട്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് തുടങ്ങിയവ) അംഗീകാരത്തിനായോ ശുപാർശക്ക് വേണ്ടിയോ അയച്ച് അംഗീകാരം/ശുപാർശ ലഭിച്ച ശേഷം മാത്രം പ്രോജക്ട് അംഗീകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.
» ഒരു പ്രോജക്ടിന്റെ അനുയോജ്യത സംബന്ധിച്ച തീരുമാനമെടുക്കലിന് സ്ഥലം സന്ദർശനം ആവശ്യമാണെങ്കിൽ അപ്രകാരം ചെയ്ത് അനുയോജ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.
» ഒരു ഉദ്യോഗസ്ഥന് അംഗീകാരം നൽകുന്നതിനായി ലഭിച്ച പ്രോജക്ട് തന്റെ ചുമതലാ പരിധിയിൽ ഉൾപ്പെടാത്തതോ, അംഗീകാരം നൽകുന്നതിന് മറ്റേതെങ്കിലും ഉദ്യോഗസ്ഥരുടെയോ സ്ഥാപനങ്ങളുടെയോ സമിതികളുടെയോ ശുപാർശ കൂടി ആവശ്യമാണെങ്കിലോ അക്കാര്യം രേഖപ്പെടുത്തി പ്രോജക്ട് തിരികെ നൽകേണ്ടതാണ്.
» അപാകതയുള്ളതും നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായതുമായ ഒരു പ്രോജക്ട് അംഗീകാരം നൽകാതെ നിരസിക്കുകയാണെങ്കിൽ നിരസിക്കുന്നതിനുള്ള കാരണം വ്യക്തമായി അതിൽ രേഖപ്പെടുത്തേണ്ടതാണ്.
» നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ ഉയർന്ന തസ്തികയിലുള്ള എഞ്ചിനീ

യറായിരിക്കണം സാങ്കേതികാനുമതി നൽകേണ്ടത്. എന്നാൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി പാലിക്കുകയും വേണം. എഞ്ചിനീയറുടെ സാമ്പത്തിക അധികാര പരിധിക്കപ്പുറമുള്ള അടങ്കൽ തുകയുടെ എസ്റ്റിമേറ്റാണ് സാങ്കേതികാനുമതിയ്ക്കായി ലഭിക്കുന്നതെങ്കിൽ അതിന് സാങ്കേതികാനുമതി നൽകാൻ പാടില്ല. മുകൾ തലത്തിലേക്ക് സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകി തിരിച്ച് നൽകണം.

## 2.21 പദ്ധതി നിർവ്വഹണം

### 2.21.1 സാമ്പത്തികാനുമതി

» പദ്ധതി രേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ നിർവ്വഹണാനുമതിയും സാങ്കേതിക പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും ലഭിച്ച കഴിഞ്ഞാൽ ഭരണ സമിതി യോഗം ചേർന്ന് സാമ്പത്തികാനുമതി നൽകുന്ന (Financial Sanction) പ്രമേയം പാസ്സാക്കി പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറാവുന്നതാണ്.

### 2.21.2 കരാറിലേർപ്പെടൽ

» നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി/സ്ഥാപനവുമായി/കരാറുകാരനുമായി തദ്ദേശ ഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്.

### 2.21.3 തുക വിനിയോഗ നിബന്ധന

» വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ പദ്ധതിയും പ്രോജക്ടുകളും എല്ലാം അംഗീകരിച്ച് നിർവ്വഹണം ആരംഭിക്കേണ്ടതാണ്. അവസാന പാദത്തിൽ (ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ) പരമാവധി 30 ശതമാനം പദ്ധതി ചെലവ് മാത്രമേ അനുവദിക്കുകയുള്ളൂ. അതുപോലെ സാമ്പത്തിക വർഷാവസാന മാസം (മാർച്ച്) പരമാവധി 15 ശതമാനം മാത്രമേ പദ്ധതി ചെലവ് അനുവദിക്കുകയുള്ളൂ. ആയതിനാൽ ഓരോ പാദത്തിലും ചുരുങ്ങിയത് 25 ശതമാനം പദ്ധതികളെങ്കിലും നിർവ്വഹണം പൂർത്തിയാക്കാൻ ലക്ഷ്യം വയ്ക്കേണ്ടതാണ്.

## 2.22 അനിവാര്യ വകയിരുത്തലുകൾ

» വികസന ഫണ്ടിൽ നിന്നും നിർബന്ധമായി വിഹിതം നീക്കിവയ്ക്കേണ്ടതായ ഇനങ്ങൾ ചുവടെ ചേർക്കുന്നു.

### 2.22.1 അങ്കണവാടി പോഷകാഹാര വിതരണം

» അങ്കണവാടികളിൽ വരുന്ന കുട്ടികൾക്ക് പൂരക പോഷകാഹാരം, ടി.എച്ച്.ആർ.എസ് കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം, അങ്കണവാടികൾ മുഖേന നടപ്പാക്കുന്നതിന്, സർക്കാർ തീരുമാനിക്കുന്ന പോഷകാഹാര വിതരണ പരിപാടി എന്നിവയ്ക്കെല്ലാം

കൂടി ഒരു പ്രോജക്ട് മാത്രം തയ്യാറാക്കണം. (ഒരേ വിഷയ മേഖലയിൽ ഒന്നിലധികം നിർവ്വഹണ ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ പ്രോജക്ട് വിഭജിച്ച് നൽകാൻ പാടില്ല)

1. എസ്.എസ്.എ വിഹിതം
2. പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം
3. ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും
4. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) അധിക വിഹിതം
5. അഗതിരഹിത കേരളം പദ്ധതിയുടെ (ആശ്രയ) വിഹിതം
6. ഇൻഫർമേഷൻ കേരള മിഷന് സർക്കാർ നിശ്ചയിക്കുന്ന തുക

## 2.23 വിഭവങ്ങളുടെ മേഖലാ വിഭജനം നിശ്ചയിക്കൽ

പൊതുവിഭാഗം, പട്ടികജാതി, ഉപപദ്ധതി, പട്ടിക വർഗ ഉപപദ്ധതി എന്നീ വിഭവങ്ങൾ ഉത്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്ക് വിഭജിച്ച് വകയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിക്കണം.

» പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം.
» പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകളും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ്, ബെയ് ലിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിന് വകയിരുത്തണം.
» പൊതുവിഭാഗം വികസന ഫണ്ടിന്റെ 50 ശതമാനത്തിലധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. പശ്ചാത്തല മേഖലയിൽ വകയിരുത്തുന്ന വികസന ഫണ്ടിന്റെ 10 ശതമാനം തുകയെങ്കിലും നഗര സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി റോഡ്, ചത്വരങ്ങൾ, പാർക്ക്, കാൽനടക്കാർക്കുള്ള സൗകര്യം, വാഹന പാർക്കിംഗ് മുതലായ സംവിധാനം രൂപപ്പെടുത്തുന്നതിനും ഗതാഗത പരിഷ്ക്കരണങ്ങൾക്കും വിനിയോഗിക്കേണ്ടതാണ്.
» പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിലധികം പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.
» പൊതുവിഭാഗം, വികസന ഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.
» നഗരസഭകൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

## 2.24 നഗരസഭകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

നഗരഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

1. നഗര സൗന്ദര്യവൽക്കരണം

2. റോഡ് നെറ്റ് വർക്ക്
3. ഫുട്പാത്ത് നിർമ്മാണം
4. ഓടകളുടെ (കനാലുകളുടെ) നിർമ്മാണം
5. 10 ശതമാനം റോഡ് പ്രവൃത്തികളിലെ പ്ലാസ്റ്റിക് ചേർന്ന ബിറ്റുമിൻ ഉപയോഗിക്കൽ
6. പാർക്കിംഗ് സൗകര്യങ്ങൾ
7. സൈക്കിൾ ട്രാക്കുകൾ
8. കവലകളുടെ നവീകരണം
9. ചേരിപ്രദേശ വികസനം
10. വഴിയോര കച്ചവടക്കാർക്കുള്ള സൗകര്യം

## 2.25 സബ് സിഡിയും അനുബന്ധ വിഷയങ്ങളും

സബ് സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പ്രത്യേക മാർഗരേഖ 28.05.2022 സ.ഉ (കൈ) നമ്പർ 115/2022/തസ്വഭവ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

» സബ് സിഡി സംബന്ധിച്ച് പ്രസ്തുത മാർഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും അതത് പ്രോജക്ടിന് അനുയോജ്യമായവ അർഹതാ/മുൻഗണനാ/യോഗ്യതാ മാനദണ്ഡങ്ങളായി പ്രോജക്ടിൽ നിർബന്ധമായും ചേർക്കേണ്ടതാണ്.

» സബ് സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിലോ, ഓരോ ഇനത്തിലും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ് സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

» ഒരിനത്തിൽ മറ്റേതെങ്കിലും സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക്/ഗ്രൂപ്പിന്/സ്ഥാപനത്തിന് അതേ ഇനത്തിൽ സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ മേൽപറഞ്ഞ മാർഗരേഖ പ്രകാരമുള്ള സബ് സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

» സബ് സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

## 2.26 പദ്ധതി മോണിറ്ററിംഗ്

ഏതൊരു വികസന ക്ഷേമ പ്രവർത്തനവും വിജയിക്കണമെങ്കിൽ മോണിറ്ററിംഗ് അനിവാര്യമാണ്. ഒരു പ്രവർത്തനം തീരുമാനിച്ച് നടപ്പിലാക്കി തുടങ്ങിയാൽ അത് ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെ അത് നടത്തുന്നവരും തീരുമാനിച്ചവരും പ്രയോജനം ലഭിക്കുന്നവരും എല്ലാം ചേർന്ന് നടത്തുന്ന നിരന്തര ദിശാഗതി നിയന്ത്രണമാണ് മോണിറ്ററിംഗ്. അതാത് വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ഏതെന്ന് അതിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. ഒരു പ്രോജക്ട് നിർവ്വഹണം ആരംഭിക്കുമ്പോൾ തന്നെ മോണിറ്ററിംഗും ആരംഭിക്കണം. നിർവ്വഹണം നടത്തുന്ന പ്രോജക്ട് വിശദാംശങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിക്ക് അപ്പോൾ തന്നെ കൈമാറേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ അതിലെ ഒരു ഔദ്യോഗിക അംഗത്തെ മോണിറ്ററിംഗ്

കമ്മിറ്റി കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ മോണിറ്ററിംഗ് നടത്തേണ്ട ഘടകങ്ങളും ചർച്ചയിലൂടെ തീരുമാനിക്കുകയും ഓരോ അംഗങ്ങൾക്കും ചുമതലകൾ വീതിച്ച് നൽകുകയും വേണം. തുടർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തി റിപ്പോർട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിക്കും കൈമാറേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണ ശേഷം മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് മിനുട്ട്സിൽ രേഖപ്പെടുത്തുകയും റിപ്പോർട്ട് ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും കൈമാറേണ്ടതുമാണ്. പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെയുള്ള ഒരു തുടർപ്രവർത്തനമാണ് മോണിറ്ററിംഗ്. കാര്യക്ഷമമായ ഒരു മോണിറ്ററിംഗ് സംവിധാനമുള്ളിടത്ത് പദ്ധതികൾ ശരിയായ രീതിയിൽ സമയ ബന്ധിതമായി നിർവ്വഹിക്കപ്പെടുമെന്നതിൽ സംശയമില്ല.

ഒരു പ്രോജക്ടിന്റെ ആരംഭം മുതൽ അവസാനം വരെ പ്രോജക്ട് നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നുവെന്ന് ദിശാഗതി നിയന്ത്രണം നടത്തുന്ന വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുറ്റങ്ങളും കുറവുകളും അപ്പപ്പോൾ കണ്ടുപിടിച്ച് അവ പരിഹരിച്ച് ശരിയായ ദിശയിൽ മുന്നോട്ട് പോകാനാണ് മോണിറ്ററിംഗ് നടത്തേണ്ടത്. മറിച്ച് പൂർത്തീകരിച്ചതിനുശേഷമുള്ള അവലോകനമോ വിലയിരുത്തലോ ഓഡിറ്റോ അല്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഏജൻസിയേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംഗ് അതുകൊണ്ട് തന്നെ ആസൂത്രണ നിർവ്വഹണ തലങ്ങളിൽ മോണിറ്ററിംഗ് സുപ്രധാനമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും കൊണ്ടു വന്ന ജനകീയ പങ്കാളിത്തം മോണിറ്ററിംഗ് രീതിയിലും മാറ്റം വരുത്തി. പദ്ധതി പണം ചെലവഴിച്ചോ എന്നതിലുപരി ചെലവഴിച്ച പണം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്കാണോ ലക്ഷ്യങ്ങൾ കൈവരിച്ചുവോ എന്നതും മോണിറ്റിംഗിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങളാണ്. സുതാര്യത ഉറപ്പ് വരുത്തിയും സാമൂഹ്യ നീതി ഉപാധികൾ സംരക്ഷിച്ചുമാണോ പദ്ധതി നിർവ്വഹണം നടത്തുന്നത് എന്നീ കാര്യങ്ങൾ പരിശോധിച്ച് കുറ്റമറ്റ രീതിയിലാക്കാൻ മോണിറ്ററിംഗ് നമ്മെ സഹായിക്കും.

### 2.26.1 മോണിറ്ററിംഗ് കൊണ്ട് ലക്ഷ്യമിടുന്നത്

1. ശരിയായ രീതിയിലുള്ള പദ്ധതി പ്രവർത്തന മേൽനോട്ടം നടത്തുക (Supervision).
2. പോരായ്മകൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക (Follow Up).
3. അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെ ജാഗ്രത (Vigilance).
4. എല്ലാ തലങ്ങളിൽ നിന്നുള്ള പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ നിരീക്ഷിക്കൽ (Observation).
5. കൃത്യമായ പ്രവർത്തന അവലോകനം (Review).
6. തെറ്റ് തിരുത്തി ശരിയായ ദിശയിൽ നിർവ്വഹണം സാധ്യമാക്കൽ (Correction).
7. നിയതമായ രീതിയിലുള്ള പ്രവർത്തനം അവലംബിക്കൽദിശാഗതി നിയന്ത്രണം (Guidance).
8. പ്രവർത്തന നിയന്ത്രണം (Control).
9. പദ്ധതികളുടെ നിർവ്വഹണം ശരിയാണോ എന്നും പരിശോധിക്കുക (Verification).

10. കണ്ടെത്തിയ കാര്യങ്ങളെ കുറിച്ച് അധികാരികൾക്കും/അധികാര സ്ഥാനങ്ങൾക്കും വിവരണം നൽകുക(Report).

### 2.26.2 മോണിറ്ററിംഗ് ചുമതലകൾ

1. പുരോഗതി ലക്ഷ്യത്തിലൂന്നിയാണോ എന്നും പ്രക്രിയയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോ എന്നും മനസ്സിലാക്കുക.
2. വിഭവങ്ങളുടെ പരമാവധി വിനിയോഗം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
3. നിർവ്വഹണം ശരിയായ സമയക്രമം പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുക.
4. സ്റ്റേക്ക് ഹോൾഡർമാരുടെ പങ്ക് ഉറപ്പ് വരുത്തുന്നുണ്ടോ എന്ന് മനസ്സിലാക്കുക.
5. നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെട്ടിട്ടുണ്ടോ, സബ് സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുക.
6. നിയമപരമല്ലാത്ത രീതികൾ അവലംബിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾ തന്നെ റിപ്പോർട്ട് ചെയ്ത് കൊണ്ട് തിരുത്താൻ ശ്രമിക്കുക.
7. പ്രോജക്ടിന്റെ ഫലപ്രാപ്തിയെ കുറിച്ച് വിലയിരുത്തുക.
8. ഗുണഭോക്താക്കൾക്ക് സമ്പൂർണ്ണ ഗുണഫലം ഉറപ്പാക്കൽ.
9. പ്രോജക്ടുകളുടെ ആസൂത്രണത്തിനും വികസനത്തിനും സാമൂഹിക കൂട്ടായ്മയ്ക്കും ആവശ്യമായ സംഭാവനകൾ നൽകൽ.

### 2.26.3 മോണിറ്ററിംഗ് എങ്ങനെ?

ഓരോ വർക്കിംഗ് ഗ്രൂപ്പുകളും ബന്ധപ്പെട്ട മേഖലയിലെ ഓരോ പ്രോജക്ടും പ്രത്യേകം മോണിറ്ററിംഗ് നടത്തേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകണം. ഓരോ പ്രോജക്ടിന്റേയും പ്രവർത്തന ഘടകങ്ങളെ സമിതി അംഗങ്ങൾക്കും ഒറ്റയ്ക്കും കൂട്ടായും പരിശോധിക്കാവുന്നതാണ്. ചുമതലകൾ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കേണ്ടതാണ്. എങ്കിലും മോണിറ്ററിംഗ് ഉത്തരവാദിത്വം വ്യക്തിക്കല്ല മറിച്ച് മോണിറ്ററിംഗ് ടീമിനാണ്. ഓരോ പ്രോജക്ടിന്റെയും, മോണിറ്ററിംഗ് ഘട്ടങ്ങൾ ആദ്യം തന്നെ നിശ്ചയിച്ചുകൊണ്ട് അതിനനുസൃതമായ രീതിയിൽ മോണിറ്ററിംഗ് കലണ്ടർ തയ്യാറാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതിയിലുയർന്ന വ്യത്യസ്ത അഭിപ്രായങ്ങൾ പരിഗണിച്ച് സംശയദുരീകരണം നടത്തി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഓരോ പ്രോജക്ടിനും പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി വേണ്ട. വിഷയമേഖലയ്ക്ക് ഒന്ന് മതിയാകും. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ മുഴുവൻ പ്രദേശത്തും വ്യാപിച്ച് കിടക്കുന്ന നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പ്രാദേശിക അടിസ്ഥാനത്തിൽ സമിതികളെ നിശ്ചയിക്കേണ്ടതാണ്. ടെണ്ടർ ചെയ്യുന്ന ഓരോ പ്രവർത്തിക്കും ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി നിർബന്ധമാണ്. ഇവരുടെ റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് അന്തിമ റിപ്പോർട്ടിൽ പരിഗണിച്ച് പ്രത്യേകമായി ഭരണസമിതിക്ക് നൽകേണ്ടതാണ്. കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിനും ഫലപ്രദമായ മോണിറ്ററിംഗിനും വേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ വിഷയ മേഖലകളിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ആവശ്യമാനുസരണം വിളിച്ച് നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മിനുറ്റ്സ്

ബുക്ക്, ഹാജർ ബുക്ക് എന്നിവ കൺവീനർക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് രേഖ ലഭിച്ചാലുടൻ കൺവീനർ സമിതി യോഗം വിളിച്ച് പ്രോജക്ടിന്റെ വിശദാംശങ്ങൾ (പ്രവർത്തനങ്ങൾ, സമയപരിധി, സംഘടനാ ചുമതല തുടങ്ങിയ കാര്യങ്ങൾ) ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ഓരോ ഘട്ടത്തിലും മോണിറ്ററിംഗിനു വിധേയമാകേണ്ട ഘടകങ്ങൾ ചർച്ച ചെയ്ത് ഉറപ്പു വരുത്തേണ്ടതാണ്. പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനവും വിലയിരുത്തപ്പെടേണ്ടതാണ്. എല്ലാ യോഗത്തിലും ഹാജരും തീരുമാനങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്. മോണിറ്ററിംഗിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തേണ്ടതാണ്. സമയാസമയങ്ങളിൽ പുരോഗതി വിലയിരുത്തൽ റിപ്പോർട്ട് ഭരണസമിതിക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ അന്തിമ റിപ്പോർട്ട് പത്ത് ദിവസത്തിനകം നിർവ്വഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും ചേർന്ന് തയ്യാറാക്കി നൽകേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന് പുറമേ പൂർത്തീകരണ പത്രം നൽകേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിച്ച തിയ്യതി, പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം, സൃഷ്ടിക്കപ്പെട്ട ആസ്തികൾ, ഭൗതിക നേട്ടങ്ങൾ, ചെലവഴിച്ച തുക, പൂർത്തീകരണം വൈകിയെങ്കിൽ അതിന്റെ കാരണം എന്നീ കാര്യങ്ങൾ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം മോണിറ്ററിംഗ് സമിതിയുടെ അന്തിമ അഭിപ്രായം വിലയിരുത്തൽ റിപ്പോർട്ട് എന്നിവ മോണിറ്ററിംഗ് സമിതി കൺവീനർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

## 2.27 സോഷ്യൽ ഓഡിറ്റ്

ജനങ്ങൾ നൽകുന്ന പണം ജനങ്ങൾക്ക് വേണ്ടി ചെലവിടുമ്പോൾ അത് ശരിയായി തന്നെയാണോ ചെലവിട്ടത് എന്ന് നേരിട്ട് നിരീക്ഷിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. നാളിതുവരെ സർക്കാർ പണത്തിന്റെ വിനിയോഗം പരിശോധിക്കുന്നത് ഉദ്യോഗസ്ഥർ തന്നെയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, സ്റ്റേറ്റ് ഓഡിറ്റ്, പെർഫോർമൻസ് ഓഡിറ്റ് ഇവയൊക്കെ നിയമ വിധേയമല്ലാത്ത കാര്യങ്ങൾ കണ്ടുപിടിച്ച് ഫയലിലൂടെ പരിഹാരം നേടുമ്പോൾ ധനവിനിയോഗം നേരിട്ട് നിരീക്ഷിച്ച് അതിന്റെ ഗുണഭോക്താക്കൾ തന്നെ ശരി, തെറ്റ് വിലയിരുത്തുന്നതാണ് സോഷ്യൽ ഓഡിറ്റ്.

സർക്കാർ ധനം വിനിയോഗിച്ചതിന് ഉദ്ദേശിച്ച ഫലസിദ്ധി ഉണ്ടായോ, ഇതിൽ വിഭാവനം ചെയ്തിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായും വേണ്ട അളവിലും ലഭിച്ചോ, നിയമത്തിലെ ഏതെങ്കിലും അവകാശം നിഷേധിക്കപ്പെട്ടോ, ഏതെങ്കിലും നിർവ്വഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, ഏറ്റെടുത്ത പ്രവൃത്തികൾ പദ്ധതി വിഭാവനം ചെയ്ത ഫലം നൽകിയോ ചുമതലക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായോ എന്നൊക്കെ പരസ്യമായി ഗുണഭോക്താക്കളും, ഉദ്യോഗസ്ഥരും നാട്ടുകാരും നിഷ്പക്ഷമതികളും കൂടിയിരുന്ന് ചർച്ച ചെയ്ത് വീഴ്ചകൾ ചൂണ്ടിക്കാണിക്കാനും വീഴ്ച വരുത്തിയവരെ തുടർ നടപടികൾക്ക് വിധേയമാക്കാനും സോഷ്യൽ ഓഡിറ്റ് വിഭാവനം ചെയ്യുന്നു.

വാർഡ് സഭ, സോഷ്യൽ ഓഡിറ്റ് ആറ് മാസത്തിലൊരിക്കൽ കർശനമായും നടത്തിയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

ആദ്യം വാർഡ് സഭ കൂടി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുക്കുന്നു. ഇതിന്റെ അധ്യക്ഷൻ വാർഡിന് പുറത്തുള്ള ആളായിരിക്കണം. റിപ്പോർട്ട് തയ്യാറാക്കാൻ

പ്രാപ്തിയുള്ള ഒരാളെ സെക്രട്ടറിയായി നിയോഗിച്ചിരിക്കണം. ഇവർ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് ഫയലുകൾ പരിശോധിച്ചും, പ്രവൃത്തികൾ പരിശോധിച്ചും തൊഴിലാളികളും, നാട്ടുകാരും, പ്രവൃത്തിയുടെ ഗുണഭോക്താക്കളും, ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മറ്റുമായി ചർച്ച ചെയ്ത് പദ്ധതി നിർവ്വഹണത്തിന്റെ ശക്തി ദൗർബല്യങ്ങൾ വിലയിരുത്തിയും പോരായ്മകൾ ചൂണ്ടിക്കാണിച്ചും, വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥരെ പേരെടുത്ത് പറഞ്ഞും, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഉയർത്തിക്കാണിച്ചും ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ടി റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള ചുമതല സോഷ്യൽ ഓഡിറ്റ് ടീം അധ്യക്ഷനാണ്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം സോഷ്യൽ ഓഡിറ്റ് വേദിയിൽ അനിവാര്യമാണ്. സോഷ്യൽ ഓഡിറ്റ് നടത്തിയ നിരീക്ഷണങ്ങളുടെ മേൽ പ്രാദേശിക സ്വയംഭരണ സ്ഥാപനം കൈക്കൊള്ളുന്ന നടപടികൾ പൊതുരേഖയായി പ്രസിദ്ധീകരിക്കണം. ഇത് നടപടി കൈക്കൊണ്ട റിപ്പോർട്ട് (എ.ടി.ആർ) ആയി പരിഗണിക്കപ്പെടും. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും, നടപടി കൈക്കൊണ്ട റിപ്പോർട്ടും അടുത്ത സോഷ്യൽ ഓഡിറ്റിനായുള്ള പശ്ചാത്തല രേഖയായി മാറും. സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് അടുത്ത വാർഡുസഭാ യോഗത്തിൽ സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്. വാർഡ് സഭ ഇത് അംഗീകരിക്കുന്നതോടെ മാത്രമേ സോഷ്യൽ ഓഡിറ്റ് നടപടി പൂർത്തിയാവൂ.

### 2.27.1 സാമൂഹ്യ ഓഡിറ്റിനായി അവശ്യം പരിശോധിക്കേണ്ട രേഖകളുടെ പട്ടിക.

» കാഷ് ബുക്ക്
» സബ്സിഡിയറി കാഷ് ബുക്ക്
» വിവിധതരം ഫണ്ടുകൾ വൗച്ചറുകൾ, ഫയലുകൾ
» ട്രഷറി, ബാങ്ക് പാസ് ബുക്കും ട്രഷറി സ്ഥിതിവിവര രേഖയും
» ട്രഷറി ബിൽ ബുക്ക്
» ബിൽ രജിസ്റ്റർ
» ചെക്ക് കൗണ്ടർ ഫോയിൽ
» എ.ബി.സി. വിഭാഗം ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ
» പദ്ധതിരേഖയുടെ കരട്, അന്തിമ പദ്ധതിരേഖ ജില്ലാ കളക്ടർ അംഗീകരിച്ച നടപടിക്രമം
» വാർഷിക പദ്ധതി രേഖ ജില്ലാ കളക്ടർ അംഗീകരിച്ച നടപടിക്രമം
» ചെക്ക് അനുവദിക്കൽ രജിസ്റ്റർ
» സമ്പാദ്യ രജിസ്റ്റർ
» ട്രഷറി, ബാങ്ക്, പോസ്റ്റ് ഓഫീസ് സമ്പാദ്യ രജിസ്റ്റർ
» വായ്പ രജിസ്റ്റർ
» നിക്ഷേപ രജിസ്റ്റർ
» ചെക്ക്, ഡ്രാഫ്റ്റ് രജിസ്റ്റർ
» പദ്ധതി രജിസ്റ്റർ
» പദ്ധതി നിർവ്വഹണ ഉദ്യോഗാനുസൃത പദ്ധതി വിഹിത വിനിയോഗ രജിസ്റ്റർ
» ദർഘാസ് നോട്ടീസ്/പരസ്യം
» ദർഘാസ് രജിസ്റ്റർ
» കരാർ രജിസ്റ്റർ

» പ്രവൃത്തി ബിൽ രജിസ്റ്റർ
» പ്രവൃത്തി ഫയലും എം ബുക്കും
» റോഡ് രജിസ്റ്റർ
» ആസ്തി രജിസ്റ്റർ
» എല്ലാ വാങ്ങലുകളുടേയും രസീത് ബുക്കും സ്റ്റോക്ക് രജിസ്റ്ററും
» മിനുട്ട്സ് ബുക്ക് (പൊതുവായതും സ്റ്റാന്റിംഗ് കമ്മിറ്റികളുടേതും)
» വാർഡ്സഭ മിനുട്ട്സ് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സും
» ഗുണഭോക്തൃ പട്ടിക
» സർക്കാരിലേക്കുള്ള ബാദ്ധ്യത രജിസ്റ്റർ

ചുരുക്കത്തിൽ നഗരസഭയുടെ പൊതുവികസന കാഴ്ചപ്പാടിന് അനുസൃതമായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയങ്ങളിൽ മെച്ചപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിനും അതിനായി വർക്കിംഗ് ഗ്രൂപ്പുകളെ സജീവമാക്കുന്നതിനും നിതാന്ത ജാഗ്രത ഉണ്ടാകണം. നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ യോഗം പ്രതിമാസം വിളിച്ചു ചേർക്കുകയും നിർവ്വഹണം പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുകയും ചെയ്യണം. ഫലപ്രദമായി മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റിംഗും നടക്കുന്നുവെന്നു ഉറപ്പുവരുത്തുകയും ചെയ്യണം.

# 3

# ജെന്ററും പ്രാദേശിക ഭരണവും – ആശയങ്ങൾ

### 3.1 ആമുഖം

കേരളത്തിൽ 25 വർഷക്കാലമായി നടന്നു വരുന്ന അധികാരവികേന്ദ്രീകരണ പ്രക്രിയയുടെ ഭാഗമായി സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്കൊണ്ടുവരുന്നതിനും, സ്ത്രീകളുടെ ക്ഷേമവും വികസനവും ഉറപ്പുവരുത്തുന്നതിനും ഒട്ടനവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം പ്രാദേശികമായി ലിംഗനീതിയിലധിഷ്ഠിതമായി സദ്ഭരണം ഉറപ്പാക്കുന്നവിധത്തിലുള്ളതാണ്. നിലവിലുള്ള സാമൂഹ്യസ്ഥിതിയിൽ സ്ത്രീകളും ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ–സാമ്പത്തിക പദവി ഉയർത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടക്കുന്ന പ്രവർത്തങ്ങളെ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഏറെ പ്രധാനമായ ഈ പ്രവർത്തനങ്ങളുടെ ഏകോപനവും സംയോജനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

സ്ത്രീകളുടെ സവിശേഷ ആവശ്യങ്ങൾ മനസ്സിലാക്കി വനിതാ ഘടക പദ്ധതിയിലും പൊതു പദ്ധതികളിലും വേണ്ടതായ പദ്ധതികൾ രൂപീകരിയ്ക്കുവാനായി വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയെന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ കർത്തവ്യമാണ്. ട്രാൻസ് ജെന്റർ വ്യക്തികൾക്കായി പദ്ധതികൾ രൂപീകരിയ്ക്കൽ, ജന്റർ സൗഹൃദ സംവിധാനങ്ങൾ/സ്ഥാപനങ്ങൾ/പദ്ധതികൾ ഇവയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കൽ, ജന്റർ റിസോഴ്സ് സെന്ററിന്റെ ചുമതല, ലിംഗ നീതി നടപ്പിലാക്കുന്നതിനായി നാം സ്വീകരിയ്ക്കേണ്ട നടപടികൾ, അതിനായി നഗരസഭയിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിയ്ക്കൽ, ലിംഗപദവി പഠനത്തിലൂടെ വിവിധ ലിംഗ പദവി ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായ പദ്ധതികൾ രൂപീകരിയ്ക്കൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ പൂർണ്ണമായും ഇല്ലാതാക്കൽ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിയ്ക്കുന്നതിനായി മൈക്രോ സംരംഭങ്ങൾ ആരംഭിയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന സംവിധാനമാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിയ്ക്കാൻ നമ്മുടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

പ്രാപ്തരാകേണ്ടതുണ്ട്. അതിനായി ജെന്റർ ആശയങ്ങളെ കുറിച്ച് മനസ്സിലാക്കി നിലവിൽ ഈ മേഖലയിൽ നില നിൽക്കുന്ന പ്രശ്നങ്ങളെ അതിന്റെ അടിസ്ഥാനത്തിൽ നോക്കി കാണുവാൻ കഴിയേണ്ടതുണ്ട്. കേരളത്തിലെ വിവിധ ജെന്റർ വിഭാഗങ്ങളുടെ അവസ്ഥയും പദവിയും പഠിയ്ക്കുന്നതിനും അതിനനുസൃതമായ ഇടപെടലുകൾ ഫലപ്രദമായി നടത്തുന്നതിനും അത് സഹായിയ്ക്കും.

## 3.2 കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും

### 3.2.1 സ്ത്രീകളുടെ അവസ്ഥ

ദൈനംദിന ജീവിതാവസ്ഥകളുമായി ബന്ധപ്പെടുത്തി ഒരു പ്രദേശത്തെ സ്ത്രീകളുടെ ജീവിതത്തെ സൂചിപ്പിക്കുവാനാണ് 'സ്ത്രീകളുടെ അവസ്ഥ' എന്നുപയോഗിക്കുന്നത്. പൊതുവിൽ പ്രായോഗീക ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സംവിധാനങ്ങൾ, ദാരിദ്ര്യം, നിലനിൽക്കുന്ന സമൂഹ നിയന്ത്രണങ്ങൾ, സ്ത്രീകൾക്ക് ലഭ്യമായ സഞ്ചാര സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സംഗതികളുടെ ദൈനംദിന നിലയെ ഇത് സൂചിപ്പിക്കുന്നു

### 3.2.2 സ്ത്രീ പദവി

സ്ത്രീ പദവി എന്നത് സങ്കീർണ്ണമായൊരു പരികല്പനയാണ്. ഒരു സമൂഹത്തിലെ സ്ത്രീകൾക്ക്, ഒരു സാമൂഹ്യ വിഭാഗമെന്ന നിലയിൽ സമൂഹത്തിലെ നിർണ്ണായകമായ മേഖലകളിലും സ്വകാര്യവും പൊതുവായ വിഭവങ്ങളിലും സാമൂഹ്യ പങ്കാളിത്തത്തിലുമുള്ള നിയന്ത്രണാധികാരങ്ങളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് എത്രമാത്രം ഉടമസ്ഥാവകാശമുണ്ട്? സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള സാധ്യതയുണ്ടോ? സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ സാധിക്കുമോ? എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഒരു സമൂഹത്തിലെ സ്ത്രീപദവി കണക്കാക്കുന്നത്. സ്ത്രീ പദവി അളക്കുന്നതിനായി വിവിധതരം ശാക്തീകരണ സൂചകങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്.

സാമൂഹ്യ വികസനമേഖലയിൽ നേടിയ വമ്പിച്ച നേട്ടങ്ങളാണ് കേരളത്തെ അന്തർദ്ദേശീയ തലത്തിൽ തന്നെ ശ്രദ്ധാകേന്ദ്രമാക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ മനുഷ്യവികസന സൂചികകൾ ഉയർന്ന നിലവാരത്തിലാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ വികസിതരാജ്യങ്ങളുടെ നേട്ടങ്ങൾക്കൊപ്പമാണെന്ന് പല സാമൂഹ്യഗവേഷകരും വിലയിരുത്തിയിട്ടുണ്ട്. പ്രത്യേകിച്ച്, മാതൃമരണനിരക്ക് കുറവിലും സെക്കണ്ടറി വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണത്തിലെ കൂട്ടതലിലും കേരളത്തിന്റെ നേട്ടങ്ങൾ പ്രശംസനീയമാണ്. എന്നിരിക്കിലും രണ്ടു പ്രധാന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് വളരെ കുറവാണ്; അവയിൽ ഒന്ന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കും മറ്റൊന്ന് സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്ത നിരക്കുമാണ്. കേരളത്തിലെ സ്ത്രീകൾ മറ്റു പല മേഖലകളിലും കൈവരിച്ച നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ താഴ്ന്നനില ഒരു വൈരുദ്ധ്യമായി തുടരുന്നു.

കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52% വരുന്ന സ്ത്രീകളുടെ ലിംഗാനുപാതം 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്നതാണ്. ലിംഗാനുപാതത്തിലെ ദേശീയനിലവാരം 1000 പുരുഷന്മാർക്ക് 940 സ്ത്രീകൾ മാത്രമാണെന്ന് ഓർക്കണം. അതുപോലെ പട്ടികജാതി,

ആദിവാസി വിഭാഗങ്ങൾക്കിടയിലും കേരളത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ മുന്നിൽ നിൽക്കുന്നു. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളാണ് കേരളത്തിലെ സ്ത്രീകളുടെ ജീവിതത്തെ ഏറ്റവുമധികം ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്ന സംഗതി. വീടിന് പുറത്തും പൊതുസ്ഥലങ്ങളിലുമായി പലതരത്തിലുള്ള അതിക്രമങ്ങൾക്കു സ്ത്രീകൾ വിധേയരാകുന്നു. 2016-ലെ കണക്കുകൾ അനുസരിച്ച് ഏറ്റവുമധികം കേസുകൾ ഉണ്ടായിരിക്കുന്നത് ഗാർഹികപീഡനങ്ങളുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയിലുണ്ടായ നേട്ടങ്ങളുടെ തിളക്കം കെടുത്തികൊണ്ടിരിക്കുന്ന ഇത്തരം സ്ത്രീവിരുദ്ധമായ ചില സംഗതികളിലേക്കു വിരൽ ചൂണ്ടുന്ന മറ്റു ചില കണക്കുകൾ കൂടി പരിശോധിക്കാം.

കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ച് ലിംഗ സമത്വം എന്ന ലക്ഷ്യം നേടാൻ ഇനിയും ഏറെ കാര്യങ്ങളിൽ മുൻപോട്ടു പോകേണ്ടിയിരിക്കുന്നു എന്നാണ് താഴെകൊടുത്തിരിക്കുന്ന സ്ഥിതി വിവര കണക്കുകളും വിവരങ്ങളും നൽകുന്ന സൂചന.

### 1) തൊഴിലില്ലായ്മ

ഇന്ത്യൻ സംസ്ഥാനങ്ങളിൽ, ഏറ്റവും അധികം തൊഴിലില്ലായ്മ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. 68 -മത് നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം 15 നും 59 നും ഇടയ്ക്ക് പ്രായമുള്ളവരുടെ തൊഴിൽ പങ്കാളിത്തം കേരളത്തിൽ 7.4 ശതമാനമാണ്. ദേശീയതലത്തിൽ ഇത് 2.5 ശതമാനം മാത്രമാണ്. തൊഴിലില്ലായ്മയുടെ ആൺ പെൺ വ്യത്യാസം നോക്കിയാൽ പുരുഷന്മാരെ അപേക്ഷിച്ച് (11.9 ശതമാനം) സ്ത്രീകളുടെ തൊഴിലില്ലായ്മ (27.4 ശതമാനം) വളരെ ഉയർന്ന് നിൽക്കുന്നു. (Economic Review 2015) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ തേടുന്നവരുടെ എണ്ണത്തിലും സ്ത്രീകളാണ് കൂടുതലും 56%.

### 2) സ്വത്തുടമസ്ഥത

കേരളത്തിലെ സ്ത്രീകൾക്ക് സ്വത്തവകാശം താരതമ്യേന കുറവാണ്. 23.8 ശതമാനം സ്ത്രീകൾക്കു മാത്രമാണ് സ്വന്തം പേരിൽ ഭൂമി (Operational Holding) യുള്ളത് (ഇക്കണോമിക് റിവ്യൂ-2003). ഭൂമിയിൽ നിന്നുള്ള ആദായത്തിൽ സ്ത്രീകൾക്ക് നിയന്ത്രണവും അധികാരവും കുറവാണ്.

### 3) രാഷ്ട്രീയാധികാരം

രാഷ്ട്രീയപാർട്ടികളിലും ട്രേഡ് യൂണിയനുകളിലും രാഷ്ട്രീയാധികാരസ്ഥാനങ്ങളിലും സ്ത്രീകളുടെ കുറഞ്ഞ പ്രാതിനിധ്യം നിലനിൽക്കുന്നു. കേരള നിയമസഭയിൽ സ്ത്രീ പ്രാതിനിധ്യം ഇതുവരെ പതിനഞ്ചു ശതമാനത്തേക്കാൾ കൂടിയിട്ടില്ല. കേരളത്തിൽ നിന്ന് ലോകസഭയിലേക്കുള്ള ആകെ 20 സീറ്റുകളിൽ ഏറ്റവും കൂടിയത് 2 സ്ത്രീകൾ മാത്രമാണുണ്ടായിട്ടുള്ളത്. രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലുള്ള ബഹുജനസംഘടനകളുടെ ഉന്നതാധികാര സമിതികളിലും സ്ത്രീപ്രാതിനിധ്യം വളരെ താഴെയാണ്. 50 ശതമാനം സ്ത്രീസംവരണം നിർബന്ധമാക്കിയതു കൊണ്ടു മാത്രം പ്രാദേശിക ഭരണരംഗത്ത് 50 ശതമാനത്തിലധികം സ്ത്രീ പ്രാതിനിധ്യമുണ്ട്.

### 4) ലിംഗാനുപാതം

സ്ത്രീപുരുഷ ലിംഗാനുപാതത്തിൽ സ്ത്രീകൾ മുന്നിൽ നിൽക്കുന്ന കേരളത്തിൽ 0 മുതൽ

6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കിടയിൽ പെൺകുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു (1000:959). ലിംഗാനുപാതത്തിൽ വരുന്ന ഈ വ്യത്യാസത്തിന്റെ കാരണങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്.

എന്നാൽ 0–14 വരെ പ്രായമുള്ള കുട്ടികൾക്കിടയിൽ പെൺകുട്ടികൾ 48.91 ശതമാനമാണ്. ആയുർദൈർഘ്യത്തിൽ കേരളത്തിലെ സ്ത്രീകളാണ് രാജ്യത്ത് ഒന്നാമത്. കേരളത്തിലെ സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം 76.3 വർഷമാണ്. എന്നാൽ ദേശീയ ശരാശരി 64.2 വർഷം മാത്രമാണ്. 60 വയസ്സിന് മുകളിൽ ഉള്ളവരിൽ 55.4 ശതമാനം സ്ത്രീകളാണ്. (Gender Statistics 2016–17)

### 5) വിദ്യാഭ്യാസത്തിലെ ആൺ–പെൺ പങ്കാളിത്തം

സാക്ഷരത, സ്കൂളുകളിലും (49.5%) ആർട്ട്സ് ആന്റ് സയൻസ് കോളജുകളിലും (71.54%) എൻറോൾ ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം എന്നീ കണക്കുകളിൽ കേരളത്തിലെ പെൺകുട്ടികൾ ഉയർന്ന നിലവാരം പുലർത്തുന്നു. അതേസമയം പ്രൊഫഷണൽ കോഴ്സുകളായ ബിടെക് (36.86%), മെഡിസിൻ (39.87%), പോളിടെക്നിക് (32.76%) എന്നിവയിൽ പെൺകുട്ടികളുടെ സാന്നിദ്ധ്യം കുറവാണ്. (ഇക്കണോമിക് റിവ്യൂ–2016). എന്നാൽ കേരളത്തിലെ ബി എഡ് കോളജുകളിൽ എൻറോൾ ചെയ്യുന്നത് ഭൂരിഭാഗവും പെൺകുട്ടികളാണ് എന്നതും ഇതോടു കൂട്ടിചേർത്തു വായിക്കണം.

സ്കൂൾ അദ്ധ്യാപകർക്കിടയിലെ ലിംഗാനുപാതം പരിശോധിച്ചാൽ ആകെ അദ്ധ്യാപകരിൽ 72.66 ശതമാനം സ്ത്രീകളാണ്. ഇതിൽ തന്നെ അൺ എയ്ഡഡ് സ്കൂളുകളിൽ 82.78 ശതമാനവും സ്ത്രീകളാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപികമാരുടെ പങ്കാളിത്തം 69.19 ശതമാനമാണ്. ശമ്പളനിരക്ക് ഏറ്റവും കുറവായ അൺഎയ്ഡഡ് അദ്ധ്യാപകർക്കിടയിലാണ് സ്ത്രീകളുടെ എണ്ണം കൂടുതൽ.

### 6) രോഗാതുരത, ജീവിതശൈലീ രോഗങ്ങൾ

മാതൃശിശു മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകൾക്കിടയിൽ രോഗാതുരതയും ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, അമിതവണ്ണം, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. ആരോഗ്യ നിലവാരത്തിൽ ഇന്ത്യൻ ശരാശരിയേക്കാൾ മുന്നിലാണെങ്കിലും രോഗാതുരത, അനീമിയ, അണുബാധ, മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, മുതലായവ കേരളത്തിലെ സ്ത്രീകൾക്കിടയിൽ കൂടി വരുന്നു. 32.3% സ്ത്രീകളും അനീമിയ ഉള്ളവരാണ്. ഇന്ത്യയിലെ സ്ത്രീകളിൽ ആത്മഹത്യാ നിരക്ക് കൂടുതലുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ 98% പ്രസവങ്ങളും നടക്കുന്നത് ആശുപത്രികളിലാണ്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ ഇത് സഹായകമാകുമ്പോൾത്തന്നെ സ്ത്രീ ശരീരം അമിതമായ വൈദ്യവൽക്കരണത്തിന് വിധേയമാകുവാനും ഇത് കാരണമാകുന്നു. പൊതു അവസ്ഥ ഇതാകുമ്പോൾ തന്നെ ആശുപത്രികളുടെ പ്രാപ്യതക്കുറവും അന്ധവിശ്വാസവും ദാരിദ്ര്യവും ഭൗതിക സൗകര്യങ്ങളുടെ കുറവും മൂലം ആദിവാസി–പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ മാതൃ–ശിശു മരണങ്ങൾ കൂടുകയും ചെയ്യുന്നു. ജനന നിയന്ത്രണ മാർഗ്ഗങ്ങളുടെ ഉപയോഗം, ഗർഭഛിദ്ര മാർഗങ്ങളുടെ ലഭ്യതയും പ്രാപ്യതയും പ്രത്യുല്പാദന/ലൈംഗിക അവകാശങ്ങൾ, തീരുമാനമെടുക്കൽ

എന്നിവയിലും വലിയ തോതിൽ വിവേചനം നിലനിൽക്കുന്നു.

**7) കൂടിയ ആയുർദൈർഘ്യവും പ്രശ്നങ്ങളും**

സാമൂഹ്യ–സാമ്പത്തിക–ആരോഗ്യ മേഖലകളിലുണ്ടായ പുരോഗതി കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മൂലം വയോജനങ്ങളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 74.9 വയസ്സും സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം 76.9 വയസ്സും ആണ്. സെൻസസ് റിപ്പോർട്ട് അനുസരിച്ച് 60 വയസ്സിനുമുകളിൽ പ്രായമായവരുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ളത് കേരളത്തിലാണ്. മാത്രമല്ല 60 വയസ്സിന് മുകളിൽ പ്രായം ഉള്ളവരിൽ സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതൽ (സ്ത്രീകൾ 13.3 ശതമാനവും പുരുഷൻമാർ 11.8 ശതമാനവും ആണ്). അതുകൊണ്ടു തന്നെ വിധവകളായ വയോജനങ്ങളുടെ എണ്ണവും കൂടുതലാണ്. സാമ്പത്തികമായ പരാശ്രയത്വം, ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ, പോഷകാഹാരക്കുറവ്, ഒറ്റപ്പെടൽ, ലൈംഗികാതിക്രമം, ഗാർഹികാതിക്രമം തുടങ്ങിയ നിരവധി സവിശേഷപ്രശ്നങ്ങൾ വൃദ്ധരായ സ്ത്രീകൾ നേരിടുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

**8) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും മറ്റു സാമൂഹിക വികസന സൂചികയിലെ മുന്നേറ്റവും സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ കുറയ്ക്കാൻ കാരണമാകുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗാർഹികാതിക്രമം, ബലാത്സംഗം, കൊലപാതകം, ലൈംഗിക വിൽപനയ്ക്കായി പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ (Trafficking), തൊഴിൽസ്ഥലത്തെ ലൈംഗിക പീഡനം, യാത്രാവേളയിലെ ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവ കേരളത്തിൽ കൂടിവരികയാണ്. മാത്രമല്ല സ്വഭവനങ്ങളിൽ പോലും സ്ത്രീകളും കുട്ടികളും ഇന്ന് സുരക്ഷിതരല്ല

## 3.3 ട്രാൻസ്ജെന്റർ വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങൾ

» ശാരീരിക/മാനസിക ആരോഗ്യ പ്രശ്നങ്ങൾ
» വിദ്യാഭ്യാസരംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ
» തൊഴിൽ ലഭ്യത കുറവും അരക്ഷിതാവസ്ഥയും
» താമസ സൗകര്യം ലഭ്യമാകാതിരിക്കൽ
» സാമ്പത്തിക പ്രശ്നങ്ങൾ
» കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നുമുള്ള ഒഴിവാക്കൽ
» ആളുകളുടെ തെറ്റായ മനോഭാവം/പെരുമാറ്റം

## 3.4 സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കാരണങ്ങൾ

### 3.4.1 ലിംഗവിവേചനം (Gender Discrimination)

പൂർണമായമനുഷ്യാവകാശങ്ങൾ അനുഭവിക്കുന്നവരിൽ നിന്നും ഒരു വ്യക്തിയെ തടയുന്ന ലിംഗാടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ ആണ് ഇതുകൊണ്ട്അർത്ഥമാക്കുന്നത്.

സ്ത്രീയായതുകൊണ്ട്ചില ജോലികൾക്ക്അപേക്ഷിക്കാൻ പാടില്ല, ചില സ്ഥലങ്ങളിൽ പോകാൻ പാടില്ല മുതലായവ ഉദാഹരണങ്ങളാണ്. ലിംഗപദവി വിവേചനങ്ങൾ പലപ്പോഴും സൂക്ഷ്മവും പരോക്ഷവുമായിരിക്കും. കുറഞ്ഞലിംഗാനുപാതവും, പെൺഭ്രൂണഹത്യയും പെൺശിശുഹത്യയും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കാത്തതും അസമയങ്ങളിലും അന്യദേശങ്ങളിലേക്കുള്ള സഞ്ചാര വിലക്കും, വേതനമില്ലാത്ത തൊഴിലുകളും തുടങ്ങി, ഉയർന്നസ്ഥാനമാനങ്ങളിലും തീരുമാനമെടുക്കുന്ന സഭകളിലും സ്ത്രീകളുടെ കടന്നുവരവിനെ തടയിടുന്ന ഗ്ലാസ്സ് സീലിംഗുകളും എല്ലാം ലിംഗവിവേചനത്തിന് ഉദാഹരണങ്ങളാണ്. ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് (LGBT) നേരെയുള്ള അതിക്രമങ്ങളും ലിംഗ വിവേചനവും എടുത്ത് പറയേണ്ടതാണ്.

കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ ഭൂരിഭാഗം ഇടങ്ങളിലും നില നിൽക്കുന്ന പിതൃമേധാവിത്ത സാമൂഹ്യ വ്യവസ്ഥയാണ് ലിംഗ വിവേചനത്തിനു അടിസ്ഥാനപരമായ കാരണം.

### 3.4.2 എന്താണ് പിതൃമേധാവിത്ത വ്യവസ്ഥ (Patriachy)

സ്ത്രീകളുടെ തൊഴിൽ, ലൈംഗികത, പ്രത്യുത്പാദനം, ചലനാത്മകത, സമയം തുടങ്ങിയ അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെമേലും പുരുഷനുള്ള നിയന്ത്രണമാണ് പിതൃ മേധാവിത്ത വ്യവസ്ഥ എന്നതു കൊണ്ടുദ്ദേശിക്കുന്നത്. അധികാരമുപയോഗിച്ച് നിയന്ത്രിക്കാനായി സമൂഹം നിർമ്മിച്ച ഒരു വ്യവസ്ഥയാണിത്. മാത്രമല്ല, ജാതി, മതം, സമൂഹം, വർഗ്ഗം, വംശം, ദേശം, ഭിന്നലൈംഗികത (Hetero sexuality), കഴിവ്/വൈകല്യം തുടങ്ങി മേൽക്കോയ്മ നിലനിൽക്കുന്ന മറ്റ് വ്യവസ്ഥകളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു.

സ്ത്രീയെക്കാൾ ഉയർന്നതായി പുരുഷനെ കരുതുന്ന ഒരു സാമൂഹികവ്യവസ്ഥയാണിത്. ഇതിൽ, പുരുഷന് വിഭവങ്ങളിലും തീരുമാനമെടുക്കലിലും പൂർണ്ണനിയന്ത്രണമുണ്ട്. ഇത് ചരിത്രപരമായ നിർമ്മിതിയാണ്. അതിന്റെ ഉള്ളടക്കവും ഘടനയും വ്യാപ്തിയുമെല്ലാം സാഹചര്യത്തിനും കാലത്തിനുമനുസരിച്ച് മാറുന്നു.

എല്ലാ സാമൂഹികവ്യവസ്ഥകളെയും പോലെ ആണധികാര വ്യവസ്ഥയ്ക്കും ഒരു പ്രത്യയ ശാസ്ത്രവും ഘടനയുമുണ്ട്. ഇവ പുരുഷനെ കുടുംബത്തിന്റെ തലവനും, കുടുംബപ്പേരിന്റെയും സ്വത്തിന്റെയും അവകാശിയുമാക്കുന്നു.

## 3.5 ജെൻഡർ, അനുബന്ധ ആശയങ്ങൾ

ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, വിവിധ സർക്കാരുകൾ തുടങ്ങി അന്തർദ്ദേശീയ തലംമുതൽ, പ്രാദേശികതലങ്ങൾ വരെ ഇപ്പോൾ സാധാരണയായി ജെൻഡർ ലിംഗനീതി, ലിംഗസമത്വം, ശാക്തീകരണം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യപരവും ഫലപ്രദവുമായ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള ഒരു ഭരണസംവിധാനത്തിന് ലിംഗനീതി പരിഗണന ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

എന്നാൽ മേൽപറഞ്ഞ വാക്കുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ അർത്ഥം എല്ലാവരും ഒരേ പോലെയല്ല മനസ്സിലാക്കുന്നത്. പലപ്പോഴും'സ്ത്രീ' എന്നതിന് പകരമായി ജെൻഡർ ഉപയോഗിക്കപ്പെടുന്നുണ്ട്; 'ജെൻഡർ' എന്ന പ്രയോഗത്തിന്റെ അർത്ഥ തലങ്ങൾ അതിലും വ്യാപ്തിയും ആഴവും ഉള്ളതാണ്.

## 3.6 ലിംഗ വ്യത്യാസം (Sex)

ലിംഗവ്യത്യാസം ജൈവപരമാണ് (biological). മറ്റ് ഏകലിംഗജീവികളെ പോലെ മനുഷ്യനിലും സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങളെ ഇത് സൂചിപ്പിക്കുന്നു(male, female, intersex).ഇത് ജന്മനാ ഉള്ളതും മാറ്റാൻ ബുദ്ധിമുട്ടുള്ളതുമാണ്.

**ഇന്റർ സെക്സ് (Intersex):** ലൈംഗിക-പ്രത്യുൽപാദന അവയവങ്ങൾ പൂർണമായും സ്ത്രീയുടെയോ പുരുഷന്റെയോ അല്ലാത്തതായൊ, അവ രണ്ടും ചേർന്നതോ,വ്യത്യസ്തങ്ങളായ ക്രോമസോംഉള്ളവരോ ആയി ജനിച്ചവരാണ് ഇന്റർ സെക്സ്. ഇവരുടെ ലൈംഗികചായിവ്, ലിംഗസ്വത്വം എന്നിവ പ്രായപൂർത്തിയാകുന്നതോടെ മാത്രമേ അറിയാനായി സാധിക്കുകയുള്ളൂ.

## 3.7 ലിംഗപദവി (Gender)

ലിംഗപദവി എന്നത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്നതാണ് (social and cultural construction). ഒരു പ്രത്യേക സമൂഹത്തിലോ, ചരിത്രഘട്ടത്തിലോ സാംസ്കാരിക സാഹചര്യത്തിലോ ഒരു സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന് സാമൂഹികമായി നിലനിൽക്കുന്ന അർത്ഥമാണ് ലിംഗപദവി. ഇത് എല്ലാകാലത്തും എല്ലായിടത്തും ഒരു പോലെയല്ല.

ലിംഗപദവി ബന്ധങ്ങൾ സാമൂഹികമാണ്, അവ അധികാര ബന്ധങ്ങളുമാണ്. സ്ത്രീ പുരുഷന്മാർക്ക് ഓരോ കാലഘട്ടത്തിലും സ്ഥലങ്ങളിലും ലഭിക്കുന്ന അധികാരത്തിന്റെ തോത് അനുസരിച്ച് ലിംഗപദവി ബന്ധങ്ങളിലും വ്യത്യാസ്തങ്ങളുണ്ടാവും.

**ട്രാൻസ്ജന്റർ (Transgender):** ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷ വിഭാഗമാണ് ട്രാൻസ്ജന്റർ വ്യക്തികൾ. ആണായി ജനിച്ച് പെണ്ണായി മാറാൻ ആഗ്രഹിക്കുന്നവരും പെണ്ണായി ജനിച്ച് ആണായി മാറാൻ ആഗ്രഹിക്കുന്നവരും ആൺ പെൺ ദ്വന്ദ്വത്തിലൊതുങ്ങാത്തവരും എല്ലാം ഇതിന്റെ ഉപവിഭാഗങ്ങളാണ്. ചില ട്രാൻസ്ജന്റർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയും തന്റെ ശാരീരികമായ ലിംഗവസ്ഥയെ മാനസികമായ ലിംഗത്വത്തിന് അനുരൂപമാക്കി അവതമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കാറുണ്ട്.

**എൽ.ജി.ബി.ടി.ഐ.ക്യൂ.എ+ (LGBTIQA+):** ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെ ഒന്നായി സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജന്റർ, ഇന്റർ സെക്സ്, ക്വിയർ,അസെക്ഷ്വൽ എന്നതിന്റെ ചുരുക്കപ്പേരാണ് എൽ.ജി.ബി.ടി.ഐ.ക്യൂ.എ.+. ഈ ചുരുക്കപ്പേരുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ലൈംഗിക സ്വത്വം. അതൊരു 'umbrella term' ആണ്. അതു കൊണ്ടാണ് പ്ലസ് എന്ന ചിഹ്നം ഉപയോഗിച്ചു വരുന്നത്.

## 3.8 ജന്റർ റോളുകൾ (Gender Roles)

സമൂഹത്തിൽ ആണോ പെണ്ണോ ആയി ജനിക്കുന്ന ഓരോ വ്യക്തിയിൽ നിന്നും, സമൂഹം ഒരു സ്ത്രീക്ക്, പുരുഷന് ആ സമൂഹത്തിന് ഉചിതമെന്ന് തോന്നുന്ന കുറേ സ്വഭാവവിശേഷങ്ങളും ചുമതലകളും പ്രതീക്ഷകളും ഉത്തരവാദിത്വങ്ങളും അടിച്ചേൽപ്പിക്കുന്നു. ഇതിനെയാണ് ജന്റർ റോളുകൾ എന്ന് പറയുന്നത്. ഇത് പലപ്പോഴും വ്യക്തിയുടെ സവിശേഷമായ സ്വത്വത്തിനൊ

കഴിവുകൾക്കോ നൈപുണികൾക്കോ അടിസ്ഥാനമാകണമെന്നില്ല. ലിംഗപദവി വാർപ്പ്മാതൃകകൾ (Gender Stereotypes)


സ്ത്രീകൾ, പുരുഷന്മാർ, ലിംഗലൈംഗികന്യൂനപക്ഷങ്ങൾ എന്നിവരെക്കുറിച്ച്മുൻവിധിയിൽ അധിഷ്ഠിതമായ വാർപ്പ്മാതൃകകളാണ് ലിംഗപദവിവാർപ്പ് മാതൃകകൾ. സമൂഹത്തിൽ രൂഢമൂലമായി നിലനിൽക്കുന്ന വിശ്വാസങ്ങളുടെ ഭാഗമായി ഇത്തരം കൽപ്പനകൾ വളരെ സ്വാഭാവികമായി തന്നെ തോന്നിയേക്കും.ഏതാനും ചില മനുഷ്യരുടെ സവിശേഷതകളേയോ ന്യൂനതകളെയോ പർവ്വതീകരിച്ചോ വക്രീകരിച്ചോ ചിത്രീകരിച്ചുകൊണ്ട് അത് ആ സമൂഹത്തിന്റെ തന്നെ പ്രത്യേകതയായി അവതരിപ്പിക്കുന്നു. അയതാർത്ഥമോ അർത്ഥസത്യത്തിലൊ അധിഷ്ഠിതമായ ഇത്തരം മുൻവിധികൾ ലിംഗവിവേചനത്തിന് കാരണമാകും. മാധ്യമങ്ങളും പരസ്യങ്ങളും ഇത്തരം വാർപ്പ് മാതൃകകളെ പ്രബലമാക്കുവാൻ പ്രധാന പങ്കുവഹിക്കുന്നു .

## 3.9 ലിംഗസമത്വം (Gender Equality)

നിയമങ്ങളിലും, നയങ്ങളിലും, പരിപാടികളിലും ലിംഗഭേദമില്ലാതെ എല്ലാ മനുഷ്യരേയും ഒരേപോലെ വീക്ഷിക്കുക, എല്ലാവർക്കും തുല്യപരിഗണനയും അവസരങ്ങളും ലഭിക്കുക, കുടുംബത്തിലെയും സമൂഹത്തിലെയും വിഭവങ്ങളിലും സേവനങ്ങളിലും തുല്യ പ്രാപ്യതയും നിയന്ത്രണവും ഉണ്ടാവുക എന്നൊക്കെയാണ് ലിംഗസമത്വം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ലിംഗസമത്വം പ്രധാനപ്പെട്ട ഒരു മനുഷ്യാവകാശമാണ്.

## 3.10 ലിംഗനീതിയും സന്തുലനവും (Gender Equity and Justice)

മനുഷ്യരുടെ ഇടയിൽ ഉള്ള വ്യത്യസ്തതയെ അംഗീകരിക്കുകയും, പരിഗണിക്കുകയും ചെയ്തു കൊണ്ട് ഉത്തരവാദിത്വങ്ങളുടെയും നേട്ടങ്ങളുടെയും കാര്യത്തിൽ നടക്കേണ്ട നീതിപൂർവ്വമായ വിതരണമാണ് ലിംഗനീതി കൊണ്ട് അർത്ഥമാക്കുന്നത്. എല്ലാവരേയും ഒരുപോലെ പരിഗണിക്കുക എന്നതല്ല മറിച്ച് ഓരോരുത്തരുടെയും പ്രത്യേകതകൾ തിരിച്ചറിഞ്ഞ് നിലനിൽക്കുന്ന തുല്യതയില്ലായ്മ ഇല്ലാതാക്കാൻ അവർക്ക് ആവശ്യത്തിന് അനുസരിച്ചുള്ള പ്രത്യേക ഇടപെടലുകളും പിന്തുണയും നൽകലാണ് ലിംഗ നീതി.ബസ്സുകളിലെ സീറ്റ്സംവരണം മുതൽ പ്രാദേശികസർക്കാരിലേക്കുള്ള വനിതാസംവരണവും പെൺകു



ട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള ഇടപെടലിന്റെ ഭാഗമാണ്.

അവസര സമത്വവും വിഭവങ്ങളുടെ മേൽ തുല്യമായ പ്രാപ്യതയും എല്ലാവർക്കും ലഭിക്കണമെങ്കിൽ സാമൂഹിക–സാംസ്കാരിക നിയമങ്ങളിലും ശ്രേണിബന്ധങ്ങളിലും മാറ്റം ഉണ്ടാവണം. ഇതു നടക്കണമെങ്കിൽ പലപ്പോഴും സാമൂഹ്യഘടനയിൽ സമൂലമായ അഴിച്ചുപണി തന്നെ വേണ്ടിവരും.

## 3.11 ലിംഗപദവി തൊഴിൽവിഭജനം

ഒരു വ്യക്തിയുടെ കഴിവുകൾക്കും താല്പര്യങ്ങൾക്കും ഉപരി ആ വ്യക്തിയുടെ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ ഏതു ജോലിയാണ് നിർവ്വഹിക്കുന്നത്, എവിടെ? എപ്പോൾ? ജോലിയുടെ കരാർ എന്താണ്? (terms of exchange)ഉപരി വേതനമാണോ, സംരക്ഷണമാണോ, കടമയാണോ തുടങ്ങിയവയൊക്കെ തീരുമാനിക്കുന്ന ശ്രേണിപരമായ സമ്പ്രദായമാണ് ലിംഗപദവി സംബന്ധമായ തൊഴിൽവിഭജനം (gender division of labour, GDOL); സംസ്കാരം, ജാതി, വർഗ്ഗം, പ്രായം, രാജ്യങ്ങൾ തുടങ്ങിയവ അനുസരിച്ച് ഇതിന് മാറ്റങ്ങളുണ്ടാകാം.

## 3.12 ജൈവപരമായ തൊഴിൽവിഭജനം

ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങി ശാരീരിക ഘടന കൊണ്ടും ജീവശാസ്ത്ര പരമായ പ്രത്യേകത കൊണ്ടും ചെയ്യേണ്ടജോലികൾ ജൈവപരമായ തൊഴിൽവിഭജനത്തിൽ പെടുന്നു. ജൈവപരമായ തൊഴിൽവിഭജനത്തിന് സംസ്കാരവും ജാതിയും വർഗ്ഗവും രാജ്യവും ഒന്നുമനുസരിച്ച് വ്യത്യാസങ്ങളുണ്ടാകുന്നില്ല.

## 3.13 ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ

» സ്ത്രീകൾ ചെയ്യുന്ന ജോലികൾക്ക് കുറഞ്ഞമൂല്യം
» സ്ത്രീകൾക്കു തുല്യമായ അധ്വാനവിഹിതം നൽകുന്നുണ്ടെങ്കിലും വരുമാനത്തിന്മേൽ നേരിട്ട് പ്രാപ്യതയില്ല
» സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ വളരാൻ, വളരെക്കുറച്ച് സമയമേ ലഭിക്കുന്നുള്ളു.
» കഠിനമായ ജോലിഭാരം സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
» സ്ത്രീകളുടെയും മറ്റു കുടുംബാംഗങ്ങളുടെയും ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നു.
» പദ്ധതികളുടെ/പരിപാടികളുടെ കാര്യക്ഷമതയേയും ഫലപ്രാപ്തിയേയും പ്രതികൂലമായി ബാധിച്ചേക്കാം.
» ലിംഗപദവി നിയതമായ (gender specific) തൊഴിൽജന്യരോഗങ്ങൾ
» ലംബമായ വിവേചനം: പല തലങ്ങളിൽ ജെൻഡർ, ജാതി, വർഗ്ഗം ഇവയനുസരിച്ചുള്ള വേതനമുള്ള ജോലികൾ

## 3.14 വേതനമില്ലാത്ത ജോലികളുടെ ലിംഗപരമായ വിഭജനം

» വീട്ടുജോലി
» ശിശുപരിരക്ഷ
» കുടുംബാംഗങ്ങളുടെയും സന്ദർശകരുടെയും ശുശ്രൂഷ/പരിരക്ഷ

- സാംസ്കാരികവും വൈകാരികവും ലൈംഗികവുമായ പണികൾ
- കുടുംബത്തിന്റെ അതിജീവനത്തിനുവേണ്ടി ചെയ്യുന്ന ജോലികൾ (unpaid family enterprise tasks)
- ജെൻഡർ, ജാതി, വർഗ്ഗം ഇവയനുസരിച്ചുള്ള വേതനമില്ലാത്ത ജോലികൾ
- വേതനമുള്ള ജോലികളുടെ ലിംഗപരമായ വിഭജനം
- തിരശ്ചീനമായ വിവേചനം: വിഭാഗങ്ങൾ, തൊഴിലുകൾ (tasks) തൊഴിലിന്റെ സ്വഭാവം

## 3.15 ലിംഗപദവി മുഖ്യധാരാവൽക്കരണം

നിലവിലുള്ള അധികാര കേന്ദ്രീകരണം മാറ്റി തീർക്കാനും വികസനപ്രക്രിയയുടെ എല്ലാഘട്ടങ്ങളിലും പരിപാടികളിലും നയങ്ങളിലും നിലനിൽക്കുന്ന ലിംഗപദവി വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞ് ഇവയിലെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും ലിംഗ–ലൈംഗികന്യൂനപക്ഷ ങ്ങൾക്കും തുല്യപ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്താനുമുള്ള പ്രക്രിയയാണ് ലിംഗപദവി മുഖ്യധാരാവൽക്കരണം.

ജനങ്ങൾക്ക് നീതിയും ക്ഷേമവും ഉറപ്പാക്കാനും അശരണരും പുറന്തള്ളപ്പെട്ടവരും ആയ ജനവിഭാഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനും അവ നിവർത്തിക്കാനും കൈക്കൊള്ളുന്ന എല്ലാ നടപടികളും മുഖ്യധാരാവൽക്കരണത്തിൽപ്പെടും. സ്ത്രീകളിൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരും, ഇരുളിൽ നിന്ന് ദൃശ്യതയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്ന ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതുസമൂഹത്തെ പ്രാപ്തരാക്കുന്ന ഉത്തരവാദിത്വവും ലിംഗപദവി മുഖ്യധാരാവൽക്കരണത്തിന്റെ ഭാഗമാണ്

## 3.16 ലിംഗപദവി സംവേദനക്ഷമത (Gender Sensitivity)

ലിംഗവിവേചനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള വിമർശനപരവും വിശകലനാത്മാക വുമായ അവബോധമാണ് ലിംഗപദവി സംവേദനക്ഷമത. നിരന്തരമായ പുനർ പഠനവും അപപഠനവും (Un learning) അതിനാവശ്യമാണ്. സ്ത്രീകളും പുരുഷന്മാരും മറ്റ് ലിംഗ–ലൈംഗി കവിഭാഗങ്ങളും നിർവഹിക്കുന്ന റോളുകളും ചുമതലകളും എങ്ങനെയാണ് സാമൂഹികമായി നിർമ്മിക്കപ്പെടുന്നത്എന്നും ഇവ എങ്ങനെ സാമൂഹികബന്ധങ്ങളെ സ്വാധീനിക്കുന്നു എന്നുമുള്ള തിരിച്ചറിവും ഇതിന്റെ ഭാഗമായണ്. ലിംഗപദവി വീക്ഷണത്തിലൂടെയുള്ള ആസൂത്രണത്തിൽ പങ്കാളികളാകുന്നവർ ലിംഗപദവി സംവേദനക്ഷമതയുള്ളവരും ഈ മേഖലയിൽ ശരിയായ കാഴ്ചപ്പാടും വൈദഗ്ധ്യവും ഉള്ളവരുമായിരിക്കണം. ഈ സാമൂഹിക രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളികളാകുന്ന രാഷ്ട്രീയനേതൃത്വത്തിന്റെയും ഉന്നതഉദ്യോഗസ്ഥ രുടേയും മനോഭാവവും ലിംഗപദവിസംവേദനക്ഷമതയും ലിംഗസമത്വവും ലിംഗനീതിയും ഉറപ്പുവരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

## 3.17 ലിംഗപദവി വീക്ഷണം (Gender Perspective)

പുരുഷാധിപത്യപരവും ഭിന്നവർഗ്ഗലൈംഗികതയെ സാധാരണവുമായി കാണു ന്ന(heteronormative) ഒരു സമൂഹത്തിൽ വ്യക്തികൾ കാര്യങ്ങൾ എങ്ങനെ കാണണം എന്നുള്ളത് മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കാഴ്ചകൾ ലിംഗപദവിയേയും

അധികാരബന്ധങ്ങളെയും കണക്കിലെടുക്കാത്ത തരത്തിലുള്ളതാണ്. ഈ മങ്ങിയ കാഴ്ച തെളിവോടെ കാണണമെങ്കിൽ വ്യക്തികൾ ലിംഗപദവി സംവേദന ക്ഷമതയുള്ള ഒരു ജന്റർ ലെൻസ് (Gender Lens) സ്വായത്തമാക്കേണ്ടതുണ്ട്. ഒരേ സമൂഹത്തിൽ ആയിരിക്കുമ്പോളും സ്ത്രീകളും പുരുഷന്മാരും ലിംഗ–ലൈംഗികന്യൂനപക്ഷങ്ങളും വ്യത്യസ്തങ്ങളായ ജീവിതമാണ് നയിക്കുന്നത്.അവരുടെ പ്രതീക്ഷകളും വെല്ലുവിളികളും വ്യത്യസ്തമായിരിക്കും, പരോക്ഷവും കാണാൻ കഴിയാത്തതുമായ ലിംഗപദവി വ്യത്യാസങ്ങളെ ഒരു പോലെ വീക്ഷിക്കുമ്പോൾ അല്ലെങ്കിൽ ഒരേ മാനദണ്ഡത്തിൽ അളക്കുമ്പോൾ മറ്റുപല കാഴ്ചകളും കണ്ണിൽപെടാതെ പോകും. ലിംഗപദവി വീക്ഷണം മുഖ്യമായും പദവിയിലും അധികാരത്തിലുമുള്ള വ്യത്യാസങ്ങളെ വിമർശനാത്മകമായി കാണുന്നു. ലിംഗാധിഷ്ഠിതവിവേചനം എങ്ങനെ സ്ത്രീകളെയും പുരുഷന്മാരെയും ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളയും വ്യത്യസ്തമായി ബാധിക്കുന്നു എന്നും അവരുടെ വ്യത്യസ്ത ങ്ങളായ അനുഭവങ്ങളും ആവശ്യങ്ങളും എങ്ങനെ നയരൂപീകരണത്തിലും വികസനപ്രക്രിയുടെ വിവിധ ഘട്ടങ്ങളിലും ഉൾപ്പെടുത്താനാവുമെന്നും അതുവഴി തുല്യതയും തുല്യനീതിയും ഉറപ്പുവരുത്താനും ലിംഗപദവി വീക്ഷണം സഹായിക്കുന്നു.

## 3.18 ലിംഗപദവി ആസൂത്രണം

ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ ജെൻഡർ പരിഗണനകൾ എങ്ങിനെ ഉൾച്ചേർക്കാംഎന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. സ്ത്രീപുരുഷ അധികാരബന്ധങ്ങളെക്കുറിച്ചും ഇത് സമൂഹത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ എങ്ങിനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചും വ്യക്തമായ അറിവ് ഉണ്ടെങ്കിൽ മാത്രമേ, ഇപ്രകാരമൊരു ഉൾച്ചേർക്കൽ സാധ്യമാവൂ.

സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും സ്ത്രീകളുടെയും പ്രശ്നങ്ങളാണ്. ഓരോ പ്രശ്നവും ഓരോ വികസന ഇടപെടലും സ്ത്രീയേയും പുരുഷനേയും ബാധിക്കുന്നതും വ്യത്യസ്തമായിട്ടാണ്. വികസന ഇടപെടലുകളുടെ ഫലങ്ങളോ നേട്ടങ്ങളോ സ്ത്രീ–പുരുഷന്മാർ അനുഭവിക്കുന്നതും വ്യത്യസ്തമായിട്ടാണ്. അതുകൊണ്ട് തന്നെയാണ് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുമ്പോഴും ഈ വ്യത്യസ്തതകൾ കണക്കിലെടുക്കേണ്ടത്.

## 3.19 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ

1. വിവരശേഖരണം
2. പ്രശ്നത്തെ നിർവ്വചിക്കുക.
3. തന്ത്രങ്ങൾ രൂപപ്പെടുത്തുക(formulating the strateg)
4. പദ്ധതിലക്ഷ്യം വയ്ക്കുന്നവരെ (Target group) കണ്ടെത്തുക
5. സ്ഥാപനപരമായചട്ടക്കൂടുകൾ രൂപപ്പെടുത്തുക.
6. ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെസൂചകങ്ങൾ
7. പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ ( inputs) പരിണതഫലങ്ങൾ (output) ഇവ നിർവ്വചിക്കുക
8. മോണിറ്ററിംഗ്, റിപ്പോർട്ടിംഗ് നടപടികൾ

### 3.19.1 വിവരശേഖരണം

നിലനിൽക്കുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും എന്താണെന്ന് മനസ്സിലാക്കാനും അവയുടെ കാരണങ്ങൾ കണ്ടെത്താനും പരിഹാരമാർഗ്ഗങ്ങൾ തേടാനും വിവിധ വിവരങ്ങൾ

ശേഖരിക്കേണ്ടതുണ്ട്. ജെൻഡർ റോളുകൾ, ആവശ്യമെങ്കിൽ, പ്രത്യക്ഷവും, പരോക്ഷവുമായ ജെൻഡർ വിവേചനങ്ങളുടെ തോത്, സ്വഭാവം തുടങ്ങിയവയെപ്പറ്റി വിവരങ്ങൾ ശേഖരിക്കുക.

### 3.19.2 പ്രശ്നത്തെ നിർവ്വചിക്കുക.

» ലഭിക്കുന്ന വിവരങ്ങൾ ഭൂപ്രകൃതിയുടെ സ്വഭാവം, സാമൂഹ്യവിഭാഗങ്ങൾ, ജെൻഡർ എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാൻ ശ്രമിക്കുക.
» പദ്ധതി രൂപീകരണത്തിന്റേയും നയരൂപീകരണത്തിന്റെയും ആദ്യഘട്ടങ്ങളിൽ തന്നെ, സ്ത്രീകളുടെയും പുരുഷന്മാരുടെയും വ്യത്യസ്ത ചുമതലകൾ, റോളുകൾ, തുടങ്ങിയവ വിശകലനത്തിൽ ഉൾപ്പെടുത്തുക (stakeholder analysis).
» സ്ത്രീപങ്കാളിത്തത്തിന് വരാവുന്ന തടസ്സങ്ങൾ, പദ്ധതി/പരിപാടിയിൽ നിന്ന് ലഭിക്കാൻ സാധ്യതയുള്ള നേട്ടങ്ങൾ ഇവയും വിലയിരുത്തുക.
» ജെൻഡർ വിശകലനം നടത്തുക.
» ജെൻഡർ വിശകലനം നടത്തുമ്പോൾ, സ്ത്രീകളുടെ ചുമതലകളുടെയും ആവശ്യങ്ങളെയും പറ്റി എന്തൊക്കെ മുൻധാരണകളാണ് പ്രത്യക്ഷമാക്കിയത്, വിശകലനം നടത്തുന്നവരുടെ കാഴ്ചപ്പാടുകൾ എന്താണ്? ഇവ നിലനിൽക്കുന്ന വാർപ്പ് മാതൃകകൾക്കനുസരിച്ചാണോ. യാഥാർത്ഥ്യബോധത്തോടെ ഉള്ളതാണോ? സാഹചര്യത്തിന് അനുയോജ്യമാണോ എന്നൊക്കെ പരിശോധിക്കുക.
» ഈ ഘട്ടത്തിൽ, പദ്ധതി ആരെ ഉദ്ദേശിച്ചാണോ ആ വിഭാഗത്തിലെ സ്ത്രീകളെയും പുരുഷന്മാരെയും ഈ വിശകലനത്തിൽ പങ്കെടുപ്പിക്കുക. സ്ത്രീകൾക്ക് തങ്ങളുടെ ആവശ്യങ്ങൾ രൂപപ്പെടുത്താനും തുറന്നു പറയാനും മുൻഗണനകൾ തീരുമാനിക്കാനും ഉള്ള അന്തരീക്ഷവും സാഹചര്യവും ഉണ്ടെന്ന് ഉറപ്പ് വരുത്തുക. അവർ നേരിടുന്ന ബുദ്ധിമുട്ടുകളും പരിമിതികളും ചർച്ച ചെയ്യുക.
» ഏറ്റെടുക്കാൻ പോകുന്ന പരിപാടികൾ ഫലപ്രദമാക്കുന്നതിന് സ്ത്രീകളുടെയും അവരുടെ സംഘടനകളുടെയും പങ്കാളിത്തം പരിപാടിയിലും പ്രോജക്ട് രൂപരേഖയിലും (മുൻഗണനകൾ തീരുമാനിക്കുന്നതുൾപ്പടെ) ഉറപ്പാക്കുക.
» ജെൻഡർ പരിഗണനകൾ, ആവശ്യങ്ങൾ ഇവ പരിഹരിച്ച് പരിചയമുള്ള സംഘടനകൾ/ വിദഗ്ധർ തുടങ്ങിയവരെ പങ്കെടുപ്പിക്കുക.
» ഒരു പരിപാടി/പദ്ധതിയ്ക്കാവശ്യമായ ഇത്തരം വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, പദ്ധതി രൂപരേഖയിൽ തന്നെ ലിംഗാടിസ്ഥാനത്തിലുള്ള വിവരശേഖരണം പദ്ധതിയുടെ ആദ്യഘട്ടമായി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക. അല്ലെങ്കിൽ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പ്രത്യേകമായി ഇപ്രകാരം വിവരശേഖരണം സാധ്യമാണോ എന്നന്വേഷിക്കുക.

### 3.19.3 തന്ത്രങ്ങൾ രൂപപ്പെടുത്തുക

» എല്ലാ മുഖ്യധാര പദ്ധതികളിലും പരിപാടികളിലും ലിംഗനീതി പരിഗണന ഉണ്ടെന്ന് ഉറപ്പുവരുത്തുക, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രയോജനം ലഭിക്കുന്ന തന്ത്രങ്ങൾ/ നടപടികൾ രൂപപ്പെടുത്തുക.
» പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ/ തലങ്ങളിൽ സ്ത്രീകളെ മാത്രം ലക്ഷ്യംവച്ചുള്ള പദ്ധതികൾ ആലോചിക്കാം.

» ജെൻഡർ വിശകലനത്തിന്റെ നിഗമനങ്ങൾ, തന്ത്രങ്ങൾ രൂപപ്പെടുത്തുന്ന വേളയിൽ ഉപയോഗപ്പെടുത്തുന്നു എന്നുറപ്പ് വരുത്തുക.
» സ്ത്രീകൾക്കും പുരുഷന്മാർക്കും പരിപാടിയിൽ/പദ്ധതിയിൽ എങ്ങിനെ ഒരുപോലെ പങ്കെടുക്കാം/ഒരു പോലെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താം എന്ന് കണ്ടെത്തുക. ലിംഗനീതി ഉറപ്പാക്കാൻ പ്രത്യേകമായ ഇടപെടലുകളോ സംഘടനാ സംവിധാനങ്ങളോ ആവശ്യമാണോ എന്ന് പരിശോധിക്കുക. ഉദാ:സ്ത്രീകൾ വിദ്യാഭ്യാസപരമായി പുറകിലായതുകൊണ്ട്, പ്രത്യേക പരിശീലനം ലഭിച്ച വനിതാ പ്രവർത്തകരെ നിയോഗിക്കേണ്ടതുണ്ടോ? യോഗങ്ങളുടെ സമയം, സ്ഥലം തുടങ്ങിയവ സ്ത്രീകളുടെ പങ്കാളിത്തത്തിന് വിഘാതമാകുന്നുണ്ടോ?

ഏതു തരത്തിലുള്ള തന്ത്രങ്ങളാണ് രൂപപ്പെടുത്തേണ്ടത് എന്നുള്ളത് പദ്ധതി/പരിപാടിയുടെ വ്യാപ്തി അനുസരിച്ചായിരിക്കും. എന്നിരുന്നാലും പലരുടെയും അനുഭവങ്ങളിൽ നിന്ന് പൊതുവായചില തത്വങ്ങളും പ്രായോഗിക നടപടികളും രൂപപ്പെടുത്തിയിട്ടുണ്ട്.

» ഭാഷാപരമായ മുൻവിധികൾ/വാർപ്പുമാതൃകകൾ എന്നിവ ഒഴിവാക്കുക.
» സമഗ്രവും എല്ലാ തലങ്ങളെയും കണക്കിലെടുക്കുന്നതുമായ സമീപനം സ്വീകരിക്കുക
» പ്രായോഗികവും തന്ത്രപരവുമായ ആവശ്യങ്ങളോട് പ്രതികരിക്കുന്ന നടപടികൾ ഉൾപ്പെടുത്തുക.
» അവബോധ വളർച്ചയ്ക്കും ജെൻഡർ ബോധവൽക്കരണത്തിനും പ്രത്യേക ശ്രദ്ധ നൽകുക.
» സ്ത്രീകളുടെയും അവരുടെ സംഘടനകളുടെയും സജീവ പങ്കാളിത്തത്തിന് ആവശ്യമായ സ്ഥാപനപരമായ സംവിധാനങ്ങൾ ഒരുക്കുക/സ്ത്രീകളുടെ കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുക.
» ഏത് പുതിയ ശ്രമങ്ങൾ ഉണ്ടാകുമ്പോഴും അത് നിലനിർത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുക.
» ആവശ്യത്തിന് വേണ്ട മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ നൽകുക.

സാർവ്വദേശീയ മനുഷ്യാവകാശ ഉടമ്പടികൾ, സീഡോ (CEDAW) ബീജിംഗിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ നാലാം ലോകവനിതാ സമ്മേളനത്തോടനുബന്ധിച്ച് പാസ്സാക്കിയ കർമ്മപരിപാടി (platform for action) ദേശീയ വനിതാ നയം തുടങ്ങിയവയ്ക്കനുസൃതമാണ് പദ്ധതികളും പരിപാടികളും എന്നുറപ്പ് വരുത്തുക. സ്ത്രീകൾക്കെതിരായ എല്ലാ തരം വിവേചനങ്ങളും അവസാനിപ്പിക്കാനും തുല്യവേതനം ഉറപ്പാക്കാനും, കുടുംബജോലികൾ പങ്കിടപ്പെടേണ്ടതാണെന്നും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മനുഷ്യാവകാശ ലംഘനങ്ങളാണെന്നുമൊക്കെ മേൽപറഞ്ഞ രേഖകൾ സമർത്ഥിക്കുന്നു.

### 3.19.4 പദ്ധതി ലക്ഷ്യം വയ്ക്കുന്നവരെ കണ്ടെത്തുക.

» പദ്ധതി ആരെ ലക്ഷ്യം വയ്ക്കുന്നു എന്നുള്ളത് വ്യക്തമായി പ്രസ്താവിക്കണം. സംഘടിതമേഖലയിലെ തൊഴിലാളികൾ, ഗ്രാമീണ ദരിദ്രർ തുടങ്ങിയ പൊതുപ്രയോഗങ്ങൾ ഒഴിവാക്കണം. പദ്ധതി/പരിപാടി ലക്ഷ്യം വയ്ക്കുന്ന വിഭാഗത്തിലെ ഇന്ന സ്ത്രീകൾ, ഇന്ന പുരുഷന്മാർ എന്ന് വ്യക്തമായി പറയുക.
» അവരുടെ മുഖ്യ സ്വഭാവ വിശേഷതകൾ വ്യക്തമാക്കുക ലിംഗവിഭാഗം, തൊഴിൽ പദവി, സാമ്പത്തികവിഭാഗം, സാമൂഹിക–സാമ്പത്തിക പദവി, വംശീയ/സമൂഹം സ്രോതസ്സ്, പ്രായം.
» പദ്ധതി ഗുണഭോക്താക്കൾ (beneficiaries) ഏകതാനമായ വിഭാഗമാണോ? അവരുടെ

ഇടയിൽ വ്യത്യസ്തതകളുണ്ടോ എന്ന് വിലയിരുത്തുക.

» പദ്ധതിയുടെ നേട്ടങ്ങളായ പരിശീലനത്തിനുള്ള അവസരം, വായ്പ ലഭ്യത, മറ്റ് സേവനങ്ങൾ നിലനിൽക്കുന്ന സ്ത്രീപുരുഷ അനുപാതത്തിലാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തുക. ഇതുവരെ സ്ത്രീകൾക്ക് പ്രാതിനിധ്യവും പദ്ധതികളുടെ നേട്ടവും ലഭിച്ചത് വളരെ കുറവായിരുന്നെങ്കിൽ, ഇത് പരിഹരിക്കാൻ എന്തു നടപടികൾ എടുക്കാം എന്നാലോചിക്കുക.

» ചില പരിപാടികളുടെ പ്രത്യക്ഷ ഗുണഭോക്താക്കൾ സ്ത്രീകളാണെങ്കിലും പരോക്ഷമായി കുടുംബത്തിലും സമൂഹത്തിലും ഉള്ള പുരുഷന്മാർക്കും കുട്ടികൾക്കും പ്രയോജനമുണ്ടാകുന്നുണ്ട് എന്ന് ചൂണ്ടികാണിക്കുക.

### 3.19.5 സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക

» പദ്ധതി നടപ്പാക്കുന്ന ഏജൻസി/സംഘടന/സ്ഥാപനത്തിന്റെ അതിനുള്ള കഴിവും സ്ത്രീ പുരുഷന്മാരുടെ ആവശ്യങ്ങളെ കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയും വിലയിരുത്തുക, ആവശ്യമെങ്കിൽ പരിശീലനം നൽകുക, ഉള്ള കഴിവുകളെ ശക്തിപ്പെടുത്തുക.

**താഴെ പറയുന്ന കാര്യങ്ങൾ വിശകലനം ചെയ്യുക.**

» സംഘടന/സ്ഥാപനം ഏത് വിധത്തിലുള്ളതാണ്? അവരുടെ പ്രധാന ഇടപെടൽ ഏതൊക്കെ മേഖലകളിലുള്ളതാണ്? പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയുള്ള മുൻപരിചയം എന്താണ്.

» ജെൻഡർ വിശകലനത്തിനുള്ള അനുഭവം, സംഘടനാ നയങ്ങൾ

» സംഘടനയുടെ ഘടന ജെൻഡർ സംവേദനപരമാണോ? ജീവനക്കാരിൽ സ്ത്രീ–പുരുഷ ന്മാരുടെ എണ്ണം ഓരോരുത്തരുടെയും ജീവനക്കാർക്കുള്ള പിന്തുണ സംവിധാനങ്ങൾ, തൊഴിൽ സ്ഥലത്തെ ലൈംഗികപീഡനം തടയാനുള്ള കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ?

» ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള ജീവനക്കാരുടെ കാഴ്ചപ്പാട്, ഇതവരുടെ ജോലിയെ എങ്ങിനെ സ്വാധീനിക്കുന്നു.

» സ്ത്രീകളുടെ ആവശ്യങ്ങൾ ബഹുമുഖമായതുകൊണ്ട്, സ്ത്രീകളുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന പരമാവധി സംഘടനകളുടെ/ഏജൻസികളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കുക, ഉപദേശകസമിതി, സ്റ്റിയറിംഗ് കമ്മറ്റി എന്നിങ്ങനെ വിവിധ സമിതികൾ വഴി ഈ പങ്കാളിത്തം ഉറപ്പാക്കാം.

» പ്രാദേശിക തലത്തിലെ പല സംഘടനകളിലും മിക്കപ്പോഴും പ്രാമുഖ്യം ഉള്ളത് പുരുഷന്മാർക്കായിരിക്കും. ഇവർക്ക് സ്ത്രീപക്ഷ കാഴ്ചപ്പാട് ഉണ്ടെന്ന് ഉറപ്പുവരുത്തുക, ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക.

» പദ്ധതി നടത്തുന്ന സംഘടന/സ്ഥാപനം/വകുപ്പ് ഇവരുടെ മേലധ്യക്ഷന്മാർക്ക്, നയരൂപീകരണ രംഗത്തെ വ്യക്തികൾക്ക് തുടങ്ങിയവർക്ക് ലിംഗനീതിയെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ട അവസരങ്ങൾ സൃഷ്ടിക്കുക.

» നിർവ്വഹണ ഉദ്യോഗസ്ഥർക്ക്/ജീവനക്കാർക്ക്, ജെൻഡർ പരിശീലനം നൽകുക.

### 3.19.6 ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ നൽകുക

» ലക്ഷ്യങ്ങളിൽ ലിംഗനീതി കൃത്യമായും പ്രത്യക്ഷമായും വികസിപ്പിക്കുക, അവതരിപ്പിക്കുക; സ്ത്രീകളുടെ മുൻഗണനകൾ ലക്ഷ്യങ്ങൾ പ്രതിഫലിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

» പരിപാടിയുടെ ഭാഗമായുള്ള സ്ഥാപന വികസന (institutional development) പദ്ധതിയിൽ, സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാൻ പരിശീലനം ആവശ്യമെന്ന് കണ്ടാൽ, ഇതും ലക്ഷ്യത്തിൽ കൃത്യമായി നിർവ്വചിക്കണം.
» പദ്ധതിയുടെ നേരിട്ടുള്ള പിന്തുണയിൽ നൽകുന്ന സേവനങ്ങൾ സ്ത്രീകളിൽ എത്തുന്നു എന്നുറപ്പാക്കാൻ, പ്രത്യേകനടപടികളോ ക്രമീകരണങ്ങളോ ആവശ്യമെങ്കിൽ, അവയും ലക്ഷ്യങ്ങളുടെ ഭാഗമാക്കുക.
» സ്ത്രീ–പുരുഷന്മാർക്ക് തുല്യമായ അവസരങ്ങളും നേട്ടങ്ങളും ലഭിക്കുന്ന വിധത്തിലാണോ പദ്ധതി മുമ്പോട്ട് പോകുന്നതെന്ന് പരിശോധിക്കാൻ, പുരോഗതി വിലയിരുത്തുന്ന സൂചികകൾ വികസിപ്പിക്കുക.
» സ്ത്രീകൾക്കും പുരുഷന്മാർക്കും ലഭിക്കുന്ന നേട്ടങ്ങളുടെ തോത്, സ്വഭാവം തുടങ്ങിയവ അളക്കാനും സൂചികകൾ ഉണ്ടാക്കുക.
» പദ്ധതി തുടങ്ങുന്നതിന് മുമ്പുള്ള സ്ത്രീ പദവി സംബന്ധമായ അടിസ്ഥാന വിവരങ്ങൾ (gender specific baseline data) ശേഖരിക്കേണ്ടതുണ്ടോ? ലഭ്യമാണോ എന്ന് പരിശോധിക്കുക. പദ്ധതിയുടെ അവസാനം, വസ്തുതകൾ വിലയിരുത്താൻ ഈ വിവരങ്ങൾ ആവശ്യമാണ്.
» പദ്ധതിയുടെ പ്രയോജനം സ്ത്രീ–പുരുഷന്മാർക്ക് എപ്രകാരം ലഭ്യമായി എന്നറിയുന്നതിനും ആവശ്യമായ വിവരങ്ങൾ ഓരോ ഘട്ടത്തിലും കൃത്യമായി ശേഖരിക്കുക.
» മോണിറ്ററിംഗ്, വിലയിരുത്തൽ ഘട്ടങ്ങളിൽ പദ്ധതി ഇടപെടൽ വഴി സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്തമായി അനുഭവപ്പെട്ട നേട്ടങ്ങൾ, പരിണിതഫലങ്ങൾ വിശകലനം ചെയ്ത്, തുടർ നടപടികൾ പ്ലാൻ ചെയ്യുക.

### 3.19.7 പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ, പരിണതഫലങ്ങൾ ഇവ നിർവ്വചിക്കുക

» പദ്ധതി നേട്ടങ്ങൾ നിർവ്വചിക്കുമ്പോൾ, കൃത്യമായിരിക്കുക, ജെൻഡർ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.
» എത്ര പുരുഷന്മാർ, എത്ര സ്ത്രീകൾ, പരിപാടിയിൽ പങ്കെടുക്കും, ഏത് രീതിയിൽ, ഓരോ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്ന സ്ത്രീപുരുഷന്മാർ.
» പദ്ധതിയുടെ സ്ഥാപനവികസന ഘടകപരിപാടികളിൽ ഉദ്ദേശിച്ച ഗുണഭോക്താക്കളിൽ സ്ത്രീ–പുരുഷാനുപാതം ആസൂത്രണം ചെയ്തതു പോലെ ഉണ്ടോ എന്ന് പരിശോധിക്കുക. പ്ലാൻ ചെയ്ത ഇടപെടലുകളിൽ നിന്ന് തുല്യമായ നേട്ടം രണ്ട് കൂട്ടർക്കും ലഭ്യമാകുന്നതിന് എന്തൊക്കെ പ്രത്യക്ഷനടപടികൾ കൈകൊള്ളാമെന്ന് തീരുമാനിക്കുക. ലിംഗനീതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്താൻ സ്ഥാപനത്തിന്റെ ശേഷി ഏതൊക്കെ തലത്തിൽ പരിപോഷിപ്പിക്കണമെന്ന് തീരുമാനിക്കുക.
» പരിപാടിക്ക് നേരിട്ടുള്ള സഹായം–ലിംഗനീതി നടപ്പാക്കുന്നതിന് പരിപാടിയുടെ ലക്ഷ്യമാണെന്നുള്ളതിന്റെ ന്യായീകരണം വ്യക്തമാക്കാൻ നിർദ്ദിഷ്ട സമൂഹത്തിൽ/തൊഴിൽസ്ഥലത്ത് ബോധവൽക്കരണ പരിപാടികൾ നടത്തുക. സ്ത്രീഗുണഭോക്താക്കൾക്ക് പ്രാപ്യമാകുന്ന വിജ്ഞാനവ്യാപന രീതികൾ ഉപയോഗിക്കുക.
» ഗവേഷണ ഘടകത്തിൽ–ലിംഗാടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുക. കൈകാര്യം ചെയ്യുന്ന സാഹചര്യം സ്ത്രീകൾക്കും പുരുഷന്മാർക്കും ഉള്ള അവസരങ്ങൾ, തടസ്സങ്ങൾ ഇവയെപ്പറ്റി വ്യക്തമായ വിവരങ്ങൾ ശേഖരിക്കുക, ഏറ്റവും അർഹിക്കുന്നവരുടെ

വിവരങ്ങൾക്ക് പ്രത്യേക പരിഗണനന.

» പരിശീലനത്തിൽ–ഗുണഭോക്താക്കളിൽ എത്ര പുരുഷന്മാർക്ക്/എത്ര സ്ത്രീകൾക്ക് ഏതു വിഷയത്തിൽ, ഏതു തലത്തിൽ, എത്ര നാളത്തെ പരിശീലനം നൽകുമെന്ന് വ്യക്തമാക്കുക. വിദ്യാഭ്യാസക്കുറവ്, ആത്മവിശ്വാസക്കുറവ് തുടങ്ങിയതുകൊണ്ട് സ്ത്രീകളായ ഗുണഭോക്താക്കൾക്ക് കൂടുതൽ പരിശീലനം ആവശ്യമാണോയെന്നന്വേഷിക്കുക. പരിശീലന രേഖകളിൽ, സ്ത്രീവിരുദ്ധഭാഷയും മുൻവിധികളും ഇല്ലെന്ന് ഉറപ്പുവരുത്തുക.പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നത് സാധ്യമാക്കുന്നതിന് വേണ്ടി, ശിശുപരിചരണം തുടങ്ങിയ പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണോ എന്നന്വേഷിക്കുക.

» നയപരമായ കാര്യങ്ങൾ സ്ത്രീകളുടെ ആവശ്യങ്ങൾ, ചുമതലകൾ പങ്കാളിത്തം, പ്രത്യേകമായ പരിമിതികൾ ഇവയെല്ലാം കണക്കിലെടുക്കണം. സ്ത്രീകളുടെ തുല്യപങ്കാളിത്തത്തിന് അനുകൂലമായ സാഹചര്യമൊരുക്കാൻ, കൂടുതൽ എന്തെങ്കിലും നടപടികൾ ആവശ്യമാണോ എന്ന് പരിശോധിക്കുക. ഉദാ:നിയമപരമായ തടസ്സങ്ങൾ, സാംസ്കാരിക, സാമൂഹിക പരിമിതികൾ.

» പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ, സ്ത്രീഗുണഭോക്താക്കൾക്ക്, പുരുഷന്മാരോടൊപ്പം പങ്കെടുക്കാനും സഹകരിക്കാനും താല്പര്യമുണ്ടെന്ന് ഉറപ്പാക്കുക.

» പ്രവർത്തനങ്ങൾ എപ്പോൾ, എവിടെ, എത്ര സമയത്തേക്ക് എന്നിവ സ്ത്രീകാഴ്ചപ്പാടിൽ പരിഗണിക്കുക. വീട്ടിലെ ഇരട്ടി ജോലിഭാരവും കൂടി പേറുന്ന സ്ത്രീകൾക്ക്, വളരെ കുറച്ച് ഒഴിവു സമയമേ ഉണ്ടാവൂ. വീട്ടിൽ നിന്ന് അധികം മാറി നിൽക്കാനും പറ്റില്ല.

» സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചുള്ള ഗ്രൂപ്പിൽ, സ്വതന്ത്രമായി സംസാരിക്കാൻ സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ, പ്രത്യേക യോഗം, പരിശീലനം എന്നിവ നടത്തുക, അവരുമായി ആശയവിനിമയം നടത്താൻ വനിതാ ജീവനക്കാരെ നിയോഗിക്കുക.

» സ്ത്രീകൾക്ക് പങ്കെടുക്കാൻ അനുവാദം ലഭിക്കത്തക്ക രീതിയിൽ ഭൗതികസൗകര്യങ്ങൾ ക്രമീകരിക്കുക (സമയദൈർഘ്യം, യാത്രാക്രമീകരണം, താമസസൗകര്യം, സാനിട്ടറി സൗകര്യങ്ങൾ, ശിശുപരിരക്ഷ സൗകര്യങ്ങൾ മുതലായവ.

» പരിപാടിയുടെ സാമൂഹികമായ സുസ്ഥിരത പരിഗണിക്കുക പരിപാടിയിൽ പങ്കെടുക്കുക വഴി സ്ത്രീകളുടെ ആത്മവിശ്വാസവും സ്വാശ്രയത്വവും വളരുമെങ്കിൽ, പദ്ധതി തീർന്നാലും സ്ത്രീകൾ തുടർന്നും ഇടപെടുകയും പരിപാടികളിൽ നിന്ന് പ്രയോജനം നേടുകയും ചെയ്യും.

» പരിപാടിയുടെ ജെൻഡർ ഘടകത്തിന് ആവശ്യമായ സാമ്പത്തിക വിഭവങ്ങളും ആളുകളെയും ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുക.

» ലിംഗാടിസ്ഥാനത്തിൽ വിഭവങ്ങൾക്ക് ക്വോട്ടാ നിശ്ചയിക്കേണ്ടത് ആവശ്യമാണോ എന്ന് തീരുമാനിക്കുക.

» പദ്ധതി നടത്തിപ്പുകാരിൽ ജെൻഡർ വിദഗ്ദ്ധർ ആവശ്യമുണ്ടോയെന്ന് നിജപ്പെടുത്തുക.

» ഇത് കൃത്യമായി തൊഴിൽ വിവരണത്തിൽ രേഖപ്പെടുത്തുക.

» ലിംഗനീതി ഉറപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകുകയും ഇതവരുടെ തൊഴിൽ വിവരണത്തിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുക.

» ഉദ്യോഗസ്ഥരിൽ/പ്രവർത്തകരിൽ കഴിയുന്നതും തുല്യ അനുപാതം നിലനിർത്തുക. തുല്യജോലിക്കു തുല്യമൂല്യമുള്ള വേതനം നൽകുക.

### 3.19.8 മോണിറ്ററിംഗ്, റിപ്പോർട്ടിംഗ് നടപടികൾ

- » സാധാരണ നടത്തുന്ന മോണിറ്ററിംഗ്, വിലയിരുത്തൽ, റിപ്പോർട്ട് ചെയ്യൽ നടപടികളുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ, ലിംഗാടിസ്ഥാനത്തിൽ തന്നെ വേണമെന്ന് സൂചിപ്പിക്കുക.
- » സ്ത്രീകളുടെ സംഭാവനകൾ, അവർക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്നതിന് പ്രത്യേക സൂചകങ്ങൾ വികസിപ്പിക്കുക.

# 4

# ജെൻഡർ സൗഹൃദ നഗരഭരണം (Gender Friendly Local Governance)

അധികാരവികേന്ദ്രീകരണവും നഗരപാലിക സംവിധാനവും ലിംഗപദവി തുല്യതയിലധിഷ്ഠിതമായ ഭരണനിർവ്വഹണത്തിന് വഴിയൊരുക്കുകയുണ്ടായി. പ്രാദേശിക ഭരണ സംവിധാനത്തിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്താനും വിഭവങ്ങൾ വകയിരുത്തുന്നതിലും വിനിയോഗത്തിലും സ്ത്രീകളെയും മറ്റ് അവശതയനുഭവിക്കുന്നവരെയും പരിഗണിക്കുന്നതിന് സഹായകമായ സാഹചര്യം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ലിംഗപദവി സൗഹാർദപരമായ ഒരു ഭരണക്രമം രൂപപ്പെടണമെങ്കിൽ സമൂഹത്തിൽ കാലാകാലങ്ങളായി സ്ത്രീകൾ ഉൾപ്പടെയുള്ളവർ അനുഭവിക്കുന്ന വിവേചനത്തിന്റേയും ചൂഷണത്തിന്റേയും കാരണങ്ങൾ വിശകലനം ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന കാരണങ്ങളുടെ വേരുകൾ ഇല്ലാതാക്കാനും തുല്യതയിലും നീതിയിലും അധിഷ്ഠിതമായ സ്ത്രീ പുരുഷ ബന്ധങ്ങൾ ആവിഷ്ക്കരിക്കപ്പെടാനും കഴിയണം.

പ്രാദേശികഭരണ സംവിധാനത്തിന്റെ അധികാരപരിധിക്കുള്ളിൽ നിന്ന് കൊണ്ട് ഈ ലക്ഷ്യം നേടണമെങ്കിൽ ലിംഗപദവി അടിസ്ഥാനമാക്കിയ ആസൂത്രണ രീതികൾ അവലംബിക്കേണ്ടതുണ്ട്. ഒരു തദ്ദേശഭരണം ലിംഗപദവി സൗഹാർദപരമാണോ എന്ന് പരിശോധിക്കുന്നതിന്

» സുതാര്യമായ ഭരണക്രമം രൂപപ്പെടണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഏതൊരു പ്രവർത്തനങ്ങളും മറ്റ് കാര്യങ്ങളും ഏറ്റവും പിന്നോക്കം നിൽക്കുന്ന ആളുകൾ ഉൾപ്പടെ അവർ ചോദിക്കാതെ തന്നെ അറിയുന്നതിനും ബോധ്യപ്പെടുന്നതിനുമുള്ള സാഹചര്യവും സംവിധാനവുമുണ്ടായിരിക്കണം

» വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ വികസനത്തിൽ തുല്യതയോടെ സ്ത്രീകൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവണം

» തീരുമാനമെടുക്കാനും അഭിപ്രായപ്രകടനത്തിനും അവസരതുല്യതക്കും സാധ്യമാകുന്ന വിധത്തിൽ സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പ് വരുത്തുന്ന രീതിയിലായിരിക്കണം ഏത് പ്രവർത്തനങ്ങളും

» പൊതുസ്ഥലങ്ങൾ, ഓഫീസുകൾ മുതലായ ഇടങ്ങളിൽ സ്ത്രീകൾക്കും മറ്റ് പ്രയാസം അനുഭവിക്കുന്നവർക്കും അനുകൂലമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണം

» പൊതുതലത്തിൽ സ്ത്രീകൾക്ക് ദൃശ്യത കൈവരണം
» സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇല്ലാത്ത സാഹചര്യം ഉണ്ടാക്കുകയും വിവേചനങ്ങളും മുൻവിധികളും ചൂഷണങ്ങളും ഇല്ലാതാവുകയും വേണം.
» വ്യക്തി എന്ന നിലയിൽ ഏതൊരാൾക്കും സ്വന്തം കഴിവുകൾ മറ്റ് തടസ്സങ്ങൾ ഇല്ലാതെ വികസിപ്പിക്കാനുള്ള അന്തരീക്ഷവും സാഹചര്യവും ഉണ്ടാവണം
» ഏതൊരാൾക്കും കുടുംബത്തിനകത്തും സമൂഹത്തിലും അഭിപ്രായ സ്വാതന്ത്ര്യം, തീരുമാനമെടുക്കൽ പ്രക്രിയ, ചലനസ്വാതന്ത്ര്യം, സ്വത്തവകാശം, വരുമാനം കൈകാര്യം ചെയ്യൽ, അവസര സമത്വം മുതലായ കാര്യങ്ങളിൽ തുല്യത ഉറപ്പ് വരുത്തണം
» പൊതു ഇടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കേണ്ടുന്ന സേവനങ്ങൾ, ഗുണമേന്മയോടെ സമയബന്ധിതമായി ഏതൊരാൾക്കും ലഭ്യമാകുന്ന സാഹചര്യവും സംവിധാനവും ഉണ്ടാവണം.
» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ കാര്യങ്ങളിലും സുതാര്യത, പങ്കാളിത്തം, സാമൂഹ്യനീതി, നഷ്ടോത്തരവാദിത്തം എന്നീ തത്വങ്ങൾ ഉറപ്പ് വരുത്തൽ.

ഈ ലിസ്റ്റ് പ്രാദേശിക സാഹചര്യത്തിനനുസരിച്ച് ഇനിയുമിനിയും വിപുലീകരിക്കാവുന്നതാണ്.

ജെൻഡർ സൗഹൃദ പ്രാദേശികഭരണം സാധ്യമാകണമെങ്കിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനങ്ങൾ തുടങ്ങിയ എല്ലാവരുടെയും മനോഭാവത്തിലടക്കമുള്ള മാറ്റം അനിവാര്യമാണ്. നിലവിലുള്ള ഭരണപ്രക്രിയയിലും അടിസ്ഥാന സൗകര്യങ്ങളിലുമെല്ലാം സമഗ്രമായ മാറ്റം ഉണ്ടാവണം.

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ലഭ്യമാക്കുക എന്നത് ഭരണകൂടത്തിന്റെ ചുമതലയാണ്.

## 4.1 ഭരണഘടനാ വ്യവസ്ഥകൾ

| | |
|---|---|
| അനുച്ഛേദം 14 | തുല്യതയ്ക്കുള്ള അവകാശം |
| അനുച്ഛേദം 15 | വിവേചനരാഹിത്യം |
| അനുച്ഛേദം 15 (3) | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ |
| അനുച്ഛേദം 16 | സർക്കാർ ജോലിയിൽ അവസരസമത്വം |
| അനുച്ഛേദം 19 | a. അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം |
| | b. സമ്മേളന സ്വാതന്ത്ര്യം |
| | c. സംഘടനാ സ്വാതന്ത്ര്യം |
| | d. സഞ്ചാരസ്വാതന്ത്ര്യം |
| | e. താമസിക്കാൻ സ്വാതന്ത്ര്യം |
| | f. തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം |
| അനുച്ഛേദം 21 | അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യം |
| അനുച്ഛേദം 23 | മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണം |

| | |
|---|---|
| അനുച്ഛേദം 32 | ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടിയെടുക്കുന്നതിനുള്ള സംവിധാനങ്ങൾ |
| അനുച്ഛേദം 39 | തുല്യ ജോലിക്ക് തുല്യ വേതനം, ഉപജീവനത്തിന് സ്ത്രീക്കും പുരുഷനും തുല്യ അവസരം |
| അനുച്ഛേദം 42 | ജോലി സ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണ മെന്നുമുള്ള വ്യവസ്ഥകൾ |
| അനുച്ഛേദം 51എ(ഇ) | മൗലിക കർത്തവ്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായ ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദവും പൊതുവായ സഹോദര മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിനും കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു. |

## 4.2 ലിംഗ നീതിയ്ക്കായുള്ള നിയമങ്ങളും അവയുടെ പ്രാപ്യതയും

| നം. | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 1 | Women Protection Officer | DV Act 2005 (Domestic Violence Act) | 14 ജില്ലകളിലേയും Women Protection Officer | സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ |
| 2 | ജില്ലാ കളക്ടർ | Policy For Prevention Of Sexual Harassment (POSH) 1 | ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി (സ്ഥാപന തലത്തിൽ) | സ്ഥാപനങ്ങളിൽസ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം സംബന്ധിച്ച പരാതികളിൽ |
| 3 | സ്ത്രീധന നിരോധന ഓഫീസർ | സ്ത്രീധനനിരോധന നിയമം 1961 | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (മുഖ്യ സ്ത്രീധന നിരോധന ഓഫീസർ), റീജിയണൽ സ്ത്രീധന നിരോധന ഓഫീസർമാർ (തിരുവനന്തപുരം, എറണാകുളം, കാഴിക്കോട്) | സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ |
| 4 | ശൈശവവിവാഹനിരോധന ഓഫീസർ | Child Marriage Protection Act 2012 | ഓരോ Integrated Child Development Project–ലെ സി.ഡി.പി.ഒ മാർ (ബ്ലോക്ക്തലത്തിലും നഗരസഭാതലത്തിലും) | ശൈശവ വിവാഹങ്ങൾ തടയുന്നതിനും അത് നടത്തിക്കൊടുക്കുന്നവരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നതിനും |

| | | | | |
|---|---|---|---|---|
| 5 | നിർഭയ സെൽ | Nirbhaya Policy 2012, POCSO 2012 തൊഴിലിടങ്ങളിൽ ലൈംഗികാതിക്രമം തടയൽ നിയമം 2013 | തദ്ദേശസ്ഥാപനങ്ങളിലെ ജാഗ്രതാ സമിതികൾ, ജില്ലാതല നിർഭയസെൽ, സംസ്ഥാന നിർഭയ സെൽ | സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ |
| 6 | KELSA/DLSA/TLSC (Kerala State Legal Services Authority/Dist. Level Legal Science Authority/ Taluk Level Legal Service Committee | കേരള സ്റ്റേറ്റ് ലീഗൽസർവ്വീസസ് അതോറിറ്റികൾ 1998 | KELSA സംസ്ഥാനതല യൂണിറ്റ്, DLSA ജില്ലാതല യൂണിറ്റുകൾ, TLSC താലൂക്ക്തല യൂണിറ്റുകൾ | പീഢനത്തിനും അതിക്രമങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായം ജാഗ്രതാസമിതികൾക്ക് നിയമസഹായ പരിശീലനങ്ങൾ |
| 7 | One Stop Crisis Cell (OSCC) | നിർഭയ പദ്ധതി | ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ (21 സെല്ലുകൾ) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഢനം |
| 8 | പ്രത്യേക പോലീസ് ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാതലത്തിൽ പ്രത്യേക ചുമതലയുള്ള കുറഞ്ഞത് 7 പോലീസ് ഇൻസ്പെക്ടർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളുടേയും അന്വേഷണം, അതിക്രമങ്ങൾക്ക് ഇരയായവർക്ക് വേണ്ട സഹായം |
| 9 | പ്രത്യേക മെഡിക്കൽ ഓഫീസർ | DV Act 2005 | സംസ്ഥാനത്തെ എല്ലാ ജില്ലാ–താലൂക്ക് ആശുപത്രികൾ | ഗാർഹികപീഢനം, ലൈംഗിക പീഢനം എന്നിവയ്ക്ക് വിധേയരാകുന്ന സ്ത്രീകൾ |
| 10 | പ്രത്യേക മെഡിക്കൽ ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാ–താലൂക്ക് ആശുപത്രികളിലെ പ്രത്യേകം ചുമതലപ്പെടുത്തിയ ഗൈനക്കോളജിസ്റ്റുകൾ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ളഅതിക്രമങ്ങൾ |

| | | | | |
|---|---|---|---|---|
| 11 | വനിതാ കമ്മീഷൻ | ദേശീയ സംസ്ഥാന വനിതാകമ്മീഷൻ നിയമം | സംസ്ഥാന വനിതാകമ്മീഷൻ പട്ടം, തിരുവനന്തപുരം–04 | എല്ലാ അവകാശനിഷേധങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാൻ |

## 4.3 ലിംഗപദവിപഠനം

ഒരു പ്രദേശത്തെ ലിംഗസൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ജനകീയമായി നേടാനും പൊതു സമൂഹത്തെക്കൂടി അക്കാര്യങ്ങൾ ബോധ്യപ്പെടുത്തി ഉത്തര വാദിത്വങ്ങൾ വിഭജിച്ച് നിർവ്വഹിക്കാനും സഹായകമായ പ്രക്രിയയാണ് ലിംഗപദവിപഠനം. സ്ത്രീകൾ നേരിടുന്ന പല പ്രശ്നങ്ങളും അദൃശ്യമാണ്. അത് കൊണ്ട് തന്നെ നിലവിലെ വികസന പ്രക്രിയകളിൽ ഇവ പരിഗണിക്കപ്പെടുന്നില്ല. വിശദമായ ഒരു പഠനത്തിലൂടെ സ്ത്രീകൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ടിയാണ് ലിംഗപദവി പഠനം നടത്തുന്നത്.

ഈപ്രക്രിയയിൽ പങ്കാളികളാവുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ മുതലായവരുടെ മനോഭാവത്തിൽ മാറ്റം വരുത്തി സ്ത്രീകളുടെ പ്രശ്നങ്ങൾ മുഖ്യ അജണ്ടയാക്കി കൊണ്ടു വരിക എന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്. പഠന റിപ്പോർട്ട് ജനകീയ ചർച്ചക്ക് വിധേയമാക്കുന്നത് വഴി ഇതൊരു സാമൂഹ്യപ്രശ്നമായി ഉൾക്കൊള്ളാനും കൂട്ടായി പരിഹരിക്കാനും പൊതുസമൂഹത്തെ സജ്ജരാക്കുന്നതിനും ഈ പഠനം സഹായിക്കും.

## 4.4 പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ (Practical Gender Needs)

സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിതത്തിലെ പ്രായോഗിക ആവശ്യങ്ങളെയാണ് പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സ്ത്രീകളുടെ അവസ്ഥയുമായും ഉത്തരവാദിത്തങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. (ഉദാ:വീട്, കക്കൂസ്, കുടിവെള്ളം, പാചക ഇന്ധനം, തുടങ്ങിയ പൊതു ആവശ്യങ്ങൾ)

## 4.5 നിർണായക ലിംഗപദവി ആവശ്യങ്ങൾ (Strategic Gender Needs)

സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്ന തരത്തിലുള്ള ആവശ്യങ്ങളെയാണ് നിർണായക ലിംഗപദവി ആവശ്യങ്ങൾ എന്ന് പറയുന്നത്.

» കുടുംബത്തിനകത്തെ ജോലിഭാരം പങ്കിടുക
» സ്ത്രീകളുടെ പൗരാവകാശം സംരക്ഷിക്കുക
» ലിംഗപരമായ തൊഴിൽവിഭജനം ഇല്ലാതാക്കി സ്ത്രീകൾ പാരമ്പര്യേതര തൊഴിലുകളിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാവാൻ
» സാമൂഹ്യസ്ഥാപനങ്ങളിലെ സ്ത്രീപുരുഷ വിവേചനം ഒഴിവാക്കാൻ
» സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം
» കുടുംബത്തിനകത്തും പുറത്തുമുള്ള അതിക്രമങ്ങൾ തടയുക
» ഒരേ ജോലിക്ക് തുല്യവേതനം
» കുടുംബവും സമൂഹവും സ്ഥാപനങ്ങളും സ്ത്രീസൗഹൃദമാക്കുക


## 4.6 ജെൻഡർ ബജറ്റിംഗ്

സർക്കാരുകളുടെ പദ്ധതികളുടെ സാമ്പത്തിക നടത്തിപ്പിന് വേണ്ടി തയ്യാറാക്കുന്ന ബജറ്റിൽ പണം വകയിരുത്തുമ്പോൾ മുഴുവൻ സ്ത്രീകൾക്കും പുരുഷന്മാർക്കും മറ്റ് ലിംഗവിഭാഗങ്ങൾക്കും നീതിപൂർവ്വമായി വിഹിതം ലഭിക്കുന്നതിനുള്ള ധനകാര്യ ആസൂത്രണമാണ് ലിംഗപദവി ബജറ്റിംഗ്.

ലിംഗപദവി ബജറ്റിംഗ് ഒരു പ്രത്യേക ബജറ്റ് അല്ല. ബജറ്റ് പ്രക്രിയയിൽ സ്ത്രീകളുടെ ആവശ്യങ്ങളും മുൻഗണനകളും ഉൾച്ചേർത്ത് കൊണ്ട് ആളുകളുടെ മനോഭാവമാറ്റത്തിലൂടെ സാമൂഹിക മാറ്റത്തിനും സ്ത്രീപുരുഷ തുല്യത, ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ള ഇടപെടലാണ് ഇത്.

### 4.6.1 ലക്ഷ്യങ്ങൾ

- ധനവിഭവ വിതരണത്തിൽ സ്ത്രീപുരുഷ തുല്യതയും സ്ത്രീകൾക്ക് തുല്യനീതിയും ഉറപ്പ് വരുത്തുക
- സ്ത്രീകൾക്കിടയിൽ തന്നെയുള്ള ദുർബല വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസനക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക
- ധനവിഭവങ്ങളിലുള്ള പ്രാപ്യതയും നിയന്ത്രണവും ഉറപ്പ് വരുത്തി അസമത്വം അവസാനിപ്പിച്ച് സ്ത്രീശാക്തീകരണം സാധ്യമാക്കുക




## 4.7 ജെൻഡർ ഓഡിറ്റിംഗ്

### 4.7.1 എന്താണ് ലിംഗപദവി ഓഡിറ്റിംഗ്

ലിംഗപദവി കാഴ്ച്ചപ്പാടിൽ നിന്ന് കൊണ്ട് ഭരണസംവിധാനത്തിന്റെ വരുമാനത്തെയും ചെലവിനേയും വിശകലനം ചെയ്യുക, നിയമനിർമ്മാണം, മാർഗ്ഗനിർദ്ദേശങ്ങൾ, സാമൂഹിക

പദ്ധതികൾ മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ വിശകലനം ചെയ്യുക എന്നതാണ് ജന്റർ ഓഡിറ്റിംഗ്. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിൽ ഉപരി ലിംഗപദവി തുല്യതയും ശാക്തീകരണവും കൈവരുത്തുവാനായി ഒരു സ്ഥാപനം എത്രമാത്രം സാഹചര്യങ്ങളൊരുക്കി എന്നതിന്റെ പരിശോധന കൂടിയാണ് ജെൻഡർ ഓഡിറ്റിംഗ്.

പൊതു നയങ്ങൾ വളരെ വ്യത്യസ്ഥമായിട്ടാണ് സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്നു കൊണ്ടാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തുന്നത്. ലിംഗപദവിയെയും സ്ത്രീശാക്തീകരണത്തെയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനങ്ങളിലും നിലനിൽക്കുന്ന മുൻവിധികളും/മുൻധാരണകളും കണ്ടെത്തുക, ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുക എന്നിവ ജെൻഡർ ഓഡിറ്റിന്റെ ഫലമായി സാധിക്കുന്നതാണ്.

### 4.7.2 ലക്ഷ്യങ്ങൾ

» നയങ്ങൾ, തന്ത്രങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ ചിട്ടയായ പരിശോധന നടത്തുക.
» ലിംഗപദവിയെ പ്രവർത്തനങ്ങളുടെ എല്ലാ ഘടകങ്ങളിലേക്കും കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഉചിതമായ നയങ്ങൾ, തന്ത്രങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ആവിഷ്ക്കരിക്കുക.
» പിന്നോക്കാവസ്ഥയിലുള്ള സ്ത്രീകളുടെ പ്രായോഗികവും നിർണ്ണായകവുമായ ആവശ്യങ്ങളെയും മുൻഗണനകളെയും ഉൾപ്പെടുത്തി നിലവിലുള്ളതും വരാനിരിക്കുന്നതുമായ പരിപാടികളിൽ/പദ്ധതികളിൽ ലിംഗനീതി കൊണ്ടുവരുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
» ഭരണപ്രക്രിയയിൽ സ്ത്രീകളുടെ അവസ്ഥയെയും സ്ഥാനത്തേയും മുൻനിർത്തി ശാക്തീകരണത്തിന്റെ തോത് വിലയിരുത്തുക.
» ഓരോ വികസന പ്രവർത്തനങ്ങളും തുല്യനീതിയിലേക്ക് വ്യക്തിയെയും സമൂഹത്തെയും സ്ഥാപനത്തെയും നയിക്കുന്നതാണെന്ന് ഉറപ്പ് വരുത്തുക.

## 4.8 വനിതാ ഘടക പദ്ധതി

ജനകീയാസൂത്രണ പദ്ധതിയുടെ നയങ്ങളിൽ അതിപ്രാധാന്യമർഹിക്കുന്നത് പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹ്യനീതി, സേവനഗുണമേന്മ വർദ്ധിപ്പിക്കൽ, സദ്ഭരണം എന്നിവയാണ്.

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലിന്റെ ഭാഗമായാണ് വനിത ഘടക പദ്ധതി (WCP) രൂപം കൊണ്ടത്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം തുക ഇതിനായി വകയിരുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുള്ളത്.

## 4.9 വനിത ഘടക പദ്ധതി (WCP)എന്തിന്?

വനിതാഘടക പദ്ധതിയുടെ ഉദ്ദേശം ഹ്രസ്വ–ദീർഘകാല അടിസ്ഥാനത്തിൽ സ്ത്രീകളുടെ

തന്ത്രപരമായ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുകയാണ്. ഇത് വഴി സ്ത്രീകളുടെ സമഗ്രമായ ശാക്തീകരണമാണ് നടക്കേണ്ടത്. സ്ത്രീകളുടെ പരാധീനതകൾ ലഘൂകരിക്കുന്നതിനും സ്ത്രീശാക്തീകരണത്തിനും ഈ പദ്ധതി സാരമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം സ്ത്രീകളുടെ തദ്ദേശഭരണ പരിപാടികളിലെ ജനകീയ പങ്കാളിത്തത്തിനും ഇത് ആക്കം കൂട്ടി. എന്നാൽ ലക്ഷ്യമിട്ട വിധത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

സ്ത്രീകളുടെ രണ്ടാംകിട പദവിക്ക് കാരണമാകുന്ന നിർണായക ആവശ്യങ്ങളെ കണ്ടെത്തുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ മാറേണ്ടതുണ്ട്.

വനിതാഘടക പദ്ധതി ആസൂത്രണത്തിൽ ശാസ്ത്രീയമായ സമീപനം ആവശ്യമാണ്. ആവശ്യമായ മുഴുവൻ പഠനങ്ങളും നടത്തി വിവരാധിഷ്ഠിത ആസൂത്രണത്തിലേക്ക് കടന്നാൽ മാത്രമേ ആത്യന്തികമായ ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ.

1. സ്ത്രീകളുടെ നിർണ്ണായക ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന്
2. വനിതകളുടെ സാമൂഹ്യ – സാമ്പത്തിക പദവി ഉയർത്തുന്നതിന്
3. വികസന പ്രക്രിയയിൽ സ്ത്രീകളെ ഉൾച്ചേർക്കുന്നതിന്
4. സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്
5. പ്രാദേശികമായി കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന്

### 4.9.1 സാധ്യതകൾ

1. പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കുറയാത്ത തുക എല്ലാ വർഷവും നിർബന്ധിതമായി വകയിരുത്തപ്പെടുന്നു.
2. വനിതാ വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം വഴി പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ ഇടപെടൽ സാധ്യമാകുന്നു.
3. വനിതകളുടെ പ്രത്യേക ഗ്രാമസഭ ചേരുന്നത് വഴി പ്രശ്നങ്ങളും ആവശ്യങ്ങളും ആഴത്തിൽ ചർച്ച ചെയ്യപ്പെടുന്നു.
4. പൊതു ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് സാധ്യമാകുന്നു.

### 4.9.2 കഴിഞ്ഞ കാലങ്ങളിലെ പരിമിതികൾ

1. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ വേണ്ടത്ര ഉണ്ടായില്ല.
2. പത്ത് ശതമാനം തുക വകയിരുത്തിയെങ്കിലും അതിൽ പകുതി തുകയേ വിനിയോഗിച്ചിട്ടുള്ളൂ.
3. സ്ത്രീകൾക്ക് യഥാർത്ഥത്തിൽ പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി രണ്ട് ശതമാനം തുകയേ ചിലവഴിക്കപ്പെട്ടിട്ടുള്ളൂ.
4. വകയിരുത്തലിന് വേണ്ടി മാത്രം പദ്ധതി തയ്യാറാക്കുകയും ഭേദഗതി ഘട്ടങ്ങളിൽ അവ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.
5. സാങ്കേതികമായും സാമ്പത്തികമായും വിജയപ്രദമല്ലാത്ത പദ്ധതികൾ യാന്ത്രികമായി തയ്യാറാക്കപ്പെടുന്നു.
6. യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിയാതെ പദ്ധതിക്ക് രൂപം നൽകുന്നു.
7. കൃത്യമായ സ്ഥിതി വിവര കണക്കില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നു.

8. അർഹരായ ആളുകളിലേക്ക് സേവനം പൂർണ്ണമായും എത്തിക്കാൻ സാധിച്ചില്ല.
9. ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ സ്ത്രീ പങ്കാളിത്തം കൂടുതലാണെങ്കിലും തീരുമാനമെടുക്കലിൽ സ്ത്രീ പങ്കാളിത്തം ഇല്ലാതെ വന്നു.
10. ലിംഗപദവി വീക്ഷണമോ, ലിംഗാവബോധമോ ഇല്ലാത്ത ആസൂത്രണം

പരിമിതികളെ അതിജീവിച്ച് കൊണ്ട് മുന്നേറാൻ നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## 4.10 ജെൻഡർ റിസോഴ്സ്സെന്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടു കൊണ്ട്നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്ന ഒന്നാണ് ജെൻഡർ റിസോഴ്സ് സെന്റർ. വനിതാപദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർച്ചയായ സഹായം നൽകൽ ഈ സംവിധാനം കൊണ്ട് ലക്ഷ്യമിടുന്നു. ഡി.പി.സി തലത്തിൽ എല്ലാ ജില്ലയിലും 15 പേരിൽ കവിയാത്ത ജെൻഡർ റിസോഴ്സ് ടീമിന് രൂപം നൽകണം. ഇതിന്റെ ഘടന സബ്സിഡി മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട് (GO (MS) 22/2018/LSGD dtd. 14.02.2018). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ഏകോപനത്തിലൂടെ പ്രവർത്തിക്കുന്ന കേന്ദ്രമായിരിക്കണം നഗരസഭ തല റിസോഴ്സ് സെന്റർ. പ്രാദേശികമായി ലിംഗനീതിയും തുല്യതയും ഉറപ്പുവരുത്തലാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

### 4.10.1 ലക്ഷ്യങ്ങൾ

» വികസനത്തിൽ ലിംഗനീതി ഉറപ്പാക്കുക
» ലിംഗനീതിയിലധിഷ്ഠിതമായ സദ്ഭരണത്തിനായി ഭരണസമിതിക്ക്സഹായം നൽകുക
» വനിതാഘടകപദ്ധതി ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ സഹായിക്കുക; പൊതുപദ്ധതികളിൽ ജന്റർ പരിഗണന ഉറപ്പുവരുത്തുക.
» വൈദഗ്ധ്യപരിശീലന/ശേഷിവികസനകേന്ദ്രം
» തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും, വനിതകൾക്കും, ഈ രംഗത്ത്പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവർക്കും ആവശ്യമായ വിവരശേഖരണവും വിതരണവും നടത്തുക.
» പഠനകേന്ദ്രം
» സ്ത്രീകളുമായി ബന്ധപ്പെട്ട ഏത് പ്രശ്നങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടം
» ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള സഹായം നൽകുക

## 4.11 ജാഗ്രതാ സമിതി

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, പീഢനങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവ ഉണ്ടായാൽ അതിൽ ഇടപെട്ട് സ്ത്രീകളുടേയും കുട്ടികളുടേയും പക്ഷത്തു നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊടുക്കുവാനും അവർക്ക് നീതി ലഭ്യക്കുവാനും അതുപോലെ അത്തരം പ്രശ്നങ്ങൾ

അവർക്ക് ഉണ്ടാകാത്ത സാഹചര്യം സൃഷ്ടിച്ച് അവരുടെ സുരക്ഷിതത്വവും അന്തസ്സും പദവിയും സംരക്ഷിക്കുവാനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ നേരിടാൻ തക്കവണ്ണം അവരെ ശാക്തീകരിക്കുവാനും തദ്ദേശഭരണ സ്ഥാപന വാർഡ്തലത്തിലും നഗരസഭാതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന സമിതികളാണ് ജാഗ്രതാസമിതികൾ.

## 4.12 ജാഗ്രതാസമിതിയുടെ ലക്ഷ്യങ്ങൾ

1. സ്ത്രീകളുടേയും കുട്ടികളുടേയും അന്തസ്സും അഭിമാനവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുക
2. സ്ത്രീകളും കുട്ടികളും കക്ഷികളായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, പരാതിക്ക് പരിഹാരമുണ്ടാക്കുക
3. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള ശക്തമായൊരു ജാഗ്രതാ സംവിധാനമായി പ്രവർത്തിച്ച്, അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവ തടയുക.
4. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങളോ പീഡനങ്ങളോ അവകാശ നിഷേധങ്ങളോ ഉണ്ടാകാതിരിക്കാനാവശ്യമായ സാഹചര്യം അതാത് പ്രദേശത്ത് സൃഷ്ടിക്കുക, അതിനാവശ്യമായ കർമ്മ പരിപാടിക്ക് രൂപം നൽകുക.
5. അതിക്രമങ്ങളോ പീഡനങ്ങളോ ഉണ്ടായാൽ, ഇരകളാകുന്നവർക്ക് വേണ്ട എല്ലാ സംരക്ഷണവും സഹായവും പിന്തുണയും നൽകുക
6. ലക്ഷ്യപ്രാപ്തിക്കായി വിവിധതരം കൂട്ടായ്മകൾ സൃഷ്ടിക്കുക, ജനകീയ സംവിധാനങ്ങൾ ഉപയോഗിക്കുക

## 4.13 കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ (CWF)

ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യൂ. യോഗ്യതയോ അതിന് തത്തുല്യമായ വിമൻസ് സ്റ്റഡീസ്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ യോഗ്യതയോ ഉള്ള (റെഗുലർ ബാച്ചിൽ പഠിച്ച് ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള) ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്. ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിനും ജില്ലയ്ക്കാകെ ബാധകമായ നടപടിക്രമം നിശ്ചയിക്കുന്നതിനും ഉള്ള ഉത്തരവാദിത്തം ജില്ലാ ജെന്റർ റിസോഴ്സ് സെന്ററിനാണ്. വിശദ വിവരങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖ (GO (MS) 22/2018/LSGD) കാണുക.

## 4.14 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല

» ജെൻഡർ സൗഹൃദ സംവിധാനങ്ങൾ/സ്ഥാപനങ്ങൾ/പദ്ധതികൾ ഇവയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കൽ
» ജെൻഡർ റിസോഴ്സ് സെന്ററിന്റെ ചുമതല
» ലിംഗ നീതി നടപ്പിലാക്കുന്നതിനായി നഗരസഭയിൽ നടക്കുന്ന മുഴുവൻ പ്രവർത്തന

ങ്ങളെയും എകോപിപ്പിയ്ക്കൽ

» ലിംഗപദവി പഠനത്തിലൂടെ വിവിധ ലിംഗ പദവി ആവശ്യങ്ങൾ മനസ്സിലാക്കി അതിന നുസൃതമായ പദ്ധതികൾ രൂപീകരിയ്ക്കൽ
» സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ പൂർണ്ണമായും ഇല്ലാതാക്കൽ
» സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിയ്ക്കുന്നതിനായി മൈക്രോ സംരംഭങ്ങൾ ആരംഭിയ്ക്കൽ
» തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളിൽ സുരക്ഷ ഉറപ്പാക്കൽ
» ട്രാൻസ് ജന്റർ വ്യക്തികൾക്കായി പദ്ധതികൾ ആവിഷ്ക്കരിക്കുക.
» വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്ന വിധത്തിൽ വനിത ഘടക പദ്ധതികൾക്ക് രൂപം നൽകുക. ഇതിനായി വനിത വികസന വർക്കിംഗ് ഗ്രൂപ്പിനെ ശക്തിപ്പെടുത്തുക, ആവശ്യമായ നിർദ്ദേശം നൽകുക.

ലിംഗപദവി ആസൂത്രണ രീതികൾ അവലംബിച്ച് കൊണ്ടാവണം എല്ലാ നഗരസഭകളും പതിനാലാം പദ്ധതിയുടെ പദ്ധതിരേഖ തയ്യാറാക്കാൻ "ജന്റർ സൗഹൃദ നഗരഭരണം" എന്ന ആശയം പതിനാലാം പദ്ധതിക്കാലത്ത് എന്നതാവണം നഗരസഭകളുടെ പരമമായ ലക്ഷ്യം.

# 5

# കുട്ടികളുടെ സമഗ്ര വികസനം

## 5.1 കുട്ടികളുടെ സമഗ്ര വികസനം

ഗർഭസ്ഥ ശിശു മുതൽ പതിനെട്ട് വയസ്സ് വരെ ഉള്ളവരെയാണ് കുട്ടികൾ എന്ന് നാം നിർവചിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതിനോടൊപ്പം അവശ്യമായ സേവനങ്ങളും സൗകര്യങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് തദ്ദേശ സർക്കാരുകളുടെ ചുമതലയാണ്. കേരളത്തിലെ കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്രവികസന സമീപനം തദ്ദേശ സർക്കാർ രൂപീകരിക്കേണ്ടതുണ്ട്.

സാർവ്വ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ അവകാശപ്രഖ്യാപന രേഖയിലെ (UNCRC) നാലു സുപ്രധാന അവകാശങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്നതാവണം സമഗ്ര വികസന പരിപാടിയുടെ ലക്ഷ്യം. അതിജീവനം (ആരോഗ്യം, ശുചിത്വം), വികസനം (പോഷകാഹാരം, വിദ്യാഭ്യാസം), സംരക്ഷണം (സാമൂഹ്യ സുരക്ഷിതത്വം), പങ്കാളിത്തം (കുട്ടികളുടെ പങ്കാളിത്തവും പശ്ചാത്തല സൗകര്യങ്ങളും) എന്നിവയാണ് കുട്ടികളുടെ 4 അവകാശങ്ങൾ. കുട്ടികൾക്ക് വേണ്ടിയുള്ള സേവനങ്ങളും പ്രവർത്തനങ്ങളും ഏതെങ്കിലും ഒരു വിഷയ മേഖലയിലോ വകുപ്പിലോ ഏജൻസിയിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെയും മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരവും നിക്ഷിപ്തമായ ചുമതലകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ വികസനത്തിനായി പല മേഖലകളിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഫണ്ട് വകയിരുത്താനും അവസരമുണ്ട്. ഇതോടൊപ്പം കുട്ടികൾക്ക് വേണ്ടി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെതായ നിരവധി പദ്ധതികളും നിലവിലുണ്ട്. കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളും (അങ്കണവാടി, സ്കൂൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ മുതലായവ) അവയിലെ ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. വികേന്ദ്രീകൃത ഭരണ സംവിധാനത്തിലൂടെ കൈവന്ന ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് വളരെ വിപുലമായ ഉത്തരവാദിത്വങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്.

### 5.1.1 കുട്ടികളുടെ നിലവിലുള്ള അവസ്ഥ- സംസ്ഥാനത്ത്

| | |
|---|---|
| കുട്ടികളുടെ ജനസംഖ്യ (0–6) | 3472955 |
| ആൺകുട്ടികൾ | 1768244 |
| പെൺകുട്ടികൾ | 1704711 |
| കുട്ടികളുടെ ലിംഗാനുപാതം | 964 |
| ശിശുമരണ നിരക്ക് | 12/1000 |
| മാതൃമരണ നിരക്ക് | 1.3/1000 |

### 5.1.2 ശിശുവികസന മേഖല നേരിടുന്ന പ്രശ്നങ്ങൾ

» ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾ
» ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ
» സംരക്ഷണം ലഭിക്കാത്ത കുട്ടികൾ
» ഇതര സംസ്ഥാനത്തെ കുട്ടികൾ
» പീഡിപ്പിക്കപ്പെടുന്ന കുട്ടികൾ
» കുടുംബങ്ങളിലെ കലഹം, ഒറ്റപ്പെടൽ
» മാതാപിതാക്കളുടെ വേർപിരിയൽ
» സുരക്ഷിതത്വമില്ലായ്മ
» പഠനസൗകര്യങ്ങളുടെ കുറവ്
» ദാരിദ്ര്യം
» മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടൽ
» പോഷകാഹാരക്കുറവ്
» വിദ്യാലയങ്ങളിലെ ശ്രദ്ധയില്ലായ്മ
» അനാഥരായ കുട്ടികൾ
» പഠനവൈകല്യമുള്ള കുട്ടികൾ
» കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധമില്ലായ്മ

### 5.1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്ര വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാക്കിയിരിക്കുന്നു. ഈ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന മേഖലകളിൽ പ്രവർത്തിക്കാവുന്നതാണ്.

| ആരോഗ്യമേഖല |
|---|
| ഗർഭിണികൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും, അപകടാവസ്ഥയിലുള്ള ഗർഭിണികൾക്ക് പ്രത്യേക പരിരക്ഷയും ഉറപ്പാക്കുക |
| കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിരക്ഷ |
| 100% പ്രതിരോധ കുത്തിവെയ്പ്പ് നടപ്പിലാക്കുക |

| |
|---|
| ഗുരുതരമായ വളർച്ചാക്കുറവ് നേരിടുന്ന കുട്ടികൾക്ക് ചികിത്സാ പോഷണ ഭക്ഷണം ലഭ്യമാക്കുക |
| കുട്ടികൾക്കായി കാലേക്കൂട്ടിയുള്ള വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക |
| പിന്നോക്കാവസ്ഥയിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിയന്തിര ചികിത്സ നൽകാനുതകുന്ന തരത്തിലേക്ക് സൗകര്യം ഉയർത്തി കൊണ്ട് വരിക |
| പി.എച്ച്. സി/സി.എച്ച്.സി യിൽ ബാലസൗഹൃദ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക |
| അമ്മമാർ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നൽകുക |
| **ശുചിത്വം** |
| എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് പിന്നോക്ക മേഖലകളിൽ അങ്കണവാടികളിലും സ്കൂളിലും അനുയോജ്യമായ ശുചിത്വ സംവിധാനങ്ങളും ശുദ്ധജല വിതരണവും ഏർപ്പെടുത്തുക. |
| **പോഷകാഹാരം** |
| അർഹതപ്പെട്ട എല്ലാവർക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രത്യേക പദ്ധതി |
| എല്ലാ സ്കൂളുകളിലും ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക |
| കൗമാരപ്രായക്കാരായ കുട്ടികളിലെ വിളർച്ചയില്ലാതാക്കുന്നതിന് ആവശ്യമായ ഗുളിക വിതരണവും ഉപയോഗവും ഉറപ്പു വരുത്തുക |
| **വിദ്യാഭ്യാസം** |
| 3 മുതൽ 5 വയസ്സ് വരെയുള്ള മുഴുവൻ കുട്ടികളും പ്രീ സ്കൂളിൽ ചേരുന്നുണ്ടെന്ന് ഉറപ്പു വരുത്തുക |
| 5 വയസ്സ് പൂർത്തീകരിച്ച എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒരു കുട്ടിയും പഠനം ഇടയ്ക്ക് വെച്ച് നിർത്തുന്നില്ലെന്നും ഉറപ്പു വരുത്തുക. |
| എല്ലാ വിദ്യാലയങ്ങളുടെ പരിസരവും പുകയില, മദ്യം, മയക്കു മരുന്ന് വിമുക്ത പ്രദേശമായി പ്രഖ്യാപിക്കുകയും സ്കൂൾ ആരോഗ്യ പരിശോധനാ പരിപാടി ക്രമമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. |
| നിലവാരമുള്ളതും ബാലസൗഹൃദപരവുമായ വിദ്യാലയ ഭൗതികസൗകര്യങ്ങൾ ഉറപ്പു വരുത്തുക, പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പ്രാധാന്യം കൊടുക്കുക |
| **സാമൂഹ്യ സുരക്ഷിതത്വം** |
| അതിക്രമങ്ങൾ, പീഡനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ എന്നിവയിൽ നിന്നും എല്ലാ കുട്ടികൾക്കും പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക |
| കുട്ടികളുടെയും വനിതകളുടെയും അവകാശങ്ങളും സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പരിപാടികളും സംവിധാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക |
| വാർഡ് തലത്തിലും, നഗരസഭാ തലത്തിലും ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്തുക |

| |
|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുകയും അവർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുക |
| പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന കുട്ടികൾക്കായുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക |
| തീരദേശ മത്സ്യതൊഴിലാളികളുടെ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ കുട്ടികൾ, നിത്യരോഗ ബാധിതരായ കുട്ടികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ, ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ തുടങ്ങിയ കുട്ടികളുടെയെല്ലാം ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക |
| **പങ്കാളിത്തം** |
| നഗരസഭാ തലങ്ങളിൽ കുട്ടികൾക്ക് പൊതുകളിസ്ഥലവും കുട്ടികളുടെ പാർക്കുകളും സ്ഥാപിക്കുക |
| സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെയും പ്രാദേശിക ക്ലബ്ബുകളുടെ സഹായ ത്തോടെയും എല്ലാ കുട്ടികൾക്കും നീന്തൽ, സൈക്ലിംഗ്, യോഗ പരിശീലനങ്ങൾ നൽകുക |
| കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ബാലസഭ, ബാലസമിതി പ്രവർത്തനം എല്ലാ നഗരസഭകളിലും പ്രവർത്തനക്ഷമമാക്കുക |
| വാർഡുതോറും വർഷത്തിൽ രണ്ട് തവണയെങ്കിലും കുട്ടികളുടെ രണ്ട് വാർഡ് സഭ സംഘടിപ്പിക്കുക |
| **പശ്ചാത്തല സൗകര്യം** |
| കുട്ടികളെത്തുന്ന പൊതു ഇടങ്ങളിലെല്ലാം കുട്ടികൾക്കാവശ്യമായതും അനുയോജ്യമായതും ആയ സൗകര്യങ്ങളും സംവിധാനങ്ങളും തടസ്സവിമുക്ത സൗകര്യങ്ങളും ഉറപ്പാക്കുക. പ്രത്യേകിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സൗഹൃദപരമായവ സൃഷ്ടിക്കുക |
| കുട്ടികളുടെ പൊതു ഇടങ്ങളെല്ലാം ബാലസൗഹൃദ ഇടങ്ങളായി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക |
| കുട്ടികൾക്കായുള്ള എല്ലാ സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തുകയും അർഹതയുള്ള എല്ലാവർക്കും സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക |
| കുട്ടികൾക്ക് വേണ്ടി നൽകുന്ന എല്ലാ സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും പരസ്യഫലകങ്ങൾ സ്ഥാപിക്കുകയും ചെയ്യുക |

**മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമെ താഴെ പറയുന്ന ചുമതലകളും അടിയന്തിരമായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റെടുക്കേണ്ടതുണ്ട്.**

1. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഫിഷറീസ് സ്ക്കൂളുകൾ അടക്കമുള്ള എല്ലാ സ്ക്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ, ലാബറട്ടറി, കളിസ്ഥലം, ചുറ്റുമതിൽ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി വൃത്തിയായി സൂക്ഷിക്കുന്ന സുരക്ഷിതമായ ടോയ് ലെറ്റുകൾ, ശുദ്ധജല സൗകര്യങ്ങൾ, വേസ്റ്റ് ഡിസ്പോസൽ എന്നിവ ഏർപ്പെടുത്തുക. നഗരസഭ നിയന്ത്രണത്തിലല്ലാതെ വരുന്ന സ്ക്കൂളുകളിൽ മേൽ സൗകര്യങ്ങൾക്കായി നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2. എല്ലാ സ്ക്കൂൾ കെട്ടിടങ്ങളുടേയും സുരക്ഷിതത്വം പൂർണ്ണമായും ഉറപ്പാക്കുക. അതിന് വേണ്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർക്ക് നൽകുക.
3. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക സ്ക്കൂളുകൾ, റാംമ്പ് തുടങ്ങിയ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുക, ലൈബ്രറിയിൽ, ബ്രെയിലി ബുക്ക്സ് ലഭ്യമാക്കുക.
4. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ചലന, കാഴ്ച്ച ഉപകരണങ്ങൾ നൽകുക, സ്കോളർഷിപ്പുകൾ, സ്റ്റൈപ്പെന്റുകൾ മുതലായവയും നൽകുക.
5. ട്രൈബൽ ഏരിയായിലുള്ള കുട്ടികൾക്ക് ഗതാഗത സൗകര്യം ഉറപ്പാക്കുക, പ്രാതൽ, ഉച്ചഭക്ഷണം ലഭ്യമാക്കുക.
6. അന്യസംസ്ഥാന കുട്ടികളെ കൊണ്ട് ബാലവേല ചെയ്യിക്കുന്നത് തടയുക, വിദ്യാഭ്യാസ സൗകര്യങ്ങൾ അവർക്ക് കൂടി ഉറപ്പാക്കുക
7. എട്ടാം സ്റ്റാൻഡേർഡ് വരെ എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുക
8. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകുകയും മൂന്ന് മാസത്തിലൊരിക്കൽ ആരോഗ്യപരിശോധന നടത്തി കാർഡിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.
9. എല്ലാ അങ്കണവാടികളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക (അങ്കണവാടികൾക്കുള്ള സൗകര്യങ്ങൾ തുടർന്നു വരുന്ന പേജ് കാണുക)
10. പ്രായപൂർത്തിയാകാതെ വിവാഹം കഴിക്കാവുന്നതല്ലെന്ന് സെമിനാർ, മീഡിയകൾ എന്നിവ വഴി ബോധവൽക്കരണം നടത്തുക. ആവശ്യമായി വരുന്ന സംഗതികളിൽ കൗൺസിലിങ്ങും നിയമാനുസൃത നടപടികളും സ്വീകരിക്കുക.
11. അഞ്ച് വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും കാലാകാലങ്ങളിൽ പൾസ് പോളിയോ മുതലായ കുത്തിവെയ്പ്പുകൾ സർക്കാറിന്റെ/നഗരസഭയുടെ ചിലവിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
12. 12 വയസ്സു വരെയുള്ള എല്ലാ കുട്ടികളുടെയും ആരോഗ്യം പൂർണ്ണമായും പരിപാലിക്കുന്നതിന് വേണ്ടി അനുയോജ്യമായ പോഷകാഹാരങ്ങൾ നൽകുക.
13. ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും സ്ഥാപന മാനേജ്മെന്റിന്റെ നിർബന്ധ ധനശേഖരണം ഇല്ലാതാക്കുക
14. ജി.ഒ (പി) 192/2014/G.Ed/dt 20.9.2014 പ്രകാരം കുട്ടികളുടെ വിദ്യാഭ്യാസാവകാശം അനുസരിച്ചുള്ള ആക്റ്റിവിറ്റി മാപ്പിംഗ് നഗരസഭ നടത്തുക.
15. നീന്തൽ പരിശീലന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പായി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ടുള്ള ജീവൻ സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പാക്കുക.(സ.ഉ (കൈ)നം.34/16/കാ.യു.വ dt TVM 6.05.2016)

ഇത് കൂടാതെ സ്റ്റേറ്റ് ചൈൽഡ് പോളിസിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കായി ജി.ഒ (സാധാ) നം. 1413/2016/തസ്വഭവ/06.04.2016 www.kila.ac.in, www.crckila.org എന്നിവ പരിശോധിക്കുക

മേൽ പ്രവർത്തനങ്ങൾക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ചർച്ചചെയ്യുകയും, വിവിധ മേഖലാതല വർക്കിംഗ് ഗ്രൂപ്പുകളുമായി ആശയവിനിമയം നടത്തുകയും ചെയ്തുകൊണ്ട് ആയിരിക്കണം പദ്ധതികൾ

തയ്യാറാക്കേണ്ടത്.

## 5.2 ഐ.സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന ശിശു വികസന പദ്ധതികൾ

### 5.2.1 സംയോജിത ശിശു വികസന സേവന പദ്ധതി (Integrated Child Development Services - ICDS)

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന ആശയം മുന്നിൽ കണ്ടു കൊണ്ട് 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവനപദ്ധതി. സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258 ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ കീഴിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സമഗ്ര ശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേ സമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാദ്ധ്യമാക്കുക എന്നതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യം. 100% കേന്ദ്ര സഹായ പദ്ധതിയായിരുന്ന ഐ.സി.ഡി.എസ് പദ്ധതിയുടെ ചെലവുകൾ 2009-10 വർഷം മുതൽ 90:10 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐ.സി.ഡി.എസ് പദ്ധതിയിലെ അങ്കണവാടി കേന്ദ്രങ്ങൾ. 258 ഐ.സി.ഡി.എസ് പ്രോജക്ടുകളിലായി 32986 അങ്കണവാടികളും 129 മിനി അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്.

#### 5.2.1.1 പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
4. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

#### 5.2.1.2 ഗുണഭോക്താക്കൾ

1. 6 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ
2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
3. കൗമാരപ്രായക്കാരായ പെൺകുട്ടികൾ
4. 18 നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ

#### 5.2.1.3 സേവനങ്ങൾ

1. അനുപൂരക പോഷകഹാരം, വളർച്ചാനിരീക്ഷണം
2. ആരോഗ്യ പരിശോധന

3. റഫറൽ സർവ്വീസസ്
4. ആരോഗ്യപ്രതിരോധ കുത്തിവയ്പ്പും ചികിത്സയും
5. ആരോഗ്യപോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീസ്ക്കൂൾ വിദ്യാഭ്യാസം

### 5.2.1.4 അങ്കണവാടികൾക്ക് അവശ്യം വേണ്ടതായ സൗകര്യങ്ങൾ

» ലൊക്കേഷൻ എത്തിച്ചേരാനുള്ള സൗകര്യം ഉണ്ടായിരിക്കണം
» ഭൂവിസ്തൃതി3 സെന്റിൽ കുറയാതെ
» കെട്ടിടംചുരുങ്ങിയത് 650 ച.അടി (മുകൾ നില അഭികാമ്യം)
» കളിസ്ഥലം
» പ്രദേശവും സൗകര്യങ്ങളും
» അടിസ്ഥാനസൗകര്യങ്ങൾ
» ക്ലാസ് മുറികളും അടുക്കളയും കലവറയും
» ശിശു സൗഹൃദ ശുചിമുറിയും, കൈകഴുകുന്ന ഇടങ്ങളും
» ശുദ്ധമായ കുടിവെള്ളം
» സുരക്ഷിതവും ആകർഷണീയവുമായ കളിസ്ഥലങ്ങൾ
» ശുദ്ധജലവും ശുചിത്വസൗകര്യങ്ങളും
» പരിശീലനം സിദ്ധിച്ച യോഗ്യതയുള്ള ജീവനക്കാർ

### 5.2.1.5 മാതൃകാ അങ്കണവാടികളുടെ നിലവാരം

» പ്രദേശം–എത്തിച്ചേരാനുള്ള സൗകര്യം ഉണ്ടായിരിക്കണം, വാഹനങ്ങൾക്ക് സഞ്ചാരയോഗ്യമായത്.
» വിസ്തൃതി10 സെന്റിൽ കുറയാതെ
» കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ചുരുങ്ങിയത് 1300 ച.അ (മുകൾ നില അഭികാമ്യം)
» ക്ലാസ് മുറികളും അനുബന്ധ സാമഗ്രികളും
» മുകളിൽ പറഞ്ഞിട്ടുള്ള അങ്കണവാടികളുടെ സൗകര്യങ്ങൾ കൂടാതെ
» കൗമാരപ്രായക്കാർക്കും, അമ്മമാർക്കും, വയോജനങ്ങൾക്കും ഉപയോഗിക്കാവുന്ന വിവിധോദ്ദേശക കേന്ദ്രം ആയി പ്രവർത്തിക്കാൻ കഴിയണം. (3 G)
» ഗ്രാമകേന്ദ്രം പ്രവർത്തനത്തിന് സൗകര്യമുണ്ടായിരിക്കണം
» ECS (Electronic Communiction System)ന് ആവശ്യമായ സൗകര്യങ്ങൾ

**ബാല സൗഹൃദ പഞ്ചായത്ത് പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് (കേസ് സ്റ്റഡി)**
**"സമ്പൂർണ്ണ അങ്കണവാടി കേന്ദ്രങ്ങൾ" (അങ്കണവാടികളുടെ അടിസ്ഥാന മാതൃക)**

» എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച പ്രഥമ ഗ്രാമപഞ്ചായത്ത്
» ഒരു മാതൃക അങ്കണവാടി
» എല്ലാ അങ്കണവാടികൾക്കും ശുദ്ധജലം, വൈദ്യുതി, ശുചിത്വ സംവിധാനങ്ങൾ
» എല്ലായിടത്തും കളിയുപകരണങ്ങൾ, ഫർണിച്ചർ, കുട്ടികൾക്കുള്ള പുസ്തകങ്ങൾ
» സുസജ്ജമായ കുമാരി ക്ലബ്ബുകൾ
» 100% പ്രധിരോധ കുത്തിവെയ്പ്പ് എല്ലാ ശിശുക്കളും ഗുരുതര പോഷണ വൈകല്യങ്ങളിൽ നിന്നും സുരക്ഷിതം

» ഫണ്ട് വകയിരുത്തലിൽ അങ്കണവാടികൾക്ക് പ്രഥമ പരിഗണന
» സംയോജിത പ്രോജക്റ്റുകൾ–വിഭവസമാഹരണം
» പ്രീ–സ്ക്കൂൾ പ്രായക്കാരായ മുഴുവൻ കുട്ടികളും പ്രീ–പ്രൈമറി പരിചരണ സേവനങ്ങളിൽ ഉൾപ്പെടുന്നു.

### 5.2.2 അങ്കണവാടികളിൽ നൽകുന്ന അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം

അങ്കണവാടികളിൽ ഹാജരാകുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നത്. കുട്ടികൾക്ക് പ്രാധാന്യം നൽകി അവർക്ക് ലഭിക്കേണ്ട വിവിധങ്ങളായ അനുഭവങ്ങൾ ഉൾപ്പെടുത്തിയ പാഠ്യരീതിയാണ് അങ്കണവാടികളിൽ നടപ്പിലാക്കുന്നത്. രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെയാണ് അങ്കണവാടി പ്രവർത്തന സമയം. അങ്കണവാടി പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും വികസനവും (ECCED) ഉള്ള പരിഷ്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസമാണ് ഇവിടെ നൽകിവരുന്നത്.

### 5.2.3 രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ടൈഫോയ്ഡ്, റ്റി.ബി, അഞ്ചാംപനി, ഹെപ്പറ്റൈറ്റിസ് ബി എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകിവരുന്നുണ്ട്. കുട്ടികളുടെ അതിജീവനവും സംരക്ഷണവും വികസനവും പരിരക്ഷയും ഉറപ്പാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ കർമ്മപദ്ധതി. ന്യൂനപോഷണ പരിഹാര നടപടികളുടെ ഭാഗമായി സെപ്റ്റംബർ മാസം പോഷണ മാസമായി ആചരിക്കുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രചരണം നൽകുന്നതിന് ഏപ്രിൽ 7 ന് ലോകാരോഗ്യ ദിനാചരണം സംഘടിപ്പിച്ചു വരുന്നു.

### 5.2.4 അനുപൂരക പോഷകാഹാര പദ്ധതി

| വിഭാഗം | ഒരു ഗുണഭോക്താവിന് ഒരു ദിവസം അനുവദിച്ചിട്ടുള്ള തുക (Rs.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട കലോറി (Cal.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട പ്രോട്ടീൻ (gm) |
|---|---|---|---|
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | 6.00 | 500 | 12–15 |
| ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ (6 മാസം മുതൽ 6 വയസ്സു വരെ) | 9.00 | 800 | 20–25 |
| ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ | 7.00 | 600 | 18–20 |

സംയോജിത ശിശുവികസന സേവനപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് അങ്കണവാടികൾ വഴി നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അങ്കണവാടികൾ വഴി പോഷകാഹാരം നൽകി വരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവ്വഹണച്ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. നിലവിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ സാമ്പത്തിക പോഷണ മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുള്ളത് താഴെപറയും പ്രകാരമാണ്.

കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് പോഷകാഹാരം നൽകി വരുന്നു. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രീമിക്സ് ഭക്ഷ്യമിശ്രിതം വീട്ടുകളിൽ കൊടുത്തുവിടുന്നുണ്ട്. അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികൾക്ക് രാവിലെ പ്രഭാത ലഘുഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം ജനറൽ ഫീഡിംഗ് എന്നിങ്ങനെ മൂന്നുനേരം ഭക്ഷണം നൽകിവരുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കും പോഷകാഹാരം നൽകിവരുന്നു.

### 5.2.5 ഹോം റേഷൻ സ്ട്രാറ്റജി (THRS)

അങ്കണവാടികൾ വഴി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS). പ്രസ്തുത പദ്ധതി പ്രകാരം 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നിർദ്ദിഷ്ട പോഷക മൂല്യമടങ്ങിയ ഭക്ഷ്യമിശ്രിതം (500 K cal & 12–15 gm പ്രോട്ടീൻ) വീട്ടുകളിൽ കൊടുത്തുവിടുന്നു. കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന ന്യൂട്രിമിക്സ് (അമൃതം) എന്ന ഭക്ഷ്യമിശ്രിതമാണ് ഇപ്രകാരം നൽകിവരുന്നത്. കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്ടുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 135 ഗ്രാം വീതം 25 ദിവസത്തേയ്ക്കുള്ള ന്യൂട്രിമിക്സാണ് വീട്ടുകളിൽ കൊടുത്തുവിടുന്നത്.

### 5.2.6 കുമാരിക്ലബ്

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

### 5.2.7 അങ്കണവാടികളും മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയും

അങ്കണവാടികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്ന സ്ഥാപനതല സമിതിയാണ് അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി. ഓരോ നഗരസഭ അംഗവും അതത് വാർഡിലെ അങ്കണവാടി മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആണ്. അങ്കണവാടി സന്ദർശിച്ച് പോരായ്മകളും പ്രശ്നങ്ങളും പരിഹരിച്ച് അങ്കണവാടി പ്രവർത്തനം കാര്യക്ഷമമാക്കേണ്ട ചുമതല കമ്മിറ്റിക്കുണ്ട് അതുപോലെ തന്നെ ഒരു നഗരസഭയിലെ മുഴുവൻ അങ്കണവാടികളുടെയും മേൽനോട്ടച്ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ

നിക്ഷിപ്തമാണ്. അങ്കണവാടികളുടെ പശ്ചാത്തലസൗകര്യങ്ങളിലെ വിടവ് നികത്തൽ, നവീകരണം, പോഷകാഹാരവിതരണം, പ്രീസ്കൂൾ വിദ്യാഭ്യാസം, ആരോഗ്യസേവനങ്ങൾ, അങ്കണവാടി പ്രവർത്തകരുടെ കാര്യക്ഷമതയും ഉത്തരവാദിത്തബോധവും നിരീക്ഷിക്കൽ എന്നിവയെല്ലാം ഈ ചുമതലകളിൽ ഉൾപ്പെടുന്നു. എല്ലാ മാസവും അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി യോഗം ചേരേണ്ടതാണ്

സോഷ്യൽ ഓഡിറ്റ് അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുന്നു.

### 5.2.8 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പദ്ധതി

കുട്ടികൾക്കുള്ള ഈ പദ്ധതികൾ സംബന്ധിച്ച് "ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ" എന്ന അദ്ധ്യായത്തിൽ (അദ്ധ്യായം–8) വിവരിച്ചിട്ടുണ്ട്.

## 5.3 സ്കൂളുകൾ

ഹയർ സെക്കന്ററി വരെയുള്ള സ്ക്കൂളുകൾ നഗരസഭയുടെ ചുമതലയിലാണ്.

### 5.3.1 ബഡ്സ് സ്കൂൾ -പ്രവർത്തനം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽസമയ പരിചരണം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി നഗരസഭകൾക്ക് ബഡ്സ് സ്കൂൾ തുടങ്ങാവുന്നതാണ്. ഇതിന് ജി.ഒ (എം.എസ്) 148/2009/തസ്വഭവ തീയതി 29.7.2009 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

- 25 കുട്ടികളെങ്കിലും ഒരു സ്കൂളിൽ ഉണ്ടായിരിക്കണം
- 10 കുട്ടികൾക്ക് ഒരു പരിശീലനം ലഭിച്ച അദ്ധ്യാപിക
- 15 കുട്ടികൾക്ക് ഒരു ആയ എന്നിവർ വേണം
- 1000 ച.അടി കെട്ടിടം, 15 സെന്റ് സ്ഥലം, എന്നീ പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പാക്കണം
- വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമായിരിക്കണം
- ജി.ഒ (എം.എസ്) 148/2009/തസ്വഭവ തിയ്യതി 29.07.2009 പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾക്ക് ജി.ഒ (എം.എസ്) 144/2013/തസ്വഭവ തീയതി 6.4.2013 പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 5.4 നഗരസഭാതല ശിശുസംരക്ഷണ സമിതി

- ഇന്ന് വിവിധ തരത്തിൽ കഷ്ടതകൾ അനുഭവിക്കുന്ന കുട്ടികൾ നമുക്ക് ചുറ്റുമുണ്ട്. ഈ അവസ്ഥ അവരിലെ വ്യക്തിത്വം നശിപ്പിക്കും എന്നു മാത്രമല്ല, ഭാവി സമൂഹത്തെ ബാധിക്കുകയും ചെയ്യും. നല്ല ഒരു സമൂഹത്തെ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്തം ഭരണാധികാരികളായവർക്കുണ്ട്. ഇതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഉടനെ ഏറ്റെടുക്കണം.
- നഗരസഭ പ്രദേശത്തെ കുട്ടികളെ സംബന്ധിച്ച വിവരശേഖരണം നടത്തുക.
- കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും പരിശീലനം സംഘടിപ്പിക്കണം.

» കുട്ടികളുടെ അവകാശങ്ങൾ ഹനിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ചെറുക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാവണം.
» പെൺകുട്ടികൾക്ക് എതിരെയുണ്ടാകുന്ന പ്രശ്നങ്ങളിൽ ശിശു സംരക്ഷണ സമിതി ഇടപെടണം.
» കുട്ടികൾക്ക് എതിരെയുണ്ടാകുന്ന, അവരുടെ അവകാശങ്ങളെ ഹനിക്കുന്ന ഏതുതരത്തിലുള്ള പ്രവണതയും വാർഡ് സഭയിൽ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.
» കുട്ടികളുടെ അവകാശങ്ങൾ വിനിയോഗിക്കുന്നതിനുള്ള അവസരങ്ങൾ നഗരസഭ ഒരുക്കണം.

## 5.5 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ

### 5.5.1 അങ്കണവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ

അങ്കണവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി പ്രതിവർഷം 1000 രൂപ ചെലവഴിച്ച് മരുന്നുകിറ്റുകൾ വാങ്ങി ഓരോ അങ്കണവാടിയിലും വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ സേവനവും മേൽനോട്ടവും ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകർക്ക് ലഭ്യമാണ്.

### 5.5.2 പ്രീ സ്കൂൾ കിറ്റുകൾ

ഐ.സി.ഡി.എസ് പദ്ധതിയിൽ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികളുടെ ജീവിതത്തിലെ നിർണ്ണായക കാലമാണ് ആദ്യവർഷങ്ങൾ എന്നതുകൊണ്ടു തന്നെ അവരുടെ സമ്പൂർണ്ണ വികാസത്തിന് ഊന്നൽ നൽകിയാണ് പ്രീസ്കൂൾ വിദ്യാഭ്യാസം അങ്കണവാടികളിലൂടെ നൽകിവരുന്നത്.

കുട്ടികളിൽ ശാരീരിക മാനസിക വികാസ പ്രവർത്തനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീ സ്കൂൾ കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ തെരഞ്ഞെടുക്കുന്നത്. അങ്കണവാടി ഒന്നിന് പ്രതിവർഷം 5000 രൂപ അങ്കണവാടി പ്രീസ്കൂൾ കിറ്റുകൾ വാങ്ങുന്നതിന് അനുവദിക്കുന്നു.

### 5.5.3 SAG – Scheme for Adolcent Girls

11–14 വയസ് പ്രായത്തിലുള്ള സ്ക്കൂൾ dropout ആയ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുന്നു.

### 5.5.4 കണ്ടീഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം (പ്രധാൻമന്ത്രി മാതൃത്വ വന്ദന യോജന)

ഈ പദ്ധതി പ്രകാരം അങ്കണവാടിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് ഗർഭിണിയായ ശേഷം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ 1000 രൂപ, ഒരു സജീവ ജനനം അടിസ്ഥാനമാക്കിയാണ് തുക നൽകുന്നത്, ഗർഭാവസ്ഥ 6 മാസമാകുമ്പോൾ 2000 രൂപ, കുഞ്ഞിന് 6 മാസം തികയുമ്പോൾ 1000 രൂപ എന്നീ ക്രമത്തിൽ ആകെ 5000 രൂപ നൽകുന്നു.

### 5.5.5 കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസലിംഗ് പ്രോഗ്രാം)

2006–07 സാമ്പത്തിക വർഷം കിശോരി ശാക്തി യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 163 സ്കൂളുകളിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി അഡോളസന്റ് ഹെൽത്ത് ക്ലിനിക്/കൗൺസലിംഗ് പ്രോഗ്രാം നടപ്പിലാക്കുകയുണ്ടായി. കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗ് സേവനങ്ങളും ആരോഗ്യവകുപ്പ്, എൻ.ആർ.എച്ച്.എം. എന്നീ ഏജൻസികളുടെ സഹകരണത്തോടെ ആരോഗ്യ പരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസം, തുടങ്ങിയ സേവനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിച്ച് ആകെ 648 സ്ക്കൂളുകളിൽ നടപ്പിലാക്കി വരുന്നു. ഇതിൽ 163 സ്ക്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് 1 രൂപ നിരക്കിൽ നാപ്കിൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

### 5.5.6 തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

സ്ത്രീ തടവുകാരുടെ മക്കളും പുരുഷന്മാർ ദീർഘകാലമായി ജയിൽശിക്ഷ അനുവഭവിക്കുന്നതുമൂലം സ്ത്രീകൾ കുടുംബനാഥകൾ ആകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിയ്ക്കുന്നു. 1 മുതൽ 5 വരെ പ്രതിമാസം 300 രൂപാ വീതം പ്രതിവർഷം 3000 രൂപയും, 6 മുതൽ 10 വരെ 500 രൂപ നിരക്കിൽ പ്രതിവർഷം 5000 രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപാ നിരക്കിൽ പ്രതിവർഷം 7500 രൂപയും, ഡിപ്ലോമ/ബിരുദ തലത്തിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപാ നിരക്കിൽ പ്രതിവർഷം 10,000 രൂപയും ലഭിക്കുന്നു. ബിപിഎൽ വിഭാഗത്തിൽ വരുന്ന, അംഗീകൃത സ്ഥാപനങ്ങളിൽ ഡിഗ്രി/ഡിപ്ലോമ വരെ പഠിക്കുന്ന തടവുകാരുടെ കുട്ടികൾക്കാണ് വിദ്യാഭ്യാസ സഹായം ലഭിക്കുക. ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കാണ് അപേക്ഷ നൽകേണ്ടത്. സാമൂഹ്യ നീതി വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

### 5.5.7 ഫൗണ്ടിലിംഗ് ഹോമുകൾക്കുള്ള ധനസഹായം

അഞ്ച് വയസ്സിൽ താഴെയുള്ള ഫൗണ്ടിലിംഗ് ഹോമുകളിലെ കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. ഒരു സ്ഥാപനത്തിന് കുറഞ്ഞത് പത്ത് കുഞ്ഞുങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും സ്ഥാപനം വാങ്ങിയിരിക്കണം.

### 5.5.8 അഗതികളായ കുട്ടികൾക്കുവേണ്ടിയുള്ള അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്.

അനാഥാലയങ്ങളിലെ 5–നും 21–നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്കാണ് ധനസഹായം നൽകുന്നത്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്ന കുട്ടികൾക്കാണ് ഗ്രാന്റ് ലഭിയ്ക്കുന്നത്. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും സ്ഥാപനം വാങ്ങിയിരിക്കണം. സ്ഥാപനങ്ങളിലെ കുട്ടികളിലെ 75% പേരെങ്കിലും വിദ്യാഭ്യാസം

ചെയ്യുന്നവരാണെങ്കിൽ മാത്രമേ ധനസഹായം ലഭിയ്ക്കുകയുള്ളൂ.

### 5.5.9 അനാഥാലയങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കോഴ്സ് ഫീ, ഹോസ്റ്റൽ ഫീ, പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. കോഴ്സ് ഫീസിനു പരിധി ഏർപ്പെടുത്തിയിട്ടില്ല. യഥാർത്ഥ തുക നൽകുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ഉള്ള അനാഥാലയങ്ങളിലെ ഹൈസ്കൂൾ, പ്ലസ് ടൂ പഠനം കഴിഞ്ഞ കുട്ടികൾ ആകണം അപേക്ഷകർ.

എല്ലാ വർഷവും ഡിസംബർ 31-നകം നിർദ്ദിഷ്ടഫോറത്തിൽ ജില്ലാ വനിത ശിശുവികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷ തയിലുള്ള കമ്മിറ്റിയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. മാർച്ച് 31-നകം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ധനസഹായം ഡിമാന്റ് ഡ്രാഫ്റ്റായി വിതരണം ചെയ്യും.

### 5.5.10 അനാഥാലയങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സീറ്റ് റിസർവേഷൻ.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള അനാഥാലയത്തിലെ കുട്ടികൾക്ക് താഴെ പറയുന്ന കോഴ്സുകൾക്ക് സീറ്റ് റിസർവേഷൻ ലഭിക്കും.

- കേരളത്തിലെ ഐ.റ്റി.ഐ/ഐ.റ്റി.സി എന്നിവിടങ്ങളിൽ 5 സീറ്റ് വീതം.
- ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ, ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ്, ഡിപ്ലോമ, പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ, സിവിൽ-ഇലക്ട്രിക്കൽ-മെക്കാനിക്കൽ ഡിപ്ലോമ എന്നിവയ്ക്ക് ഓരോ സീറ്റ് വീതം.
- ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന്3%
- ഡിഫാം കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് ഫാർമസി കോളേജുകളിൽ ഓരോ സീറ്റ് വീതം)
- DMLT (ML) കോഴ്സിന് 2 സീറ്റുകൾ (തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓരോ സീറ്റ് വീതം)
- DRT(RT) കോഴ്സിന് ഒരു സീറ്റ്(കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്)
- DOTT (OT) കോഴ്സിന് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു സീറ്റ്
- DHI (HI) കോഴ്സിന് 4 സീറ്റുകൾ (തിരുവനന്തപുരം PHSS ൽ 3 സീറ്റ്, പാലക്കാട് ഗവൺമെന്റ് പാരമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സീറ്റ് (for SC/ST).
- ഹയർസെക്കന്ററിയിലും, വൊക്കേഷണൽ ഹയർസെക്കന്ററിയിലും അർഹതയുള്ള എല്ലാ കുട്ടികൾക്കും.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസി കോഴ്സ് ട്രെയിനിംഗിന് 10% സീറ്റ്.

ഓരോ കോഴ്സിനും അതാത് വർഷങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസ് പ്രകാരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അംഗീകൃത ഓർഫനേജിലെ അന്തേവാസിയാണെന്നുള്ള രേഖ സഹിതം അതാത് കോഴ്സിനുള്ള അപേക്ഷകൾ യഥാസമയം ബന്ധപ്പെട്ട

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്/ഓഫീസുകൾക്ക് നൽകുകയും പകർപ്പ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക.

## 5.6 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

കുട്ടികളുടെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുനഃസ്ഥാപിക്കുക, സ്പീച്ച്തെറാപ്പി, ഏർലി ഇന്റർവെൻഷൻ ആന്റ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്റവെൻഷൻ ക്ലിനിക്ക് (Autism Intervention Clinic), ഇ.എൻ.റ്റി സേവനങ്ങൾ, മനശാസ്ത്രപരമായ സേവനങ്ങൾ, കേൾവിശക്തി കുറവുള്ള 12ാം ക്ലാസ്സ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രികോഴ്സുകൾ, BASLP, MASLP എന്നീകോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ

കേരളസർക്കാർ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പിയുടെ സംസ്ഥാന തലത്തിലുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

*നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH), കരിമണൽ പി.ഒ,*
*തിരുവനന്തപുരം 695583, കേരള, ഇന്ത്യ*
*ഫോൺ : +914713066666, 2596919, ഫാക്സ് :+914713066699*
*ഇ-മെയിൽ : nishinfo@nish.ac.in, വെബ് സൈറ്റ് : http://www.nish.ac.in*

## 5.7 NHM (ദേശീയ ആരോഗ്യ മിഷൻ)

ദേശീയ ആരോഗ്യമിഷന്റെ കീഴിൽ ആരോഗ്യസംരക്ഷണത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ (1056) നമ്പർ നിലവിലുണ്ട്.

## 5.8 കേരള സാമൂഹ്യ സുരക്ഷാമിഷൻ പദ്ധതികൾ

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന് രൂപം നൽകിയത്. 2009-ൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനമാരംഭിച്ചു.

നിരാശ്രയരും നിരാലംബരുമായ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, വികലാംഗർ രോഗബാധിതരായവർ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തുകയാണ് സാമൂഹ്യ സുരക്ഷാമിഷന്റെ പരമമായ ലക്ഷ്യം.

സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി ബൃഹത്തും നൂതനവുമായ പദ്ധതികൾ ജനങ്ങളിലേക്കെത്തിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ഗ്രാമതലങ്ങളിലേയ്ക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ, വികസനം, ആരോഗ്യം, സാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ നടക്കുന്ന പഠന പരിപാടികളുടെ ഡോക്യുമെന്റേഷൻ എന്നിവയും സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ലക്ഷ്യങ്ങളാണ്.

*കൂടുതൽ വിവരങ്ങൾക്ക്: വെബ്സൈറ്റ്: www.socialsecuritymission.gov.in*

### 5.8.1 ക്യാൻസർ സുരക്ഷ

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടി വരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

### 5.8.2 താലോലം

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ ബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് എന്നിവ വഹിക്കുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ചികിത്സാചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷ ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസിലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. 2016/17 സാമ്പത്തികവർഷം മുതൽ ഇത് ആരോഗ്യകിരണം പദ്ധതിയുടെ ഭാഗമാണ്.

*താലോലം/ക്യാൻസർ സുരക്ഷ കൗൺസിലർമാരുടെ സേവനങ്ങൾ തുടങ്ങിയ വിവരങ്ങൾക്ക് വെബ്സൈറ്റ് www.socialsecuritymission.gov.in. സന്ദർശിക്കുക.*

### 5.8.3 ശ്രുതിതരംഗം കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

0–5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലൈന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോ വെർബൽ റീഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

*സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.socialsecurity mission.gov.in) സന്ദർശിക്കുക.*

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതികവിദഗ്ധരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാമിഷൻ വെബ് സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ് സൈറ്റിലും, സുരക്ഷാമിഷന്റെ ഓഫീസിലും ലഭ്യമാണ്.

### 5.8.4 സ്നേഹപൂർവ്വം പദ്ധതി

മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.

### 5.8.5 മാനദണ്ഡങ്ങൾ

നഗര പ്രദേശങ്ങളിൽ 22,375 രൂപയും ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയും വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/ പ്രൊഫഷണൽ ക്ലാസ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്നു.

| | | |
|---|---|---|
| 1 മുതൽ 5ാം ക്ലാസ്സുവരെ | – | 300 രൂപ |
| 6 മുതൽ 10ാം ക്ലാസ്സുവരെ | – | 500 രൂപ |
| +1, +2 ക്ലാസ്സുകൾ | – | 750 രൂപ |
| ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾ | – | 1000 രൂപ |

1. മാതാവിന്റെ/പിതാവിന്റെ മരണ സർട്ടിഫിക്കറ്റ്.
2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻകാർഡിന്റെ കോപ്പി/വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.
3. നിലവിലുള്ള രക്ഷാകർത്താവിന്റെയും കുട്ടിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി ലഭിച്ച പാസ്സ് ബുക്കിന്റെ പകർപ്പ്.
4. ആധാർ കാർഡിന്റെ കോപ്പി

മേൽപ്പറഞ്ഞ രേഖകൾ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഒക്ടോബർ 31ന് മുമ്പ് സ്ഥാപനമേധാവികൾക്ക് നൽകേണ്ടതാണ്. എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്ക് വരുമാനപരിധി ബാധകമാകാതെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

**അഞ്ച് വയസ്സിന് താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ നൽകേണ്ടതാണ്.**

സ്നേഹപൂർവ്വം പദ്ധതി ഗുണഭോക്താക്കളും 10,12 ക്ലാസ്സുകളിലെ പൊതുപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡു നേടിയതുമായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായമായി സ്നേഹപൂർവ്വം എക്സലൻസ് അവാർഡ് നൽകുന്നു.

#### 5.8.6 സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്ത് തുടങ്ങിയ പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനായ് സൗജന്യമായി കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പ്പും നൽകുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും കുട്ടികളിലെ വളർച്ചകുറവ് നേരത്തെ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുമുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രവും (District Early Intervention Centre) പ്രവർത്തിക്കുന്നുണ്ട്.

## 5.9 കേരള സംസ്ഥാന ശിശുക്ഷേമസമിതി പ്രവർത്തനങ്ങൾ

### 5.9.1 ദത്തെടുക്കൽ കേന്ദ്രം

സമിതിയുടെ ആസ്ഥാനമായ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ദത്തെടുക്കൽ കേന്ദ്രം രാജ്യത്തെ മികവുറ്റ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ഒന്നാണ്. കേന്ദ്ര സർക്കാരിന്റെയും കോടതി വിധിയുടെയും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെയും (CARA) മാനദണ്ഡങ്ങൾ കർക്കശമായി പാലിച്ചുകൊണ്ടാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്.

#### 5.9.1.1 ദത്തെടുക്കൽ

നിയമപരമായി വിവാഹിതരായ ദമ്പതികൾ, വിവാഹിതർ/വിവാഹമോചനം നേടിയവർ തുടങ്ങിയ ഏതു വ്യക്തികൾക്കും ദത്ത് എടുക്കാവുന്നതാണ്. വിവാഹിതരായവരുടെ കാര്യത്തിൽ ദമ്പതികളിൽ ഒരാളുടെ വയസ്സ് 55 വരെ മാത്രമേ ദത്ത് അനുവദിക്കുകയുള്ളൂ. കൂടാതെ രണ്ടുപേരുടെയും വയസ്സ കൂട്ടുമ്പോൾ 90 വരെയാണ് പ്രായത്തിന്റെ പരിധി. മറ്റു വ്യക്തികളുടെ കാര്യത്തിൽ 30 നും 45 നും ഇടയിൽ പ്രായമുള്ളവർക്കാണ് ദത്ത് എടുക്കാൻ യോഗ്യത. കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്.

1. ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളവരായിരിക്കണം.
2. സൽസ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബബന്ധം പുലർത്തുന്നവരുമായിരിക്കണം.

വ്യക്തിപരമായും കുടുംബപരമായും സാമൂഹികപരമായും പാലിക്കേണ്ട ചുമതലബോധമുള്ളവരായിരിക്കണം.

### 5.9.2 അങ്കണവാടി പ്രവർത്തക പരിശീലനകേന്ദ്രങ്ങൾ

സമിതിയുടെ കീഴിൽ 10 അങ്കണവാടി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 5.9.3 വിവിധതരം അവാർഡുകൾ

സഹജീവികളുടെ ജീവന് പ്രാധാന്യം നൽകികൊണ്ട് ത്യാഗനിർഭരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് ദേശീയ ധീരതാ അവാർഡും, ഏറ്റവും നല്ല പത്രവാർത്തയ്ക്കും വാർത്താ ചിത്രത്തിനും ടി.വി പരിപാടിക്കും മാധ്യമ അവാർഡും കുട്ടികൾ എഴുതി പ്രസിദ്ധീകരിച്ച

മലയാളം സാഹിത്യ രചനകൾക്ക് സാഹിത്യ അവാർഡും നൽകിവരുന്നു.

### 5.9.4 പുനർജനി

തിരുവനന്തപുരം നഗരത്തിലെ ചേരികളിൽ ജനിച്ച നിർദ്ധനരായ കുട്ടികളെ കണ്ടെത്തി അവരെ മികച്ച പൗരന്മാരായി വാർത്തെടുക്കാൻ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ പുനർജനി എന്ന പേരിൽ രണ്ട് മാസം നീണ്ടു നിൽക്കുന്ന അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. രാജാജി നഗർ, പൗണ്ട് കോളനി, കരിമഠം കോളനി എന്നിവിടങ്ങളിലെ 5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടു ക്കപ്പെട്ട 40 പേർക്കാണ് SCERT-യുടെ സഹകരണത്തോടെ പരിശീലനം നൽകിയത്. യോഗ, മെഡിറ്റേഷൻ, വ്യക്തിത്വ മാനസിക നിലവാര പെരുമാറ്റ ശീലങ്ങൾ, പരിസ്ഥിതി ശാസ്ത്രപഠനം, ഉല്ലാസ യാത്രകൾ എന്നിവയിൽ ഊന്നിയാണ് പരിശീലനം. ഇത് ഒരു തുടർ പരിപാടിയായി ഇപ്പോൾ നടന്നു വരുന്നു.

### 5.9.5 മോണ്ടിസോറി ഹൗസ് ഓഫ് ചിൽഡ്രൻ

ശിശുക്ഷേമ സമിതി ആസ്ഥാനത്ത് മോണ്ടിസ്സോറി ഹൗസ് ഓഫ് ചിൽഡ്രൻ പ്രവർത്തിച്ചു വരുന്നു. രണ്ടര വയസ്സു മുതൽ ആറു വയസ്സുവരെയുള്ള സമിതിയിലേയും സ്ഥലവാസികളായ കുട്ടികളെയും ഉൾപ്പെടുത്തി കുട്ടികളുടെ ഇഷ്ടമനുസരിച്ച് പഠിപ്പിക്കുന്ന സമ്പ്രദായമായ ഈ പദ്ധതി വിജയകരമായി നടത്തി വരുന്നു.

### 5.9.6 ഡോൾസ് മ്യൂസിയം

സമിതി ആസ്ഥാനത്ത് ലോകത്തുള്ള വിവിധയിനം ഡോളുകളുടെ ഒരു ശേഖരണ മ്യൂസിയം കുട്ടികൾക്കായി പ്രവർത്തിച്ചു വരുന്നു.

### 5.9.7 കുട്ടികളുടെ വാർഡ്സഭ

» കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പിലാക്കുവാനുമുള്ള വേദിയാണ് കുട്ടികളുടെ വാർഡ്സഭ
» അംഗങ്ങൾ 10നും 18നും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികളും
» കൺവീനർ-വാർഡ്മെമ്പർ
» അദ്ധ്യക്ഷൻ-മേയർ/ചെയർപേഴ്സൺ
» സംഘാടനം-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
» അങ്കണവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സംഘാടകസമിതി രൂപീകരിക്കുക
» കോർഡിനേറ്റർ അങ്കണവാടി വർക്കർ
» കുട്ടികളുടെ സമഗ്രവികസനം ലഭ്യമാക്കികൊണ്ട് അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നഗരസഭയ്ക്ക് കൈമാറുകയും ചെയ്യുക
» കായികവും, മാനസികവുമായ വളർച്ചക്കും, സുരക്ഷിതത്വത്തിനും ഉള്ള അന്തരീക്ഷം ഒരുക്കുക
» മദ്യം, മയക്കുമരുന്ന്, കുട്ടികൾക്കെതിരെയുള്ള പീഢനങ്ങൾ എന്നിവർക്കെതിരെയുള്ള പരിപാടികൾക്ക് നേതൃത്വം നൽകുക

# 6

# കുട്ടികളുടെ സംരക്ഷണ സംവിധാനം

കുട്ടികൾക്ക് നേരിടേണ്ടി വരുന്ന എല്ലാത്തരം അനുചിത പെരുമാറ്റങ്ങളിൽ നിന്നും, അപായകരമായ സാഹചര്യങ്ങളിൽ നിന്നും, കുടുംബത്തിലോ സ്കൂളിലോ സമൂഹത്തിലോ നിരന്തര സമ്പർക്കം ആവശ്യമുള്ള കൂട്ടായ്മകളിലോ സംഭവിക്കാവുന്ന അരക്ഷിതാവസ്ഥ കളിൽ നിന്നും പരിരക്ഷണം നൽകുന്നതാണ് സംരക്ഷണം

## 6.1 അന്താരാഷ്ട്ര ഉടമ്പടി പ്രകാരം കുട്ടികൾക്കുള്ള സംരക്ഷണം

**ഐക്യരാഷ്ട്രസഭയുടെ പൊതുസഭ അംഗീകരിച്ച അന്താരാഷ്ട്ര ഉടമ്പടി അനുച്ഛേദം 19 പ്രകാരം "മാതാപിതാക്കളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ ഉണ്ടാകാവുന്ന അതിക്രമങ്ങൾ, ചൂഷണം, അവഗണന എന്നിവയിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തണം"**

**മേൽ ഉടമ്പടി അനുച്ഛേദം 34 പ്രകാരം "ലൈംഗിക ചൂഷണങ്ങളിൽ നിന്നും പരിരക്ഷ നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണ്".**

ലോകത്ത് ഏറ്റവും കൂടുതൽ കുട്ടികളുള്ള രാജ്യം ഇന്ത്യയാണ്. ഭാരതത്തിന്റെ ഭരണ ഘടനയുടെ 15 (3) അനുച്ഛേദം കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന വ്യവസ്ഥകൾ ഉണ്ടാക്കുവാൻ രാഷ്ട്രത്തെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരക്ഷണം കുട്ടികളുടെ മൗലികാവകാശമാണ്. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം കുട്ടികളെ അവരുടെ ഇളംപ്രായത്തിൽ ഒരു വിധത്തിലും ദുരുപ യോഗപ്പെടുത്താതിരിക്കുന്നതിനും ആരോഗ്യകരമായ രീതിയിൽ അവരുടെ വികാസം ഉറപ്പാക്കുന്നതിനും വേണ്ട മാർഗ്ഗനി ർദ്ദേശങ്ങളും ഭരണഘടന രാഷ്ട്രത്തിന് നൽകിയിട്ടുണ്ട്.

ഇതിനുപുറമേ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1989 നവംബർ 20-ന് അംഗീകരിച്ച ബാലാവകാശത്തിന്മേലുള്ള ഉടമ്പടിയ്ക്ക് 1992 ഡിസംബർ 11ാം തീയതി ഭാരത സർക്കാരും അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ഓരോ അംഗരാജ്യവും അനുവർത്തിക്കേണ്ട നടപടികൾ പ്രസ്തുത ഉടമ്പടിയിൽ വ്യക്തമാക്കിയി ട്ടുണ്ട്. എന്നാൽ ഇതിനു മുൻപുതന്നെ നമ്മുടെ ഭാരതം കുട്ടികളെ അങ്ങേയറ്റം ശ്രേഷ്ഠവും പ്രധാനപ്പെട്ടതുമായ മുതൽക്കൂട്ടായി പ്രഖ്യാപിക്കുകയും അതംഗീകരിച്ച് കുട്ടികൾക്കായി ഒരു

ദേശീയ നയപ്രഖ്യാപനം നടത്തുകയും ചെയ്ത് ലോകരാഷ്ട്രങ്ങൾക്ക് മാതൃക കാട്ടുകയുണ്ടായി.

ഭാരതത്തിന്റെ ഭരണഘടന നമുക്ക് ഉറപ്പ് തരുന്ന മൗലികാവകാശങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം, വ്യവസായശാലയിലെ തൊഴിലും മറ്റ് അപകടകരമായ ജോലി ചെയ്യിപ്പിക്കുന്നതിനെ തിരെയുള്ള സംരക്ഷണം, ശൈശവാരംഭത്തിലുള്ള പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള വ്യവസ്ഥ, പോഷകാഹാര നിലവാരം ഉയർത്തുന്നതിനുള്ള വ്യവസ്ഥ എന്നിവയും കുട്ടികളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. കുട്ടികളുടെ സമഗ്ര വികാസവും സുരക്ഷിതത്വവും ഉറപ്പു വരുത്തേണ്ടത് രാജ്യത്തിന്റെ പ്രഥമ കർത്തവ്യമാണ്. കുട്ടികളിൽ വളർച്ചയ്ക്കും വികാസത്തിനും തുല്യാവസരം നൽകണമെന്ന് കുട്ടികളുടെ ദേശീയനയത്തിൽ പ്രതിപാദിക്കുന്നു. ആയതിനാൽ, സംരക്ഷണവും അന്തസ്സും ഉറപ്പുവരുത്തിക്കൊണ്ട് വേർതിരിവും വ്യത്യാസവുമില്ലാത്ത സന്തോഷകരമായ കുട്ടിക്കാലം ഓരോ കുട്ടിയുടെയും അവകാശമാണ്.

ഇതിനുപുറമേ, "ബാലാവകാശങ്ങൾ" എന്ന പേരിൽ ഒരു കൂട്ടം അവകാശങ്ങൾ കുട്ടികൾക്കായി നിലവിലുണ്ട്. ഐക്യരാഷ്ട്രസഭ 1989–ൽ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിൽ കുട്ടികളുടെ അതിജീവനം, ആരോഗ്യം, സംരക്ഷണം, വികസനം, വിദ്യാഭ്യാസം, പങ്കാളിത്തം എന്നീ അടിസ്ഥാന അവകാശങ്ങൾക്ക് പ്രത്യേക പ്രാതിനിധ്യം നൽകുന്നു.

## 6.2 കേരളത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

മാറിയ ജീവിത സാഹചര്യവും സാങ്കേതികവിദ്യകളുടെ കടന്നുകയറ്റവും മൂലം കേരളത്തിലെ കുട്ടികൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഒന്നാംതലമുറ പ്രശ്നങ്ങൾ നിലനിൽക്കുന്നതോടൊപ്പം നിരവധി രണ്ടാം തലമുറ പ്രശ്നങ്ങളും ഇന്നത്തെ കുട്ടികൾ നേരിടുന്നു. അതിൽ പ്രധാനപ്പെട്ടത് കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. വിദേശത്ത് ജോലിക്കാരായ മാതാപിതാക്കളുടെ കുട്ടികൾ, മൊബൈൽ, ഇന്റർനെറ്റിന്റെ അമിത ഉപയോഗം, മാനസികാരോഗ്യക്കുറവ് ഇവയെല്ലാം കുട്ടികളെ മദ്യ–മയക്കമരുന്ന് ഉപയോക്താക്കളാക്കുകയും സൈബർക്രൈം വർദ്ധിക്കുകയും ചെയ്യും. ഇവയിൽ പ്രധാനപ്പെട്ട രണ്ടാംതലമുറ പ്രശ്നങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

» രക്ഷിതാക്കളുടെ മദ്യപാനം
» ആത്മഹത്യാ പ്രവണത
» മാനസികാരോഗ്യകുറവ്
» കുട്ടികളുടെ ഇടയിൽ വർദ്ധിച്ച വരുന്ന മദ്യപാന–മയക്കമരുന്ന് ശീലങ്ങൾ
» സൈബർക്രൈം
» മൊബൈൽ/ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം
» വർദ്ധിച്ച വരുന്ന വാഹനാപകടങ്ങൾ
» കുടിവെള്ള മലിനീകരണവും ജലജന്യരോഗങ്ങളും
» മാതാപിതാക്കൾ വിദേശത്തുള്ള കുട്ടികൾ
» കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഡനവും
» ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ ആവശ്യങ്ങൾ

ഈയൊരു സാഹചര്യത്തിൽ കുട്ടികളുടെ അവസ്ഥ അസുരക്ഷിതവും പ്രവചനാതീതവുമാണ്. അത് കൊണ്ട് സർക്കാർ കുട്ടികൾക്ക് വേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## 6.3 കുട്ടികളുടെ സംരക്ഷണത്തിനായി കേരളസർക്കാരിന്റെ സംവിധാനങ്ങൾ

### 6.3.1 കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാർ 2005–ൽ "ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്ട്" എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ സ്ഥാപിതമായി. 2013 ജൂൺ 3–നാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

### 6.3.2 കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വിപുലമായ അധികാരങ്ങളാണ് സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനുളളത്. ബാലാവ കാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലവിലുള്ള ഏതു നിയമത്തിലുമുള്ള വ്യവസ്ഥകൾ പരിശോധിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ബാലാവകാശ ലംഘനവും നിഷേധവും സംബന്ധിച്ച കേസുകൾ അന്വേഷണ–വിചാരണ ചെയ്യുന്നതിനും അത്തരം കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഉചിതമായ കേസുകളിൽ നഷ്ടപരിഹാരം നൽകുവാൻ ശുപാർശ ചെയ്യുന്നതിനും ഒരു സിവിൽ കോടതിയുടെ അധികാരം നൽകപ്പെട്ടിട്ടുള്ള കമ്മീഷന് അധികാരമുണ്ട്. കൂടാതെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആക്ട് 2009 (ആർ.റ്റി.ഇ ആക്ട്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്ന തിനുള്ള ആക്ട് 2012 (പോക്സോ ആക്ട്) എന്നിവയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരവും ബാലാവകാശ സംരക്ഷണ കമ്മീഷനുണ്ട്. കമ്മീഷന് സമർപ്പിക്കുന്ന പരാതികൾ സാധാരണ കടലാസിൽ എഴുതി സമർപ്പിച്ചാൽ മതി. അപേക്ഷാ ഫീസോ, സ്റ്റാമ്പോ, അഭിഭാഷകന്റെ സേവനമോ ആവശ്യമില്ല.

***വിലാസം:***

*കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ,
റ്റി.സി. 14/2036, വാന്റോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ,
തിരുവനന്തപുരം 695 034*

### 6.3.3 സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാൻ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പിയുടെ കീഴിൽ ജില്ലാതല സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

### 6.3.4 ജുവനൈൽ പ്രൊബേഷൻ സർവ്വീസ്

ബാലനീതി നിയമപ്രകാരം കുട്ടികളെക്കുറിച്ചുള്ള അന്വേഷണം, മേൽനോട്ടം തുടങ്ങിയ

ച്ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ജുവനൈൽ ജസ്റ്റിസ് പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജുവനൈൽ കേസുകൾ കൈകാര്യം ചെയ്യുന്നത് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് വ്യവസ്ഥയനുസരിച്ച് നിയമിച്ച പ്രൊബേഷൻ ഓഫീസർമാരാണ്.

### 6.3.5 ജുവനൈൽ ജസ്റ്റിസ് ബോർഡ്

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങൾ അനുകമ്പയോടെയും സമഗ്രമായും കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ച സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ഒബ്സർവേഷൻ ഹോമുകളോട് അനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റാണ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്. കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിട്ടുള്ള രണ്ട് സാമൂഹ്യപ്രവർത്തകരെയും (ഒരാൾ വനിത) ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

### 6.3.6 ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സംരക്ഷണം, സുരക്ഷ, പുനരധിവാസം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുനരധിവാസ നടപടികളെടുക്കുകയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രാഥമിക ചുമതലകൾ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും (ഒരാൾ വനിത) ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. ഒരു കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്. ബാലനീതി സ്ഥാപനങ്ങളോടനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്.

### 6.3.7 സ്റ്റേറ്റ് ചൈൽഡ് പോളിസി

കുട്ടികൾക്ക് ക്വാളിറ്റി സർവ്വീസസ് ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും സുരക്ഷിതമായ അന്തരീക്ഷം നൽകുന്നതിനും ഉന്നമനത്തിന് ആവശ്യമായ അവസരങ്ങൾ നൽകുന്നതിനും എല്ലാതരം അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും കുട്ടികൾക്ക് തനതായ പങ്കാളിത്തം നൽകുന്നതിനും സംസ്ഥാനനയം ഉറപ്പ് നൽകുന്നു.

## 6.4 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്

കേരള ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ചുവടെ കൊടുക്കുന്നു.

1. ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ ആക്ട്) 1960. ഈ നിയമത്തിന്റെ വകുപ്പ് 5 ഉപവകുപ്പ് (1) പ്രകാരം ആണ് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർത്തിക്കുന്നത്.
2. കേരള സ്റ്റേറ്റ് (ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ റൂൾസ് 1962 (Notification No.46658/B4/61/Home, dated 21.06.62). ഈ ചട്ടങ്ങൾ GO(MS) No.276/65 dated 24.07.65, Home (B) Dept, GO (P)No.

13/2008/SWD dated 20.02.2008, GO (P)No. 48/2013/SJD dated 17.06.2013, GO (P)No. 25/2012/SWD dated 13.04.2012,GO (MS) No.12/2010/SWD dated 11.02.2010 SWD (B) Dept എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

3. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ GO(P)No.45/2012/SWD, dated 24.07.2012പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 6.5 അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ഗ്രാന്റുകൾ

14.01.2015-ലെ സ.ഉ (സാധാ) നം. 17/15/സാനീവ ഉത്തരവ് പ്രകാരം പ്രതിമാസം ഒരു അന്തേവാസിക്ക് 1000 രൂപ നിരക്കിൽ 01.01.2015 മുതൽ പ്രാബല്യത്തിൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. മറ്റ് ഗ്രാന്റുകളെ സംബന്ധിച്ചുള്ള ഉത്തരവുകൾ താഴെ ചേർക്കുന്നു.

അനാഥാലയങ്ങൾ – GO(MS)No. 376/64/Home,dated 17.08.1964
ഫൗണ്ടിലിംഗ് ഹോം – GO (MS)No.96/72/LA/SWD, dated 27.03.1972
വൃദ്ധ സദനം – GO (MS)No. 93/92/Home, dated 09.03.1992
ബെഗ്ഗർ ഹോം – GO(MS)No.53/66/Home,dated10.02.1966

വിഭിന്നശേഷിയുള്ളവരുടെ ഭവനം GO (MS)No. 10/86/SWD, dated 16.04.1986

സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ GO (RT)No. 511/12/SJD, dated 27.11.2012

ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട്, 1960 പേഴ്സൺ വിത്ത് ഡിസബിലിറ്റീസ് ആക്ട് എന്നിവ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതും അംഗീകാരം പുതുക്കി നൽകുന്നതും അവയുടെ മേൽനോട്ട നിരീക്ഷണം നിർവ്വഹിക്കുന്നതും ബോർഡ് ആണ്. ഗ്രാന്റ് ഇൻ എയ്ഡും മറ്റു പദ്ധതികളും ബോർഡ് ജീവനക്കാർ സാമൂഹ്യനീതി ഡയറക്ടറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചു വരുന്നു.

## 6.6 സംയോജിത ബാലസംരക്ഷണപദ്ധതി (PCPC)

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംരക്ഷണത്തിന് രാജ്യത്തെമ്പാടും 2009-10 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് സംയോജിത ബാലസംരക്ഷണപദ്ധതി.

ദുർഘടസാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളുടെ ക്ഷേമം മെച്ചപ്പെടുത്തുകയും അതോടൊപ്പം ദുരുപയോഗം, അവഗണന, ചൂഷണം തുടങ്ങിയ പ്രവൃത്തികളും മാതാപിതാക്കൾ കുട്ടികളെ ഉപേക്ഷിക്കുകയും കുട്ടികളിൽനിന്ന് വേർപിരിഞ്ഞ് താമസിക്കുകയും ചെയ്യുന്ന സാഹചര്യവും മൂലം കുട്ടികൾക്കുണ്ടാകുന്ന അപകടാവസ്ഥ ഒഴിവാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും നിയമത്തോട് പൊരുത്തപ്പെടാതെ ജീവിക്കുന്ന കുട്ടികൾക്കും അപകടാവസ്ഥയിലുള്ള ഏതൊരു കുട്ടിക്കും 2000-ലെ ബാലനീതി (കുട്ടികളുടെ കരുതലും സംരക്ഷണവും) നിയമവും അതിന്റെ 2006-ലെ ഭേദഗതിയും അനുസരിച്ച് കരുതലും പുനധിവാസ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നു. സംസ്ഥാന സർക്കാരുകളും കേന്ദ്രഭരണപ്രദേശങ്ങളും നേരിട്ടോ എൻ.ജി.ഒ.-കൾ മുഖേനയോ കുട്ടികൾക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് സാമ്പത്തിക സഹായവും ഈ പരിപാടി ലക്ഷ്യമാക്കും. ഇതിൽ ഉൾപ്പെട്ടിരിക്കുന്ന സേവനങ്ങൾ

» കുട്ടികൾക്കുവേണ്ടി വിവിധ തരത്തിലുള്ള സംരക്ഷണ ഭവനങ്ങൾ
» ചൈൽഡ് ലൈൻ വഴി അടിയന്തിര സേവനങ്ങൾ
» കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് നഗരങ്ങളിലും അർദ്ധനഗരങ്ങളിലും ഷെൽട്ടറുകൾ.
» സ്പോൺസർഷിപ്പ്, വളർത്തുസംരക്ഷണം, ദത്തെടുക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കുടുംബാധിഷ്ഠിതവും സ്ഥാപനേതരവുമായ കരുതൽ

## 6.7 ചൈൽഡ്ലൈൻ

കേന്ദ്രവനിത ശിശുക്ഷേമമന്ത്രാലയത്തിന്റെ കീഴിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന അടിയന്തിരഫോൺ സേവനം (1098). ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് അടിയന്തിരഘട്ടങ്ങളിൽ സഹായം ഉറപ്പ് വരുത്തുന്നു. ഭാരതത്തിൽ എല്ലാ ജില്ലകളിലും ചൈൽഡ് ലൈൻ സേവനം ലഭ്യമായ ഏക സംസ്ഥാനം കേരളമാണ്.

## 6.8 ബാലമിത്രം

കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ

## 6.9 സ്നേഹിത

കുടുംബശ്രീയുടെ സഹായ സംവിധാനമാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും ഈ സഹായം ലഭ്യമാക്കുന്നു. ശാരീരിക-മാനസിക ഗാർഹിക പീഡനങ്ങളിൽ നിന്നുമുള്ള സംരക്ഷണം. 24 മണിക്കൂർ താമസ സൗകര്യം, കൗൺസലിംഗ്, നിയമ സഹായം തുടങ്ങിയ സേവനങ്ങൾ ഉറപ്പ് വരുത്തുന്നു.

## 6.10 KeCRO (Kerala Child Rights Observatory)

യൂണിസെഫിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ കൺസോർഷ്യം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു.

## 6.11 DCPU (District Child Protection Unit)

8 ഓഫീസർമാരുള്ള സംരംഭം. പ്രധാനമായും 3 തരം കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

1. പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി (ഉദാ: അനാഥർ, ഭിന്നശേഷിയുള്ളവർ)
2. കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾ (ഉദാ: ചൂഷണത്തിന് വിധേയരായ കുട്ടികൾ, ബാലവേലയിൽ അകപ്പെട്ട കുട്ടികൾ, ശിക്ഷിക്കപ്പെട്ടവരുടെ കുട്ടികൾ)
3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ (ഉദാ; കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികൾ)
4. ചൈൽഡ് പ്രൊട്ടക്ഷൻ സമിതികൾ, പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്നു.

## 6.12 വനിതാ ശിശു വികസന വകുപ്പുവഴിയുള്ള സ്ഥാപനങ്ങൾ

### 6.12.1 സ്പെഷ്യൽ ഹോം

കുറ്റം ചെയ്തതായി കണ്ടെത്തുന്ന കുട്ടികൾക്ക് ജെ.ജെ. ആക്ടിന്റെ വകുപ്പ് 10 സി പ്രകാരം, ഉചിതമായ പുനരധിവാസ നടപടികൾ എടുക്കുന്നതിനു വേണ്ടിയാണ് സ്പെഷ്യൽ ഹോം സ്ഥാപിച്ചിട്ടുള്ളത്. ആൺകുട്ടികൾക്കായി തിരുവനന്തപുരത്തും, പെൺകുട്ടികൾക്കായി കോഴിക്കോട്ടും ഓരോ സ്പെഷ്യൽ ഹോമുകൾ പ്രവർത്തിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവിൻ പ്രകാരമാണ് കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കുന്നത്.

### 6.12.2 ഒബ്സർവേഷൻ ഹോം

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളെ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതുവരെ പാർപ്പിക്കുന്ന താൽക്കാലിക നിരീക്ഷണ കേന്ദ്രങ്ങളാണ് ഒബ്സർവേഷൻ ഹോമുകൾ. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സാധാരണയായി നാല് മാസത്തേയ്ക്കാണ് ഇവിടെ പാർപ്പിക്കുന്നത്. ഇടുക്കി ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾക്കുള്ള ഏക ഒബ്സർവേഷൻ ഹോം കോഴിക്കോട് ജില്ലയിലാണ് പ്രവർത്തിക്കുന്നത്.

### 6.12.3 ചിൽഡ്രൻസ് ഹോം

ബാലനീതി നിയമം 2002–ലെ 2 (ഡി) വകുപ്പിൽ നിർവചിച്ചിട്ടുള്ള പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് ചിൽഡ്രൻസ് ഹോം. കേരളത്തിലെ എട്ട് ചിൽഡ്രൻസ് ഹോമുകളിൽ ആറെണ്ണം ആൺകുട്ടികൾക്കുള്ളതാണ്. സമൂഹത്തിലെ സാമ്പത്തികവും, സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ, വീടില്ലാത്ത കുട്ടികൾ, ജീവിതമാർഗ്ഗമില്ലാത്ത കുട്ടികൾ, ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ചൈൽഡ് ലൈൻ വഴി രക്ഷിക്കപ്പെട്ട കുട്ടികൾ തുടങ്ങി ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ളവരെയാണ് ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്നത്. ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവിൻ പ്രകാരമാണ് പ്രവേശനം അനുവദിക്കുന്നത്.

### 6.12.4 നിർഭയ ഷെൽട്ടർ ഹോം

നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിതമായി പാർപ്പിക്കാൻ നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. ഈ ഹോമുകളുടെ നടത്തിപ്പ് ചുമതല തെരഞ്ഞെടുത്ത എൻ.ജി.ഒ മാർക്കാണ്. പീഡനത്തിനിരയായ പെൺകുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരവും മുതിർന്ന സ്ത്രീകളാണെങ്കിൽ കോടതി ഉത്തരവ് പ്രകാരവുമാണ് ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും (പൂജപ്പുര2, വെഞ്ഞാറമൂട് –1), ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിൽ ഓരോന്നു വീതവും ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

### 6.12.5 നിർഭയ പദ്ധതി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് "നിർഭയ" എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിനായി ഒരു നയം 13.03.2012 ലെ ജി.ഒ(എം.സ്) 17/2012 പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ നയം ബാലപീഡനം, ലൈംഗിക അതിക്രമം, വേശ്യാവൃത്തിക്കുവേണ്ടിയുള്ള പെൺവാണിഭം, ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും 4 പ്രധാന മേഖലയിൽ ഉള്ള ഇടപെടൽ നടത്താനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നിവയാണ് പ്രസ്തുത മേഖലകൾ.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല സമിതിയും, ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാതല നിർഭയ കമ്മിറ്റിയും, നഗരസഭ തലത്തിൽ നഗരസഭ മേയർ/ചെയർപേഴ്സൺ ചെയർപേഴ്സനായി ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നു. നിർഭയ പദ്ധതിയുടെ നയപരമായ പരിപാടി നടത്തിപ്പുകൾക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു നിർഭയസെല്ലും പ്രവർത്തിക്കുന്നു.

### 6.12.6 വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ

ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ഒരു കുടക്കീഴിൽ വൈദ്യ സഹായം, നിയമ സഹായം, പോലീസ് സഹായം, കൗൺസലിംഗ് തുടങ്ങിയവ നൽകുന്നതിനാണ് വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ് (www.sjd.kerala.gov.in) സന്ദർശിക്കുക.

### 6.12.7 നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ

ഹെൽപ്പ് ലൈൻ നമ്പർ 1800 425 1400, നിർഭയ സെൽ ഫോൺ നമ്പർ 0471 2343466, ഇ–മെയിൽ nirbhayacell@gmail.com

### 6.12.8 ദിശ

നാഷണൽ ഹെൽത്ത് മിഷ്യന്റെ കീഴിൽ ടെലിഫോൺ മുഖാന്തരം 24 മണിക്കൂറും ആരോഗ്യ പ്രശ്നങ്ങൾക്ക് സൗജന്യ പരിഹാര സേവനം

### 6.12.9 ഭൂമിക

നാഷണൽ ഹെൽത്ത് മിഷ്യന്റെ കീഴിൽ എല്ലാ ജനറൽ താലൂക്ക് ആശുപത്രികളിലും പലവിധ പീഢനങ്ങൾക്ക് വിധേയരായ സ്ത്രീകൾക്ക് സൗജന്യ കൗൺസിലിംഗ്, ആരോഗ്യ നിയമ സഹായം ലഭ്യമാക്കുകയാണ് ഭൂമിക. ഭൂമികയിലൂടെ വനിത കൗൺസിലറുടെ സഹായം ലഭ്യമാണ്. ഇരയായവർക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനായി വനിത

കൗൺസിലർ, തദ്ദേശ സ്വയംഭരണ സർക്കാർ, നിയമ വിദഗ്ധർ, പോലീസ്, സാമൂഹ്യ ക്ഷേമസംഘടനകൾ ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സഹായം ലഭ്യമാക്കുന്നു. 14 ജില്ലകളിലുമുള്ള ജില്ലാ താലൂക്ക് ആശുപത്രികളിലും ഈ സേവനം ലഭ്യമാണ്.

### 6.12.10 സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ട്

അച്ചടക്കവും നിയമത്തോടുള്ള താല്പര്യവും ജീവിത ശൈലിയായുള്ളവർക്കായി സമാധാനവും മൂല്യാധിഷ്ഠിതവുമായ ഒരു സമൂഹം വാർത്തെടുക്കുന്നതിനായി ഉത്തരവാദിത്തമുള്ള യുവജനതയെ രൂപപ്പെടുത്തുന്നതിന് സ്കൂൾ അടിസ്ഥാനമാക്കിയുള്ള ഒരു പാഠ്യേതര നൂതന സംരംഭമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC). എല്ലാ സാമൂഹിക തിന്മകളോടുള്ള പ്രതിരോധവും സമൂഹത്തിലെ അപായ മേഖലയിലുള്ളവരോടുള്ള തന്മയത്വവും പൗരബോധവും അച്ചടക്കവും കാര്യപ്രാപ്തിയും നിയമത്തോടുള്ള വിധേയത്വവും മനസ്സിലാക്കി ഹൈസ്കൂൾ വിദ്യാർത്ഥികളെ ജനാധിപത്യപരമായ ഒരു സമൂഹത്തിന്റെ ഭാവി നേതാക്കളായി വാർത്തെടുക്കാനുള്ള ഒരു പരിശീലനമാണ് ഈ പ്രോജക്ട്. ഗതാഗത–വന–എക്സൈസ് വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, അഗ്നിശമന–കായിക വകുപ്പുകൾ എന്നിവയുടെ ഒരു കൂട്ടായ്മയിലൂടെയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

കൊച്ചി സിറ്റി പോലീസിന്റെ 2006–ലെ 'ജനകീയം' എന്ന സമൂഹ്യ സംരംഭത്തിലാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ വേരുകൾ. ഈ കൂട്ടായ്മയിൽ പങ്കെടുത്ത കുട്ടികൾ പോലീസിൽ കുട്ടികളുടെ പരാതികൾ ബോധിപ്പിക്കുന്നതിനായുള്ള ഇടവും പോലീസിനെ ശിശു സൗഹാർദ്ദപരമാക്കുന്നതിനുള്ള നടപടികളും അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് പരീക്ഷണാർത്ഥം ആദ്യം എറണാകുളം ജില്ലയിലും പിന്നീട് ആലപ്പുഴ ജില്ലയിലുമുള്ള തെരഞ്ഞെടുക്കപ്പെട്ട കുറച്ച് സ്കൂളുകളിൽ ഒരു സ്റ്റുഡന്റ് പോലീസ് പ്രോജക്ട് തുടങ്ങി. കുട്ടികളിൽ പൗരബോധവും നിയമബോധവും ഉണ്ടാക്കുന്നതിനും സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനതയോട് സാമൂഹ്യ തിന്മകളെ പ്രതിരോധിക്കുന്നതിനും സഹാനുഭൂതി വളർത്തുന്നതിന് സജ്ജരാക്കുന്നതിനും ചൂഷണത്തെ തടയുന്നതിൽ പെൺകുട്ടികളെ ശക്തരാക്കുന്നതിന് ചുരുങ്ങിയ കാലം കൊണ്ടു നല്ല ഫലങ്ങൾ നൽകാനും ഈ സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.

#### 6.12.10.1 പ്രോജക്റ്റ് ലക്ഷ്യങ്ങൾ

» അച്ചടക്കവും നിയമത്തോടുള്ള വിധേയത്വവും ജീവിതശൈലിയായുള്ളവർക്കായി കരുതലും സമാധാനവും മൂല്യധിഷ്ഠിതവുമായ ഒരു സമൂഹം വാർത്തെടുക്കുന്നതിനായി ഉത്തരവാദിത്തമുള്ള യുവജനതയെ വാർത്തെടുക്കുക
» പൗരബോധവും സാമൂഹിക ഉത്തരവാദിത്വവും സേവനമനസ്കതയും സമൂഹത്തിലെ സഹജീവികളോടുള്ള സ്നേഹവും സ്കൂൾ കുട്ടികളിൽ വളർത്തിയെടുക്കുക
» എൻ.സി.സി, എൻ.എസ്.എസ് എന്നീ സന്നദ്ധ സംഘടനകളെ പോലെ എസ്.പി.സിയെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.
» കുട്ടികളിൽ മതേതരമായ കാഴ്ച്ചപ്പാടുകളും അന്വേഷണാത്മകതയും നിരീക്ഷണപാടവവും നേതൃത്വഗുണവും സാഹസികതയോടുള്ള പ്രണയവും വളർത്തിയെടുക്കുക
» പോലീസിനോടൊപ്പം ചേർന്ന് ആഭ്യന്തര സുരക്ഷിതത്വം മെച്ചപ്പെടുത്താനും കുറ്റകൃത്യങ്ങളെ ഇല്ലാതാക്കാനും ക്രമസമാധാനം നിലനിർത്തുന്നതിനും ഗതാഗത നിയന്ത്രണത്തിന്

സഹായിക്കാനും വിദ്യാർത്ഥികളെ കെൽപ്പുള്ളവരാക്കുക

» പ്രകൃതിയെ സ്നേഹിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനുള്ള അവബോധം നൽകുന്നതിനും ദുരന്തങ്ങളിൽ സജീവമായി നിലകൊള്ളുന്നതിനുള്ള സന്നദ്ധതയ്ക്കും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക
» കൃത്യനിഷ്ഠ (P) അനുസരണശീലം (O), മഹാമനസ്കത (L), ഉൾക്കൊള്ളൽ (I), ധൈര്യം (C), കാര്യക്ഷമത (E) (POLICE) എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുക

### 6.12.10.2 പ്രവർത്തനങ്ങൾ

» സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് വേണ്ടിയുള്ള കായിക മത്സരങ്ങളിലും, വ്യായമ പരിശീലനങ്ങളിലും, സൈനികാഭ്യാസങ്ങളിലും, ക്യാമ്പുകളിലും, സ്റ്റഡിക്ലാസ്സുകളിലും വിനോദയാത്രകളിലും പങ്കെടുക്കുക
» സർക്കാർ സർക്കാരിതര സംഘടനകളോട് ചേർന്ന് സംഘടിപ്പിക്കുന്ന നിയമ വിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുക്കുക
» മയക്ക മരുന്നുകൾക്കും തീവ്രവാദത്തിനുമെതിരെ ജനങ്ങളെ സംഘടിപ്പിക്കുകയും, ചെറുനാടകങ്ങളും, ഏകാഭിനയങ്ങളും, സിനിമാ പ്രദർശനങ്ങളും, റോഡ്ഷോകളും അവതരിപ്പിക്കുകയും ചെയ്യുക
» ക്ലാസ്മുറികൾക്കുള്ളിലും പുറത്തുമുള്ളതായ അച്ചടക്കരാഹിത്യം ശ്രദ്ധിക്കുകയും അവ പ്രധാനാധ്യാപകരുടെയും അദ്ധ്യാപകരുടെയും ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക
» രാജ്യത്തിന്റെ ദേശീയ ഉത്സവങ്ങൾ ആഘോഷിക്കുകയും ദേശീയ ചിഹ്നങ്ങളെ വന്ദിക്കുകയും രാജ്യത്തിന്റെ വളർച്ചയിലും സമൃദ്ധിയിലും അഭിമാനം കൊള്ളുകയും ചെയ്യുക
» കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാനും ക്രമസമാധാനം നിലനിർത്തുന്നതിനും യുവതലമുറയെ പോലീസുമായി ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിന് ആസൂത്രണം ചെയ്യുക
» വിദ്യാർത്ഥികളുടെ കൂട്ടായ്മകളിൽ പോലീസ് ഹെൽപ്പ്ലൈൻ, ക്രൈം സ്റ്റോപ്പേഴ്സ് തുടങ്ങിയ സേവനം ലഭ്യമാക്കുന്ന ഫോൺ നമ്പറുകൾ പ്രചരിപ്പിക്കുക.
» കുറ്റകൃത്യങ്ങളെ എതിർക്കുന്നതിനായി ആവശ്യത്തിനുള്ള വിവരങ്ങൾ പോലീസിന് കൈമാറാൻ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പ്രേരിപ്പിക്കുക
» പോലീസും പൊതുസമൂഹവും തമ്മിലുള്ള അകലം കുറയ്ക്കാൻ ശ്രമങ്ങൾ നടത്തുക
» പോലീസ് നടപടിക്രമങ്ങൾ മനസിലാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലേക്കും കോടതികളിലേക്കും ജയിലുകളിലേക്കും സന്ദർശനങ്ങൾ സംഘടിപ്പിക്കുകയും പ്രവർത്ത നങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക
» വ്യക്തിത്വ നൈപുണ്യവും നേതൃത്വപാടവും മെച്ചപ്പെടുത്തുന്നതിനായി വിവിധതരം പ്രോഗ്രാമുകളിൽ പങ്കെടുക്കുക (സ്കൂളിന്റെ അകത്തും പുറത്തും നടക്കുന്ന എല്ലാ എസ്.പി.സി പ്രവർത്തനങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനത്തിന്റെ മേലധികാരിക്കായിരിക്കും)

### 6.12.10.3 സമൂഹത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ

» ജനാധിപത്യ ഭരണനിർവഹണം
» സാമ്പത്തിക വളർച്ച
» പോലീസ് സ്ഥാപനങ്ങളിലെ മനോഭാവത്തിലുള്ള മാറ്റം

» സുരക്ഷിതവും ആരോഗ്യകരവുമായ അക്കാദമിക് അന്തരീക്ഷങ്ങൾ മദ്യം – മയക്കുമരുന്ന് രഹിത പരിസരം എന്നിവ ഉറപ്പുവരുത്തുന്നതിലൂടെയും സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇടയിൽ പോസിറ്റീവ് മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാൻ ഈ പദ്ധതി കുട്ടികളെ പ്രാപ്തരാക്കുന്നു.

### 6.12.10.4 പ്രോജക്ട് ഒഫീഷ്യൽസ്

» സ്റ്റേറ്റ് നോഡൽ ഓഫീസർ
» ജില്ലാ നോഡൽ ഓഫീസർ
» പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ
» കായിക അദ്ധ്യാപകൻ
» കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

### 6.12.10.5 കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

ഓരോ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളിൽ പ്രോജക്ടിന്റെ ഏകോപനത്തിന്റെയും മേൽനോട്ടത്തിന്റെയും നടപ്പാക്കലിന്റെയും ഉത്തരവാദിത്വമുള്ള അദ്ധ്യാപകരാണ് സി.പി.ഒമാർ. ഈ സി.പി.ഒകൾ, പോലീസ് സബ് ഇൻസ്പെക്ടറുടെ പദവിയിലുള്ളവരും പ്രോജക്ടിന്റെ നടപ്പാക്കലിലും മേൽനോട്ടത്തിലും കൃത്യമായി പരിശീലനം ലഭിക്കുന്നവരുമാണ്. കമ്മ്യൂണിറ്റി പോലീസ് ഓഫീസറാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് കർമ്മപദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത്. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ മൂല്യങ്ങളെയും തത്വശാസ്ത്രത്തെയും മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ ഉത്തേജിപ്പിക്കേണ്ടത് കമ്മ്യൂണിറ്റി പോലീസ് ഓഫീസറാണ്.

## 6.13 കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം (ORC- Our Responsibility to Children)

കുറ്റം ചെയ്യാൻ സാധ്യതയുള്ള കുറ്റവാസനയുള്ള കുട്ടികൾ, സ്വഭാവവൈകല്യങ്ങൾ ഉള്ള കുട്ടികൾ തുടങ്ങിയവരെ കണ്ടെത്തി പ്രത്യേക പരിശീലന പരിപാടികൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനുള്ള പദ്ധതി. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം ആരോഗ്യം പോലീസ് തദ്ദേശ സ്വയം ഭരണം രക്ഷിതാക്കൾ പൊതു സമൂഹം എന്നിവർ ഒരുമിച്ച് കൊണ്ട് വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നതാണ് ORC പദ്ധതി. കുട്ടികൾക്കായി ജീവിത നൈപുണി പരിശീലനം, അവരുടെ വിവിധങ്ങളായ കഴിവുകളേയും പ്രയാസങ്ങളേയും കുറിച്ചുള്ള പഠനങ്ങൾ, സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കൽ, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായ ഇടപെടലുകൾ, രക്ഷിതാക്കൾക്കായി ഫലപ്രദമായ രക്ഷാകർത്തൃത്വത്തെ സംബന്ധിച്ച പരിശീലനം, അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയവ ORC പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്ക് അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതും അവരെ മെന്റർ ചെയ്യുന്നതും ORC യുടെ പ്രധാന ഇടപെടലുകളാണ്.

### 6.13.1 ജില്ലാ ORC റിസോഴ്സ് സെന്റർ

ഒരു ജില്ലയിലെ ORC പ്രവർത്തനത്തിന്റെ കോ–ഓർഡിനേഷൻ നടത്തുന്നത് ജില്ലാ ORC റിസോഴ്സ് സെന്ററാണ്. കൂടാതെ കൗൺസിലിംഗിനും മെന്ററിംഗിനും വിദഗ്ധ പരിചരണത്തിനുമുള്ള സൗകര്യങ്ങൾ അവിടെ വിഭാവനം ചെയ്യുന്നു. സാമൂഹിക–സാംസ്കാരിക–രാഷ്ട്രീയ മേഖലകളിൽ സജീവമായിട്ടുള്ള വ്യക്തികൾക്കും സംഘടനകൾക്കും കുട്ടികളുടെ ക്ഷേമത്തിൽ തൽപരരായിട്ടുള്ള ഏതൊരാൾക്കും ORC യുടെ ഭാഗമാകാവുന്നതാണ്.

## 6.14 ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act 2012)

കുട്ടികൾ രാജ്യത്തിന്റെ സമ്പത്താണെന്ന തിരിച്ചറിവുണ്ടാകുകയും മാതാപിതാക്കൾ കുട്ടികളെ കരുതലോടെ വളർത്തുകയും സർക്കാർ കുട്ടികൾക്കുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ നിരന്തരം വർദ്ധിച്ചു വരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമസംവിധാനങ്ങളുടെ അപര്യാപ്തതയും അവബോധമില്ലായ്മയും ഒരു പരിധി വരെ ഇതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച് വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സമഗ്രമായ ഒരു നിയമം 2012 വർഷം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കൂടാതെ ഭരണഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഇന്ത്യ ഒപ്പു വച്ചിട്ടുള്ളതിനാലും ഇത് ഗവൺമെന്റിന്റെ ഉത്തരവാദിത്വം കൂടിയാണ്.

ലൈംഗിക അക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കുവേണ്ടി സ്പെഷൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക, വേശ്യാവൃത്തിക്കോ മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ഉപയോഗിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുക കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമത്തിന് രൂപം നൽകിയിട്ടുള്ളത്. ഈ നിയമപ്രകാരം കുട്ടി എന്നാൽ 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തി എന്നാണർത്ഥം–ആൺകുട്ടിയും പെൺകുട്ടിയും ട്രാൻസ് ജെന്ററും ഉൾപ്പെടും

### 6.14.1 കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ താഴെ പറയും പ്രകാരമാണ്

» പ്രവേശിത ലൈംഗിക അതിക്രമം
» ഗൗരവതരമായ പ്രവേശിത ലൈംഗിക അതിക്രമം
» ലൈംഗിക അതിക്രമം

» ഗൗരവതരമായ ലൈംഗിക അതിക്രമം
» ലൈംഗിക പീഡനം
» അശ്ലീല കാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കൽ
» കുറ്റകൃത്യം ചെയ്യാൻ ശ്രമിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക

### 6.14.2 കുറ്റവും ശിക്ഷയും

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 3 | പ്രവേശിത ലൈംഗിക അതിക്രമം | 7 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷ യ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹ നാകുന്നതാണ്. |
| 5 | ഗൗരവകരമായ പ്രവേശിത ലൈംഗിക അതിക്രമം | 10 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കഠിനതടവിനും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 7 | ലൈംഗിക അതിക്രമം | 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനാകുന്നതാണ്. |
| 9 | ഗൗരവതരമായ ലൈംഗിക അതിക്രമം | 5 വർഷത്തിൽ കുറയാത്തതും 7 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനായിതീരുന്നതാണ്. |
| 11 | ലൈംഗിക പീഡനം | 3 വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും കൂടി അർഹനായി ത്തീരുന്നതാണ്. |
| 14 | അശ്ലീലകാര്യങ്ങൾക്കുവേണ്ടി കുട്ടിയെ ഉപയോഗിക്കൽ | 5 വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 15 | കുട്ടിയുൾപ്പെടുന്ന അശ്ലീല സാഹിത്യങ്ങളോ ചിത്രങ്ങളോ മൾട്ടിമീഡിയാ സാമഗ്രികളോ വാണിജ്യാ വശ്യത്തിനായി ശേഖരിച്ചുവച്ചാൽ | 3 വർഷം വരെയാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |
| 21 | കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റിക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ | 6 മാസം വരെയാകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയ്ക്കും കൂടാതെ പിഴശിക്ഷയ്ക്കും അർഹനാകുന്നതാണ്. |

| | | |
|---|---|---|
| 23 | ഏതെങ്കിലും മാധ്യമത്തിലൂടെയോ റിപ്പോർട്ടിലൂടെയയോ കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബവിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ | 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവിനും അല്ലെങ്കിൽ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹനാകുന്നതുമാണ്. |

### 6.14.3 കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ്

19–ാം വകുപ്പ് പ്രകാരം ആർക്കെങ്കിലും (കുട്ടിയടക്കം) ഈ നിയമപ്രകാരമുള്ള കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ, അത്തരം കുറ്റകൃത്യം നടന്നു എന്ന് അറിവുണ്ടെങ്കിലോ, അയാൾ അത്തരം അറിവ് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന് അല്ലെങ്കിൽ ലോക്കൽ പോലീസിന് നൽകേണ്ടതാണ്. ഇതിൽ നഗരസഭ കൗൺസിലറും അങ്കണവാടി ടീച്ചറും ഡോക്ടർമാരും ഒക്കെ ഉൾപ്പെടും. വീഴ്ച വരുത്തിയാൽ 6 മാസം തടവും ലഭിച്ചേക്കാം. ഇത്തരം കേസുകൾ ഒരു കാരണവശാലും മറച്ചുവയ്ക്കുകയോ പറഞ്ഞു തീർക്കുകയോ ചെയ്യരുത്. ഇത്തരം കുറ്റക്കാർ ഒരു കുട്ടിയെ അല്ല പലരേയും ചൂഷണം ചെയ്തേക്കാം. മറച്ചു വെച്ചാൽ ആറുമാസം തടവു ലഭിക്കാം

POCSO നിയമം വകുപ്പ് 23 അനുസരിച്ച് കേസ്സുകൾ എടുക്കുന്ന സംഗതികളിൽ കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ പേര്, വിലാസം, ഫോട്ടോ, കുടുംബവിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റ് വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത് കുറ്റകരമാണ്,

**19(2) ഉപവകുപ്പ് (1) പ്രകാരം നൽകുന്ന റിപ്പോർട്ട്**

എ. രേഖാമൂലമാക്കുകയും ഒരു നമ്പർ നൽകുകയും വേണം
ബി. വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിക്കണം
സി. പോലീസ് യൂണിറ്റിൽ വെച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തണം
ഉള്ളടക്കം കുട്ടിക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിലായിരിക്കണം

### 6.14.4 ബാലസൗഹൃദ നടപടിക്രമങ്ങൾ

| വകുപ്പ് | വിവരണം |
|---|---|
| 24 | കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ചോ അല്ലെങ്കിൽ സാധാരണഗതിയിൽ താമസിച്ചു വരുന്ന സ്ഥലത്ത് വച്ചോ അല്ലെങ്കിൽ കുട്ടിയ്ക്ക് താത്പര്യമുള്ള സ്ഥലത്തു വച്ചോ കഴിയുന്നിടത്തോളം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിതാ പോലീസ് ഓഫീസർ റെക്കോർഡ് ചെയ്യേണ്ടതാണ്. |
| 25 | കുട്ടിയുടെ മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തുന്ന വിധം കുട്ടി പറയുന്നത് അതുപോലെതന്നെ റിക്കോർഡ് ചെയ്യേണ്ടതാണ്. |

| | |
|---|---|
| 26 | കുട്ടിയുടെ രക്ഷകർത്താക്കളുടെയോ, അല്ലെങ്കിൽ കുട്ടിയ്ക്ക് വിശ്വാസമുള്ള ആളുടെയോ, ഉറ്റമിത്രത്തിന്റേയോ സാന്നിദ്ധ്യത്തിൽ കുട്ടി പറയുന്ന അതേ രീതിയിൽ തന്നെ ആയിരിക്കണം മൊഴി രേഖപ്പെടുത്തേണ്ടത്. |
| 27 | പീഡനത്തിന് ഇരയായത് പെൺകുട്ടിയാണെങ്കിൽ വൈദ്യപരിശോധന നടത്തേണ്ടത് ഒരു വനിതാ ഡോക്ടറായിരിക്കണം |
| 28 | സംസ്ഥാന സർക്കാർ, ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ട് പ്രകാരമുള്ള കുറ്റകൃത്യം വിചാരണ ചെയ്യുവാനായി ഓരോ ജില്ലയിലും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ്. |
| 34 | ഒരു കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ അതിന് പാലിക്കേണ്ട നടപടിക്രമവും സ്പെഷ്യൽ കോടതി വയസ്സ് നിർണ്ണയിക്കുന്ന രീതിയും:2000 ലെ ബാലനീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമയിരിക്കും. |
| 36 | കുട്ടി മൊഴി നൽകുന്ന സമയം യാതൊരു കാരണവശാലും പ്രതിയെ കുട്ടി കാണുന്നില്ലെന്നും അതേസമയം കുട്ടി പറയുന്നത് പ്രതിക്ക് കേൾക്കാൻ കഴിയുന്നുണ്ടെന്നും അയാൾക്ക് അഭിഭാഷകനോട് ആശയവിനിമയം നടത്താൻ കഴിയുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. |
| 37 | കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ, കുട്ടിക്ക് പൂർണ്ണവിശ്വാസമുള്ള ആളുടെയോ സാന്നിദ്ധ്യത്തിൽ രഹസ്യമായിട്ടായിരിക്കണം വിചാരണ നടത്തേണ്ടത്. |

### 6.14.5 നഷ്ടപരിഹാരം

ചൂഷണം അനുഭവിച്ച കുട്ടിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ് അതോറിട്ടിയെ സമീപിക്കാനാകും. ഇതിൽ കുട്ടിയുടെ പുനരധിവാസത്തിന ടക്കമുള്ള തുക ലഭിക്കും.

### 6.14.6 നിയമസഹായം

പബ്ലിക് പ്രോസിക്യൂട്ടറെ കൂടാതെ കുട്ടിക്ക് സ്വന്തമായി അഭിഭാഷകരെ നിയോഗിക്കാനാകും. സൗജന്യനിയമ സഹായത്തിനായി ലീഗൽ സർവ്വീസസ് അതോറിറ്റിയെ സമീപിക്കാം.

### 6.14.7 സപ്പോർട്ട് പേഴ്സൺ

കുട്ടികൾക്കും മാതാപിതാക്കൾക്കും നിയമനടപടികളെ കുറിച്ചുള്ള അജ്ഞത അകറ്റി അവർക്ക് സഹായം നൽകുന്നു. സപ്പോർട്ട് പേഴ്സണനെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളാണ് നിയോഗിക്കുന്നത്.

# 7

# ഭിന്നശേഷി സൗഹൃദ നഗരഭരണം

കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെ ഭിന്നശേഷിയുള്ള എല്ലാവരെയും സമൂഹത്തിന്റെ പൊതുധാരയിൽ എത്തിക്കുന്നതിനും വേർതിരിവില്ലാതെ തുല്യപങ്കാളിത്തവും അവസരവും ഉപയോഗപ്പെടുത്താൻ പ്രാപ്തി നൽകുന്ന പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഭരണനടപടി ക്രമമാണ് ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം.

നഗരസഭയിലെ സ്റ്റാന്റിംഗ്കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഭിന്നശേഷി സൗഹൃദ തദ്ദേശഭരണത്തിന്റെ അവിഭാജ്യമായ കണ്ണികളാണ്. ഇവരെ കോർത്തിണക്കിക്കൊണ്ട് മാത്രമേ ഭിന്നശേഷി സൗഹൃദഭരണം സാധ്യമാകൂ.

## 7.1 ആരൊക്കെയാണ് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ

### 7.1.1 ഭിന്നശേഷി തരംതിരിവുകൾ

വൈകല്യങ്ങളുടെ കാഠിന്യമനുസരിച്ചുള്ള (നിലവാരം) തരംതിരിവുകൾ

» ഹൈസപ്പോർട്ട് അഥവ നിരന്തരം സഹായം ആവശ്യമായ ഗ്രൂപ്പ് – 80 ശതമാനത്തിലധികം അംഗപരിമിതി ഉള്ളവർ

» ബഞ്ച് മാർക്ക് അംഗപരിമിതി – 40 ശതമാനത്തിൽ കുറയാതെ നിശ്ചിത മാനദണ്ഡ പ്രകാരം അംഗപരിമിതി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തി.

ഭിന്നശേഷി വിഭാഗങ്ങളുടെ – തരംതിരിവ് പട്ടിക (RPWD act–2016) നിലവിൽ ഭിന്നശേഷി വിഭാഗത്തിൽ അഞ്ച് പ്രധാന വിഭാഗങ്ങളിലായി താഴെ പറയുന്ന 21 കാറ്റഗറികൾ ചേർത്തിട്ടുണ്ട്.

| എണ്ണം | % | എണ്ണം |
|---|---|---|
| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | എ. ചലന വൈകല്യങ്ങൾ | 1. കുഷ്ഠരോഗ വിമുക്തർ<br>2. സെറിബ്രൽ പാൾസി<br>3. ഡ്വാർഫിസം<br>4. മസ്കുലർ ഡിസ്ട്രോഫി<br>5. ആസിഡ് അറ്റാക്ക് വിക്ടിം<br>6. ചലന വൈകല്യം |

| | | |
|---|---|---|
| | ബി. ദൃശ്യ വൈകല്യങ്ങൾ | 1. അന്ധത<br>2. ലോവിഷൻ |
| | സി. ശ്രവണ വൈകല്യം | 1. ബധിരത<br>2. ഹാർഡ് ഓഫ് ഹിയറിംഗ്<br>3. ഭാഷണ–ഭാഷാ വൈകല്യം |
| ബൗദ്ധിക വൈകല്യങ്ങൾ | എ. ബൗദ്ധിക വെല്ലുവിളികൾ | 1. സുവ്യക്ത പഠന വൈകല്യങ്ങൾ<br>2. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ<br>3. ബൗദ്ധിക വെല്ലുവിളികൾ |
| വിഭ്രാന്തി (Mental Behaviour) | എ. മനോവ്യവഹാര വൈകല്യങ്ങൾ | 1. മനോരോഗം |
| വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ. നാഡീ സംബന്ധമായ അവസ്ഥ | 1. മൾട്ടിപ്പിൾ സ്ലീറോസിസ്<br>2. പാർക്കിൻസൺ ഡിസീസ് |
| | ബി. രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 1. ഹീമോഫീലിയ<br>2. തലാസീമിയ<br>3. സിക്കിൾസെൽ അനീമിയ |
| മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് | ബഹുമുഖ വൈകല്യങ്ങൾ | 1. ഡഫ്–ബ്ലൈന്റ് |

### 7.1.2 ഭിന്നശേഷിക്കാരുടെ പ്രധാന പ്രശ്നമേഖലകൾ

1. അവഗണന
2. വിദ്യാഭ്യാസക്കുറവ്
3. വരുമാനപ്രശ്നങ്ങൾ
4. ചലനശേഷിക്കുറവ്
5. ബുദ്ധിവികസനത്തിനുള്ള പ്രശ്നങ്ങൾ
6. തൊഴിൽ പരിപോഷണ കുറവ്
7. ചികിത്സാസൗകര്യക്കുറവ്
8. അന്ധരും ബധിരരുമായവരുടെ പ്രശ്നങ്ങൾ
9. ചൂഷണവിധേയർ (സാമ്പത്തികം, ശാരീരികം)
10. വൈകല്യം തിരിച്ചറിയുന്നതിലും മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടുന്നതിലുള്ള കാലതാമസം
11. പ്രാപ്യമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യമില്ലായ്മ

### 7.1.3 ഭിന്നശേഷി നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കൃത്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല–ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണുംവിധം ഒരു പ്രത്യേകപദ്ധതി തയ്യാറാക്കണം.

ഭിന്നശേഷി കേരളം പൊതുകണക്ക്

| സ്ത്രീ | പുരുഷൻ | അല്ലാത്തവർ | ആകെ |
|---|---|---|---|
| 438853 | 353895 | 1189 | 7,93,937 (2.32%) |
| സ്ത്രീപുരുഷഅനുപാതം (%) | ഭവനങ്ങളിൽ | സ്ഥാപനങ്ങളിൽ | ബി.പി.എൽ വിഭാഗം |
| 55:45 | 775823 | 18114 | 3,70,277(46.63%) |
| ഒരു കുടുംബത്തിൽ 1 അംഗപരിമിതൻ | ഒരു കുടുംബത്തിൽ 2 അംഗപരിമിതർ | ഒരു കുടുംബത്തിൽ 3 അംഗപരിമിതർ | ഒരു കുടുംബത്തിൽ 4 ൽ അധികം അംഗപരിമിതർ |
| 6,53,434 | 52030 | 4998 | 765 |

പദ്ധതി തയ്യാറാക്കുമ്പോൾ നഗരസഭയിലെ ഭിന്നശേഷി നേരിടുന്നവരുടെ സ്ഥിതിവിവരകണക്കുകളുടെ (അവസ്ഥാ പഠനം) അടിസ്ഥാനത്തിൽ അവരുടെ നിർണ്ണായകമായ എല്ലാ ആവശ്യങ്ങളും നിറവേറ്റത്തക്ക വിധം പദ്ധതിക്ക് രൂപം നൽകണം. ഇപ്രകാരം ചെയ്യുമ്പോൾ നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ (ഉദാ: അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവ) നൽകിവരുന്ന വിവിധ സേവനങ്ങളും മറ്റ് സർക്കാർ സ്ഥാപനങ്ങളും ഏജൻസികളും നൽകിവരുന്ന സേവനങ്ങളും ഏകോപിപ്പിക്കേണ്ടി വരും. മാത്രമല്ല സബ്സിഡി-ധനസഹായ നിബന്ധനകൾ പരിഗണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ ഉദാരമതികളായ വ്യക്തികൾ എന്നിവരുടെ സഹായം തേടേണ്ടതായും വരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

### 7.1.4 പരിഹാരമാർഗ്ഗങ്ങൾ/കർമ്മപരിപാടികൾ

» ഭിന്നശേഷിയുള്ളവരെ കണ്ടെത്തി അവസ്ഥാ പഠനരേഖ തയ്യാറാക്കുക. (Status Report)
» ആരോഗ്യ-സാമൂഹ്യനീതി വകുപ്പുകളുടെ സഹായത്തോടെ ഇവരുടെ വൈകല്യം തിട്ടപ്പെടുത്തുക (Early detection)
» സ്വയം തൊഴിലിന് പരിശീലനങ്ങൾ നൽകുക-തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക (Employment Gneration)
» ഭിന്നശേഷിക്കാർക്കായി പ്രത്യേക വാർഡ്സഭ ചേരുക-പ്രശ്ന ആവശ്യനിർണ്ണയവും നടത്തുക (Special Wardsabha).
» ചലനം, പഠന ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക. (Aids & Appliances)
» വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, പഠനോപകരണങ്ങൾ എന്നിവ നൽകുക. (Scholarships and Stipends)
» അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. എല്ലാ സേവന കേന്ദ്രങ്ങളിലും തടസ്സ വിമുക്ത പശ്ചാത്തല സൗകര്യം ഒരുക്കുക. (Barrier free)
» പ്രത്യേക ചികിത്സ, സംരക്ഷണ സേവന പദ്ധതികൾ ഏർപ്പെടുത്തുക. (Special Health

package)

» റീഹാബിലിറ്റേഷൻ പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കുക. (Asisted living)
» പരമ ദരിദ്ര വിഭാഗങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യം തുടങ്ങിയ സേവന പരിചരണ പാക്കേജ് നടപ്പിലാക്കുക. (Destitute Rehabiliation package)
» വിവിധ നിയമങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക. (IEC/ Awareness)
» വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക. (Convergence Plan)
» ശക്തമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.(Social Audit & Evaluation)
» ബഡ്സ് സ്ക്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുക. (Buds Schools)
» മനോരോഗ ബാധിതരായവർക്കായി സൈക്കോസോഷ്യൽ റിഹാബിലിറ്റേഷൻ കേന്ദ്രം ആരംഭിക്കുക. (Psycho Scocail Rehabilitation)

**"അംഗപരിമിതരായ കുട്ടികളുടെ സമഗ്ര പുനഃരധിവാസം" – ശ്രീകൃഷ്ണപുരം മോഡൽ**

1. പതിനെട്ടിന് താഴെ പ്രായമുള്ള ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുവാൻ തീരുമാനമെടുത്തു.
2. ഭരണസമിതിയുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ യോഗം കൂടി കമ്മിറ്റി രൂപീകരിച്ചു.
3. ദ്വിതീയ വിവരശേഖരണവും, ക്രോഡീകരണവും നടത്തി (കമ്മിറ്റിയുടെ നേതൃത്വത്തിൽ)
4. അടിസ്ഥാന വിവരശേഖരണ ഫോറം, വ്യക്തിഗതരേഖ ഇവയ്ക്കുള്ള ഫോർമാറ്റുകൾ തയ്യാറാക്കി
5. സർവ്വെ പരിശീലനവും, ടാർഗറ്റഡ് ഫാമിലി സർവ്വേയും
6. ഓരോ ഭിന്നശേഷി വ്യക്തിയുടേയും സോഷ്യോ ഇക്കണോമിക്ക് സ്റ്റാറ്റസ്, ഭിന്നശേഷിയുടെ തരവും ലെവലും, ആവശ്യങ്ങൾ, ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ എന്നിവ തിട്ടപ്പെടുത്തി.
7. ഈ രേഖ ഒരു പുസ്തക രൂപത്തിൽ തയ്യാറാക്കി
8. ഉപകരണ വിതരണം, ബഡ്സ് സ്പെഷൽ സ്ക്കൂൾ രൂപീകരണം കാലേക്കൂട്ടിയുള്ള വികസന വ്യതിയാന സർവ്വെ, സമ്പൂർണ്ണ ഭിന്നശേഷി സ്കോളർഷിപ്പ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി

## 7.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന നിലവിലുള്ള പദ്ധതികളും ധനസഹായങ്ങളും.

### 7.2.1 വിവിധ സ്കോളർഷിപ്പുകൾ, ബത്തകൾ

സ.ഉ (കൈ) നം 115/2022/തസ്വഭവ, tvm dated 28.05.2022 ഉത്തരവ് പ്രകാരമുള്ള

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വരുമാനപരിധി കണക്കിലെടുക്കാതെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ (Physically and mentally challenged students) നേരിടുന്ന വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് താഴെപറയുന്ന നിരക്കിൽ സാമ്പത്തികസഹായം ലഭിക്കുന്നതാണ്.

### 7.2.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമ നം. | ക്ലാസ്സ്/കോഴ്സ് | പ്രതിമാസ സ്കോളർഷിപ്പ്/അലവൻസ് (രൂപ) | | |
|---|---|---|---|---|
| | | ദിവസവും പോയി വരുന്നവർ | ഹോസ്റ്റലിൽ താമസിക്കുന്നവർ | വാർഷിക അവലവൻസ് |
| 1. | 1 മുതൽ 4, നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2. | 5 മുതൽ 8 | 500 | 750 | 600 |
| 3. | 9, 10, 11, 12 | 600 | 800 | 800 |
| 4. | ബിരുദം | 800 | 1250 | 1000 |
| 5. | ബിരുദാനന്തരബിരുദം | 1000 | 1500 | 1500 |
| 6. | തൊഴിലധിഷ്ഠിത പരിശീലനം | 1000 | 1500 | 1500 |
| 7. | ചലന വൈകല്യമുള്ളവർക്ക് യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ) | 400 | | |
| 8. | ചലന വൈകല്യമുള്ളവർ സ്ഥാപനത്തിന്റെ വാഹനത്തിൽ യാത്ര ചെയ്യുന്നവർക്ക് യാത്രാബത്ത | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | | |

### 7.2.3 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകൽ

» കൃത്രിമ ശരീരഭാഗങ്ങൾ
» ഓർത്തോ ഉപകരണങ്ങൾ
» ട്രാവലിംഗ് ഉപകരണങ്ങൾ (Mobility)
» യാത്രസഹായ ഉപകരണങ്ങൾ
» കാഴ്ച്ച സഹായ ഉപകരണങ്ങൾ
» കേൾവി സഹായ ഉപകരണങ്ങൾ
» കമ്പ്യൂട്ടർ ഉപകരണങ്ങൾ (ബ്രെയിലി/ടോക്കിംഗ് ഹിയറിംഗ് )

### 7.2.4 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ അലവൻസ് (രൂപ) |
|---|---|---|
| 1. | പ്രതിമാസ സ്കോളർഷിപ്പ് | 1000 |
| 2. | വാർഷിക ഡ്രസ് അലവൻസ് | 1500 |
| 3. | പഠനസാമഗ്രികൾ/വിദ്യാഭ്യാസ സാമഗ്രികൾ വാർഷിക അലവൻസ് | 2000 |
| 4. | പഠിക്കുന്ന സ്ഥാപനത്തിൽ നിത്യവും വന്നു പോകുന്നവർക്ക് പ്രതിമാസം (Day Scholar) | യഥാർത്ഥ ചെലവ് 1000 |
| 5. | പഠനയാത്രയുടെ ചെലവ്- ഉല്ലാസയാത്രചെലവുകൾ, പഠനപര്യടനം മുതലായവ (ഒരു രക്ഷിതാവിന് ഉൾപ്പടെ) | 1000 |

കൂടാതെ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പെട്ടിക്കട തുടങ്ങുന്നതിന് 25000 രൂപ ധനസഹായം നൽകാവുന്നതാണ്.

### 7.2.5 ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്നവർ

പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത

പ്രതിമാസം 1000 രൂപ

യാത്രാബത്ത പ്രതിമാസം 1000 രൂപ

### 7.2.6 വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർ

വളർച്ച സംബന്ധമായ വെല്ലുവിളികൾ/മസ്തിഷ്ക തളർവാതം, ഓട്ടിസം പ്രതിമാസം 1000 രൂപ ബത്ത.

### 7.2.7 യാത്രാ ഇളവുകൾ (പൊതു നിർദ്ദേശങ്ങൾ)

» കാഴ്ചക്കുറവുള്ളവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) ബസുകളിലും പ്രൈവറ്റ് ബസുകളിലും ദൂരപരിധി നിശ്ചയിക്കാതെ സംസ്ഥാനത്തിനകത്ത് എവിടെയും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസിന് അർഹതയുണ്ട്.

» ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) ബസ്സുകളിലും പ്രൈവറ്റ് ബസ്സുകളിലും 70% യാത്ര ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യാനുള്ള ദൂരപരിധി 40 കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (G.O.(Ms)No.34/98/Tran.Tvpm. dated 27.7.2008).

» ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ശ്രവണ വൈകല്യമുള്ളവർക്കും കെ.എസ്.ആർ.ടി.സി. യിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. (G.O.(Ms) No18/2004/Tran.Tvpm. dated 17.04.2008)

» (G.O.(Ms) No. 1/87/PW&T Tvm, dated 05.01.1997) അനുസരിച്ച് പ്രൈവറ്റ് ബസുക

ളിൽ യാത്രാസൗജന്യം അനുവദിക്കുന്നതാണ്. ഉപഭോക്താവിന് 50 ശതമാനത്തിൽ കുറയാത്ത വൈകല്യം ഉണ്ടെന്ന് അംഗീകൃത ആശുപത്രിയിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

» തീവണ്ടികളിൽ കാഴ്ചയില്ലാത്തവർക്ക് തനിച്ച് യാത്ര ചെയ്യുന്നതിന് 75 ശതമാനവും സഹായി ഉണ്ടെങ്കിൽ അവർക്കും 75% യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കാഴ്ച ഇല്ലാത്തവർക്ക് വിമാനത്തിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.

» ബോട്ടുകളിലും കപ്പലുകളിലും യാത്ര ചെയ്യുന്ന കാഴ്ച ഇല്ലാത്തവർക്ക് 50% ഇളവുണ്ട്. അസ്ഥിവൈകല്യം ഉള്ളവർക്ക് 50% യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടെ യാത്ര ചെയ്യുന്ന സഹായിയ്ക്കും ഈ ഇളവിന് അർഹതയുണ്ട്.

» ബുദ്ധിമാന്ദ്യം ഉള്ളവർക്ക് സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, II AC ക്ലാസുകളിൽ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ് ലഭിക്കുന്നതാണ്. സഹായി നിർബന്ധമാണ്. സഹായിയ്ക്കും ഈ ഇളവ് ലഭിക്കുന്നതാണ്.

### 7.2.7.1 യാത്രാ ഇളവുകൾ എങ്ങനെ നേടാം ?

കെ.എസ്.ആർ.ടി.സി. പാസ്സുകൾക്കുള്ള അപേക്ഷാഫോറം എല്ലാ കെ.എസ്.ആർ. ടി.സി. ഡിപ്പോകളിലും ലഭ്യമാണ്. പ്രൈവറ്റ് ബസ്സ് പാസ്സ് അനുവദിക്കുന്നത് അതത് ആർ. ടി.ഒ/ജോയിന്റ് ആർ.ടി.ഒ വഴിയാണ്. തീവണ്ടി യാത്രയ്ക്കുള്ള അപേക്ഷാഫോറം റെയിൽവേ സ്റ്റേഷനുകളിൽ ലഭ്യമാണ്. തീവണ്ടിയാത്രക്ക് ലഭിക്കുന്ന പാസ്സിന്റെ ഫോട്ടോകോപ്പികൾ ഓരോ യാത്രയിലും ടിക്കറ്റ് കൗണ്ടറിൽ ഏൽപ്പിക്കേണ്ടതും ഒറിജിനൽ കൈവശം വെയ്ക്കേണ്ടതുമാണ്. എല്ലാ ഇളവുകൾക്കും ബന്ധപ്പെട്ട ഡോക്ടറുടെ അഥവാ മെഡിക്കൽ ബോർഡുകളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട ഫോറത്തിൽ തന്നെ വേണ്ടതാണ്.

## 7.3 സാമൂഹ്യനീതി വകുപ്പ് വഴിയുള്ള പദ്ധതികൾ

### 7.3.1 ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ

### 7.3.1.1 ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്) – കേന്ദ്ര ഗ്രാന്റ്–ഇൻ–എയ്ഡ്.

ഭാരതത്തിലെ എല്ലാ പൗരന്മാർക്കുമൊപ്പം ഭരണഘടന അനുശാസിക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പ് വരുത്തുന്നതിന് ഭിന്നശേഷി പുനരധിവാസത്തിനായി നടപ്പാക്കിയിരിക്കുന്ന പദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇത് പ്രകാരം ചുവടെ പറയുന്ന പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിന് ജില്ലാ സാമൂഹിക നീതി ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### 7.3.1.2 വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം/പരിശീലനം എന്നിവ നൽകുന്നതിനുള്ള പദ്ധതി

അംഗവൈകല്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പദ്ധതി.

### 7.3.1.3 സ്പെഷ്യൽ സ്കൂൾ

അസ്ഥി വൈകല്യം, കാഴ്ച്ചയില്ലായ്മ, ബധിരത, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങളുള്ള

കുട്ടികളുടെ പഠനസൗകര്യാർത്ഥം താമസസൗകര്യത്തോട് കൂടിയതും അല്ലാത്തതുമായ സ്ക്കൂളുകൾക്കുള്ള പദ്ധതി.

### 7.3.1.4 സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി

സ്പെഷ്യൽ സ്ക്കൂളുകൾക്കൊപ്പം ചികിത്സാസൗകര്യം കൂടി ചേർത്തുള്ള പദ്ധതി.

### 7.3.1.5 തൊഴിൽ പരിശീലനകേന്ദ്രങ്ങൾ

15 മുതൽ 25 വയസു വരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

### 7.3.1.6 ഷെൽറ്റേർഡ് വർക്ക് ഷോപ്പ്

സ്ഥിരവരുമാന സ്രോതസ്സ് ലക്ഷ്യമിട്ട് തൊഴിൽ ശാലകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

### 7.3.1.7 കുഷ്ഠരോഗവിമുക്ത പുനരധിവാസ പദ്ധതി

കുഷ്ഠരോഗവിമുക്തരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള പദ്ധതി.

### 7.3.1.8 മാനസിക രോഗബാധിതർക്കുള്ള ചികിത്സാ പുനരധിവാസ പദ്ധതി

മാനസികരോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളവരെ കുടുംബാംഗങ്ങൾക്കൊപ്പം വിടുന്നതിനായി കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗ്, രോഗിക്ക് വീണ്ടും രോഗം വരാതിരിക്കുന്നതിനുള്ള മരുന്നുകൾ, യഥാസമയത്തുള്ള മെഡിക്കൽപരിശോധനയും ചികിത്സയും എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

### 7.3.1.9 വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനുമുള്ള പദ്ധതി

വൈകല്യം നേരത്തെ തിരിച്ചറിഞ്ഞ് രക്ഷാകർത്താക്കൾക്ക് വേണ്ട ബോധവത്ക്കരണം നടത്തി വൈകല്യമുള്ളവരുടെ പുനരധിവാസം നടത്തുന്നതിനും വിവിധരീതിയിലുള്ള വൈകല്യങ്ങളെ കുറിച്ച് ഗവേഷണം നടത്തുന്നതിനുമുള്ള പദ്ധതി.

### 7.3.1.10 കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട്

ദുർഘട സ്ഥലങ്ങളിലുള്ള വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിൽ ഈ രംഗത്തെ വിദഗ്ധരെ കൊണ്ട് ചികിത്സാ സൗകര്യം ഏർപ്പെടുത്തുക, മറ്റ് വികലാംഗ ഗ്രൂപ്പുകളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതി.

### 7.3.1.11 കാഴ്ച്ചശക്തി വളരെക്കുറഞ്ഞവർക്കുള്ള പദ്ധതി

കാഴ്ചശക്തി വളരെക്കുറവുള്ളവർക്ക് വിവിധ ചികിത്സാരീതികൾ കൊണ്ട് കാഴ്ച വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

### 7.3.1.12 മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി

വികലാംഗരെ പരിശീലിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച പരിശീലകർക്ക് വികലാംഗ പുനരധിവാസ നെറ്റ് വർക്കിലൂടെ പ്രത്യേക വൈദഗ്ധ്യം സിദ്ധിക്കുന്നതിനുള്ള പദ്ധതി.

### 7.3.1.13 സെമിനാറുകൾ/ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി

വികലാംഗർക്കായി പരിശീലനം/സെമിനാർ എന്നിവ നടത്തുന്നതിന് ഒറ്റത്തവണയായി തുക അനുവദിക്കുന്ന പദ്ധതിയാണിത്.

### 7.3.1.14 പരിസ്ഥിതി സൗഹൃദ ജൈവാധിഷ്ഠിത പദ്ധതികൾ

വികലാംഗർക്കായി പൂന്തോട്ട പരിപാലനം, പട്ട് നൂൽ പുഴുവളർത്തൽ, നഴ്സറികൾ, മരം വച്ചുപിടിപ്പിക്കൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

### 7.3.1.15 കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം

വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സവിശേഷ പദ്ധതിയാണിത്

### 7.3.1.16 കെട്ടിട നിർമാണ പദ്ധതി

വികലാംഗർക്കുള്ള മറ്റ് പദ്ധതികൾ നടപ്പാക്കുന്നതിനായി കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതിയാണിത്.

### 7.3.1.17 നിയമാവബോധത്തെ സംബന്ധിച്ച പദ്ധതി

വികലാംഗർക്കും സംരക്ഷകർക്കും ആവശ്യമായ നിയമോപദേശം, സഹായം, കോടതി ചെലവുകൾ എന്നിവ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്.

### 7.3.1.18 സ്കോളർഷിപ്പ്

ഒന്നാം സ്റ്റാൻഡേഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36000 രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% ൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒന്നു മുതൽ നാല് വരെ പഠിക്കുന്നവർക്ക് 300 രൂപയും അഞ്ച് മുതൽ പത്താം തരം വരെ 500 രൂപയും പ്ലസ് വൺ, പ്ലസ് ടു, ഐ.ടി കോഴ്സുകളിൽ പഠിക്കുന്നവർക്ക് 750 രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, പോളിടെക്നിക്ക്, പ്രൊഫഷണൽ കോഴ്സുകൾ മുതലായവയ്ക്ക് 1000 രൂപയും നൽകിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 200 രൂപയും, പ്ലസ് വൺ, പ്ലസ് ടു, ഐ.ടി.ഐ അന്ധവിദ്യാർത്ഥികൾക്ക് 300 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 400 രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നൽകി വരുന്നു. ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളാണെങ്കിൽ പ്ലസ് ടു, ഐടി കുട്ടികൾക്ക് 750 രൂപയ്ക്ക് പകരം 1000 രൂപയും ഡിഗ്രി പോളി ടെക്നിക്ക്, പ്രൊഫഷണൽ കോഴ്സുകൾക്ക് 1000 രൂപയ്ക്ക് പകരം 1500 രൂപയും ലഭിക്കും. അപേക്ഷകൾ അതത് ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്. (വിദ്യാലയ മേധാവി മുഖാന്തിരം)

### 7.3.1.19 അഭിഭാഷകർക്കുള്ള ധനസഹായം

കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത അന്ധരായ അഭിഭാ

ഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ളവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണിത്. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 4000 രൂപാ നിരക്കിൽ പരമാവധി എട്ടു വർഷത്തേക്ക് റീഡേഴ്സ് അലവൻസും നിയമപുസ്തകവും സ്യൂട്ടും വാങ്ങുന്നതിനായി ഒറ്റത്തവണയായി 3000 രൂപയും നൽകി വരുന്നു. അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിലാണ് സമർപ്പിക്കേണ്ടത്.

### 7.3.1.20 അഭിമുഖം, എഴുത്ത് പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നവർക്കുള്ള യാത്രാബത്ത

കുടുംബവാർഷിക വരുമാനം 10000 രൂപയിൽ കവിയാത്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാജരാകുന്നതിന് യാത്രാബത്ത അനുവദിച്ച് നൽകുന്ന പദ്ധതി.

### 7.3.1.21 എൻ.ജി.ഒ നടത്തുന്ന ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ടുന്ന ഗ്രാന്റ്

അംഗീകൃത സന്നദ്ധസംഘടനകൾ നടത്തുന്ന ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നൽകിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 525 രൂപാ നിരക്കിലാണ് ധനസഹായം.

### 7.3.1.22 പി.ഡബ്ല്യൂ.ഡി രജിസ്ട്രേഷൻ (PWD Act – Chapter IX Section – 50)

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995 ലെ [The Person with Disabilities (Equal Opportunities Protection of Right and Full Participation)] ആക്ടിലെ 52ാം സെക്ഷൻ പ്രകാരം രജിസ്ട്രേഷൻ നൽകിവരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യ ങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ/ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്. രജിസ്ട്രേഷൻ നിർബ്ബന്ധമാണ്.

### 7.3.1.23 ചികിത്സാ ധനസഹായം

ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 22375 രൂപയിൽ താഴെയും വാർഷിക, വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഭിന്നശേഷി ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി പ്രതിവർഷം 5000 രൂപ നൽകിവരുന്നു. അപേക്ഷാഫോറവും മറ്റ് വിവരങ്ങളും ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

### 7.3.1.24 വിവാഹധനസഹായം (പരിണയം പദ്ധതി)

ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹധനസഹായമായി 30,000 രൂപ നൽകിവരുന്നു. അപേക്ഷാഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ ലഭ്യമാണ്.

### 7.3.1.25 എഡിഐപി സ്കീം (Assistance to disabled persons for purchase/fitting of Aid Applicance)

അംഗവൈകല്യമുള്ളവർക്ക് അതിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ

വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉപകരണങ്ങൾ ഉപയോഗിക്കാൻ തക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ ജില്ലാസാമൂഹ്യനീതി വകുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വാർഷികവരുമാനം 1,00,000 രൂപയിൽ കൂടുതലാകാൻ പാടില്ല.

*കൂടുതൽ വിവരങ്ങൾ www.social justice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്*

## 7.3.2 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ

### 7.3.2.1 ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)

ബുദ്ധി വൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണിത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് കുട്ടി മുമ്പ് താമസിച്ചിരുന്ന സ്ഥാപന മേധാവിയുടെ ശുപാർശ കത്തോ/ആഫ്റ്റർ കെയർ ഓഫീസറുടെ ശുപാർശ കത്തോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ചികിത്സയും പാർപ്പിട സൗകര്യങ്ങളും നൽകിവരുന്നു. വിദ്യാഭ്യാസം, കരകൗശലം, ദൈനംദിനാവശ്യങ്ങൾ എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പരിശീലനപരിപാടിയും ഉണ്ട്. വിശദാംശങ്ങൾ സ്ഥാപന സൂപ്രണ്ടിൽ നിന്നും ലഭ്യമാണ്.

### 7.3.2.2 പ്രതീക്ഷാഭവൻ

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ പുരുഷന്മാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് വസ്ത്രവും ഭക്ഷണവും കിടക്കയും ആരോഗ്യപരിപാലനവും ആവശ്യമായ വൈദ്യചികിത്സയും ഇവിടെ നൽകി വരുന്നു.

### 7.3.2.3 പ്രത്യാശാഭവൻ

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് ഭക്ഷണവും വസ്ത്രവും കിടക്കയും ആരോഗ്യപരിപാലനവും ഇവിടെ നൽകിവരുന്നു.

### 7.3.2.4 വികലാംഗസദനം

തിരുവനന്തപുരത്തും എറണാകുളത്തും വനിതകളായ ഭിന്നശേഷിക്കാർക്കും കോഴിക്കോട് പുരുഷ ഭിന്നശേഷിക്കാർക്കും സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതമുള്ള കത്ത് അപേക്ഷയോടൊപ്പം സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കണം. സ്ഥാപനത്തിലെ അന്തേവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമേ വിദഗ്ധ ചികിത്സാസഹായവും നൽകി വരുന്നു.

### 7.3.2.5 ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇവിടെ 16 വയസിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈൻഡിംഗ്, ടൈലറിംഗ്, എംബ്രോയ്ഡറി, കമ്പ്യൂട്ടർ, ലെതർവർക്കുകൾ, ഓഫ് സെറ്റ് പ്രിന്റിംഗ് എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നു. രണ്ട് വർഷം ദൈർഘ്യമുള്ള ഈ കോഴ്സുകളിലേക്ക് പ്രവേശനത്തിന് മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കാവുന്നതാണ്. ഇതിന് പുറമേ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളും ടി സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്.

### 7.3.2.6 ബാലവികലാംഗസദനം

നാലിനും 16 നുമിടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. മെഡിക്കൽ ഓഫീസറുടെ ശുപാർശകത്ത്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കത്ത്, എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ആലപ്പുഴയിലും കണ്ണൂരിലും പ്രവർത്തിച്ച് വരുന്ന ഈ സദനങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതോടൊപ്പം വൈദ്യസഹായവും സംരക്ഷണവും നൽകുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ പരിശീലനം നൽകുന്നതോടൊപ്പം കലാകായിക രംഗങ്ങളിൽ കഴിവ് തെളിയിക്കുവാനുള്ള അവസരവും അവർക്കിവിടെ ലഭിക്കുന്നു.

### 7.3.3 കാഴ്ച്ചവൈകല്യമുള്ളവർക്കുള്ള പദ്ധതികൾ

### 7.3.3.1 കുറഞ്ഞ കാഴ്ചശക്തിയുള്ളവർക്ക് ശക്തിയേറിയ മാഗ്നിഫൈയിംഗ് ഗ്ലാസ്/ടെലസ്കോപ്പ് മൗണ്ടഡ് സ്പെക്സ് വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു. (500 പേർക്ക്)

എ. ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.
  1. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കാര്യാലയം
  2. സാമൂഹ്യ സുരക്ഷാ മിഷൻ
  3. വികലാംഗക്ഷേമ കോർപ്പറേഷൻ

ബി. പരമാവധി അനുവദിക്കുന്ന തുക 5000 രൂപ

സി. ചെലവാകുന്ന തുകയുടെ ബില്ല് നേത്രരോഗ വിദഗ്ദ്ധൻ മേലൊപ്പ് ചാർത്തി വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കുന്നു.

ഡി. ആവശ്യമായ രേഖകൾ
  1. ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
  2. വരുമാന സർട്ടിഫിക്കറ്റ് (1 ലക്ഷം രൂപ)

ഇ. ശിശുവികസന പദ്ധതി ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് തുക അനുവദിക്കുവാൻ ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യുന്നു.

എഫ്. ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർമാരാണ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

### 7.3.3.2 കാഴ്ച വൈകല്യമുള്ളവർക്ക് വൈറ്റ്കെയിൻ നൽകുന്ന പദ്ധതി (2000 പേർക്ക് നൽകുന്നു)

**ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു:**

1. സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
2. സാമൂഹ്യ സുരക്ഷാ മിഷൻ
3. വികലാംഗക്ഷേമ കോർപ്പറേഷൻ

**യോഗ്യതകൾ**

എ. 80%ൽ കൂടുതൽ കാഴ്ചവൈകല്യം (ഭിന്നശേഷി സർട്ടിഫിക്കറ്റ്)

ബി. അടുത്തുള്ള അങ്കണവാടികൾ മുഖേന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അപേക്ഷകൾ നൽകണം. ശിശുവികസന പദ്ധതി ഓഫീസർമാർ അർഹമായ അപേക്ഷകൾ ശുപാർശയോടുകൂടി ജില്ലാ ആഫീസർക്ക് സമർപ്പിക്കണം. ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസർമാർ white cane വാങ്ങി ശിശുവികസന പദ്ധതി ഓഫീസർമാർ മുഖേന വിതരണം നടത്തുന്നു.

സി. ഗുണഭോക്താവ് മറ്റ് ഏജൻസി/സർക്കാർ മുഖേന ഈ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് സത്യവാങ്ങ്മൂലം നൽകണം

### 7.3.3.3 കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ബ്രെയിലി കിറ്റ് അനുവദിക്കുന്ന പദ്ധതി (1000 പേർക്ക്)

1. Braille Kit – ഏഴാം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾക്ക് അനുവദിക്കുന്നു.
2. ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.
   - സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
   - സാമൂഹ്യ സുരക്ഷാ മിഷൻ
   - വികലാംഗക്ഷേമ കോർപ്പറേഷൻ

   Braille Kit –750 രൂപ വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങി നൽകുന്നു.
3. നിശ്ചിതഫോറത്തിൽ ശിശുവികസന പദ്ധതി ഓഫീസർക്ക് അപേക്ഷിക്കണം. ശിശുവികസന പദ്ധതി ഓഫീസർ അർഹത പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി വകുപ്പ് ആഫീസർക്ക് ശുപാർശ ചെയ്യുന്നു.

### 7.3.3.4 കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Talking Calculator അനുവദിക്കുന്ന പദ്ധതി (500 പേർക്ക്)

1. ഏഴാം ക്ലാസ് മുതൽ ഡിഗ്രിവരെയുള്ള കുട്ടികൾക്ക് അനുവദിക്കുന്നു.
2. വിദ്യാഭ്യാസ കാര്യാലയ മേധാവി മുഖാന്തിരം അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം.
3. വാർഷിക വരുമാനം ഒരു ലക്ഷം
4. രണ്ട് വർഷത്തിനുള്ളിൽ ടി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം വേണം.
5. Talking Calculator 1000 രൂപ
6. ഈ പദ്ധതി സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ സംയുക്തമായി നടപ്പിലാക്കുന്നു.

### 7.3.3.5 കാഴ്ച വൈകല്യമുള്ളവർക്ക് Daisy Player System നൽകുന്ന പദ്ധതി

ഏഴാം ക്ലാസ് മുതൽ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.

സ്കൂൾ മേധാവി മുഖാന്തരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കണം.

പരമാവധി 9500 രൂപ അനുവദിക്കുന്നു.

ഈ പദ്ധതി സംയുക്തമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം, സാമൂഹ്യ സുരക്ഷാ മിഷൻ, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവർ ചേർന്നാണ് നടപ്പിലാക്കുന്നത്.

### 7.3.3.6 കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിന്റെ പരിപാലനത്തിന് പ്രതിമാസം 2000 രൂപ നൽകുന്ന പദ്ധതി (200 പേർക്ക്)

i. ആവശ്യമായ രേഖകൾ
1. വരുമാനം തെളിയിക്കുന്നത്
2. വൈകല്യം തെളിയിക്കുന്നത്
3. ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്

ii. ശിശുവികസന പദ്ധതി ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിക്കണം

വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം. ശിശുവികസന പദ്ധതി ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുന്നതും ജില്ലാ സാമൂഹ്യനീതി ഓഫീസർ തുക അനുവദിക്കുന്നതും ആണ്.

## 7.4 കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ:

### 7.4.1 വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി :

ഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം തിരിച്ചറിയൽ കാർഡ് ഗുണഭോക്താക്കൾക്ക് നൽകുന്നു.

ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗ്ഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന ഭിന്നശേഷിയുള്ളവർക്കും എസ്കോർട്ടിനും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ

എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

1. മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ)/അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ–1
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

ഈ കാർഡ് ഹാജരാക്കുന്നവരോട് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല. (സർക്കുലർ നമ്പർ 1050/എസ് 3/11/S.C.P.W.D തീയതി 9.11.2011 )

## 7.5 കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ സ്കീമുകൾ

### 7.5.1 അംഗപരിമിതർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ സഹായോപകരണങ്ങളുടെ സൗജന്യ വിതരണം.

ഈ പദ്ധതിയനുസരിച്ച് 1,00,000 രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്ന ശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് അംഗപരിമിതർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. വീൽചെയർ, മുച്ചക്രസൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണസഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീബാഗുകൾ, കണ്ണടകൾ, വെറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കൾക്ക് 10000 രൂപ വരെയുള്ള ഉപകരണങ്ങളാണ് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, വികലാംഗ സർട്ടിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

### 7.5.2 അംഗപരിമിതർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനികോപകരണ വിതരണം.(മാനദണ്ഡങ്ങൾക്കു വിധേയമായി)

വികലാംഗക്ഷേമ കോർപ്പറേഷൻ അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ എന്നിവയും, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടൊപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

#### നിബന്ധനകൾ

1. വാർഷിക വരുമാനം 72,000 രൂപ വരെയുള്ളവരും (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ.)
2. പ്രായപരിധി 40 വയസ്സുവരെയുള്ളവർക്ക്

### 7.5.3 സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം

താഴെ പറയുന്ന നിബന്ധനകൾക്ക വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

**നിബന്ധനകൾ**

1. 18 വയസ്സിനു മുകളിൽ പ്രായം.
2. 40–ഉം അതിനു മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി
3. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
4. സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക

എന്നിവ അടിസ്ഥാന യോഗ്യത (Eligibility Criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരെയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതകൾക്കും, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന (എസ്.സി വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

### 7.5.4 അംഗപരിമിതർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000 രൂപ സബ്സിഡിയായി നൽകുന്നു. നിശ്ചിത ഫോറത്തിലെ അപേക്ഷാഫോറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, 40% മോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടീഫിക്കറ്റ് എന്നിവ (പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി) നൽകേണ്ടതാണ്.

### 7.5.5 നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ

NHEDC വഴിയുള്ള സ്വയം തൊഴിൽ വായ്പയും അതിനുള്ള വികലാംഗ ക്ഷേമ കോർപ്പറേഷന്റെ വിഹിതവും നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വിവിധ വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000 രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ. എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. 50,000 രൂപവരെയുള്ള വായ്പക്ക് 5% പലിശയും (സ്ത്രീകൾക്ക് 4%) 50,000 രൂപയ്ക്ക് മുകളിൽ 6% (സ്ത്രീകൾക്ക് 5%) പലിശയുമാണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 20,00,000 രൂപവരെ വായ്പ നൽകുന്നതാണ്.

എൻ.എച്ച്.എഫ്.ഡി.സി. മാനദണ്ഡം അനുസരിച്ചാണ് വിവിധ പദ്ധതികൾക്കുള്ള വായ്പ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത്.

### 7.5.6 സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർ.റ്റി) നമ്പർ: 44/12/എസ്.ഡബ്ളിയു.ഡി തീയതി 23–01–2012 പ്രകാരം ലോൺ തുക 20,000 രൂപ വരെയുള്ളവയ്ക്ക് ലോൺ തുകയുടെ 50% (പരമാവധി 5000 രൂപ) സബ്സിഡിയായും, ലോൺ തുക 20,001 മുതൽ 50,000 രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും, ലോൺ തുക 50,001 മുതൽ 1,00,000 രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000 രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ–ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച നിശ്ചിത മാതൃകയിലെ അപേക്ഷയോടൊപ്പം 40% ത്തിന് മുകളിൽ അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, (ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

### 7.5.7 ബി പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

എൻ.എച്ച്.എഫ്.ഡി.സി. സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം ലോണെടുത്ത് തുടർച്ചയായി മൂന്നു വർഷമായി കുടിശ്ശിക വരുത്താതെ വായ്പ തിരിച്ചടച്ചിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ബാക്കി വായ്പത്തുകയുടെ നിശ്ചിത ശതമാനം സബ്സിഡി നൽകുന്നതാണ്.

### 7.5.8 തികച്ചും അംഗപരിമിതരായ കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

സർക്കാർ ഉത്തരവ് ജി.ഒ (ആർ. റ്റി) നമ്പർ 346/2012/എസ്.ഡബ്ളിയു.ഡി തീയതി 30–07–2012 പ്രകാരം എട്ട് വയസ് വരെ പ്രായമുള്ള, തികച്ചും വൈകല്യമുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

എ). ആൺകുട്ടി15,000 രൂപ, പെൺകുട്ടി20,000 രൂപ

ബി). യോഗ്യത :

1. ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 60,000 രൂപയിൽ താഴെ.
3. പ്രായ പരിധി : നവജാതശിശു മുതൽ 8 വയസ് വരെ.

സി). ട്രസ്റ്റി : കോർപ്പറേഷൻ

ഡി). ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യഘട്ടങ്ങളിലോ.

### 7.5.9 ജില്ലയിൽ ഉയർന്ന മാർക്കു നേടുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്

ഭിന്നശേഷിക്കാരായ കുട്ടികളെ പ്രചോദിതരാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി എന്നീ പരീക്ഷകളിൽ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന നാലു വിഭാഗത്തിലെയും കുട്ടികൾക്ക് 2500 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്. അതിനായി കൈകാലുകൾക്ക് വൈകല്യമുള്ളവരെയും കാഴ്ച വൈകല്യമുള്ളവരെയും കേൾവിക്കും സംസാരത്തിനും തകരാറുകളുള്ളവരെയും ബുദ്ധി വൈകല്യമുള്ളവരെയും പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസവകുപ്പു മുഖേനയും കോർപ്പറേഷൻ നേരിട്ടും അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിലേയ്ക്കായി സ്കൂൾ മേലധികാരി സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി, മെഡിക്കൽ ബോർഡിന്റെ 40% ത്തിൽ കുറയാത്ത അംഗവൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പിയും, നിശ്ചിത മാതൃകയിലെ അപേക്ഷയോടൊപ്പം കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതാണ്.

### 7.5.10 സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അംഗപരിമിതരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും ആരംഭിക്കാനുമുള്ള 5000 രൂപ ധനസഹായം കോർപ്പറേഷൻ നൽകിവരുന്നു.

### 7.5.11 സ്റ്റേറ്റ് റിസോഴ്സ് സെന്റർ.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സ്റ്റേറ്റ് റിസോഴ്സ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഈ സെന്ററിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. വിവിധ മേഖലയിലുള്ള ഭിന്നശേഷിക്കാരെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുക അവ ഭാവിയിൽ ഉപയോഗിക്കത്തക്ക രീതിയിൽ സൂക്ഷിച്ചുവെക്കുക, ഇതനുസരിച്ച് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
2. അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.
3. ഭിന്നശേഷിക്കാർക്കുവേണ്ടി പദ്ധതി രൂപീകരിക്കുക, നടപ്പിലാക്കുക, അവർക്കുവേണ്ട സഹായങ്ങൾ നൽകുകയും അവ വിലയിരുത്തുകയും ചെയ്യുക.
4. ഭാവിയിലെ ഇത്തരം സഹായ വിവരങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കാൻ കോൾ സെന്റർ സ്ഥാപിക്കുക.

### 7.5.12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അംഗപരിമിതർക്ക് പുനരധിവാസ പദ്ധതി – സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ

കേരളത്തിലെ ഭിന്നശേഷിക്കാരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലേക്ക് ആവിഷ്ക്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് എൻ.പി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശീയ അംഗപരിമിത പുനരധിവാസ പദ്ധതി. ഭിന്നശേഷിക്കാരുടെ സമഗ്രമായ സർവ്വേ നടത്തിയശേഷം ആവശ്യാധിഷ്ഠിത പഠനം (Need Based Study) നടത്തി അംഗപരിമിതരുടെ

പുനരധിവാസത്തിന് യഥാർത്ഥത്തിൽ ആവശ്യമായവ എന്താണെന്ന് കണ്ടെത്തി ആയവ ലഭ്യമാക്കുന്നതിനും അവരുടെ വാസസ്ഥാനത്ത് അവർക്ക് സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പ് വരുത്തുന്നതിനാവശ്യമായ സൗജന്യചികിൽസ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമ്പൂർണ്ണ പുനരധിവാസ പദ്ധതിയാണ് എൻ.പി.ആർ.പി.ഡി. ജില്ലാ പഞ്ചായത്തുകളുമായും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഒത്തുചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

### 7.5.13 അംഗപരിമിതർക്ക് ബോധവൽക്കരണം

സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അംഗപരിമിതർക്കുവേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികൾ റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ മുഖേന ഗുണഭോക്താക്കളെ വികലാംഗക്ഷേമ കോർപ്പറേഷൻ അറിയിക്കുന്നു.

### 7.5.14 ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും.

ഭിന്നശേഷിക്കാർക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങളാണ് വിപണിയിൽ വരുന്നത്. എന്നാൽ ഈ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് പലർക്കും അറിവില്ല. ഉപകരണങ്ങളുടെ ഉപയോഗരീതിയെപ്പറ്റി ഭിന്നശേഷിക്കാരെ ബോധ്യപ്പെടുത്തുന്നതിനായി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും വികലാംഗക്ഷേമ കോർപ്പറേഷൻ നടത്തിവരുന്നു.

### 7.5.15 ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചു വരുന്നു. ഇവിടെ ഇപ്പോൾ 18 അന്തേവാസികളാണ് ഉള്ളത്.

## 7.6 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്

### 7.6.1 അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ പ്രധാനപ്രവർത്തനങ്ങൾ

1. അംഗപരിമിതരുടെ തൊഴിൽ സംവരണം ഉറപ്പാക്കുക.
2. വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുക.
3. അംഗപരിമിതരുടെ പരാതികൾ കേട്ട് തീർപ്പു കൽപ്പിക്കുക.
4. അംഗപരിമിതരുടെ അവകാശങ്ങൾ അനർഹരായവർ കവർന്നെടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
5. അംഗപരിമിതർക്കായുള്ള സേവനപദ്ധതികൾ കാര്യക്ഷമമാക്കുക.
6. അംഗപരിമിതർക്ക് നിയമ ബോധവൽക്കരണം നടത്തുക.
7. അംഗപരിമിതർക്കുവേണ്ടി ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.
8. അംഗപരിമിതർക്കുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക.

9. ഗവേഷണം, ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

## 7.7 ഭിന്നശേഷിയുള്ളവർക്കുള്ള സഹായസംവിധാനങ്ങൾ അവകാശ സംരക്ഷണ നിയമങ്ങൾ, ഇളവുകൾ

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരൻമാർക്കും വാഗ്ദാനം ചെയ്യുന്നത്. മത, ജാതി, ലിംഗ വ്യത്യാസങ്ങളെയോ ശാരീരികവും മാനസികവുമായ പരിമിതികളെയോ പരിഗണിക്കാതെ എല്ലാവരെയും തുല്യമായി കാണാനാണ് അത് സമൂഹത്തോട് ആവശ്യപ്പെടുന്നത്. ഭരണഘടനയുടെ 45ാം ഖണ്ഡിക, പതിനാലു വയസിനു താഴെയുള്ള എല്ലാ കുട്ടികൾക്കും (മാനസികവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്നവർ ഉൾപ്പെടെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രധാനനിയമങ്ങൾ ഇവയാണ്.

### 7.7.1 മെന്റൽ ഹെൽത്ത് കെയർ ആക്ട്, 2017

മാനസിക അസുഖമുള്ളവരുടെ (മെന്റലി ഇൽ) അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള നിയമമാണിത്. അവരുടെ ചികിത്സയും പരിചരണവും ഉറപ്പു വരുത്തുക, സ്വത്തിന് സംരക്ഷണം നൽകുക തുടങ്ങിയ കാര്യങ്ങളുമായി ഈ നിയമം ബന്ധപ്പെടുന്നു.

### 7.7.2 റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1992

ഭിന്നശേഷി പുനരധിവാസരംഗത്തുള്ള സ്ഥാപനങ്ങൾ, വിദഗ്ദ്ധർ, പരിശീലനങ്ങൾ, വ്യക്തികൾ തുടങ്ങിയ വിഷയങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

### 7.7.3 ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ദേശീയ അവകാശ നിയമം 2016. (The Right of Persons with Disabilites Act 2016)

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലി സംവരണം, നിയമ സംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികളും ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പി.ഡബ്ല്യൂ.ഡി. ആക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നിശ്ചിത ശതമാനമെങ്കിലും വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന താഴെ വിവരിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവരാണ് ഈ ആക്ട് പ്രകാരം വൈകല്യമുള്ളവരായി കണക്കാക്കുന്നത്. ഇത്തരം വ്യക്തികളെ 21 വിഭാഗങ്ങളിലായി തരം തിരിച്ചിരിക്കുന്നു. വൈകല്യബാധ പ്രധാനമായും ഏതു പ്രവർത്തനത്തെ ബാധിക്കുന്നു എന്ന് കണക്കാക്കിയാണ് തരം തിരിച്ചിട്ടുള്ളത്.

» ശാരീരിക വൈകല്യങ്ങൾ
» ബൗദ്ധീക വൈകല്യങ്ങൾ
» മനോവ്യാപാര വൈകല്യങ്ങൾ
» നാഡീരക്തബന്ധ വൈകല്യങ്ങൾ
» ബഹുമുഖ വൈകല്യങ്ങൾ

ആർ.പി.ഡബ്ല്യു.ഡി.ആക്ടിൽ അഞ്ചാമദ്ധ്യായം വൈകല്യമുള്ള ഓരോ കുട്ടിക്കും 18 വയസു പൂർത്തിയാകുന്നതുവരെ അനുയോജ്യമായ സാഹചര്യത്തിൽ സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന് (കുട്ടിയുടെ വീടിന് തൊട്ടടുത്തുള്ള സാധാരണ സ്കൂളിൽ പഠിക്കുന്നതിനുള്ള അവകാശത്തിന്) നിയമപരമായ പിൻബലം ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് നൽകുന്നു. കേന്ദ്ര, സംസ്ഥാന തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും എക്സിക്യൂട്ടീവ് കമ്മിറ്റികളും അവയുടെ ചുമതലകൾ വഹിക്കാൻ കമ്മീഷണർമാരും ഈ നിയമപ്രകാരം നിലവിൽ വന്നു. പൊതു നിയമനങ്ങളിൽ 4 ശതമാനം ഭിന്നശേഷിക്കാർക്ക് സംവരണം ഈ നിയമം ഉറപ്പാക്കുന്നു.

കേന്ദ്ര സർക്കാരിനു കീഴിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി ചീഫ് കമ്മീഷണറും സംസ്ഥാനങ്ങളിൽ കമ്മീഷണർമാരുമുണ്ട്. എല്ലാ ജില്ലാ കളക്ടർമാരും അസിസ്റ്റന്റ് കമ്മീഷണർമാരാണ്. അംഗവൈകല്യം സംഭവിച്ചവർക്ക് അവകാശനിഷേധം, നിയമനിഷേധം, സർക്കാരോ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന നിർദ്ദേശങ്ങളോ ഉത്തരവുകളോ നടപ്പിലാക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ചീഫ് കമ്മീഷണർക്കും, സംസ്ഥാനതല കമ്മീഷണർമാർക്കും നടപടികൾ കൈക്കൊള്ളാവുന്നതാണ്. 1908-ലെ സിവിൽ പ്രൊസീജിയർ കോഡ് പ്രകാരം മുഖ്യകമ്മീഷണർക്കും കമ്മീഷണർമാർക്കും സാക്ഷികളെ വിളിച്ച് സത്യവാങ്മൂലങ്ങളുടെ അടിസ്ഥാനത്തിൽ തെളിവുകൾ സ്വീകരിക്കുന്നതിന് ഒരു കോടതിയുടെ അധികാരങ്ങൾ തന്നെയാണുള്ളത്.

**പരാതികൾ ഉണ്ടായാൽ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.**

*വിലാസം : ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണർ, സാമൂഹ്യനീതി വകുപ്പ്, ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്, പൂജപ്പുര, തിരുവനന്തപുരം, 695012. Email: scpwdkerala@gmail.com*

### 7.7.4 നാഷണൽ ട്രസ്റ്റ് ആക്ട്-1999

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസിക വൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ആശ്രയ കൊല്ലം ആണ് നോഡൽ ഏജൻസി.

### 7.7.5 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഇളവുകളും, അവകാശങ്ങളും

### 7.7.5.1 ഡിസെബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും

കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അംഗപരിമിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. കേരള സാമൂഹ്യസുരക്ഷാ മിഷൻ പ്രാദേശിക തലത്തിൽ വൈകല്യ

നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും വിതരണം ചെയ്ത് വരുന്നു.

### 7.7.5.2 യൂണിക് ഡിസെബിലിറ്റി ഐഡി കാർഡ് (Unique Disability ID Card) –

ദേശീയതലത്തിൽ ഭിന്നശേഷിക്കാരുടെ ഡേറ്റ ബേസ് ഉണ്ടാക്കുന്നതിനും ഭിന്നശേഷിക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുമായി UDID കാർഡ് കേന്ദ്രസർക്കാരും അനുവദിക്കുന്നുണ്ട്. ഐഡി കാർഡിന് ഓൺലൈനിൽ അപേക്ഷിക്കണം. (https://www.swavlambancard.gov.in/pwd/application)

### 7.7.5.3 വിദ്യാഭ്യാസം

പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാലയ പ്രവേശനം ഉറപ്പാക്കാനും അവർക്ക് അനുയോജ്യമായ രീതിയിൽ വിദ്യാലയ പ്രവർത്തനം ലഭ്യമാക്കാനും ധാരാളം ഇളവുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**സ്കൂൾ പ്രവേശനം**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കാൻ പാടില്ല (സർക്കുലർ No.IED 67996/98DPI/Tvpm dated 16.12.1998).

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ ബി.ആർ.സി. മുഖേന സമഗ്ര ശിക്ഷാ കേരളാ (S.S.K) യും ഒൻപതു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് പൊതുവിദ്യാഭ്യാസവകുപ്പ് നേരിട്ടും റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം പഠിക്കുന്ന പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ എന്തെല്ലാം അധിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണമെന്ന ധാരണ അദ്ധ്യാപകർക്കു നൽകലും അവരെ അതിനു സഹായിക്കലുമാണ് റിസോഴ്സ് അദ്ധ്യാപകരുടെ പ്രധാന ചുമതല. കൂടാതെ കുട്ടികൾക്കു ലഭിക്കേണ്ട എല്ലാതരം ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതും രക്ഷിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ച് ധാരണ നൽകേണ്ടതും റിസോഴ്സ് അദ്ധ്യാപകരുടെ ചുമതലയാണ്.

### 7.7.5.4 ബഹുഭാഷകൾ പഠിക്കുന്നതിൽ ഇളവുകൾ (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, പഠനവൈകല്യം)

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ GO (MS) 155/88 dated 1.09.88 TVM ഉത്തരവ് പ്രകാരം, ശ്രവണ വൈകല്യമുള്ളവർക്ക് ഒന്നാം ഭാഷയായ മലയാളം മാത്രം പഠിച്ചാൽ മതിയെന്നും കുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അവരെ രണ്ടും മൂന്നും ഭാഷകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

### 7.7.5.5 എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ

പരീക്ഷയെഴുതുന്ന പ്രത്യേകാവശ്യങ്ങൾ ഉള്ള കുട്ടികൾക്ക് ഓരോ വിഭാഗത്തിലും പ്രത്യേകം ഇളവുകൾ ലഭ്യമാണ്. അപഗ്രഥനശേഷി ആവശ്യമുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിൽ ഇളവുണ്ട്. ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന ഇളവുകൾ താഴെ കൊടുക്കുന്നു.

### 7.7.5.6 കാഴ്ചക്കുറവുള്ള കുട്ടികൾക്ക്

» മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം
» ചിത്രം വര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല.

» ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം. ബ്രെയിൽ ലിപിയിൽ ആണ് ഉത്തരം എഴുതുന്നതെങ്കിൽ മണിക്കൂറിന് പതിനഞ്ച് മിനിറ്റ് അധികസമയം.
» എഴുതാൻ കഴിയാത്തവർക്ക് ഒരു സഹായിയെ (Scribe) ഉപയോഗപ്പെടുത്താം
» വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു എങ്കിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്. പകരം വായ്പാട്ട്, ഉപകരണ സംഗീതം, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാം.

### 7.7.5.7 കേൾവിക്കുറവുള്ള കുട്ടികൾക്ക്

» മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
» വ്യാഖ്യാതാവിന്റെ സേവനം
» 25% ഗ്രേസ് മാർക്ക്
» മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം
» മേൽപ്പറയുന്ന ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നെങ്കിൽ ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

### 7.7.5.8 ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക്

» മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
» വ്യാഖ്യാതാവ് അഥവാ എഴുതാനുള്ള സഹായിയുടെ സേവനം
» 25% ഗ്രേസ് മാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (GO (MS) No.61/98 dated 18.02.1989) ഉത്തരവ്.
» മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം. ഒഴിവാക്കുന്ന ഭാഷാവിഷയങ്ങൾക്കു പകരം ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കേണ്ടതാണ്.
» പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് പരീക്ഷയും ഒഴിവാക്കി കൊടുക്കാറുണ്ട്.

### 7.7.5.9 അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്

» ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
» ചിത്രംവര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്നും വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
» മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം. (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
» ആവശ്യമെങ്കിൽ പ്രത്യേക ഇരിപ്പിട ക്രമീകരണങ്ങൾ നൽകുന്നു.

### 7.7.5.10 പഠനവൈകല്യമുള്ള കുട്ടികൾക്ക്

ഡിസ്കാൽകുലിയ, ഡിസ് ഗ്രാഫിയ, ഡിസ്ലെക്സിയ എന്നീ പഠനവൈകല്യമുള്ള കുട്ടികൾക്കും വിവിധ തരത്തിലുള്ള പരീക്ഷാ ഇളവുകൾ അനുവദിച്ചു വരുന്നു.

ടി.ടി.സി, കെ.ജി.ടി.ഇ., സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരീക്ഷ, പരീക്ഷാ ഭവൻ നടത്തുന്ന മറ്റു വിവിധ പരീക്ഷകൾ എന്നിവയ്ക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഒരു സഹായിയെ (Scribe) ഉപയോഗപ്പെടുത്തുക, അധികസമയം അനുവദിച്ചു കിട്ടുക തുടങ്ങിയ പരീക്ഷാ ഇളവുകൾ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയുണ്ട്. എല്ലാ പരീക്ഷാ ഇളവുകളും

അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട അപേക്ഷ സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ വർഷവും ഒക്ടോബർ 30 നകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താം ക്ലാസ്സിൽ ലഭിക്കുന്ന മേൽപ്പറഞ്ഞ എല്ലാ പരീക്ഷ ആനുകൂല്യങ്ങളും താഴ്ന്ന ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭിക്കുന്നതിന് അർഹതയുണ്ട്.

### 7.7.5.11 സർവ്വകലാശാല പരീക്ഷകൾ

- കേരളസർവകലാശാല പരീക്ഷാ കൺട്രോളറുടെ ഉത്തരവു നമ്പർ EA1 1852/97 dated 20.01.1998 പ്രകാരം കേരള സർവ്വകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് അവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ്ടു അഡ്മിഷൻ ലഭിയ്ക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റു വീതം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി മാറ്റിവയ്ക്കുന്നു.

### 7.7.5.12 ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തടസങ്ങളില്ലാതെ സഞ്ചരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും റാമ്പും റയിലും, പ്രത്യേകമായി രൂപകല്പന ചെയ്ത ടോയിലറ്റുകളും നിർമ്മിക്കാൻ വ്യവസ്ഥയുണ്ട്.
- പ്രത്യേക പരിശീലനം നൽകുന്ന റിസോഴ്സ് റൂം ഓരോ സ്കൂളിലും നിർബന്ധമായും സജ്ജീകരിക്കേണ്ടതാണ്.
- ക്ലാസ്സ് മുറികൾ താഴെ നിലയിൽ ക്രമീകരിക്കാൻ വ്യവസ്ഥയുണ്ട്.
- സൗകര്യപ്രദമായ ഇരിപ്പിട ക്രമീകരണം.
- തീവണ്ടികളിൽ പ്രത്യേക കോച്ചുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- പ്രധാന സ്റ്റേഷനുകളിൽ പ്രത്യേക ടിക്കറ്റ് കൗണ്ടറുകൾ, റാമ്പുകൾ, വീൽചെയറുകൾ, ടോയിലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ട്.
- റിസർവേഷൻ കമ്പാർട്ടുമെന്റിൽ ബർത്തുകളും ജനറൽ കമ്പാർട്ടുമെന്റിൽ ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.
- കെട്ടിടനിർമ്മാണ ചട്ടപ്രകാരം ശാരീരിക അവശതകൾ ഉള്ളവർക്ക് പൊതു കെട്ടിടങ്ങളിലേക്ക് (Public Building) സുഗമമായി പ്രവേശിക്കുന്ന പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### 7.7.5.13 സഹായക ഉപകരണങ്ങൾ

- ആവശ്യമുള്ള എല്ലാ കുട്ടികൾക്കും മെഡിക്കൽ വിദഗ്ദരുടെ നിർദ്ദേശാനുസരണം സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. (കണ്ണട, ഹിയറിംഗ് എയ്ഡ്, വീൽ ചെയറുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ)

### 7.7.5.14 ബി.ആർ.സി.യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

» കുട്ടികളെ കണ്ടെത്തുന്നതിനു സർവേ
» മെഡിക്കൽ ക്യാമ്പുകൾ
» ഉപകരണങ്ങൾ ആവശ്യമുള്ളവർക്ക് സൗജന്യമായി വിതരണം ചെയ്യൽ
» പ്രീ–സ്കൂൾ, അങ്കണവാടി കുട്ടികൾക്ക് (0–5) പരിശീലനം.
» അദ്ധ്യാപക പരിശീലനം
» പരിഹാരബോധന ക്ലാസ്
» ക്ലാസ്റൂമിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകർ നൽകുന്ന പ്രത്യേക പരിശീലനങ്ങൾ.

### 7.7.5.15 ഗൃഹകേന്ദ്രീകൃത പരിശീലന പരിപാടി

» കടുത്ത വെല്ലുവിളികൾ നേരിടുന്നതിനാൽ സ്കൂളിൽ ചേർന്ന് പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് വീടുകളിൽ ചെന്ന് റിസോഴ്സ് അദ്ധ്യാപകർ നൽകുന്ന ചിട്ടയായ പരിശീലനം
» വിദ്യാലയങ്ങളിൽ തത്സമയ പിന്തുണാ സംവിധാനം
» സാമൂഹ്യ ബോധവത്ക്കരണ പരിപാടി
» പഠനോപകരണങ്ങളുടെ അനുരൂപീകരണം

*(ഉദാ: മാപ്പുകൾ, ഗ്ലോബുകൾ എന്നിവ കാഴ്ചക്കുറവുള്ള കുട്ടിക്ക് വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വേർതിരിച്ച് മനസ്സിലാക്കാൻ സഹായിക്കും വിധം നിർമ്മിക്കൽ)*

» തൊഴിൽ പരിശീലനം
» രക്ഷിതാക്കൾക്ക് കൗൺസലിംഗ്
» കുട്ടികൾക്കുള്ള സഹവാസക്യാമ്പുകൾ
» സായന്തന വേദികൾ
» സർഗക്കൂട്ടായ്മകൾ
» പഠനയാത്രകൾ
» മെഡിക്കൽ വിദഗ്ധരുടെ നേതൃത്വത്തിലുള്ള തുടർ പരിശീലനങ്ങൾ

### 7.7.5.16 മറ്റു സേവനങ്ങൾ

» ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു വർഷം പതിനഞ്ച് സ്പെഷ്യൽ കാഷ്വൽ ലീവ് (G.O.(P) No.249/84/Fin dated 09.05.1984, Tvm)
» കേൾവിക്കുറവുള്ള കുട്ടികൾക്ക് എല്ലാ സർക്കാർ, എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലും പ്രീ സ്കൂളുകൾ
» പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് എ.പി.എൽ/ ബി.പി,എൽ. പരിഗണന ഇല്ല.
» ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് വീടിനടുത്തുള്ള സ്ഥാപനത്തിൽ തന്നെ ജോലി ചെയ്യാനുള്ള അവകാശമുണ്ട്. (ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക്)
» കാഴ്ചക്കുറവ്, കേൾവിക്കുറവ്, ചലനവൈകല്യം എന്നിവയുള്ളവർക്ക് 3% പ്രവേശന

സംവരണവും ഉദ്യോഗാർഥികൾക്ക് (എം.ആർ.ഒഴികെ) 3% തൊഴിൽ സംവരണവും ഉറപ്പു വരുത്തിയിട്ടുണ്ട്. (G.O.(P)No.50/2007/SWD)

» കാഴ്ചക്കുറവുള്ളവർക്ക് BSNL ഫോൺ കണക്ഷന്റെ ഇൻസ്റ്റലേഷൻ ചാർജിലും പ്രതിമാസ വാടകയിലും 50% ഇളവിന് അർഹതയുണ്ട്.
» പി.ഡബ്ല്യൂ.ഡി. ആക്ട് സെക്ഷൻ 39 അനുസരിച്ച് എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വികലാംഗർക്ക് മൂന്നു ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.
» പാട്ടത്തിനോ വാടകക്കോ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലയാവയുടെ ഓരോ ഇനത്തിനും 3% വികലാംഗർക്ക് സംവരണം ചെയ്യേണ്ടതാണ്.

### 7.7.6 സാമ്പത്തിക സഹായങ്ങൾ

പ്രത്യേകാവശ്യങ്ങളുള്ള കുട്ടികൾക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പലതരം സാമ്പത്തിക സഹായങ്ങൾക്ക് അർഹതയുണ്ട്. പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

#### 7.7.6.1 സ്കോളർഷിപ്പുകൾ

» പുസ്തകവും സ്റ്റേഷനറി സാധനങ്ങളും
» യൂണിഫോം അലവൻസ്
» യാത്രാ അലവൻസ്
» വായനാസഹായിക്കുള്ള അലവൻസ്
» എസ്കോർട്ട് അലവൻസ് (ശാരീരിക വെല്ലുവിളികളുള്ള കുട്ടികൾക്കു മാത്രം)
» ഹോസ്റ്റൽ അലവൻസ്
» സഹായ ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങുന്നതിന്.

സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള ഈ സഹായങ്ങൾ ഡി.പി.ഐ.യുടെ ഐ.ഇ.ഡി. സെല്ലിൽ നിന്നും, ഒന്നു മുതൽ പത്തു വരെ ക്ലാസിലെ കുട്ടികളുടേത് എ.ഇ.ഒ., ഡി.ഇ.ഒ. മുഖേനയും പ്ലസ്ടു വിഭാഗത്തിന്റേത് ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും വി.എച്ച്.എസ്.ഇ.യിലെ കുട്ടികളുടേത് അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ. മുഖേനയും ലഭ്യമാക്കാനുള്ള വ്യവസ്ഥകളുമുണ്ട്. 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്കാണ് ഈ സഹായം ലഭിക്കുന്നത്. ഇതിനർഹതയുള്ളവർ ബന്ധപ്പെട്ട രേഖകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മുതലായവ) പഠിക്കുന്ന സ്കൂളിൽ ഹാജരാക്കി ബന്ധപ്പെട്ട മേലധികാരികൾ മുഖേന അപേക്ഷിക്കണം.

### 7.7.7 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (എസ്.എസ്.കെയിൽ നിന്ന്)

ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വൈകല്യവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് പരമാവധി 5000 രൂപ വരെ എസ്.എസ്.കെയിൽ നിന്നും ലഭ്യമാണ്. ഈ ആനുകൂല്യം ലഭിക്കുവാൻ ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും സഹിതം ബി.ആർ.സി.കളിൽ അപേക്ഷ സമർപ്പിച്ചാൽ മതി.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ, സർക്കാർ

ജീവനക്കാരായ രക്ഷിതാവിന് പ്രതിമാസം 600 രൂപ വിദ്യാഭ്യാസ അലവൻസ് ലഭിക്കുവാൻ അർഹതയുണ്ട്. കുട്ടിയുടെ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ സാക്ഷിപത്രവും സ്ഥാപന മേധാവിക്കു നൽകിയാൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്.

*(ഉത്തരവ് നമ്പർ G.O.(P) No.352/07/(65) Fin. Dt.7.08.2006.Tvm)*

## 7.8 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള പരിശീലനവും സാങ്കേതികവുമായ സഹായങ്ങളുമാണ് "നിഷ്" നൽകുന്നത്. കൂടാതെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുനഃസ്ഥാപിക്കുക, സ്പീച്ച്തെറാപ്പി, ഏർലി ഇന്റർവെൻഷൻ ആന്റ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്റർവെൻഷൻ ക്ളിനിക്ക് (Autism Intervention Clinic), ഇ.എൻ.റ്റി സേവനങ്ങൾ, മനശാസ്ത്രപരമായ സേവനങ്ങൾ, കേൾവി ശക്തി കുറവുള്ള പന്ത്രണ്ടാം ക്ലാസ്സ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രി കോഴ്സുകൾ, BASLP, MASLP എന്നീ കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കേരളസർക്കാർ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പിയുടെ സംസ്ഥാന തലത്തിലുള്ള ഉത്തരവാദിത്തം 'നിഷ്' വഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ 'നിഷ്' നടപ്പാക്കിവരുന്നു.

*നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)*
*കരിമണൽ പി.ഒ, തിരുവനന്തപുരം 695583, കേരള, ഇന്ത്യ*
*ഫോൺ : +914713066666, 2596919, ഫാക്സ് :+914713066699*
*ഇ-മെയിൽ nishinfo@nish.zc.in, വെബ്സൈറ്റ് : http://www.nish.ac.in*

## 7.9 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് & അദർ ചാരിറ്റബിൾ ഹോംസ്

» ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സംരക്ഷണഭവനങ്ങൾക്കുള്ള ധനസഹായം.
» വികലാംഗത്വം തെളിയിക്കുന്ന മെഡിക്കൽ വിദഗ്ധന്റെ സർട്ടിഫിക്കറ്റിന്റേയും വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കപ്പെട്ട ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണ ഭവനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കും. സ്ഥാപനം സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ഉള്ളതും ഗ്രാന്റ് ലഭിക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതുമായിരിക്കണം.

മുകളിൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എല്ലാ വർഷവും സെപ്റ്റംബർ 30-ന് മുമ്പ് സ്ഥാപനത്തിന്റെ ആഡിറ്റ് റിപ്പോർട്ട് സഹിതം നിർദ്ദിഷ്ടഫോറത്തിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അപേക്ഷ നൽകണം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മാർച്ച് 31-ന് മുമ്പ് ധനസഹായം ഡിമാന്റ് ഡ്രാഫ്റ്റായി ലഭിക്കും.

**ഭിന്നശേഷി വിഭാഗക്കാരുടെ പ്രത്യേക വാർഡ് സഭ (വാർഡ് തലത്തിൽ)**

*(ജി.ഒ. (എം.എസ്) നമ്പർ. 4/2016 തീയതി 11.1.2026)*

» ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കികൊണ്ട് അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തലാണ് ഈ ഗ്രാമസഭ കൊണ്ട് ഉദ്ദേശിക്കുന്നത്.

» ഭിന്നശേഷിക്കാരുടെ ദീർഘകാല വികസനത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധതിക്കും രൂപം നൽകുക

» ഭിന്നശേഷിക്കാരുടെ വ്യവസ്ഥാപിതമായ അവകാശങ്ങൾ സംരക്ഷിക്കുക.

1. പങ്കാളികൾ വാർഡിലെ ഭിന്നശേഷിക്കാരായ എല്ലാ അംഗങ്ങളും
2. ക്ഷണിതാക്കൾ
   - വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾ
   - സംഘടനാ പ്രതിനിധികൾ
   - ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ
3. സംഘാടനം നഗരസഭ ഭരണസമിതി, ക്ഷേമകാര്യ സ്റ്റാറ്റാന്റിംഗ് കമ്മിറ്റി
4. വിളിച്ചുകൂട്ടുന്നത് വാർഡ് മെമ്പർ/കൗൺസിലർ
5. അദ്ധ്യക്ഷൻ, മേയർ/ചെയർപേഴ്സൺ
6. യോഗം വർഷത്തിൽ ഒരിക്കൽ
7. പ്രസ്തുത വാർഡ് സഭയുടെ തീരുമാനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം

*(14ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ. ഖണ്ഡിക 3.2.9 കൂടി കാണുക.)*

**മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കായികക്ഷമതാ വികസനം എന്നിവ ഉറപ്പുവരുത്തുന്നതിന് വികേന്ദ്രീകൃത പദ്ധതി മാർഗ്ഗരേഖയിലെയും സബ്സിഡി–ധനസഹായ–മാർഗ്ഗരേഖയിലെയും അനുമതികൾ ഉപയോഗപ്പെടുത്തി ഈ രംഗത്ത് ചില നഗരസഭകൾ മാതൃകാ പരമായി സ്ഥാപനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്**

**ചില നഗരസഭാ മാതൃകകൾ**

| | | |
|---|---|---|
| 1 | ബഡ്സ് സ്കൂൾ | ചേർത്തല മുനിസിപ്പാലിറ്റി |
| 2 | ബഡ്സ് സ്കൂൾ | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി |
| 3 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | കളമശ്ശേരി മുനിസിപ്പാലിറ്റി |
| 4 | ബഡ്സ് റീഹാബിലിറ്റേഷൻ & ഫെസിലിറ്റേഷൻ സെന്റർ | മലപ്പുറം മുനിസിപ്പാലിറ്റി |

# 8

# വയോജന സൗഹൃദ നഗരഭരണം

## 8.1ആമുഖം

ഐക്യരാഷ്ട്രസംഘടന (യു.എൻ) യുടെ ജനറൽ അസംബ്ലി 1991 ഡിസംബർ 16 ന് വയോജനങ്ങളെ സംബന്ധിച്ച് 18 ഇനം അവകാശപ്പട്ടിക ഐക്യകണ്ഠേന അംഗീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യം, പൊതുപങ്കാളിത്തം, സംരക്ഷണം, സ്വയം പര്യാപ്തത, അർഹിക്കുന്ന പരിഗണന നൽകൽ എന്നിവയാണ് പ്രമുഖ സ്ഥാനത്തുള്ളത്. ആ അവകാശപത്രികയുടെ അടിസ്ഥാനത്തിൽ ലോകത്തെ ഭൂരിപക്ഷ രാജ്യങ്ങളും (ഇന്ത്യ ഉൾപ്പടെ) –വയോജന നയം പ്രഖ്യാപിക്കുകയുണ്ടായി.

കേരളം ജനസംഖ്യയുടെ കാര്യത്തിൽ വ്യത്യസ്തമായ ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വ്യത്യസ്ത പ്രായമുള്ളവരുടെ അനുപാതത്തിൽ അടുത്ത കാലത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹികജീവിതത്തിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി നാം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ഏറുകയുണ്ടായി. കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിൽ മുമ്പ് നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയിൽ വയോജനങ്ങളുടെ സംരക്ഷണം കുടുംബങ്ങളിൽ തന്നെ ഭദ്രമായിരുന്നു. എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥ അണുകുടുംബങ്ങൾക്ക് വഴിമാറിയപ്പോൾ വയോജനങ്ങൾക്ക് സഹായകമായിരുന്ന വലിയൊരു സുരക്ഷാവലയം ഇല്ലാതായി. വ്യവസായവൽക്കരണവും നഗരവൽക്കരണവും ആഗോളവൽക്കരണവും ഈ പ്രശ്നത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. വയോജനങ്ങൾ സ്വന്തം മക്കളോടൊപ്പം കഴിഞ്ഞിരുന്ന ഒരു സാമൂഹികക്രമമായിരുന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. എന്നാൽ തൊഴിൽ തേടി പട്ടണങ്ങളിലേയ്ക്കും മറ്റുനാടുകളിലേക്കും പ്രിയപ്പെട്ടവർ ചേക്കേറിയപ്പോൾ ഒറ്റപ്പെടലിന്റെ നീർക്കയത്തിലേയ്ക്ക് വയോജനങ്ങൾ തള്ളപ്പെട്ടു.

**വയോജന സ്ഥിതിവിവരകണക്കുകൾ (അവലംബം 2011 സെൻസസ്)**

| | ഇന്ത്യയിൽ | കേരളത്തിൽ (3.48 കോടി) |
|---|---|---|
| വയോജനങ്ങൾ | 1.21 ബില്ല്യൻ | 13.6 % |
| പുരുഷൻമാർ | 5% | 11.8 % |
| സ്ത്രീകൾ | 5.7% | 13.3 % |
| | 2050 ൽ 19 % (വരുമെന്ന് കണക്കാക്കപെടുന്നു) | 2026 ൽ 18.3 % (വരുമെന്ന് കണക്കാക്കപെടുന്നു) |

## 8.2 വയോജനങ്ങൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ

» സാമ്പത്തികം
» ശാരീരിക ആരോഗ്യം
» മാനസികാരോഗ്യം
» സാമൂഹ്യാരോഗ്യം

ഇവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ സാമൂഹ്യസംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടത്ര കഴിഞ്ഞിട്ടില്ല. ഒരു സംസ്കാരത്തേയും സമൂഹത്തേയും വളർത്തുന്നതിനും നിലനിർത്തുന്നതിനും ജീവിതത്തിലെ സിംഹഭാഗവും ചെലവഴിച്ച വയോജനങ്ങളുടെ ശിഷ്ടജീവിതം സന്തോഷകരമാക്കുവാനുള്ള ഉത്തരവാദിത്തം ഏതൊരു പരിഷ്കൃത സമൂഹത്തിനും ഉണ്ട്. മേൽപശ്ചാത്തലത്തിൽ അറുപത് വയസ്സ് പൂർത്തിയായ എല്ലാവരേയും വയോജനമായി കണക്കാക്കി അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും വയോജനനയം രൂപീകരിച്ചിട്ടുണ്ട്.

## 8.3 വയോജനങ്ങളുടെ സവിശേഷ പ്രാധാന്യവും സൗഹൃദ തദ്ദേശഭരണവും

മുതിർന്ന പൗരൻമാരുടെ വാർദ്ധാക്യകാല ജീവിതം സന്തോഷകരവും സംതൃപ്തവും ആരോഗ്യകരവു മാക്കിത്തീർക്കുക എന്നത് നമ്മുടെ രാഷ്ട്രത്തിന്റെ നയമാണ്. വൈവിധ്യമാർന്ന സങ്കീർണ്ണ പ്രശ്നങ്ങളാണ് ഇവരിൽ പലരും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവയ്ക്ക് പരിഹാരം കാണുക സാമൂഹ്യ ഇടപടൽ കൊണ്ട് മാത്രമെ സാധ്യമാകു. വയാജന സൗഹൃദഭരണം കൊണ്ട് പ്രതീക്ഷിക്കുന്നത് അനിവാര്യമായ സാമൂഹ്യ ഇടപെടലുകൾക്കും ആവശ്യമായ സമ്പ്രദായങ്ങളും (System) സംവിധാനങ്ങളും (Structure) പ്രാദേശികതലത്തിൽ ഉറപ്പു വരുത്തുകയാണ്. ഇതിനേറ്റവും ആവശ്യം വയോജന അവകാശങ്ങൾ തിരിച്ചറിയുകയും അവ സംരക്ഷിക്കുകയും ഈ അവകാശങ്ങൾ അവർക്ക് അനുഭവവേദ്യമാക്കുകയുമാണ്. ഇത്തരത്തിൽ വയോജന അവകാശങ്ങൾ ഉറപ്പാക്കുന്ന പ്രാദേശിക സർക്കാർ കേന്ദ്രീകൃതമായ ഒരു വയോജന സൗഹൃദ തദ്ദേശഭരണമാണ് കേരളം പ്രതീക്ഷിക്കുന്നത്.

മുതിർന്ന പൗരന്മാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് യോജിക്കുന്ന അവസരങ്ങൾ കണ്ടെത്തി അന്തസ്സോടെ കുടുംബത്തിലും,

സമൂഹത്തിലും കഴിയാനുള്ള സാഹചര്യം ഒരുക്കുമ്പോൾ മാത്രമേ വയോജന സൗഹൃദ തദ്ദേശഭരണം യാഥാർത്ഥ്യമാകുകയുള്ളൂ.

## 8.4 വയോജനങ്ങളുടെ അവകാശങ്ങൾ

1. സ്വാതന്ത്ര്യം
2. സംരക്ഷണം
3. പങ്കാളിത്തം
4. ആത്മസംതൃപ്തി
5. അന്തസ്സ്

## 8.5 വയോജന നയം

» മുതിർന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണ്.
» മുതിർന്നവർ വാർദ്ധക്യാവസ്ഥയിൽ എത്തും മുമ്പ് അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളോട് കടപ്പാടുണ്ടായിരിക്കണം.
» ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർക്ക് പ്രത്യേക പരിലാളനവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണ്.
» സ്വഗൃഹത്തിൽ വാർദ്ധക്യകാലം എന്ന നിലപാട് പ്രോത്സാഹിപ്പിച്ചും സ്ഥാപനതല സംരക്ഷണം അവസാന അഭയമായും കണക്കാക്കണം.
» മുതിർന്ന പൗരരെ ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽനിന്നും സംരക്ഷിച്ച് ജീവിത ഗുണമേന്മ ഉറപ്പാക്കണം.
» ത്യജിക്കപ്പെടുന്ന പൗരർക്ക് സംരക്ഷണം ഏർപ്പെടുത്തണം.
» അനുയോജ്യമായ ചെലവ് കുറഞ്ഞ ആരോഗ്യ പരിപാലന സൗകര്യം ഏർപ്പെടുത്തണം.
» വയോജന സംബന്ധമായ വിഷയങ്ങൾ വിദ്യാഭ്യാസ പാഠ്യ പദ്ധതികളിൽ ഉൾപ്പെടുത്തണം.
» മുതിർന്ന മാതാപിതാക്കളെ സംരക്ഷിക്കുകയെന്നത് പെൺമക്കളുടെയും ആൺമക്കളുടെയും തുല്യബാദ്ധ്യതയും ചുമതലയുമായിരിക്കും.

### 8.5.1 വയോജന വികസന സമീപനങ്ങൾ

1. ജീവിത ദൈർഘ്യ സമീപനം (Life span approach)
2. അവകാശാധിഷ്ഠിത സമീപനം (Right based approach)

### 8.5.2 വയോജന സൗഹൃദ കർമ്മപദ്ധതി നിർദ്ദേശങ്ങൾ

1. സ്ഥാപനങ്ങളെ വയോജന സൗഹൃദമാക്കൽ
2. വയോജന സൗഹൃദ സേവന സംവിധാനങ്ങൾ
3. പൊതു ഇടങ്ങളെ വയോജന സൗഹൃദമാക്കൽ
4. വയോജന സൗഹൃദപങ്കാളിത്ത വേദികൾ (വർക്കിംഗ് ഗ്രൂപ്പ്, പ്രത്യേക വാർഡ്സഭ, അയൽക്കൂട്ടം)
5. വയോജന വിവരശേഖരണം
6. വയോജന കേന്ദ്രീകരണ നിയമ-സംരക്ഷണ സംവിധാനങ്ങൾ

7. ഐ.ഇ.സി. സംവിധാനങ്ങൾ (IEC–Information Education and Communication)
8. പൊതുജന പങ്കാളിത്തവും സേവന ഏകോപനവും ഉറപ്പാക്കൽ

### 8.5.3 വയോജനനയം തയ്യാറാക്കൽ

ഇന്ത്യ ഗവൺമെന്റിന്റെ വയോജന നയത്തിന്റെ ചുവട് പിടിച്ച് 2006 ൽ കേരളാ ഗവൺമെന്റ് വയോജന നയം പ്രഖ്യാപിച്ചു. സാമൂഹ്യനീതിവകുപ്പിന്റെ 6.5.13 ലെ ജി.ഒ (എം.എസ്) നം.37/2013 പ്രകാരം ആയത് പരിഷ്ക്കരിക്കപ്പെട്ടു. പ്രാദേശികതലത്തിലും ഈ മാതൃകയിൽ നഗരസഭകൾ വയോജന നയം തയ്യാറാക്കേണ്ടതാണ്.

» വയോജനങ്ങളെ സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ നഗരസഭകൾ ശേഖരിക്കണം.
» തദ്ദേശസർക്കാർതലത്തിൽ പ്രത്യേകയോഗം (വയോജനഗ്രാമസഭ) വിളിച്ചു ചേർക്കാവുന്നതാണ്.
» വിവരങ്ങളുടെ അടിസ്ഥാനത്തിൽ നയവും കർമ്മപരിപാടിയും തയ്യാറാക്കണം.
» നഗരസഭാ കൗൺസിൽ കൂടി നയവും കർമ്മപരിപാടികളും അംഗീകരിക്കണം. നയരൂപീകരണത്തിനായി ജനകീയ സഹായ സമിതികൾ രൂപീകരിച്ച് ചുമതലകൾ നൽകുകയും ചെയ്യാം.

### 8.5.4 സഹായസമിതി ചുമതലകൾ

» വയോജനങ്ങളുടെ പരാതി കേൾക്കുക, പരിഹരിക്കാൻ സഹായിക്കുക
» തർക്കങ്ങൾ പരിഹരിക്കുക
» നിയമസഹായം ലഭ്യമാക്കുക
» അർഹമായത് നേടിക്കൊടുക്കാൻ സഹായിക്കുക
» വയോജനക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
» ഡിമെൻഷ്യ, അൽഷിമേഴ്സ്, പാലിയേറ്റീവ് രോഗികൾക്ക് പ്രത്യേക പരിചരണം ഉറപ്പാക്കുക.
» വയോജന വിനോദ വിശ്രമകേന്ദ്രങ്ങൾ (പകൽവീട്) പകൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിന് നേതൃത്വം നൽകുക.

## 8.6 പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെ ? എങ്ങനെ ?

### 8.6.1 പകൽ വീട്

എല്ലാ വാർഡിലും പകൽ വീട് തിരക്കേറിയ ഈ ജീവിതത്തിൽ, ചെറു കുടുംബങ്ങളിൽ, പലപ്പോഴും പകൽസമയങ്ങളിൽ വയോജനങ്ങൾ ഒറ്റപ്പെടുകയാണ്. പകൽസമയത്ത് അവർക്ക് ഒത്തു കൂടാൻ എല്ലാ വാർഡിലും ഒരു ഇടം വേണം. നമ്മൾ ഒന്ന് സഹായിച്ചാൽ അതിനുള്ള വഴി അവർ തന്നെ കണ്ടെത്തിക്കൊള്ളും.

» ഇതിന് ഒരു കെട്ടിടം വേണം (താൽക്കാലികമായി ഒഴിഞ്ഞുകിടക്കുന്ന സ്കൂൾ ക്ലാസ്സ് മുറികളോ, അങ്കണവാടി/ഡേ കെയർ സൗകര്യങ്ങളോ, ഉപയോഗപ്പെടുത്താവുന്നതാണ്. അനുയോജ്യമായത് കണ്ടെത്തി തുടങ്ങിയാൽ മതി)
» വയോജനക്ലബ്ബിന്റെ നേതൃത്വത്തിലായിരിക്കണം ഇത് പ്രവർത്തിക്കേണ്ടത്
» ഹൈസ്ക്കൂൾ തലത്തിലുള്ള വിദ്യാർത്ഥി സമൂഹത്തിന്റെ വോളന്ററി സഹായങ്ങൾ

ഉപയോഗിക്കാവുന്നതാണ്.

» വയോജനങ്ങൾക്ക് പകൽ വന്ന് ചെലവഴിക്കാനുള്ള ഇടമായിരിക്കണം. ഇവിടെ വിനോദം, വിജ്ഞാനം, അറിയാവുന്ന തൊഴിൽ ചെയ്യൽ തുടങ്ങിയവയ്ക്കുള്ള സംവിധാനം ഉണ്ടാവണം. കൂടാതെ, മാസത്തിൽ ഒരിക്കലെങ്കിലും വൈദ്യപരിശോധനയ്ക്കുള്ള സംവിധാനം ഒരുക്കണം.

**സാധ്യമായ മറ്റ് പ്രവർത്തനങ്ങൾ**

» വയോജന ക്ലബ്ബുകൾ രൂപീകരിക്കുവാൻ മുൻകൈ എടുക്കുകയും പ്രവർത്തനങ്ങൾക്കു വേണ്ട ധനസഹായം നൽകുകയും ചെയ്യുക.
» വയോജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക
» വയോജനനയവും കർമ്മപരിപാടിയും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
» വയോജന സഹായസമിതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
» വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കുക
» പരിചരണം ആവശ്യമായവരെ പാലിയേറ്റീവ് കെയർ പാക്കേജിൽ ഉൾപ്പെടുത്തുക
» പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യസംരക്ഷണം, കിടപ്പാടം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
» വയോജനങ്ങളുടെ സേവനം നാടിന്റെ വളർച്ചയ്ക്കും സാമൂഹിക നിർമ്മതിക്കും ഉപകാരപ്പെടുത്തുന്ന രീതിയിൽ സംവിധാനങ്ങൾ ക്രമപ്പെടുത്താവുന്നതാണ്. (ഉദാ: ആസൂത്രണ സമിതി, Working Groups, etc) വിദഗ്ധരായവരുടെ ഡേറ്റാബാങ്ക് നഗരസഭാതലത്തിൽ തയ്യാറാക്കാവുന്നതാണ്.
» പി.എച്ച്.സികളിൽ/ആരോഗ്യ സ്ഥാപനങ്ങളിൽ Geriatric doctors-ന്റെ സേവനവും ഒപ്പം തന്നെ കൗൺസിലർമാരുടെ സേവനവും
» നഗരസഭ തലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങൾക്ക് meals on wheels പ്രോഗ്രാം പോലെയുള്ള പദ്ധതികൾ

## 8.7 സാമൂഹ്യനീതിവകുപ്പ് വഴിയുള്ള പദ്ധതികൾ വയോജനക്ഷേമ പദ്ധതികൾ

### 8.7.1 വയോജനങ്ങൾക്കുള്ള സംയോജിതസംരക്ഷണ പദ്ധതി

വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഗണിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. അവരുടെ സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഒരുക്കുന്നു. ഈ പദ്ധതിയുടെ ക്രിയാത്മക നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു.

### 8.7.2 വൃദ്ധസദനം

സംരക്ഷിക്കാനാളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളതും മേൽപറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നതുമായ എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും. അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അപേക്ഷ നൽകേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

### 8.7.3 വൃദ്ധസദനങ്ങൾക്കുള്ള കേന്ദ്രസഹായം

ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസിപ്പിക്കുകയും അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്ന വൃദ്ധസദനങ്ങൾക്ക് കേന്ദ്ര സഹായം നൽകുന്നു. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

### 8.7.4 ആശ്വാസകേന്ദ്രങ്ങളും തുടർസംരക്ഷണ കേന്ദ്രങ്ങളും

വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സംരക്ഷണ ചെലവ് നൽകുന്നു.

### 8.7.5 വൃദ്ധർക്കായി വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി

വൃദ്ധരുടെ പകൽ സംരക്ഷണ കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നൽകുന്ന 90 പേരെങ്കിലുമുള്ള കേന്ദ്രത്തിന് ധനസഹായം നൽകുന്നു.

### 8.7.6 മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി

ചേരി പ്രദേശങ്ങളിലും വികസനമെത്താത്ത ഗ്രാമങ്ങളിലും യാതൊരു സൗകര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്കായുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കുറഞ്ഞത് 400 പേർക്കെങ്കിലും ഒരു മാസം ചികിത്സാ–സഹായമെത്തിക്കാൻ, വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും, വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന സ്ഥാപനങ്ങൾക്കും, ആശുപത്രി, മെഡിക്കൽ കോളേജ്, നേഴ്സിംഗ് ഹോമുകൾക്കും സംസ്ഥാന സർക്കാരിന്റെ ചുമതലയിൽപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ നൽകുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു.

### 8.12.7 ഓർമ്മശക്തി നശിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി

സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന വിധത്തിലുള്ള പകൽപരിപാലന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും അത് പരിപാലിച്ച് കൊണ്ട് പോകുന്നതിനുമായി നൽകുന്ന ധനസഹായ പദ്ധതിയാണിത്. കുറഞ്ഞത് 20 പേരെയെങ്കിലും സംരക്ഷിക്കുന്ന ഇത്തരം കേന്ദ്രങ്ങൾക്ക് ധനസഹായം ലഭിക്കുന്നു.

**8.7.8 ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം**

ഫിസിയോതെറാപ്പി ക്ലീനിക്കുകൾ നടത്തുന്ന സന്നദ്ധസംഘടനകൾക്ക്/മെഡിക്കൽ കോളേജുകൾക്ക്/നേഴ്സിംഗ് ഹോമുകൾക്ക് മിനിമം 50 പേർക്കുള്ള വാർഷിക ധനസഹായം നൽകുന്നു.

**8.7.9 വികലാംഗ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

വയോജനങ്ങൾക്ക് വികലാംഗ സഹായ ഉപകരണങ്ങൾ, ശ്രവണ സഹായ ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിനു വേണ്ടി മെഡിക്കൽ കോളേജുകൾ/ചാരിറ്റബിൾ ആശുപത്രികൾ/നേഴ്സിംഗ് ഹോമുകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

**8.7.10 വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ പദ്ധതി**

വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ സംരക്ഷണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ആശുപത്രികൾ/നേഴ്സിംഗ് ഹോമുകൾ/സന്നദ്ധസംഘടനകൾക്കും, മെഡിക്കൽ കോളേജുകൾക്കും ധനസഹായം നൽകുന്നു.

**8.7.11 വയോജനങ്ങളുടെ കൗൺസിലിംഗ് ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിന് ധനസഹായം**

വയോജനങ്ങൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ, ഹെൽപ്പ്ലൈൻ എന്നിവ ഏർപ്പെടുത്താക്കുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും, ചാരിറ്റബിൾ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കും ധനസഹായം നൽകുന്നു.

**8.12.12 അവബോധ ക്യാമ്പുകൾ സംഘടിപ്പിക്കുക**

വയോജനങ്ങളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

**8.7.13 മേഖല അടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം**

വയോജനരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്ററിന് ധനസഹായം നൽകുന്നു.

**8.7.14 വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടികൾക്ക് നൽകുന്ന ധനസഹായം**

വയോജനങ്ങളെ സംരക്ഷിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുന്ന പരിപാടികൾക്ക് ധനസഹായം നൽകുന്നു.

**8.7.15 വയോജനങ്ങൾക്ക് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം**

ദൃശ്യ/ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ വൃദ്ധാജനങ്ങൾക്ക് ബോധവൽക്കരണം.

**8.7.16 വൃദ്ധസദനം/ഡേകെയർ സെന്റർ എന്നിവ ആരംഭിക്കുന്നതിന് നഗരസഭകൾക്കുള്ള ധനസഹായ പദ്ധതി**

25 അന്തേവാസികൾക്ക് പ്രവേശനത്തിന് സൗകര്യമുള്ള വൃദ്ധാസദനങ്ങൾക്കാണ്

ഈ ആനുകൂല്യം ലഭിക്കുക. ഡേകെയർ സെന്റർ ആണെങ്കിൽ 50 പേർക്കുള്ള സൗകര്യം ഉണ്ടായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച അപേക്ഷ ജില്ല സാമൂഹ്യനീതി വകുപ്പ് ഓഫീസർക്ക് നൽകേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും ലഭിക്കും. കൂടാതെ ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ (www.swd.kerala.gov.in) നിന്നും വിവരങ്ങൾ ലഭ്യമാണ്.

മേൽ പദ്ധതികളുടെ വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## 8.8 വയോജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ

### 8.8.1 അംഗപരിമിതരായ വയോജനങ്ങൾക്കുള്ള ഹോം

55 വയസ്സിന് മുകളിൽ പ്രായമുള്ള അംഗപരിമിതരായ വയോജനങ്ങൾക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്. ജില്ലാ പ്രൊബേഷൻ ഓഫീസർ/മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശക്കത്തുമായി അർഹതയുള്ളവർ ഹോം സൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. ആലപ്പുഴ, വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

### 8.8.2 വയോജനങ്ങൾക്കുള്ള ഡേകെയർ സെന്ററുകൾ

അണുകുടുംബ സംവിധാനത്തിൽ വയോജനങ്ങൾക്ക് ശരിയായ സംരക്ഷണവും ശ്രദ്ധയും ലഭിക്കാത്ത സാഹചര്യത്തിൽ പകൽസമയങ്ങളിൽ അവരുടെ പരിപാലനം ഉറപ്പാക്കുന്ന സ്ഥാപനങ്ങളാണിത്. ലഘുഭക്ഷണവും ആതുരശുശ്രൂഷയും പരിപാലനവും ലഭിക്കുന്ന ഈ സ്ഥാപനങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.

## 8.9 നിയമവ്യവസ്ഥകൾ

### 8.9.1 മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം-2007 (Maintenance and Welfare of Parents and Senior Citizens Act, 2007)

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തിന്റെ ചുവട് പിടിച്ച് **'കേരള മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ചട്ടങ്ങൾ 2009'** (Kerala Maintenance and Welfare of Parents and Senior Citizens Rules, 2009) കേരളത്തിൽ നിലവിൽ വന്നു. ഈ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് വയോജനപരിരക്ഷ കുടുംബത്തിന്റെ ഉത്തരവാദിത്തമാകുന്നു. വയോജനത്തിന്റെ സ്വത്ത് കൈമാറ്റം ചെയ്യപ്പെട്ടാലും അവരെ പരിരക്ഷിക്കുന്ന കാര്യത്തിൽ മക്കൾ വീഴ്ച്ച വരുത്തിയാൽ സ്വത്ത് തിരിച്ച് ഈടാക്കാവു

ന്നതാണ്. സംരക്ഷണച്ചുമതലയിൽ മകനും മകൾക്കും ഒരു പോലെ പങ്കുണ്ട്. മക്കളുടെ അഭാവത്തിൽ ശേഷിയുള്ള അടുത്ത ബന്ധുവാണ് വയോജനത്തെ പരിചരിക്കേണ്ടത്.സ്വന്തം സ്വത്ത് ഈട് നൽകി വയോജനത്തിന് ബാങ്കിൽ നിന്ന് ലോൺ എടുക്കാം. എന്നാൽ ലോൺ തിരിച്ചടക്കേണ്ടത് മക്കളുടെ ബാദ്ധ്യതയാകുന്നു എന്ന വ്യവസ്ഥ ഉൾപ്പെടുന്ന റിവേഴ്സ് മോർട്ട്ഗേജ് സംവിധാനവും ഈ നിയമപരിധിൽ ഉൾപ്പെടുന്നു. സ്വന്തം വരുമാനത്തിൽ നിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിന് കഴിവില്ലാത്ത മാതാപിതാക്കൾ ഉൾപ്പെടെയുള്ള മുതിർന്ന പൗരന്മാർക്ക് 2007ലെ നിയമത്തിലെ വകുപ്പ് 5 പ്രകാരം പരിരക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ട്രൈബ്യൂണലിന് അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക 2009ലെ ചട്ടപ്രകാരം പതിനായിരം രൂപയാണ് (ചട്ടം 14).

### 8.9.2 നിയമത്തിലെ പ്രധാന വ്യവസ്ഥകൾ

» സ്വന്തം വരുമാനമില്ലാത്ത മാതാപിതാക്കൾക്ക് മക്കളോ, പേരക്കുട്ടികളോ സംരക്ഷണ ചെലവ് നൽകാനും സംരക്ഷിക്കാനും ഉള്ള ഉത്തരവാദിത്തം നൽകുന്ന നിയമം. മാതാപിതാക്കൾക്ക് 60 വയസ്സിന് മുകളിൽ പ്രായമുണ്ടാകണമെന്നില്ല.

» ഇതിൽ 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മുതിർന്ന പൗരനെ അയാളുടെ സ്വത്ത് ലഭിക്കാൻ അർഹതപ്പെട്ട വ്യക്തി സംരക്ഷിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു.

» ഈ നിയമപ്രകാരം 10,000 രൂപ വരെ സംരക്ഷണചെലവിന് കിട്ടാൻ വയോജനങ്ങൾക്കും മാതാപിതാക്കൾക്കും മെയിന്റനൻസ് ട്രബ്യൂണലിനെ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ്/RDOയെ) സമീപിക്കാം.

» ഈ നിയമം നിലവിൽ വന്ന ശേഷം മാതാപിതാക്കളെ സംരക്ഷിച്ചുകൊള്ളാം എന്ന ഉറപ്പിന്മേൽ അവർ മക്കൾക്ക് വസ്തുകൈമാറ്റം ചെയ്യുകയും പിന്നീട് സംരക്ഷിക്കാതിരിക്കുകയും ചെയ്താൽ, മാതാപിതാക്കൾക്ക് ആ വസ്തു/സ്വത്ത് തിരിച്ച് ലഭിക്കാനുള്ള അവകാശം നിയമത്തിലുണ്ട്.

» സാമൂഹ്യനീതിവകുപ്പ് ഉദ്യോഗസ്ഥർ വഴിയാണിത് നടപ്പിലാക്കുന്നത്.

» സർക്കാർ ആശുപത്രികളിൽ കഴിവതും എല്ലാ മുതിർന്ന പൗരന്മാർക്കും കിടക്കകൾ നൽകുകയും പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.

» നിർധനരും നിരാലംബരുമായ മുതിർന്ന പൗരന്മാർക്ക് വൃദ്ധസദനങ്ങൾ സ്ഥാപിക്കണം.

» വയോജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ പോലീസ് പ്രത്യേക കർമ്മപദ്ധതിയുണ്ടാക്കണം. മുതിർന്ന പൗരന്മാർക്കെതിരെയുള്ള കുറ്റകൃത്യം തടയാൻ സന്നദ്ധസേവകരുടെ കമ്മിറ്റി രൂപീകരിക്കുകയും അത്തരം കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും, Do's and Don't's ലിസ്റ്റ് തയ്യാറാക്കി മുതിർന്ന പൗരന്മാർക്ക് നൽകുകയും, വീട്ടിലെ ജോലിക്കാരുടെ മുൻ ചരിത്രം അന്വേഷിക്കാൻ ആവശ്യപ്പെട്ടാൽ അത് ചെയ്യുകയും വേണം.

» മുതിർന്ന പൗരനെ ഉപേക്ഷിക്കുകയോ അഭയമില്ലാതാക്കുകയോ ചെയ്യുന്നത് മൂന്ന് മാസം വരെ തടവ് ശിക്ഷക്കോ 5000 രൂപ പിഴ, ശിക്ഷയ്ക്കോ വിധേമാക്കാവുന്ന ഒരു കുറ്റകൃത്യമാണ്.

### 8.9.3 ക്രിമിനൽ നടപടിക്രമം 1973

125ാം വകുപ്പ്: സ്വയം രക്ഷിക്കാൻ കഴിയാത്ത പിതാവിനെയും മാതാവിനെയും സംരക്ഷിക്കാൻ ആ കുടുംബത്തിലെ ഏതൊരു അംഗത്തിനും ഉത്തരവാദിത്തം നൽകുന്നു. ഇത് പ്രകാരം സംരക്ഷണ ചെലവിനായി കുടുംബകോടതിയെ സമീപിക്കാം.

## 8.10 സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കുന്ന പദ്ധതി

### 8.10.1 ആശ്വാസകിരണം പദ്ധതി :

ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

**മാനദണ്ഡങ്ങൾ**

1. ദാരിദ്ര്യരേഖയ്ക്ക് (BPL) താഴെയുള്ളവരായിരിക്കണം.
2. മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം എന്നിവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
3. മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള, ശാരീരിക മാനസിക വൈകല്യമുളളവർ, ക്യാൻസർ രോഗികൾ, 100% കാഴ്ച്ചവൈകല്യം, പ്രായാധിക്യം കൊണ്ടും മറ്റുപല രോഗങ്ങളാൽ കിടപ്പിലായവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.

**ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷയോടൊപ്പം ബി.പി.എൽ റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ബി.പി.എൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
2. നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ/വയോമിത്രം/എൻ.എച്ച്.എം ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. അപേക്ഷകൻ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4. ആധാർ കാർഡിന്റെ പകർപ്പ്
5. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി പെൻഷൻ, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
6. അപേക്ഷാഫോറം സാമൂഹ്യസുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അങ്കണവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

### 8.10.2 വയോമിത്രം പദ്ധതി

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ

ആരോഗ്യസംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനുവേണ്ടിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്. ചുവടെ പറയുന്ന ആനുകൂല്യങ്ങൾ വയോമിത്രം പദ്ധതികളിലൂടെ ലഭ്യമാണ്.

1. നഗരപ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് മൊബൈൽ ക്ലിനിക് സൗകര്യവും, കൗൺസിലിംഗും, വൈദ്യസഹായവും, മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
3. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും, തിരിച്ച് വീട്ടിൽ എത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.
4. കൂടുതൽ വിവരങ്ങൾ www.socialsecuritymission.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

### 8.10.3 ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് വയോജന സദനങ്ങൾക്കുള്ള ധനസഹായം പദ്ധതി

വയോജനങ്ങളുടെ ശ്രദ്ധയ്ക്കും, പരിപാലനത്തിനും, സംരക്ഷണത്തിനും വേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കും. ഗ്രാന്റ് ലഭിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട സ്ഥാപനം സംസ്ഥാന സർക്കാരിൽ നിന്നും വാങ്ങിയിരിക്കണം.

കുറഞ്ഞത് 15 അന്തേവാസികൾ എങ്കിലും ഉള്ളതും സർക്കാരിന്റെ മറ്റ് ധനസഹായങ്ങൾ ഒന്നും ലഭിയ്ക്കാത്തതും വർഷത്തിൽ മുഴുവൻ മാസങ്ങളിലും പ്രവർത്തിയ്ക്കുന്നതുമായ വയോജനങ്ങളുടെ സംരക്ഷണ ഭവനങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കും.

**വയോജനങ്ങളുടെ പ്രത്യേക വാർഡ്സഭ**

ദേശീയ-സംസ്ഥാന വയോജന നയപ്രകാരം അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളും മുതിർന്ന പൗരന്മാരാണ്.

**ലക്ഷ്യം**

വയോജനങ്ങളുടെ ആവശ്യങ്ങളും വെല്ലുവിളികളും അർഹിക്കുന്ന പ്രാധാന്യത്തോടെ തദ്ദേശഭരണസ്ഥാപന ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി, വയോജന ക്ഷേമം ഉറപ്പ് വരുത്തുക.

പ്രത്യേക പരിഗണന ആവശ്യമായ എൺപത് വയസ്സിനു മുകളിൽ പ്രായമായവർ, വിധവകൾ, അനാഥർ, മാറാരോഗികൾ, ഒറ്റപ്പെട്ടുപോയവർ, തുടങ്ങിയ

വിഭാഗങ്ങളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പ് വരുത്തുക.

**അംഗങ്ങൾ** – വാർഡ് പ്രദേശത്ത് താമസിക്കുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വോട്ടർമാരും വയോജന വാർഡ്സഭയിലെ പങ്കാളികളാണ്.

**സംഘാടനം** – പ്രത്യേക വയോജന വാർഡ്സഭ ആസൂത്രണം ചെയ്യേണ്ടതും, നടപ്പിൽ വരുത്തേണ്ടതും തദ്ദേശഭരണസ്ഥാപനത്തിലെ ഭരണസമിതിയുടെ ചുമതലയാണ്.

വയോജന വാർഡ്സഭയുടെ അദ്ധ്യക്ഷൻ/അദ്ധ്യക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനം മേയർ/ചെയർപേഴ്സൺ. മേയർ/ചെയർപേഴ്സന്റെ അഭാവത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും, രണ്ടു പേരുടെയും അഭാവത്തിൽ കൺവീനറുമാണ് വാർഡ്സഭയുടെ അദ്ധ്യക്ഷത വഹിക്കേണ്ടത്.

വയോജനങ്ങളുടെ വാർഡ്സഭയിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും പൊതു വാർഡ്സഭയിൽ അവതരിപ്പിക്കുകയും വയോജനങ്ങളുടെ വാർഡ്സഭയിൽ ഉയർന്നുവരുന്ന പ്രായോഗിക നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

വയോജന സൗഹൃദ നഗരഭരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് 14ാം പദ്ധതി കാലത്ത് ഉണ്ടാകേണ്ടത്. വിപുലമായ വയോജന സർവ്വേ നടത്തി അവരുടെ ആവശ്യങ്ങളും സൗകര്യങ്ങളും സംബന്ധിച്ച കണക്കുകൾ ശേഖരിക്കണം. വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ പ്രവർത്തനങ്ങൾ നഗരത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ കഴിയണം. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വയോജന ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. കിടപ്പ് രോഗികൾക്കായി വാതിൽപ്പടി സേവനങ്ങൾ ഏർപ്പെടുത്തണം.

# 9

# പട്ടികജാതി വികസനം

## 9.1 ആമുഖം

ചരിത്രപരവും മുൻവ്യവസ്ഥിതികളിൽ നിന്ന് ഉടലെടുത്തവയുമാണ് പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ. വിവിധ ചൂഷണങ്ങൾ ഈ വിഭാഗക്കാർ അനുഭവിച്ച് വരുന്നു. ഉച്ചനീചത്വങ്ങൾ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും നീക്കി നിർത്തിയതിന്റെ ഫലമായി സ്വത്തിന്റെയും, തൊഴിലിന്റെയും, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഇവർ പിന്നോക്കാവസ്ഥയിൽ ആയി. സ്വാതന്ത്ര്യാനന്തരം ഭരണഘടന ഇവർക്ക് വേണ്ടി വിവിധ നിയമപരിരക്ഷകളും സംവരണവും കൊണ്ടുവന്നുവെങ്കിലും പൂർണ്ണമായും അവരെ മുഖ്യധാരയിലെത്തിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല.

ഇവരുടെ ഇന്നത്തെ അവസ്ഥ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന അടിസ്ഥാനപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി കാണാം.

- സാമൂഹികവും സാമ്പത്തികവുമായുള്ള പിന്നോക്കാവസ്ഥ
- ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നിവയുടെ പരിമിതി
- സാമൂഹികമായ ഒറ്റപ്പെടൽ
- പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണസ്ഥിതി
- സാമൂഹ്യപുരോഗതിക്ക് തടസ്സം നിൽക്കുന്ന ആചാരരീതികൾ
- സമ്പാദ്യശീലം ഇല്ലായ്മ
- പരമ്പരാഗതതൊഴിൽ മേഖലകളുടെ ശോഷണവും പുതിയ തൊഴിൽ മേഖലകളുടെ അപര്യാപ്തതയും
- സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്
- പൊതു വികസന പരിസരങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെടുന്ന അവസ്ഥ.
- നഗരവൽക്കരണത്തിൽ തദ്ദേശവാസികളായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഒഴിവാക്കപ്പെടുന്നു.
- സാമ്പ്രദായിക തൊഴിൽമേഖലകളിൽ അതിഥി തൊഴിലാളികളുടെ കടന്നുവരവ്.
- നൈപുണികളിൽ കാലാനുസൃതമായ യാന്ത്രിക പുരോഗതി ഉണ്ടാകുന്നില്ല.

താഴെ പറയുന്ന വിടവുകളാണ് മുകളിൽ പറഞ്ഞ അവസ്ഥയ്ക്ക് കാരണങ്ങൾ എന്ന് നമുക്ക് വിലയിരുത്താവുന്നതാണ്.

» സുസ്ഥിര വികാസത്തിനായുള്ള ദീർഘ വികസനകാഴ്ച്ചപ്പാടിന്റെ കുറവ്
» അവരുമായി ചേർന്നുള്ള ആസൂത്രണത്തിന്റെ കുറവ്
» അവരുടെ പ്രശ്നങ്ങളും ആവശ്യവും പരിഗണിക്കാതിരിക്കൽ
» ചൂഷണങ്ങളിൽ നിന്ന് മോചിതരാകുന്നതിനുള്ള അറിവ് പ്രദാനം ചെയ്യായ്ക
» തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാര്യക്ഷമമായ പദ്ധതി ആസൂത്രണ–നിർവ്വഹണത്തിന്റെ അഭാവം.
» ആസൂത്രണപ്രക്രിയയിൽ ഈ വിഭാഗങ്ങളെ കൂടി പങ്കാളികളാക്കാൻ കഴിയാത്തത്.
» ഇപ്പോഴും സാമ്പ്രദായിക പദ്ധതികളിൽ പദ്ധതി ആസൂത്രണം ഒതുങ്ങി നിൽക്കുന്നു.
» പ്രശ്നാധിഷ്ഠിതമായി പദ്ധതികൾ രൂപീകരിക്കപ്പെടുന്നില്ല.

## 9.2 പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ.

» ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
» എസ്.സി./എസ്.ടി. സ്ഥാപനങ്ങളുടെ നടത്തിപ്പ്, പരിരക്ഷ, വികസനം.
» സാമൂഹ്യതിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തുക.
» വരുമാന വർദ്ധനവിന് സ്വയം തൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
» അതിക്രമങ്ങളും ചൂഷണവും ഇല്ലാതാക്കുന്നതിന് സഹായിക്കുക, അവബോധം വളർത്തുക.
» സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.
» നിയമസഹായം ഉറപ്പുവരുത്തുക.
» ഭക്ഷണം, പാർപ്പിടം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.
» വിദ്യാഭ്യാസാവശ്യങ്ങൾക്ക് സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ, വിവിധ അടിസ്ഥാന സൗകര്യങ്ങൾ, ധനസഹായങ്ങൾ, യാത്രാഉപകരണങ്ങൾ എന്നിവ അർഹരായവർക്ക് യഥാസമയം ലഭ്യമാക്കുക.
» നഗരത്തിന്റെ പൊതു ആവാസ വ്യവസ്ഥയുടെ ഭാഗമാക്കുന്നതിനായി ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യുക.
» ഈ വിഭാഗക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (നഴ്സറി സ്ക്കൂൾ, ഹോസ്റ്റൽ) പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
» സ്ഥാപനങ്ങളുടെ സംരക്ഷണവും, വികാസവും, ഉറപ്പുവരുത്തുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുക.
» പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കുടുംബ കേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കുക.
» കോളനികൾ, സങ്കേതങ്ങൾ എന്നിവ പൊതു ആവാസ വ്യവസ്ഥക്ക് അനുഗുണമായ രൂപത്തിൽ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുക.
» വവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഈ വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും, ക്ഷേമപദ്ധതികളും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

## 9.3 പട്ടികജാതി ഉപപദ്ധതി (CSP) പ്രോജക്റ്റ് തയ്യാറാക്കൽ

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി കൂടി തയ്യാറാക്കണം. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നീ മൂന്ന് വിഭാഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ കുടുംബ കേന്ദ്രീകൃത സമീപനത്തിന്റെയും (Household Centered Approach) സാമൂഹ്യ സാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ നൽകേണ്ടത്. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് (സങ്കേതം) ഒരു യൂണിറ്റായും പരിഗണിച്ച് അവയുടെ ആവശ്യങ്ങളും നിർണ്ണയിക്കാം. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതിവിഭാഗക്കാരുടെ പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമുമ്പ് ഓരോ നഗരഭരണസ്ഥാപനവും മുഴുവൻ ബി.പി. എൽ. കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയ മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ കുടുംബങ്ങൾക്കും ഗുണഭോക്തൃ പ്രദേശത്തിനും അവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും നിശ്ചയിക്കേണ്ടത്. ഇത് സംബന്ധിച്ചുള്ള നിബന്ധനകൾ താഴെ ചേർക്കുന്നു.

» കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം പട്ടികജാതി സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.
» വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം (50%) പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ.
» ജലസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ അമ്പത് ശതമാനത്തിലധികം പട്ടികജാതി വിഭാഗക്കാരുടെതായിരിക്കണം. ജലസേചന പ്രൊജക്ടുകളുടെ അടിസ്ഥാനം കൃഷി ഭൂമിയുടെ വിസ്തൃതിയാണ്; ഗുണഭോക്താക്കളുടെ എണ്ണമല്ല.
» പട്ടികജാതിക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കി വയ്ക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന എല്ലാ ഗുണഭോക്തൃ കുടുംബങ്ങളുടെയും സ്ഥാനവും (ജലസേചന പ്രോജക്ടുകളിൽ പ്രയോജനം ലഭിക്കുന്ന മൊത്തം കൃഷി സ്ഥലത്തിന്റെ സ്ഥാനവും) അടയാളപ്പെടുത്തേണ്ടതാണ്
» പട്ടികജാതി സങ്കേതങ്ങൾക്കകത്തുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ. കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം.

» കൃഷിഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.
» എസ്.സി.എസ്.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 10% തുക യുവജന വികസന പരിപാടികൾക്കായി (വിദ്യാഭ്യാസ സഹായം, വിദേശത്ത് തൊഴിൽ നേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽപരിശീലനം, കായിക വികസനം, തൊഴിൽ–വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ മുതലായവ) വകയിരുത്തേണ്ടതാണ്.
» പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ –അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചുകഴിഞ്ഞാൽ അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.
» പട്ടികജാതി മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാവുന്നതാണ്.
» പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
» പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും അവരുടെ വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. അവ ഏറ്റെടുത്തശേഷം മാത്രമേ എസ്.സി.എസ്.പി. ഫണ്ടുകൾ വകയിരുത്തികൊണ്ടുള്ള മറ്റ് പ്രോജക്ടുകൾ (അനിവാര്യ പ്രോജക്ടുകൾ ഒഴികെ) ഏറ്റെടുക്കാവൂ.
» മദ്യം, മയക്ക് മരുന്ന് തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെയുള്ള ജനകീയ കൂട്ടായ്മക്കും മറ്റും ബോധവൽക്കരണത്തിനും പരിപാടികൾ വിഭാവനം ചെയ്യേണ്ടതാണ്.
» എസ്.സി/എസ്.പി പ്രോജക്റ്റുകളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

പൊതു അടിസ്ഥാന സൗകര്യ പൊതുസേവന പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ താഴെ പറയുന്നവ കൂടി തയ്യാറാക്കണം.

1. സാമൂഹ്യഭൂപടത്തിൽ പ്രവർത്തി ചെയ്യുന്ന ഭാഗം കൃത്യമായി രേഖപ്പെടുത്തണം.
2. പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളിൽ പട്ടികജാതിക്കാരായിട്ടുള്ളവരുടെയും അല്ലാത്തവരുടെയും പട്ടിക (വിലാസം, ജാതി, വീട്ടുനമ്പർ സഹിതം) തയ്യാറാക്കണം.
3. ഗുണഭോക്താക്കളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്നുള്ള പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

## 9.4 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരഭരണസ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (സ.ഉ(കൈ) നം. 115/2022/തസ്വഭവ തിയതി 28.05.2022)

» ഭൂരഹിത ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ മൂന്ന് സെന്റിനൽ കുറയാത്ത ഭൂമി നേരിട്ട് കണ്ടെത്തി വാങ്ങുകയാണെങ്കിൽ ധനസഹായം നൽകും (പരമാവധി മുനിസിപ്പാലിറ്റികളിൽ മൂന്നുലക്ഷം കോർപ്പറേഷനുകളിൽ 6 ലക്ഷം).

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്കായി അതിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകാവുന്നതാണ്. ഭവന പദ്ധതിക്ക് ലൈഫ് മാർഗ്ഗരേഖയാണ് ബാധകം.

» മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്ക് ധനസഹായം നൽകാവുന്നതാണ്.
» സ്കോളർഷിപ്പ് പരീക്ഷകൾക്കും പ്രവേശന പരീക്ഷകൾക്കും പരിശീലനം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
» പുതിയ ജലസേചന കിണറിന് പരമാവധി 75% വരെ സബ്സിഡി ലഭിക്കുന്നു. കുടിവെള്ളം ഗാർഹിക കണക്ഷന് യഥാർത്ഥ ചെലവ് നൽകാം. 500 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കാൻ 75% വരെ നൽകാം.
» മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ 1,00,000 രൂപ വരെ വീട്, പുനരുദ്ധരിക്കാൻ 1,50,000 രൂപ വരെ സബ്സിഡി നൽകാം.
» വ്യക്തികൾക്ക് സ്വയം തൊഴിലിന് 75% സബ്സിഡി. പരമാവധി 90,000 രൂപ സബ്സിഡി ഓട്ടോറിക്ഷ/പിക്അപ്പ് ഓട്ടോറിക്ഷ വാങ്ങുന്നതിന് 60,000 രൂപ സബ്സിഡി.
» സ്ത്രീകളുടെ ഗ്രൂപ്പിന് സ്വയം തൊഴിലിന് കുറഞ്ഞത് 2 പേരുള്ള ഗ്രൂപ്പ് 75% സബ്സിഡി, പരമാവധി 3,75,000 രൂപ. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം.
» ഉപജീവനത്തിന് ഇരുചക്ര വാഹനം വാങ്ങുന്നതിന് വാഹന വിലയുടെ 50 ശതമാനം സബ്സിഡി (പരമാവധി 50,000 രൂപ).
» പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം: അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് 75% പരമാവധി 90,000 രൂപ ധനസഹായം നൽകാവുന്നതാണ്. ഗ്രൂപ്പ് സംരംഭത്തിന് 75% (പരമാവധി 375000 രൂപ).
» സ്വയം തൊഴിലിന് ടാക്സി കാർ/പിക്അപ്പ് വാൻ വാങ്ങുന്നതിന് സബ്സിഡി ഒരു ലക്ഷം രൂപ വരെ, വരുമാന പരിധി 3,00,000 രൂപ. വനിതകൾക്ക് പരമാവധി 120000 രൂപ.
» കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ 50% ത്തിൽ കൂടുതൽ നഷ്ടം ഇല്ലാത്തതുമായ സംഘങ്ങൾക്ക്, തൊഴിൽ നൽകുന്ന പ്രൊജക്ടുകൾക്കായി മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം ലഭിക്കുന്നു. (സഹകരണ സംഘങ്ങൾക്കുള്ള മറ്റ് സബ്സിഡികൾ – സബ്സിഡി മാർഗ്ഗരേഖ കാണുക.)

## 9.5 മൃഗസംരക്ഷണം/ക്ഷീരവികസന മേഖലയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

» കറവ പശു/എരുമയെ വാങ്ങാൻ 75% (പരമാവധി 45,000 രൂപ) സബ്സിഡി
» പെണ്ണാട് വാങ്ങൽ 75% സബ്സിഡി. കുറഞ്ഞത് അഞ്ച് ആടുകൾ വരെ നൽകാം
» ഗർഭിണി കിടാരി 75% (പരമാവധി 30,000 രൂപ) സബ്സിഡി
» കിടാരി, കാളക്കുട്ടി, പോത്തുകുട്ടി 75% (പരമാവധി 15,000 രൂപ) സബ്സിഡി

### മറ്റ് സഹായ പദ്ധതികൾ

- പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് പരമാവധി 1.25 ലക്ഷം രൂപയോ യഥാർത്ഥ ചെലവോ നൽകാം.

- പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് (സ്റ്റീൽ/മരം) 5,000 രൂപ നൽകാവുന്നതാണ്.
- എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ്, ബിരുദ ബിരുദാന്തര വിദ്യാർത്ഥികൾക്കും പോളിടെക്നിക്ക് വിദ്യാർത്ഥികൾക്കും ലാപ്ടോപ് വാങ്ങി നൽകാവുന്നതാണ്.
- 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നൽകാവുന്നതാണ്.
- പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം (1,25,000 രൂപ)

## 9.6 പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന ധനസഹായം

എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് വാർഡ്സഭയിലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നായിരിക്കണം. (ജി.ഒ(എം.എസ്)2037/2016/തസ്വഭവ. തീയതി 30.6.2016)

### 9.6.1 വിദ്യാഭ്യാസ പരിപാടികൾ

**എ. പ്രീ പ്രൈമറി വിദ്യാഭ്യാസ പദ്ധതി**

| ക്ര. നം | ക്ലാസ്സ് | ധനസഹായം |
|---|---|---|
| 1 | നഴ്സറിസ്കൂൾ<br>(മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി) | പ്രതിദിനം 10 രൂപ ഫീഡിംഗ് ചാർജ്ജ്<br>300 രൂപ യൂണിഫോമിന്<br>190 രൂപ ലംപ്സം ഗ്രാന്റും |

**ബി. പ്രീ മെട്രിക്ക് വിദ്യാഭ്യാസ പദ്ധതി**

| | | |
|---|---|---|
| 2 | ലംപ്സം ഗ്രാന്റ് (സ്കൂൾ അദ്ധ്യായനവർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ നൽകുന്നു) | |
| | നഴ്സറിസ്കൂൾ | 500 രൂപ |
| | 1 മുതൽ 4 വരെ | 750 രൂപ |
| | 5 മുതൽ 7 വരെ | 900 രൂപ |
| | 8 മുതൽ 10 വരെ<br>ഒരു വർഷം തോറ്റവർക്ക് പകുതി തുക ലഭിക്കുന്നു | 1000 രൂപ<br>(ഒ.ഇ.സി.ക്കും ബാധകം) |
| 3 | സ്റ്റൈപെന്റ് (പ്രധാനാദ്ധ്യാപകന്റെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വേടൻ, വേട്ടുവ, നായാടി വിഭാഗം കുട്ടികൾക്ക്) | |
| | എൽ.പി | പ്രതിമാസം 200 രൂപ |
| | യൂ.പി | പ്രതിമാസം 200 രൂപ |
| | ഹൈസ്ക്കൂൾ | പ്രതിമാസം 200 രൂപ |

| | | |
|---|---|---|
| 4 | • ആരോഗ്യഹാനിക്ക് ഇടയാക്കുന്ന ശുചീകരണ തൊഴിലിൽ ഏർപ്പെടുന്നവരുടെ മക്കൾക്ക് ജാതി/മതപരിഗണന കൂടാതെ എൽ.പി/യു.പി/ഹൈസ്കൂൾ വിഭാഗത്തിന് 225 രൂപ സ്റ്റൈപെന്റും അഡ്ഹോക്ക് ഗ്രാന്റ് ആയി ഡേ സ്കോളേഴ്സിന് 750 രൂപയും ഹോസ്റ്റലേഴ്സിന് 1000 രൂപയും നൽകി വരുന്നു<br>• ടി ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ/ശുചീകരണ തൊഴിൽ (Unhygienic Jobs) ഏർപ്പെടുന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ സ്കൂൾ മേധാവി വഴി നൽകേണ്ടതാണ് | |
| 5 | **അംഗീകൃത അൺ എയ്ഡഡ് സ്കൂളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്, റീഇംബോഴ്സ്മെന്റ്** (പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ് ചെയ്തു വരുന്നു) | |
| | എൽ.പി./യു.പി. 1000 രൂപ, സ്പെഷ്യൽ ഫീസ് –333രൂപ | |
| | ഹൈസ്കൂൾ 1500 രൂപ, സ്പെഷ്യൽ ഫീസ് – 500 രൂപ | |
| | • കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള ജാതി രേഖപ്പെടുത്തിയ ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി ഓഫീസിൽ നൽകേണ്ടതാണ് (ഒ.ഇ.സിക്കും ബാധകം) | |
| 6 | **9, 10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് – 2012–13 മുതൽ സ്പെഷ്യൽ സ്കോളർഷിപ്പ്** | |
| | സ്കോളർഷിപ്പ് (പ്രതിമാസം) | 225 രൂപ (day scholar) 525 രൂപ (Hostel) |
| | ബുക്ക് ഗ്രാന്റ് (വാർഷികം) | 1000 രൂപ (day scholar) 750 രൂപ (Hostel) |
| 7 | **ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം** | |
| | • രക്ഷിതാക്കളുടെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ<br>• നാലാം ക്ലാസ്സ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാപഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് മുമ്പാകെ അപേക്ഷ സമർപ്പിക്കണം. ഇതിലേക്കായി തദ്ദേശഭരണസ്ഥാപനം പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കണം. | |
| 8 | **അയ്യൻകാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്** (നാല്, ഏഴ് ക്ലാസ്സുകളിൽ ലഭിച്ച് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക്) | |
| | 10 ക്ലാസ്സ് വരെ (രക്ഷിതാവിന്റെ വാർഷികവരുമാനം ഒരു ലക്ഷം രൂപ വരെ) | പ്രതിവർഷം 4500 രൂപ |
| | രക്ഷിതാവിന്റെ വാർഷിക വരുമാനം 12000 രൂപയിൽ താഴെ | ഫർണീച്ചർ വാങ്ങുന്നതിന് 2000 രൂപ അധികമായി ഒറ്റത്തവണ |
| | പോഷകാഹാരം ലഭ്യമാക്കൽ | പ്രതിമാസം 100 രൂപ പ്രകാരം 10 മാസത്തേക്ക് 1000 രൂപ നൽകുന്നു |

| | | |
|---|---|---|
| | നിബന്ധനകൾ<br>ജാതി–വരുമാന–ഗ്രേഡ് സർട്ടിഫിക്കേറ്റുകൾ | |
| | രക്ഷിതാവിന്റെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് | |
| | ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം | |
| 9 | **മോഡൽ റസിഡൻഷ്യൽസ്കൂൾ** | |
| | • അഞ്ചാം ക്ലാസ്സ് മുതൽ മെച്ചപ്പട്ട വിദ്യാഭ്യാസത്തിനായി ഒൻപത് മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ പ്രവർത്തിക്കുന്നു | |
| | • നാലാം ക്ലാസ്സ് വിദ്യാർത്ഥികളെ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന മത്സര പ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നു. | |
| | • അറിയിപ്പ്– ജനുവരി–ഫ്രെബ്രുവരി മാസങ്ങളിൽ | |
| | • വാർഷികവരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾ ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ അപേക്ഷ നൽകണം | |
| 10 | **പ്രീമെട്രിക്ക് ഹോസ്റ്റൽ പ്രവേശനം** (ബ്ലോക്ക്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പ റേഷൻ എന്നിവയ്ക്ക് കൈമാറിയ 85 പ്രീമെട്രിക്ക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.) | |
| | പ്രവേശനം | അഞ്ചാം ക്ലാസ്സ് മുതൽ |
| | പ്രവേശനം നേടുന്നവർക്ക് | രണ്ട് സെറ്റ് യൂണിഫോം, ബാഗ്, ചെരുപ്പ് |
| | ഭക്ഷണം | പ്രതിമാസം 2500 രൂപ ചെല വഴിക്കുന്നു |
| | ബാഗ്, ചെരുപ്പ് | പ്രതിമാസം 100 രൂപ |
| | പോക്കറ്റ് മണി | പ്രതിമാസം 200 രൂപ |
| | അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രപ്പടി നൽകുന്നു | |
| | ജാതി–വരുമാന– വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കേറ്റുകൾ | |
| | ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ സമർപ്പിക്കണം. വാർഷികപരീക്ഷാ ഗ്രേഡിന്റേയും വാർഷികവരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു. | |
| 11 | **സബ്സിഡൈസ്ഡ് ഹോസ്റ്റൽ പ്രവേശനം**<br>– സന്നദ്ധസംഘടനകൾ നടത്തുന്ന ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു | |
| | അന്തേവാസികൾക്ക് ബോർഡിംഗ് ഗ്രാന്റ് | പ്രതിമാസം 500/– രൂപ |
| | യൂണിഫോം അലവൻസ് | 500/– രൂപ |
| 12 | **അയ്യൻകാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്ക്കൂൾ**<br>കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നു | |

| | | |
|---|---|---|
| | പരിശീലനം | 5 മുതൽ 12 ക്ലാസ്സ് വരെ |
| | തിരഞ്ഞെടുപ്പ് | മേഖലാതല സെലക്ഷൻ ട്രയൽ മുഖേന |
| | ഒരു ക്ലാസ്സിൽ | പരമാവധി 30 പേർ |
| | 12ാം ക്ലാസ്സ് വരെ | സി.ബി.എസ്.ഇ സിലബസ്സ് പഠനം |
| | ഒരോ കുട്ടിക്കും മെസ്ചാർജ്ജ് | പ്രതിദിനം 200 രൂപ |
| സി | പോസ്റ്റ് മെട്രിക്ക് വിദ്യാഭ്യാസം | |
| 13 | ലംപ്സം ഗ്രാന്റും സ്റ്റൈപന്റും | |
| | പ്ലസ് വൺ മുതൽ പി.എച്ച്.ഡി | പ്രതിമാസം 800 രൂപ സ്റ്റൈപന്റ് പ്രതിമാസം 900 രൂപ സ്റ്റൈപന്റ് (8 കി.മീറ്ററിൽ അധികം യാത്രചെയ്യുന്നവർക്ക്) |
| | പ്ലസ് വൺ, പ്ലസ് ടു | പ്രതിമാസം 1400 രൂപ ലംപ്സം ഗ്രാന്റ് |
| | ഡിഗ്രി | പ്രതിമാസം 1450 രൂപ ലംപ്സം ഗ്രാന്റ് |
| | പി.ജി. | പ്രതിമാസം 1900 രൂപ ലംപ്സം ഗ്രാന്റ് |
| | പ്രൊഫഷണൽ | 500 മുതൽ 3800 രൂപ വരെ കോഴ്സിന്റെ സ്വഭാവമനുസരിച്ച് ലംപ്സം ഗ്രാന്റ് |
| | • വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം<br>**അല്ലെങ്കിൽ**<br>• ഒറിജിനൽ അപേക്ഷ, ജാതി–വരുമാന–എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് (ഒ.ഇ.സിക്കും ബാധകം) | |
| 14 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ–<br>(പോസ്റ്റ് മെട്രിക്ക് കോഴ്സുകൾ പഠിക്കുന്നവർക്കായി 17 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു) | |
| | ഭക്ഷണം | പ്രതിമാസം 2875 രൂപ |
| | പോക്കറ്റ് മണി | പ്രതിമാസം 200 രൂപ |
| | ഓണം, ക്രിസ്തുമസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രബത്ത നൽകുന്നു | |
| | അംഗീകൃത ഹോസ്റ്റൽ സൗകര്യമില്ലാത്തവർക്ക് ബോർഡിംഗ് ഗ്രാന്റ് 1500 രൂപ (ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക്) | |

| | | | |
|---|---|---|---|
| | അർഹത | | സർക്കാർ കോളേജ് ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയവർക്ക് |
| 15 | പ്രത്യേക പ്രോത്സാഹന സമ്മാനം | | |
| | **കോഴ്സ്** | **ഫസ്റ്റ് ക്ലാസ്സ്** | **ഡിസ്റ്റിംഗ്ഷൻ** |
| | എസ്.എസ്.എൽ.സി | 1500 രൂപ | 2500 രൂപ |
| | പ്ലസ് ടു, റ്റി.റ്റി.സി, ഡിപ്ലോമ | 2500 രൂപ | 5000 രൂപ |
| | ഡിഗ്രി | 3500 രൂപ | 7500 രൂപ |
| | പി.ജി, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ | 5000 രൂപ | 10,000 രൂപ |
| | • അപേക്ഷകൾ, ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് | | |
| 16 | **റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ** | | |
| | മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ ആദ്യ റാങ്ക് നേടിയവർക്ക് | | ഒരു പവൻ സ്വർണ്ണ നാണയം |
| | എസ്.എസ്.എൽ.സി, പ്ലസ് ടു (എല്ലാ വിഷയങ്ങൾക്കും എ+ നേടിയവർക്ക്) | | അര പവൻ സ്വർണ്ണ നാണയം |
| | അർഹത എൻട്രൻസ് കമ്മീഷണറിൽ നിന്നും പരീക്ഷ ഭവൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും നൽകുന്ന ലിസ്റ്റ് പ്രകാരം | | |
| 17 | **മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം** | | |
| | എസ്.എസ്.എൽ.സി മുതൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് | | 20,000 രൂപ വരെ 2 വർഷ കോച്ചിംഗിന് |
| | അപേക്ഷ – രക്ഷിതാക്കളുടെ വാർഷികവരുമാന പരിധി നാലര ലക്ഷം രൂപയിൽ കവിയാത്ത കുട്ടികൾക്ക് ജാതി, വരുമാനം സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർക്ക് നൽകാവുന്നതാണ്. | | |
| 18 | **സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള ആനുകൂല്യം** | | |
| | മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടിയവർക്ക് | | സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് |
| | • അപേക്ഷ– അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായി നൽകണം. (ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ സഹിതം) അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. | | |

| | | |
|---|---|---|
| | • ഇ.ഗ്രാന്റായി സൈറ്റ് വഴി ബാങ്ക് അക്കൗണ്ട് മുഖേനയും ലഭിക്കുന്നു (ഒ.ഇ.സിക്കും ബാധകം) | |
| 19 | **മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്** | |
| | എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് | 5000 രൂപ |
| | മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് | 10,000 രൂപ |
| | വാർഷികവരുമാന പരിധി ഒരു ലക്ഷം രൂപയിൽ കവിയാത്ത രക്ഷിതാക്കളുടെ കുട്ടികൾ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജില്ല പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് | |
| 20 | **ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം** | |
| | എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് രണ്ടാം വർഷത്തിൽ ബന്ധപ്പെട്ടസ്ഥാപനം വഴി ലാപ്ടൊപ്പ് വാങ്ങുന്നതിന് 25000 രൂപ നൽകുന്നു. | |
| 21 | **സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം** | |
| | ഒന്നാം വർഷം എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5800 രൂപ ധനസഹായമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം വഴി നൽകുന്നു. | |
| 22 | **ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം** | |
| | ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ അടക്കമുള്ള അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ചാൽ കോഴ്സ് ഫീസ് ഇളവ് അനുവദിക്കുന്നതാണ്. (ഒ.ഇ.സിക്കും ബാധകം) | |
| 23 | **വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം** | |
| | യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നതാണ്. (ഒ.ഇ.സിക്കും ബാധകം) | |
| 24 | **സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ആനുകൂല്യം** | |
| | **അർഹത**<br>സംസ്ഥാനത്തിന് പുറത്ത് കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്നവർക്കും അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടിയ പട്ടികജാതി വിദ്യാർത്ഥികൾ<br>• ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ അടക്കമുള്ള അപേക്ഷ സ്ഥാപനമേധാവി മുഖേന പട്ടിക ജാതി വികസന ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ് | |
| 25 | **ഭാരതത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ധനസഹായം**<br>(ഓരോ അപേക്ഷയും വകുപ്പ് സെക്രട്ടറിതലത്തിൽ പരിഗണിച്ച് തീരുമാനിക്കുന്നു) | |
| | അപേക്ഷയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ | 25 ലക്ഷം രൂപ |

| | | |
|---|---|---|
| 26 | പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം | |
| | പാരലൽ കോളേജ് പഠനത്തിന് (റെഗുലർ കോളേജിൽ പഠിക്കുന്നവരുടെ നിരക്ക്) സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കാത്തവർക്ക് – പ്ലസ് ടു/ഡിഗ്രി, പിജി കോഴ്സുകൾക്ക്. | ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് എന്നിവ ക്രമ. നം. 12 പ്രകാരം ലഭിക്കുന്നു. |
| | ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർ വഴി നൽകാവുന്നതാണ് (ഒ.ഇ.സിക്കും ബാധകം) | |
| 27 | **ഐ.ടി.ഐ/അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ** | |
| | വിവിധ ട്രേഡുകളിലായി പരിശീലനം നൽകുന്നു | ഡിപ്പാർട്ട്മെന്റ് വക 44 ഐ.ടി.ഐകൾ |
| | വിദ്യാർത്ഥികൾക്ക് പ്രഭാത ലഘുഭക്ഷണവും 2017 മുതൽ ഉച്ചഭക്ഷണവും നൽകുന്നു. | യൂണിഫോം, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് (800 രൂപ പ്രതിമാസ ഫീസ് ഇളവ്) |
| | വകുപ്പിന്റെ താത്കാലിക അംഗീകാരമുള്ള അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗം/മറ്റ് അർഹവിഭാഗം എന്നിവർക്കായി മാറ്റിവെച്ചിരിക്കുന്ന സീറ്റുകളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്. | |
| 28 | **പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (PETC)** | |
| | വിവിധ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് | നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ |
| | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് | സ്റ്റൈപന്റ് |
| | മെഡിക്കൽ/എഞ്ചിനീയറിംഗ് | പ്രവേശനപരീക്ഷ പരിശീലനം |
| | ജോബ് ഓറിയന്റഡ് കോഴ്സ് | പരിശീലനം |
| | കേന്ദ്രം | തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് |
| 29 | **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) തിരുവനന്തപുരം**<br>സംസ്ഥാനതലത്തിൽ പ്രാഥമിക പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്നവർക്ക് പ്രവേശനം. ഭക്ഷണം താമസസൗകര്യം ടെക്സ്റ്റ് ബുക്ക് അലവൻസ് എന്നിവ നൽകും. മാർച്ച് മാസത്തിലാണ് അപേക്ഷ ക്ഷണിക്കുക. | |

| | | |
|---|---|---|
| 30 | **പാരാമെഡിക്കൽ സ്ഥാപനങ്ങൾ**<br>• തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>• കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനം<br>• പയ്യന്നൂരിൽ ഡി.എം.എൽ.റ്റി കോഴ്സിനുള്ള സ്ഥാപനം | |
| 31 | **സെന്റർ ഫോർ എക്സലൻസ്**<br>പട്ടികജാതി വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ടി വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും KIRTADS കാമ്പസിൽ CREST- Centre for Research and Education for Social Transformation എന്ന സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നു. | |
| | **ലക്ഷ്യം**– ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പ്രാപ്തരാക്കുക. | |
| 32 | **മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്**<br>• പട്ടികജാതി വിഭാഗത്തിൽ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം<br>• പ്രവേശനം – 30 കുട്ടികൾക്ക് | |
| 33 | **ബുക്ക് ബാങ്ക് സ്കീം**<br>പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികവിഭാഗം കുട്ടികൾക്ക് വിലയേറിയ റഫറൻസ് പുസ്തകം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. പുസ്തകം വാങ്ങുന്നതിന് 7500 രൂപ വീതവും അലമാര വാങ്ങുന്നതിന് 4000 രൂപ വീതവും സ്ഥാപനത്തിന് നൽകുന്നു | |

## 9.6.2 സാമ്പത്തിക വികസന പദ്ധതികൾ

| | | |
|---|---|---|
| 34 | **സ്വയം തൊഴിൽ പദ്ധതി** | |
| | •സ്വയംതൊഴിലിനെ വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും ധനസഹായം.<br>• സ്വയം തൊഴിൽ പദ്ധതി (Project) ബാങ്കിനാണ് സമർപ്പിക്കേണ്ടത്.<br>• വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ അനുവദിക്കും.<br>• വായ്പ തുകയുടെ 1/3 സബ്സിഡിഅനുവദിക്കും. (വായ്പ ധനകാര്യസ്ഥാപനങ്ങൾ വഴി മാത്രം നൽകുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് പദ്ധതികൾക്കും ധസഹായം ലഭിക്കും) | 18 നും 50 നും മദ്ധ്യേ പ്രായം<br>7ാം ക്ലാസ്സ് വിദ്യാഭ്യാസം<br>വരുമാന പരിധിയില്ല<br>ജാതി, വിദ്യാഭ്യാസയോഗ്യത, പ്രോജക്റ്റ് റിപ്പോർട്ട്, ബ്ലോക്ക്, വ്യവസായവകുപ്പ്, പട്ടികജാതി–വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും സബ്സിഡി കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് മുനിസിപ്പൽ, കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകണം |

| | | |
|---|---|---|
| 35 | **വക്കീലന്മാർക്ക് ധനസഹായം** | |
| | • വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് ആദ്യ മൂന്ന് വർഷകാലത്തേക്ക് ധനസഹായം.<br>• എൻറോൾമെന്റ് ചെലവും ലഭിക്കും.<br>• അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് | അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം അപേക്ഷ നൽകണം ജാതി, എൽ.എൽ.ബി, എൻറോൾമെൻറ് സർട്ടിഫിക്കറ്റുകൾ, സീനിയർ അഭിഭാഷകന്റെ സർട്ടിഫിക്കറ്റ് സഹിതം |
| 36 | **സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്** | |
| | ഐ.ടി.ഐ, എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രി പാസ്സായവർക്ക് രണ്ട് വർഷക്കാലത്തേക്ക് | യഥാക്രമം പ്രതിമാസം 5,700 രൂപ ക്രമത്തിൽ സ്റ്റൈപ്പെന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |

### 9.6.3 സാമൂഹ്യക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 37 | **വിവാഹ ധനസഹായം** | |
| | പട്ടികജാതി വിഭാഗകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് രക്ഷിതാക്കൾക്ക് 1,25,000 രൂപ പ്രകാരം ധനസഹായം | • വിവാഹം നിശ്ചയിച്ച ശേഷം അപേക്ഷ വരുമാന പരിധി 1,00,000 രൂപ<br>• ജാതി, വരുമാനം, പെൺകുട്ടിയുടെ പ്രായം, വിവാഹ/ക്ഷണപത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്, മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് |
| 38 | **മിശ്രവിവാഹധനഹായം** | |
| | ഒരാൾ പട്ടികജാതി വിഭാഗത്തിലും പങ്കാളി ഇതര സമുദായത്തിലും ഉൾപ്പെടുന്ന വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ നേരിടുന്നതിനുള്ള തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുമായി 75,000 രൂപ ധനസഹായം | • വരുമാന പരിധി 1,00,000 രൂപ<br>• വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും മൂന്ന് വർഷത്തിന് മുമ്പായും അപേക്ഷിക്കുക<br>• ഭാര്യഭർത്താക്കന്മാരുടെ ജാതി–സമുദായ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് |
| 39 | **ഭൂരഹിത പുനരധിവാസ പദ്ധതി** | |
| | ഗ്രാമപ്രദേശങ്ങളിൽ 5 സെൻറ് മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 3 സെൻറ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 375000, 450000, 600000 രൂപ വരെ ധനസഹായം | • Life Mission List–ൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.<br>• മുമ്പ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിരിക്കരുത് |

| | | |
|---|---|---|
| 40 | **ഭവന നിർമ്മാണ ധനസഹായം Life Mission വഴി നടപ്പാക്കുന്നു.** | |
| 41 | **ദുരിതാശ്വാസനിധി/ചികിത്സാ ധനസഹായം** | |
| | • രോഗങ്ങൾ ബാധിച്ചവർക്ക്/ അത്യാഹിതങ്ങളിൽപ്പെട്ടവർക്ക് 50,000 രൂപ വരെ<br>• ഹൃദയശസ്ത്രക്രിയ, കാൻസർ, കിഡ്നിരോഗം മുതലായ ഗുരുതരമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ | |
| 42 | **വിദേശ തൊഴിലിന് ധനസഹായം** | |
| | • അഭ്യസ്തരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും നേടിയവരുമായ യുവാക്കൾക്ക് വിദേശതൊഴിൽ തേടുന്നതിന് 50,000 രൂപ വരെ<br>• യാത്രാചെലവിനായി 30000 രൂപയും<br>• തൊഴിലിൽ പ്രവേശിച്ച ശേഷം 20000 രൂപ | • വരുമാന പരിധി 2,50,000 രൂപ<br>• പ്രായപരിധി 20–50<br>• പാസ്പോർട്ട്, വിസ, എംപ്ലോയ്മെന്റ് കോൺടാക്റ്റ് എന്നിവ ഹാജരാക്കണം |

## 9.7 നിയമ പരിരക്ഷകൾ

### 9.7.1 പൗരാവകാശ സംരക്ഷണ നിയമം 1955 (The Protection of Civil Rights Act, 1955)

**പ്രധാന വ്യവസ്ഥകൾ**

» അയിത്തോച്ചാടനം ലക്ഷ്യം വച്ചിട്ടുള്ള നിയമം
» കുറ്റകൃത്യങ്ങൾ – അയിത്തത്തിന്റെ പേരിൽ വ്യക്തികളെ താഴെ പറയുന്ന കാര്യങ്ങളിൽ നിന്ന് തടയുന്നത് ശിക്ഷാർഹമാണ്.
» പൊതുആരാധനാലയങ്ങളിൽ പ്രവേശിക്കുന്നത് തടയുക മുതലായ ജാതീയമായ വേർതിരിവുകൾ നടത്തുന്നത് (വകുപ്പ് 3)
» ഹോട്ടലുകൾ, പാർക്കുകൾ പോലുള്ള പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുന്നത് തടയുക മുതലായ സാമൂഹ്യമായ വേർതിരിവുകൾ നടത്തുന്നത് (വകുപ്പ് 4)
» ആശുപത്രി, വിദ്യാലയം പോലുള്ള പൊതു ഇടങ്ങളിൽ പ്രവേശനം നിഷേധിക്കുന്നത് (വകുപ്പ് 5)
» സാധനങ്ങൾ വിൽക്കുന്നതോ, സേവനം നൽകുന്നതോ നിഷേധിക്കുന്നത് (വകുപ്പ് 6)
» അയിത്തം പ്രോത്സാഹിപ്പിക്കുന്നതും, പട്ടികജാതിയിൽപ്പെട്ടവരെ അപമാനിക്കുന്നതും മറ്റും ചെയ്താൽ അത് ഒരു മാസം മുതൽ 6 മാസം വരെ തടവും 100 രൂപ മുതൽ 500 രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റങ്ങളാണ് (വകുപ്പ് 7).
» ഭരണഘടനയുടെ 17ാം അനുച്ഛേദം ഉറപ്പ് നൽകുന്ന അയിത്തത്തിനെതിരായുള്ള അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട ഒരു വ്യക്തി ചെയ്ത പ്രവൃത്തിയിൽ രോഷം

പൂണ്ട് മറ്റൊരാൾ അയാൾക്കെതിരെയോ അയാളുടെ സ്വത്തിനെതിരെയോ ഒരു കുറ്റം ചെയ്താൽ അത് 2 വർഷം വരെ തടവും ശിക്ഷയും കിട്ടാവുന്ന കുറ്റമാണ് (വകുപ്പ് 7 (1)

» നിർബന്ധിതമായി ജോലി ചെയ്യിക്കുന്നതും അയിത്തമായി ചില സാഹചര്യങ്ങളിൽ കണക്കാക്കുന്നതും അത് 3 മാസം മുതൽ 6 മാസം വരെ തടവും നൂറ് രൂപ മുതൽ 500 രൂപ വരെ പിഴയും കിട്ടാവുന്ന കുറ്റമാണ് (വകുപ്പ് 7 A)

### 9.7.2 അതിക്രമങ്ങൾ തടയൽ

ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്റ്റ് 1989, (2015ലെ ഭേദഗതി നിയമവും).

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനു പഴയ നിയമങ്ങൾ മതിയാകാതെ വന്നതുകൊണ്ടാണ് 1989 ൽ ടി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ഈ നിയമം കൊണ്ടുവന്നത്.

ഈ നിയമപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ, ഈ വിഭാഗത്തിൽപ്പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ, വ്യക്തിപരമായോ, വസ്തുവഹകൾ സംബന്ധമായോ ദുരുദ്ദേശത്തോടുകൂടിയ നിയമ നടപടികൾ മുഖേനയോ, രാഷ്ട്രീയമായോ സാമ്പത്തികചൂഷണം മുഖേനയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നടത്തുകയാണെങ്കിൽ ആയത് ശിക്ഷാർഹമായ കുറ്റമാണ്.

2015 ൽ ഈ നിയമം ഭേദഗതി ചെയ്തു കൊണ്ട് കൂടുതൽ കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തുകയും IPC പ്രകാരമുള്ള വകുപ്പുകൾ പട്ടികപ്പെടുത്തുകയും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള ആശ്വാസ നിയമ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ "പട്ടികവർഗ്ഗ വികസനം" എന്ന അദ്ധ്യായ ത്തിൽവിവരിച്ചിട്ടുണ്ട്.

# 10

# പട്ടികവർഗ്ഗ വികസനം

## 10.1 ആമുഖം

പട്ടികവർഗ്ഗക്കാർക്ക്, ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങളും നിയമങ്ങളും ഉറപ്പ് വരുത്തുന്നതിന് നാളിത് വരെ നമുക്ക് കഴിഞ്ഞിട്ടില്ല. അവരുടെ പ്രത്യേകതകൾക്ക് അനുസൃതമായ വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പുലർത്തുന്നവരാണ് പട്ടികവർഗ്ഗക്കാർ. വ്യത്യസ്ത സംസ്കാരവും ജീവിതരീതികളും സ്വായത്തമായ ഈ വിഭാഗക്കാർ പൊതുധാരയിൽ നിന്നും അകന്നാണ് ജീവിക്കുന്നത്.

## 10.2 ഭരണഘടനാപരമായ പരിരക്ഷകൾ

ഭരണഘടനയുടെ 342ാം അനുച്ഛേദം അനുസരിച്ച് കേരളത്തിൽ 37 പട്ടികവർഗ്ഗം വിഭാഗങ്ങൾ ഉണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 1.45 % മാത്രമാണ്. ജനാധിപത്യ പ്രക്രിയയിൽ വിഭാഗങ്ങളുടെ എണ്ണത്തെ മാത്രം പരിഗണിച്ചിട്ടുള്ള വികസന പ്രവർത്തനം അനീതിക്കും അരക്ഷിതാവസ്ഥതയിലേക്കും നയിക്കപ്പെടും. ആയത്കൊണ്ട് ഭരണഘടന വിഭാവനം ചെയ്യുന്ന വിവിധങ്ങളായിട്ടുള്ള (സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക, രാഷ്ട്രീയ, സേവന) പരിരക്ഷകൾ എല്ലാ വിഭാഗങ്ങൾക്കും ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ നഗരസഭയിലെ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്.

Article 275(1) പ്രകാരം ഭാരത സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾക്കും, അവർ താമസിക്കുന്ന പ്രദേശങ്ങളുടെ വികസനത്തിനുമായി സംസ്ഥാനം ഇതിലേക്കായി സമർപ്പിക്കുന്ന പദ്ധതികൾക്ക് ഗ്രാൻഡ്-ഇൻ-എയ്ഡ് ലഭിക്കുന്നു. സംസ്ഥാനം വിവിധ പദ്ധതികളിലൂടെ ഫലപ്രദമായി ഈ ഫണ്ട് വിനിയോഗിക്കുന്നു.

## 10.3 നഗരസഭകൾക്ക് പട്ടികവർഗ്ഗ ഫണ്ട് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ

» പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള വിഹിതം ജനസംഖ്യാനുപാതികമായി ബജറ്റിൽ പ്രത്യേകം വകയിരുത്തിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

» പട്ടികവർഗ്ഗ വികസന ഫണ്ട് കോളനികൾക്കുള്ളിലെ നടപ്പാതകൾക്കും കോളനികളി

ലേക്കുള്ള നടപ്പാത നിർമ്മിക്കുന്നതിനു ഉപയോഗിക്കാം.

» പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കുറഞ്ഞത് 50 ശതമാനം തുക പരിചരണം, സേവന പാക്കേജിനായി മാറ്റിവയ്ക്കണം (ദരിദ്രരിൽ ദരിദ്രരായവർക്ക് ആശ്രയപദ്ധതിയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണം, ആരോഗ്യസുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിഹാരപദ്ധതി, സാമൂഹ്യമായ ഒറ്റപ്പെടലിൽ നിന്ന് പരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഒരു പരിപാടി)

» പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിറ്ററിംഗ് മുതലായവ ഊരുകൂട്ടങ്ങളുടെ ചുമതലയാണ്.

## 10.4 പട്ടികവർഗ്ഗ ഉപപദ്ധതി

ഭാരതത്തിന്റെ ആദ്യത്തെ നാല് പഞ്ചവത്സര പദ്ധതി കാലയളവിൽ പട്ടികവർഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ ഫണ്ടും പദ്ധതികളും വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ല. ഇതേ തുടർന്ന് അഞ്ചാം പഞ്ചവത്സര പദ്ധതി കാലയളവിൽ പുതിയൊരു ആശയം രൂപീകരിക്കുകയുണ്ടായി. ഇതിനെയാണ് പട്ടികവർഗ്ഗ ഉപപദ്ധതി എന്ന് നാമകരണം ചെയ്തിട്ടുള്ളത്. അതായത് രാജ്യത്തെ മൊത്തം വികസനത്തെ ഉദ്ദേശിച്ച കൊണ്ടുള്ള ഒരു പൊതുപദ്ധതിയോടൊപ്പം പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകമായി ആസൂത്രണം ചെയ്യപ്പെടുന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതി. വികസനവും സംരക്ഷണവും എന്ന ദ്വിമുഖതത്വമാണ് പട്ടികവർഗ പദ്ധതിയുടെ മുഖമുദ്ര. സംസ്ഥാന ബജറ്റിലൂടെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഓരോ നഗരസഭയും പട്ടികവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കണം,

### 10.4.1 സവിശേഷതകൾ

പട്ടികവർഗ വികസനത്തിലെ നാഴികകല്ലായി മാറിയ ഉപപദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇപ്രകാരമാണ്.

1. പ്രത്യേക ശീർഷകത്തിൽ ജനസംഖ്യാനുപാതികമായ വികസന ഫണ്ടിന്റെ വകയിരുത്തൽ. പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിക്കാനോ, പാഴാക്കാനോ പാടില്ല.
2. വികസനത്തിന് ആവശ്യമായ വിഭവ സമാഹരണം വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്താവുന്നതാണ്. കേന്ദ്ര വിഹിതം, പ്രത്യേക കേന്ദ്ര സഹായം, ഭരണഘടനയുടെ അനുച്ഛേദം 275(1) പ്രകാരമുള്ള സഞ്ചിതനിധി, ധനകാര്യ കമ്മീഷന്റെ അവാർഡ്, സംസ്ഥാന വിഹിതം, എം.പി.ഫണ്ട്, എം.എൽ.എ ഫണ്ട്, മിഷനുകൾ തുടങ്ങിയവയിൽ നിന്നുള്ള ധനസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.
3. ദേശീയ–സംസ്ഥാനതലം തൊട്ട് നഗരസഭാതലം വരെയുള്ള പൊതു ആസൂത്രണ പ്രക്രിയയോടൊപ്പം തന്നെ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് വേണ്ട ആസൂത്രണവും ഓരോ തലത്തിലും അനുയോജ്യമായ തരത്തിൽ പ്രത്യേകം തയ്യാറാക്കണം.
4. ആദിവാസികൾ വസിക്കുന്ന പ്രദേശങ്ങളുടെയും തൊട്ടടുത്ത് ഇതര വിഭാഗം താമസിക്കുന്ന പ്രദേശങ്ങളുടെയും ഇപ്പോൾ നിലനിൽക്കുന്ന വികസന വിടവുകൾ കുറച്ചുകൊണ്ടുവരണം. വികസനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരിക്കണം ഊന്നൽ നൽകേണ്ടത്. തത്തുല്യമായി ജീവിത നിലവാരത്തിന്റെ ഗുണമേന്മയും വളർന്ന് വികസിക്കണം.

5. പട്ടികവർഗ്ഗക്കാർ വസിക്കുന്ന പ്രദേശങ്ങളുടെ സമഗ്രവും സംയോജിതമായ വികസനത്തിനാണ് രൂപം നൽകേണ്ടത്. ഓരോ പ്രദേശങ്ങളിലും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധത്തിൽ വ്യത്യസ്തവും അയവുള്ളതുമായിരിക്കണം പദ്ധതി ആസൂത്രണ പ്രക്രിയ. ഉദാഹരണത്തിന് ഐ.ടി.ഡി.പി തലത്തിൽ ഓരോ സമുദായങ്ങളുടെയും പ്രത്യേകതകളായ സംസ്കാരം, സാമ്പത്തിക പദവി, പാരമ്പര്യ സാങ്കേതിക വിദ്യ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചെറുപദ്ധതികൾക്ക് രൂപം നൽകണം. അതിജീവനം, ക്ഷേമം, സമൂഹം, സ്വത്വം, സുരക്ഷ എന്നീ ഘടകങ്ങളുടെ പരിഗണന വികസനത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രദ്ധിക്കണം.
6. വികസനത്തിൽ കൂടി സാമ്പത്തിക അടിത്തറ ഭദ്രമായി കെട്ടിപ്പടുക്കുന്നതിന് വേണ്ടി ഉത്പാദന മേഖലയ്ക്ക് വലിയ പരിഗണന ലഭിക്കണം. ആദിവാസികളുടെ അതിജീവന മാർഗങ്ങൾ പലതാണ്. നിലവിലുള്ള കൈവശഭൂമിയുടെ പരിരക്ഷ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ, കൃഷി മെച്ചപ്പെടുത്തൽ, കൃഷിക്ക് വേണ്ട ജനസേചന സൗകര്യം, കാർഷിക ഉല്പന്നങ്ങളുടെ കൈമാറ്റം, വിപണനം, ന്യായവില ലഭ്യമാക്കൽ, ചെറുകിട വനവിഭവ ശേഖരത്തിൽക്കൂടിയുള്ള വരുമാനം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരം വരുമാനമാർഗങ്ങൾ ചുരുങ്ങിവരുന്ന പ്രവണത ബോധപൂർവ്വം തടയപ്പെടേണ്ടതാണ്.
7. വികസനത്തിന് വേണ്ട മൂലധന നിക്ഷേപത്തോടൊപ്പം സംരക്ഷണവും നൽകണം. ഈ മേഖലയിൽ ആദിവാസികളുടെ ഭൂമി, വനവിഭവങ്ങളുടെ വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഇടനിലക്കാരുടെ ചൂഷണം കൂടുതലാണ്. ഉപഭോഗത്തിനും സാമൂഹ്യമായ ആവശ്യങ്ങൾക്കുമുള്ള മൂലധനത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ വേണ്ട ശക്തമായ ക്രെഡിറ്റ് വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. അടിമപ്പണി, കടബാധ്യത, മദ്യാസക്തി എന്നിവയിൽ നിന്നും മോചിതരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. അവകാശാധിഷ്ഠിത സമീപനത്തിൽ കൂടി ഉപപദ്ധതിക്ക് വേണ്ടി മാറ്റിവച്ചിരിക്കുന്ന തുക ചെലവഴിക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായം, മുൻഗണന എന്നിവക്കുള്ള അവസരം സൃഷ്ടിക്കപ്പെടണം. ജനാധിപത്യപ്രകാരമുള്ള എല്ലാ സംവിധാനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനം അനിവാര്യമാണ്. എല്ലാത്തിനും ഒരു അളവ് വരെയുള്ള സ്വയംഭരണ അവകാശം ആദിവാസി വികസനത്തിന്റെ ശോഭ വർദ്ധിപ്പിക്കുവാൻ ഏറെ സഹായകരമാകും എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെയാണെങ്കിലെ ആശ്രിത മനോഭാവം മാറ്റിയെടുത്ത് സ്വയം വികസിക്കുവാനും സ്വാഭിമാനം കാത്തു സൂക്ഷിക്കുവാനും മാനസികമായ ചക്രവാളങ്ങൾ വിപുലപ്പെടുത്തുവാനുള്ള സാഹചര്യം വന്നു ചേരുകയുള്ളൂ.
9. വികസനം പുരോഗമിക്കുമ്പോൾ അവ സ്ഥാപനവൽക്കരിക്കപ്പെടണം. പങ്കാളിത്തം, ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ എന്നീ മേഖലകളിൽ ദൃഢമായ ചുവട് ഉറപ്പിക്കുവാൻ സാധിക്കണം. ഈ പ്രക്രിയയിൽകൂടി വികസനം ഉൾച്ചേർക്കുകയും ഒപ്പം തന്നെ പ്രത്യേകതകൾ, നന്മകൾ എന്നിവ നിലനിർത്തി മറ്റ് ഏത് വ്യക്തിയെപ്പോലെ മുന്നേറാനുള്ള ഊർജ്ജം ലഭ്യമാക്കേണ്ടതാണ്.
10. ഉപപദ്ധതി സ്ഥിരമായി വിലയിരുത്തപ്പെടുകയും, ഗവേഷണം, അപഗ്രഥനം എന്നിവ കൃത്യമായി നടത്താൻ വേണ്ട സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്. വീഴ്ചകൾ

തിരുത്തപ്പെടാനുള്ള ഭരണപരമായ യുക്തിയും കഴിവും പ്രകടിപ്പിക്കണം. എങ്കിൽ മാത്രമേ ഇത്തരത്തിൽ ഉപപദ്ധതിയുടെ ഹ്രസ്വ–ദീർഘകാല മേന്മ വർദ്ധിപ്പിക്കുവാനും വികസനം എന്ന പദത്തിന്റെ അർത്ഥതലങ്ങൾ ആദിവാസി സമൂഹങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് നൽകി അനുഭവവേദ്യമാക്കി മാറ്റാനും സാധിക്കുകയുള്ളൂ.

മുകളിൽ സൂചിപ്പിച്ച പട്ടികവർഗ ഉപപദ്ധതിയുടെ ആശയങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ചിട്ടു വേണം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടത്. മാർഗരേഖയിലെ (സ.ഉ (എം.എസ്)നമ്പർ 86/2022/തസ്വഭവ/തിയ്യതി 19.04.2022) വിശദാംശങ്ങൾ കൂടി കാണുക

### 10.4.2 നിലവിലെ അവസ്ഥാവിശകലനവും വികസന തന്ത്രവും

പട്ടികവർഗ്ഗ ഉപപദ്ധതിക്ക് വേണ്ടിയിട്ടുള്ള തീരുമാനങ്ങളും മുൻഗണനകളും പ്രധാനമായും ഊരുകൂട്ടങ്ങളിൽ നിന്നാണ് ഉയർന്ന് വരേണ്ടത്. ഊരുകൂട്ടങ്ങളുടെ നടത്തിപ്പ് ശരിയായ രൂപത്തിൽ നടത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഊരുകൂട്ടം മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങളാണ് നഗരഭരണസ്ഥാപനങ്ങൾ ജില്ല വികസന വകുപ്പുകൾ മറ്റ് വികസന ഏജൻസികൾ അവരവരുടെ പരിധിയിലുള്ള ഉപപദ്ധതികൾക്ക് അന്തിമരൂപം നൽകുവാൻ പ്രയോജനപ്പെടുത്തേണ്ടത് ചുരുക്കത്തിൽ ഒരു പരിധിവരെ ഊരുകൂട്ടങ്ങളുടെ സ്വയംഭരണാവകാശങ്ങളെ ഹനിക്കാത്ത വികസന തന്ത്രമാണ് വിഭാവനം ചെയ്യേണ്ടത്.

### 10.4.3 ഉപപദ്ധതി രൂപീകരണം, നടപടിക്രമങ്ങൾ

1. **വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം**
   - എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരെയും പട്ടികവർഗ്ഗ മെമ്പർമാരെയും അംഗങ്ങളാക്കണം.
   - പട്ടികവർഗ്ഗ വികസനവകുപ്പിലെ പട്ടികവർഗ്ഗ വികസന ഓഫീസർ ആയിരിക്കണം കൺവീനർ. (അദ്ദേഹത്തിന്റെ അഭാവത്തിൽ SCDO കൺവീനറാകണം)
2. **പശ്ചാത്തലം ഒരുക്കൽ**

ഊരുകൂട്ടങ്ങളിലും കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലും ആസൂത്രണ നടപടിക്രമങ്ങൾ വിശദീകരിക്കൽ, പദ്ധതിയാലോചന, വികസനപ്രോജക്ട്കൾ നിർദ്ദേശിക്കാൻ ആവശ്യപ്പെടൽ.

3. **വികസന അവസ്ഥയുടെ അപഗ്രഥനം**

ഊരുകൂട്ട അടിസ്ഥാനത്തിൽ അവസ്ഥാവിശകലന റിപ്പോർട്ട് ട്രൈബൽ പ്രമോട്ടർ തയ്യാറാക്കി ഊരുകൂട്ടങ്ങളിലും കുടുംബശ്രീ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലും ചർച്ച ചെയ്യണം

4. **ഊരുകൂട്ട യോഗം (മാർഗ്ഗരേഖ– ഖണ്ഡിക 3.2.2)** (സ.ഉ (എം.എസ്)നമ്പർ 86/2022/തസ്വഭവ/തിയ്യതി 19.04.2022)

- ഊരു മൂപ്പന്റെ അധ്യക്ഷതയിൽ കൂടണം
- പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കണം
- ഊരിലെ വോട്ടവകാശമുള്ള 50 ശതമാനമാണ് ക്വാറം.
- മുൻഗണനാ നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കണം,
- ഊരു യോഗത്തിൽ നിന്നും വികസന സെമിനാറിലേക്ക് ഒരു വനിത ഉൾപ്പെടെ

രണ്ടുപേരെ തിരഞ്ഞെടുക്കണം.

6. **കരട് പദ്ധതി രൂപീകരണം (മാർഗ്ഗരേഖ–ഭാഗം11 (2) (11))**

- കരട് പദ്ധതി രൂപീകരിക്കുന്നതിനായി നഗരസഭാതലത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ സമിതിയുടെ യോഗം ചേരണം.
- ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കു പുറമെ ഊരുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ട് പ്രതിനിധികളും ഊരുമൂപ്പനും പങ്കെടുക്കണം.
- 25–ൽ കൂടുതൽ ഊരുകളുള്ള നഗരസഭകളിൽ ആദ്യം ഉപനഗരസഭാ തലത്തിൽ
- യോഗം നടത്തിയശേഷം ആ യോഗങ്ങളിൽ നിന്ന് 20 വീതം പേരെ പങ്കെടുപ്പിച്ചു കൊണ്ടാണ് നഗരസഭാതല പദ്ധതിരൂപീകരണയോഗം സംഘടിപ്പിക്കേണ്ടത്.

## 10.5 നഗരസഭയിൽ നിന്ന് നൽകേണ്ട വിദ്യാഭ്യാസ ധനസഹായങ്ങൾ

» സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ ഓരോ ഊരിലും സർവേ നടത്തി സ്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

» വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പുവരുത്തണം.

» പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നൽകാവുന്ന ധനഹായത്തിന്റെ നിരക്ക് ചുവടെ നൽകുന്നു.

| ഇനം | വാർഷിക അലവൻസിന്റെ പരിധി (രൂപ) |
|---|---|
| 8ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് SSK യുടെ ഭാഗമായി സ്കൂൾ യൂണീഫോം സൗജന്യമായി ലഭിക്കുന്നുണ്ട്. | |
| ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് (9, 10 ക്ലാസുകൾക്ക്) | 2000 |
| നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന്: | |
| ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് | 750 |
| അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് | 1000 |
| ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് | 1300 |
| കുട, ചെരുപ്പ്/ഷൂസ്, സ്കൂൾ ബാഗ്, പെൻസിൽ, പേന എന്നിവ വാങ്ങുന്നതിന് എല്ലാ സ്റ്റാൻഡേർഡുകളിലെയും വിദ്യാർത്ഥികൾക്ക് | 1500 |

## 10.6 നഗരസഭക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ

1. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യവികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്ന് വിഭാഗങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്
2. കുടുംബകേന്ദ്രീകൃത സമീപനത്തിലൂന്നിയുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണം
3. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും മുഴുവൻ ബി.പി. എൽ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയമാതൃകയിൽ ഒരു പരിപാടി തയ്യാറാക്കുകയും അതിൽ ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾ പരിഗണിക്കപ്പെടുകയും വേണം.
4. കുറഞ്ഞത് അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശത്ത് കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താം.
5. കൃഷിഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദിക്കാവുന്നതാണ്.
6. ടി.എസ്.പി ഫണ്ടിൽ നിന്നും കുറഞ്ഞത് 10% തുക യുവജന വികസന പരിപാടികൾക്കായി (വിദ്യാഭ്യാസ സഹായം, വിദേശത്ത് തൊഴിൽ നേടൽ, സ്വയംതൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനം, കായിക വികസനം, തൊഴിൽ–വരുമാന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ) വകയിരുത്താവുന്നതാണ്.
7. മെറിട്ടോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.
8. മെറിട്ടോറിയസ് വിദ്യാർതഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനും എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാവുന്നതാണ്.
9. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
10. പട്ടികജാതി വിഭാഗക്കാർക്ക് ലഭ്യമാക്കാവുന്ന ധനസഹായങ്ങളുടെയും സബ്സിഡികളുടെയും ലിസ്റ്റ് മുൻ അദ്ധ്യായം പ്രകാരമുള്ളത് പട്ടികവർഗ്ഗ വിഭാഗക്കാർക്കും ബാധകമാണ്. വിശദവിവരങ്ങൾക്ക് സബ്സിഡി മാർഗരേഖ കാണുക.

## 10.7 പട്ടികവർഗ വകുപ്പിൽ നിന്നുള്ള വികസന പദ്ധതികൾ

### 10.7.1 വിദ്യാഭ്യാസ പദ്ധതി

| എ | നഴ്സറി സ്ക്കൂളുകൾ |
|---|---|
| | 13 നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നു |
| | ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് |

<table>
<tr><td></td><td colspan="3">കുട്ടികളുടെ ഉച്ചഭക്ഷണത്തിന് പ്രതിമാസം 40 രൂപ പ്രകാരം</td></tr>
<tr><td>ബി</td><td colspan="3">പ്രീ മെട്രിക്ക് വിദ്യാഭ്യാസം</td></tr>
<tr><td></td><td colspan="3">എസ്.എസ്.എൽ.സി വരെയുള്ള കുട്ടികൾക്ക് അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ നൽകുന്നു.</td></tr>
<tr><td></td><td>പദ്ധാതി വിഹിതം</td><td>ലംപ്സം ഗ്രാന്റ്<br>(രൂപ)</td><td>പ്രതിമാസ സ്റ്റൈപെന്റ്<br>(രൂപ)</td></tr>
<tr><td></td><td>നഴ്സറിസ്കൂൾ</td><td>500</td><td></td></tr>
<tr><td></td><td>1 മുതൽ 4 വരെ</td><td>750</td><td>200</td></tr>
<tr><td></td><td>5 മുതൽ 7 വരെ</td><td>900</td><td>200</td></tr>
<tr><td></td><td>8 മുതൽ 10 വരെ</td><td>1000</td><td>200</td></tr>
<tr><td></td><td colspan="3">ഒരേ ക്ലാസ്സിൽ രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകും.</td></tr>
<tr><td>സി</td><td colspan="3">പോസ്റ്റ് മെട്രിക്ക് പഠനം</td></tr>
<tr><td></td><td colspan="3">പത്താം ക്ലാസ്സ് കഴിഞ്ഞ് വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മുഴുവൻ ഫീസും വാർഷിക ലംപ്സം ഗ്രാൻറും പ്രതിമാസ സ്റ്റൈപൻറും നൽകുന്നു. എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ആനുകൂല്യം ലഭിക്കുന്നു.</td></tr>
<tr><td></td><td>കോഴ്സുകൾ</td><td colspan="2">ലംപ്സം ഗ്രാന്റ് (രൂപ)</td></tr>
<tr><td></td><td>പ്ലസ് വൺ/വൊക്കേഷണൽ ഹയർ സെക്കൻഡറി</td><td colspan="2">1400</td></tr>
<tr><td></td><td>ഡിഗ്രി</td><td colspan="2">1400</td></tr>
<tr><td></td><td>പി.ജി</td><td colspan="2">1900</td></tr>
<tr><td></td><td>എഞ്ചിനീയറിംഗ്, വെറ്ററിനറി/ആഗ്രിക്കൾച്ചർ</td><td colspan="2">2700</td></tr>
<tr><td></td><td>എം.ബി.ബി.എസ്</td><td colspan="2">3800</td></tr>
<tr><td></td><td>പ്ലസ് വൺ മുതൽ പി.ജി വരെ</td><td colspan="2">പ്രതിമാസം 800 രൂപ സ്റ്റൈപന്റ് (പ്രതിമാസം 900 രൂപ സ്റ്റൈപന്റ് – 8 കി.മീറ്ററിൽ അധികം യാത്ര ചെയ്യുന്നവർക്ക്)</td></tr>
<tr><td></td><td>ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക്</td><td colspan="2">യഥാർത്ഥ താമസ–ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു</td></tr>
<tr><td></td><td>മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സ്</td><td colspan="2">പോക്കറ്റ് മണി 200 രൂപ</td></tr>
<tr><td></td><td>മറ്റ് കോഴ്സുകൾക്ക്</td><td colspan="2">പോക്കറ്റ് മണി 200 രൂപ</td></tr>
<tr><td></td><td>പ്രീമെട്രിക്ക് ഹോസ്റ്റൽ അന്തേവാസികൾക്ക്</td><td colspan="2">പോക്കറ്റ് മണി 200 രൂപ</td></tr>
<tr><td></td><td colspan="3">ബോർഡിംഗിനുള്ള ധനസഹായം</td></tr>
</table>

| | | |
|---|---|---|
| | അന്തേവാസികളായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാൻറായി 700 രൂപ<br>പ്രതിമാസം<br>യൂണിഫോം അലവൻസ്<br>• +1, +2 – 800 രൂപ, 1 to 9 – 500 രൂപ, 10 to 12 – 700രൂപ | |
| | **പട്ടികവർഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രോത്സാഹനം** | |
| | • പ്രൈമറി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക്/രക്ഷിതാക്കൾക്ക് പ്രതിമാസം 50 രൂപ നിരക്കിൽ 10 മാസത്തേക്ക് 500 രൂപ നൽകുന്നു.<br>(ഓരോ അധ്യയനവർഷവും ഫെബ്രുവരി വരെയുള്ള– 75% ഹാജർ കണക്കാക്കി) | |
| | **സ്കൂളിൽ പഠിക്കുന്നവർക്കും പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി**<br>• പ്ലസ് ടു വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജുകളിൽ ട്യൂഷൻ ലഭ്യമാക്കുന്നതിലേക്ക് പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നേരിട്ട് നൽകുന്നു.<br>• പട്ടികവർഗ്ഗ ജില്ലാതല ഓഫീസർമാരുടെ മേൽനോട്ടത്തിൽ പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ തീവ്രപരിശീലന ക്ലാസ്സുകൾ നടത്തുന്ന പരിപാടി ഇതിൽപ്പെടുന്നു | |
| | **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം** | |
| | അക്കാഡമിക്ക്, കലാകായിക രംഗങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതി | |
| | എസ്.എസ്.എൽ.സി, പ്ലസ് ടു | ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000 രൂപ, 4500 രൂപ |
| | ബിരുദം, ബിരുദാന്തരബിരുദം | ഒന്നാം ക്ലാസ്സിൽ പാസാകുന്നവർക്ക് 4500 രൂപ |
| | തൊഴിലധിഷ്ഠിത കോഴ്സ് | 6000 രൂപ |
| | ബിരുദം കോഴ്സിൽ ഒന്നാം ക്ലാസ്സിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ അഞ്ച് കുട്ടികൾക്കും മറ്റ് ജില്ലകളിലെ രണ്ട് കുട്ടികൾക്ക് വീതവും 3000 രൂപ നിരക്കിലും പ്രോത്സാഹനം നൽകുന്നു. | |
| | **അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻറ് ഡെവലപ്മെന്റ് പരിപാടി** | |
| | 5 മുതൽ 10 ക്ലാസ്സ് വരെ | • സ്കോളർഷിപ്പ്<br>• പുസ്തക പഠനസാമഗ്രികൾ<br>• യൂണിഫോം<br>• പ്രതിമാസ സ്റ്റൈപെൻറ്<br>• പ്രത്യേക ട്യൂഷൻ |
| | 5ാം ക്ലാസ്സ് | 5900 രൂപ |
| | 6 മുതൽ 10 വരെ | 4900 രൂപ |
| | പട്ടികവർഗ്ഗവികസനം അടിസ്ഥാനമാക്കി റിസർച്ച് ഫെല്ലോഷിപ്പ് | |

| | |
|---|---|
| | ഒരു വർഷം മൂന്ന് ഗവേഷകരെ പരിഗണിക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി |
| | **ഭാരത ദർശനം/വിനോദയാത്രയും പഠനയാത്രയും**<br>• മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്നു.<br>• പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ്ടു, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്ര, പഠനയാത്ര എന്നിവയ്ക്ക് സാമ്പത്തിക സഹായം. |
| | **മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ** |
| | • സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പബ്ളിക്ക്സ്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോട് കൂടിയ സ്കൂൾ.<br>• വകുപ്പിൻ കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ.<br>• പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സിലേക്ക് തിരഞ്ഞെടുപ്പ്.<br>• പ്രവേശനം ലഭിച്ച കുട്ടികൾക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ സൗജന്യം.<br>• രക്ഷിതാക്കളുടെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• അപേക്ഷ– ഡിസംബർ, ജനുവരി മാസം<br>• അപേക്ഷ നൽകേണ്ടത്– ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/ടി.ഡി ഓഫീസർമാർക്ക് |
| | **പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകൾ** |
| | • തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് താമസം ഭക്ഷണം എന്നിവ സൗജന്യം<br>• അപേക്ഷ നൽകേണ്ടത്– പഠിക്കുന്ന സ്ഥാപനത്തലവൻ മുഖേന ഐ.ടി.ഡി പ്രോജക്ട് ഓഫീസർ/ടി.ഡി ഓഫീസർമാർക്ക് |

## 10.8 ആരോഗ്യസുരക്ഷ

| | |
|---|---|
| | **അട്ടപ്പാടി ഇടുക്കി ആരോഗ്യപദ്ധതികൾ** |
| | • ക്ഷയം, കുഷ്ഠം, ത്വക്ക് രോഗങ്ങൾ, അനീമിയ, അരിവാൾ രോഗം എന്നീ രോഗങ്ങൾ ചികിത്സിക്കുന്നതിന് (അട്ടപ്പാടി, ഇടുക്കി പ്രദേശം) |
| | **പട്ടികവർഗക്കാരുടെ ചികിത്സ** |
| | അട്ടപ്പാടി – 2 ഒ.പി ക്ലിനിക്ക്<br>ഇടുക്കി – 1 ഒ.പി ക്ലിനിക്ക്<br>ചാലക്കുടി – 1 ഒ.പി ക്ലിനിക്ക് |
| | **പട്ടികവർഗ സമഗ്ര ആരോഗ്യ സുരക്ഷ**<br>• സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാരുടെ സൗജന്യ ചികിത്സ പദ്ധതി |

| | | |
|---|---|---|
| | സൗജന്യ ചികിത്സ ലഭ്യമായ സ്ഥാപനങ്ങൾ | • സർക്കാർ ആശുപത്രി<br>• സർക്കാർ മെഡിക്കൽ കോളേജ്<br>• പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ<br>• മലബാർ ക്യാൻസർ സെന്റർ<br>• തലശ്ശേരി റീജിയണൽ ക്യാൻസർ സെന്റർ<br>• ശ്രീ ചിത്ര മെഡിക്കൽ സെന്റർ |
| | സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാചെലവിനു (ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ) | 10,000 രൂപ വരെ |
| | പട്ടികവർഗക്കാരിൽ ബി.പി.എൽ വിഭാഗത്തിന് മാത്രം | 10,000 രൂപയ്ക്ക് മുകളിൽ |
| | വ്യക്തിഗത കേസിന് (ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ശുപാർശ) | 10,000 രൂപ വരെ |
| | വ്യക്തിഗത കേസിന് (ആശുപത്രി വികസന സമിതിയുടെ ശുപാർശ) | 50,000 രൂപ വരെ |
| | വ്യക്തിഗത കേസിന് (പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ യുടെ ശുപാർശ) | 50,000 രൂപയ്ക്ക് മുകളിൽ |
| | ആവശ്യമായ ഫണ്ട് ഡി.എം.ഒ വഴിയും മെഡിക്കൽ കോളേജുകൾക്ക് ആശുപത്രി സൂപ്രണ്ട് വഴിയും വിതരണം നടത്തുന്നു. | |
| | **അരിവാൾ രോഗത്തിനുള്ള സഹായം** | |
| | വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ട് വരുന്ന രോഗം | |
| | അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 2500 രൂപ വീതം നൽകി വരുന്നു. | |
| | **ജനനി– ജന്മരക്ഷ** | |
| | • അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പ് വരുത്താൻ ആവിഷ്ക്കരിച്ച പദ്ധതി.<br>• ഗർഭിണിയായതിന് ശേഷം 3 മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നത് വരെയുള്ള 18 മാസക്കാലം 2000 രൂപ വീതം മാസം നൽകുന്നു. പരമാവധി 36000 രൂപ. | |
| | **പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി** | |
| | – ബഹു വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കുന്ന പദ്ധതി<br>– കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ | |
| | ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ | 1,00,000 രൂപ വരെ |
| | മറ്റ് രോഗങ്ങൾക്ക് | 50,000 രൂപ വരെ |
| | കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിന് | 2,00,000 രൂപ വരെ |
| | അസുഖങ്ങളാൽ കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് (ഡോക്ടറുടെ ശുപാർശ പ്രകാരം) | ഒരു ലക്ഷം രൂപ വരെ |

## 10.9 സാമൂഹ്യ-സാമ്പത്തിക ഉന്നമന പരിപാടികൾ

| | |
|---|---|
| | **ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്** |
| | അടിയൻ, പണിയൻ, പ്രത്യേക ദുർബല ഗോത്രവർഗഗക്കാർക്ക് ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികവികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതി. |
| | **വർഷക്കാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പദ്ധതി** |
| | ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പുറത്ത് പോയി ജോലികൾ ചെയ്യാൻ സാധിക്കാതെ വരുന്ന സന്ദർങ്ങളിൽ ജോലിയും ആഹാരവും നൽകുന്ന പദ്ധതി. |
| | **പട്ടികവർഗ്ഗ പ്രൊമോട്ടർമാർ** |
| | • നഗരസഭകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക<br>• പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോയായി പ്രവർത്തിക്കുക<br>• ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുക<br>• വിദ്യാഭ്യാസമുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിക്കുന്നു<br>ഓണറേറിയം– 12,500 + യാത്രാ ചെലവ് 1000 രൂപ വീതം പ്രതിമാസം |
| | **പട്ടികവർഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം** |
| | • വിവാഹധനസഹായം – ഒരു ലക്ഷം രൂപയിൽ നിന്ന് 1,25,000 രൂപയായി വർദ്ധിപ്പിച്ചു.<br>• അനാഥരായ പെൺകുട്ടികൾക്ക് 1,50,000 രൂപ.<br>• അപേക്ഷ– വിവാഹ തീയതിക്ക് ഒരു മാസംമുമ്പ്<br>• അപേക്ഷിക്കേണ്ടത്– ബന്ധപ്പെട്ട ടി.ഇ.ഒ മാർക്ക്<br>• സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിന് ശേഷം അപേക്ഷിച്ചാൽ ഡയറക്ടറുടെ അനുമതിയോടെ മാത്രമെ ലഭിക്കൂ. |
| | **കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)** |
| | • അശരണരും അനാഥരും ആയ പട്ടികവർഗ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ആ പദ്ധതിയിലൂടെ നൽകുന്നു.<br>• പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും സഹായം നൽകുന്നു. പ്രതിമാസം 1500 രൂപ, 18 വയസ്സ് വരെ. |
| | **പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം** |
| | യു.പി.എസ്.സി/പി.എസ്.സി, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ വിവിധ പൊതുമേഖല പരീക്ഷാ ബോർഡുകൾ നടത്തുന്ന മത്സരപീക്ഷകളിൽ പങ്കെടുത്ത് വിജയം കൈവരിക്കുന്നതിന് ഉദ്യോഗർത്ഥികൾക്ക് കോച്ചിംഗ് ക്ലാസ്സ് നൽകുന്നതിനുള്ള കേന്ദ്രസഹായ പദ്ധതി. |

| | | |
|---|---|---|
| | **അതിക്രമങ്ങൾ നേരിടേണ്ടി വരുന്നവർക്കുള്ള സഹായം** | |
| | • അതിക്രമങ്ങൾ തടയുക<br>• അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക<br>• സൗജന്യ നിയമസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടപ്പെടുന്നവർക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവ ലഭ്യമാക്കുന്നു. | |
| | **വനാവകാശ നിയമം 2006 അഥവാ ഫോറസ്റ്റ് റൈറ്റ്സ് ആക്ട്** | |
| | കേന്ദ്ര ഗസറ്റിൽ പരസ്യപ്പെടുത്തി – 2007 ജനുവരി 2 ന് നിലവിൽ വന്നു<br>ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു – 2008 ഒക്ടോബർ 1 ന്<br>ഭേദഗതി – 2011 | |
| | • വനവാസികളായ പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗത വനവാസികളുടെയും വനവിഭവ അവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുമുള്ള നിയമം,<br>• 2005 ഡിസംബർ 13 നോ അതിന് മുമ്പോ കൈവശമുണ്ടായിരുന്ന ഭൂമിയാണ് ലഭിക്കുക. | |
| | **അവകാശങ്ങൾ**<br>• സർക്കാർ പദ്ധതികൾക്കായി ഏറ്റെടുത്ത വനഭൂമിക്ക് പകരം ഭൂമിയോ ആ വനഭൂമിയോ തന്നെ പട്ടികവർഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്.<br>• വ്യക്തിഗത അവകാശങ്ങൾ<br>• സാമൂഹിക അവകാശങ്ങൾ<br>• വികസന അവകാശങ്ങൾ | |
| | **മിശ്രവിവാഹ ധനസഹായം** | |
| | 50,000 രൂപ ധനസഹായം വിവാഹത്തിന് ഒരു വർഷത്തിന് ശേഷവും മൂന്ന് വർഷം പൂർത്തിയാക്കുന്നതിന് മുമ്പും അപേക്ഷിക്കണം | തുക നഗരസഭ വഴി നൽകും.<br>ജാതി, വരുമാനം, വിവാഹരജിസ്ട്രേഷൻ സഹവാസ എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കണം. |
| | **ഭവനനിർമ്മാണം** | |
| | അപേക്ഷ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിക്കണം | 6,00,000 രൂപ 5 ഗഡുക്കളായി നൽകുന്നു. |
| | **ഭവനപുനരുദ്ധാരണം** | |
| | അപേക്ഷ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിക്കണം | 1,50,000 രൂപ. 6 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകൾ |
| | TRDM ആദിവാസി പുനരധിവാസ വികസന മിഷ്യൻ | |

| | |
|---|---|
| | അപേക്ഷ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർക്ക് സമർപ്പിക്കണം. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 1 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നു. |

## 10.10 വനം വകുപ്പ് വഴി നൽകുന്ന ധനസഹായം

1. സെറ്റിൽമെന്റിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്ക് ഭവനനിർമ്മാണത്തിന് ഒന്നര ഘന മീറ്റർ തടി ലഭിക്കുന്നതിന്അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് ഈടാക്കുന്നില്ല.
2. ഭവന നിർമ്മാണത്തിനു വേണ്ടി സൗജന്യമായി തടി ലഭിക്കുന്നതിന് ഈ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനു വേണ്ടി സൗജന്യമായി തടി ലഭിക്കുന്നതിന് അപേക്ഷ, ഭവന നിർമ്മാണം ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിലാണോ നടക്കുന്നത്, ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മുഖേന ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കണം.
3. തടിയേതര വനവിഭവശേഖരണത്തിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പാസ് പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകണം. അപേക്ഷാഫീസ് ഈടാക്കുന്നില്ല. മറ്റ് ഫീസുകളൊന്നും ഒടുക്കേണ്ടതില്ല.
4. പട്ടികജാതി/പട്ടികവർഗ്ഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള മുള–ഈറ്റ ശേഖരണത്തിനുള്ള പാസ്സ് പട്ടികജാതി/വർഗ്ഗ കരകൗശല തൊഴിലാളികൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകണം. ആദിവാസി വിഭാഗത്തിൽപെട്ടവർക്ക് സൗജന്യമായി നൽകിവരുന്നു.
5. വനാതിർത്തിക്കുള്ളിലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ശേഖരണം അപേക്ഷ 5 രൂപയുടെ ക്വോർട്ട് ഫീസ് സ്റ്റാമ്പ് സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ നൽകണം. ഇതിലേക്കായി മണലിന്റെ വിലയും മറ്റ് നികുതികളും ബാധകമാകും. സ്വന്തം ഉപയോഗത്തിന് മാത്രമാണ് ഈ അനുവാദം നൽകുന്നത്. റെയിഞ്ച് ഓഫീസുകൾക്ക് കീഴിലുള്ള വനസംരക്ഷണ സമിതികൾ മുഖേനയാണ് മണൽ ശേഖരണം.
6. വന്യജീവി ആക്ര മണത്തിനുള്ള നഷ്ടപരിഹാരം അപേക്ഷകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നൽകുക. മറ്റ് ചെലവുകൾ ഒന്നും ഒടുക്കേണ്ടതില്ല. മരണപ്പെട്ടാൽ 5 ലക്ഷം രൂപയും പരിക്ക് സംഭവിച്ചാൽ അരലക്ഷം രൂപയും നൽകുന്നതാണ്. പാമ്പ് കടിയേറ്റ് മരണപ്പെട്ടവർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു.

### 10.10.1 വന്യജീവി മൂലമുണ്ടാകുന്ന വിളനാശം

വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് അപേക്ഷകൾ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകുക. അപേക്ഷാ ഫീസ് ഇല്ല. പരിശോധനയ്ക്ക് ശേഷം നഷ്ടപരിഹാരം താമസംവിനാ നൽകുന്നു.

## 10.11 സംയോജന സാധ്യതകൾ

വിവിധ വികസന വകുപ്പുകൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുമായും പട്ടികവർഗ്ഗ

ഉപപദ്ധതിയ്ക്ക് ബന്ധമുണ്ട്. ആയത് കൊണ്ട് ഇതര സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വരുന്ന വിഷയങ്ങൾ കൂടി സംയോജിപ്പിച്ച് വികസന പ്രക്രിയ സമഗ്രമാക്കേണ്ടതാണ്. ഉദാഹരണത്തിന് വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾക്ക് നിർണ്ണായക പങ്കാണ് ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കാൻ ഉള്ളത്. കാർഷിക വികസനം, ചെറുകിട വനവിഭവങ്ങളുടെ സംസ്കരണം തുടങ്ങിയവ സാമ്പത്തിക സുസ്ഥിരതയ്ക്ക് വേണ്ടി ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്. ചുരുക്കത്തിൽ ആസൂത്രണ പ്രക്രിയയിൽ ആവശ്യമായ ചർച്ചകൾ നടത്തി വേണം ഓരോ പദ്ധതികളെയും കുറ്റമറ്റതാക്കുവാൻ. ഇതിനകം തന്നെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുകരണീയമായ മാതൃകകൾ സൃഷ്ടിച്ചെടുത്തിട്ടുണ്ട്. അവ നൽകുന്ന പാഠങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഇനിയും വികസിക്കേണ്ടവരുടെ പ്രവർത്തനങ്ങളാണ് അനിവാര്യമായി ഏറ്റെടുക്കേണ്ടത്. അവരെ ആശ്രിത മനോഭാവത്തിൽ നിന്നും മാറ്റിയെടുക്കാൻ വേണ്ടി സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷയും ആണ് ഇനി നൽകേണ്ടത്. ഓരോ പദ്ധതിയും ദീർഘവീക്ഷണത്തോടുകൂടി ഗുണനിലവാരം ഉള്ളതാക്കി തീർക്കാൻ വേണ്ട ശ്രമങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉയർന്ന് വരേണ്ടതാണ്.

## 10.12 നിയമപരിരക്ഷകൾ

1989 ലെ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്ടും 2015ലെ ഭേദഗതി ആക്ട്ടും

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനു പഴയ നിയമങ്ങൾ മതിയാകാതെ വന്നതുകൊണ്ടാണ് 1989 ൽ ടി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി ഈ നിയമം പ്രാബല്യത്തിൽ വന്നത്. 2015 ഇതിന് കാതലായ ഭേദഗതികൾ കൊണ്ടുവരികയുണ്ടായി.

ഈ നിയമപ്രകാരം പട്ടിജാതി പട്ടികവർഗ്ഗക്കാർക്കെതിരെ ഈ വിഭാഗത്തിൽപ്പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ, വ്യക്തിപരമായോ, വസ്തുവഹകൾ സംബന്ധമായോ ദുരുദ്ദേശത്തോടുകൂടിയ നിയമ നടപടികൾ മുഖേനയോ, രാഷ്ട്രീയമായോ സാമ്പത്തികചൂഷണം മുഖേനയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾ നടത്തുകയാണെങ്കിൽ ആയത് ശിക്ഷാർഹമായ കുറ്റമാണ്. ഈ വിഭാഗത്തിൽപ്പെടാത്ത ഒരു ഉദ്യോഗസ്ഥൻ മനഃപ്പൂർവ്വമായി ഈ നിയമപ്രകാരം ചെയ്യേണ്ട ഏതെങ്കിലും കടമകൾ നിർവ്വഹിക്കാതിരുന്നാൽ പോലും ഈ നിയമപ്രകാരം ആ ഉദ്യോഗസ്ഥനെ ആറ് മാസത്തിൽ കുറയാത്ത തടവിന് ശിക്ഷിക്കാവുന്നതാണ്.

**2015 ൽ ഈ നിയമം ഭേദഗതി ചെയ്തു കൊണ്ട് കൂടുതൽ കുറ്റകൃത്യങ്ങൾ ഉൾപ്പെടുത്തുകയും IPC പ്രകാരമുള്ള വകുപ്പുകൾ പട്ടികപ്പെടുത്തുകയും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള ആശ്വാസ നിയമ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**

പൊതുവിഭാഗത്തിൽപ്പെട്ട ഒരാൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഒരാൾക്കെതിരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്യുന്നത് ശിക്ഷാർഹമാണ്.

» ഭക്ഷ്യയോഗ്യമല്ലാത്ത/നിന്ദ്യമായ വസ്തുകൾ വായിൽ ഇടീക്കുന്നത്, ഭക്ഷിപ്പിക്കുന്നത്
» വിസർജ്യം മുതലായവ പരിസരത്തും മറ്റും ഇടുന്നത്
» ചെരുപ്പ് മാലയിടീക്കുകയോ നഗ്നനാക്കി നടത്തിക്കുകയോ ചെയ്യുന്നത്
» കൃഷിയിടം അന്യാധീനപ്പെടുത്തുക, നശിപ്പിക്കുക മുതലായവ
» നിർബന്ധിത ജോലി ചെയ്യിപ്പിക്കുന്നതും ജോലി ചെയ്യാൻ അനുവദിക്കാത്തതും

- പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ട സ്ത്രീയെ അപമാനിക്കുകയോ ലൈംഗിക ചുവയോടെ സംസാരിക്കുകയോ ആംഗ്യം കാണിക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നത്
- ജലസ്രോതസ്സ് മലിനപ്പെടുത്തുന്നത്
- ഉപയോഗിച്ചിരുന്ന വഴി തടസ്സപ്പെടുത്തുന്നത്
- വീടോ ഗ്രാമമോ വിട്ടുപോകാൻ നിർബന്ധിതരാക്കുന്നത്
- പൊതുജലസ്രോതസ്സോ, പൊതുസൗകര്യങ്ങളോ, പൊതു ആരാധനാലയമോ, ശ്മശാനമോ, ആശുപത്രിയോ, വിദ്യാഭ്യാസസ്ഥാപനങ്ങളോ മുതലായവ ഉപയോഗിക്കുന്നത് തടയുന്നത്
- മന്ത്രവാദം നടത്തുന്നു എന്നാരോപിച്ച് ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത്
- സാമൂഹികമോ സാമ്പത്തികമോ ആയി വിലക്കേർപ്പെടുത്തുന്നത് 6 മാസം മുതൽ 5 വർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റങ്ങളാണ്
- പൊതുസേവകൻ തന്റെ ഉത്തരവാദിത്ത്വത്തിൽ നിന്ന് വ്യതിചലിക്കുന്നത് 6 മാസം മുതൽ ഒരു വർഷം വരെ ശിക്ഷ കിട്ടാവുന്ന കുറ്റങ്ങളാണ്
- പൊതുസേവകന്റെ ഉത്തരവാദിത്വം നിയമത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യവികസനം, പശ്ചാത്തല സൗകര്യം വികസനം എന്നിവ കൈവരിക്കുക എന്നതാകണം നഗരസഭയുടെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന പരിശോധനയും വിലയിരുത്തലും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കണം. 2008 – 2010 കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ– സാമ്പത്തിക സർവ്വേയുടെ വിവരങ്ങൾ പുതുക്കി തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് 14ാം പദ്ധതിക്കാലത്തെ നഗരസഭ ആവിഷ്കരിക്കേണ്ടത്. ഇതിന് നേതൃത്വം പരമായ പങ്ക് വഹിക്കേണ്ടത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയാണ്.

# 11

# ദാരിദ്ര്യ നിർമ്മാർജ്ജനവും ചേരിപരിഷ്ക്കരണവും

ഉൽപാദനപരമായ തൊഴിലും, മികച്ച തൊഴിൽ സാഹചര്യവുമാണ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രധാനപ്പെട്ട ഘടകം. ഇതു കൂടാതെ അതിജീവനാവശ്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസന ആവശ്യങ്ങളും നിർവഹിക്കാനാവശ്യമായ അവസരങ്ങളും സാധ്യതകളും എല്ലാ ജനവിഭാഗങ്ങൾക്കും കുടുംബങ്ങൾക്കും ലഭ്യമാക്കുകയും വേണം.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ ചെയ്യാനുള്ള അവകാശം സംരക്ഷിക്കുക, സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക, സാമൂഹ്യനീതി ഉറപ്പാക്കുക, ലിംഗഭേദം ഇല്ലായ്മ ചെയ്യുക എന്നിവയാണ് അജണ്ടയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർ, ഗാർഹിക മേഖലയിലടക്കമുള്ള അസംഘടിത മേഖലകളിൽ പണിയെടുക്കുന്നവർ, മറ്റു സംരക്ഷണങ്ങൾ ലഭിക്കാത്ത വിഭാഗങ്ങൾ, അഗതികൾ എന്നിവർക്കായി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനോടൊപ്പം പൊതുവിതരണ സമ്പ്രദായം സുതാര്യമായും കാര്യക്ഷമമായും പുനസംഘടിപ്പിച്ചു കൊണ്ടുമാണ് ഇക്കാര്യത്തിൽ പ്രവർത്തിച്ചു പോരുന്നത്. കേരളം കഴിഞ്ഞ കുറേ നാളുകളായി തുടർന്നു വരുന്ന സാമൂഹ്യസുരക്ഷ പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും കുടുംബശ്രീ പോലുള്ള സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമ്മാർജ്ജന മിഷനുകളും ഇതിനകം ദേശീയവും അന്തർദേശീയവുമായ അംഗീകാരം നേടിയിട്ടുണ്ട്. 2011-ലെ ഭാരത് മാനവ വികസന റിപ്പോർട്ട് പ്രകാരമുള്ള റാങ്കിംഗിൽ കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. ആരോഗ്യം, വരുമാനം, വിദ്യാഭ്യാസം തുടങ്ങിയ സൂചികകളാണ് പരിഗണിച്ചിട്ടുള്ളത്. നീതി ആയോഗിന്റെ ഏറ്റവും പുതിയ റിപ്പോർട്ടുപ്രകാരം (First Multi dimensional Poverty Index (MPI) Report of Niti Aayog) ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്.

## 11.1 എന്താണ് ദാരിദ്ര്യം?

വ്യക്തികളെയും സമൂഹത്തെയും പൊതുവായി ബാധിക്കുന്ന ദുഃഖകരമായ അവസ്ഥയാണ് ദാരിദ്ര്യം. ക്ഷേമകരമായ ജീവിതത്തിൽ നിന്നുമുള്ള സ്പഷ്ടവും ബഹുമുഖവുമായ അധഃപതനത്തെ ദാരിദ്ര്യമെന്ന് പറയുന്നു. പരിമിതമായ വരുമാനം നിമിത്തം മാന്യമായ നിലനിൽപ്പിനുള്ള സേവനങ്ങളും ലഭ്യമല്ലാത്ത സമൂഹം ദരിദ്ര സമൂഹമാണ്.

അടിസ്ഥാന മാനവ ആവശ്യങ്ങളായ ഭൂമി/പാർപ്പിടം, പോഷകാഹാരം, കുടിവെള്ളം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, വസ്ത്രം മുതലായവയുടെ അഭാവത്തെ കേവല ദാരിദ്ര്യം എന്നും സമൂഹത്തിൽ മാന്യമായി നിലനിൽക്കുന്നതിന് ആവശ്യമായ വരുമാനത്തിന്റെയും വിഭവങ്ങളുടെയും അഭാവത്തെ ആപേക്ഷിക ദാരിദ്രം എന്നും പറയാം. മേൽ പരാമർശിച്ച അടിസ്ഥാന ഘടകങ്ങളെ ആധാരമാക്കിയുള്ള ക്ലേശഘടകങ്ങൾ പരിഗണിച്ചാണ് നഗരദരിദ്രരെ കണ്ടെത്തേണ്ടത്.

സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുകയെന്നതാണ് നഗരസഭകളുടെ ഭരണഘടനാപരമായ കർത്തവ്യം.

## 11.2 ദാരിദ്ര്യ ലഘൂകരണ പരിപാടികൾ

വികസന മേഖലാപരവും, സാമൂഹികവും, സാമ്പത്തികവുമായ വിവേചനം ഇല്ലാതാക്കാൻ ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നതായിരുന്നു 11ാം പഞ്ചവത്സര പദ്ധതി മുതൽ നാം നേരിടുന്ന വെല്ലുവിളി.  ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പുറമെ കുടുംബശ്രീ മിഷൻ മുഖേന നടപ്പാക്കുന്ന പങ്കാളിത്താധിഷ്ഠിത ദാരിദ്ര്യനിർമ്മാർജ്ജന പരിപാടി, തദ്ദേശ സ്ഥാപനങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി എന്നിവയിലൂടെയാണ് ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനം നടപ്പാക്കി വന്നിരുന്നത്.

സുസ്ഥിര വികസന ലക്ഷ്യത്തിനൊപ്പം മനുഷ്യവിഭവശേഷി ഉയർത്തുന്ന സാമ്പത്തിക വളർച്ചയും പരിസ്ഥിതി സുരക്ഷയും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന മാലിന്യമുക്തമായ ഭൂരഹിതരും ഭവനരഹിതരും അഗതികളുമില്ലാത്ത കേരളം എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതുലക്ഷ്യവും മുൻഗണനയും. സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് സമഗ്രമായ സാമൂഹ്യസുരക്ഷ സംവിധാനം, കേവല ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യൽ എന്നിവയും ഈ പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

## 11.3 ദാരിദ്ര്യ ലഘൂകരണം – നഗരസഭകളുടെ സാധ്യതകൾ

ഭരണഘടനയുടെ 12ാം പട്ടികയിൽ നഗരസഭകളുടെ ചുമതലകൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിൽ ദാരിദ്ര്യ ലഘൂകരണവുമായി ബന്ധപ്പെട്ടവ താഴെ പറയുന്നു.

» അംഗപരിമിതരും, മാനസിക വെല്ലുവിളികൾ നേരിടുന്നവരുമുൾപ്പെടെയുള്ള സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക.
» ചേരിപരിഷ്ക്കരണ പരിപാടികൾ
» നഗരദാരിദ്ര്യ ഉപശമനം എന്നിവ

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ നിക്ഷിപ്തമായ ദാരിദ്ര്യ ലഘൂകരണ ചുമതലകൾ താഴെപ്പറയുന്നവയാണ്. (വകുപ്പ്: 30 (1) പട്ടിക: 1)

**അനിവാര്യ ചുമതലകൾ:**

ചേരി പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**മേഖലാ ചുമതലകൾ**

- ദരിദ്ര്യരെ കണ്ടെത്തുക.
- പാവപ്പെട്ടവർക്ക് പ്രത്യേകിച്ച്, സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും

പദ്ധതികൾ നടപ്പാക്കുക.

- പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടുന്നതിനുള്ള സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോടുകൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക.
- സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക.

ദാരിദ്ര്യം ഇല്ലായ്മകളുടെ ഒരു കൂടിച്ചേരലാണെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നുവല്ലോ. അതുകൊണ്ട് ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ ഓരോ കുടുംബത്തിന്റേയും ഇല്ലായ്മകൾ കണ്ടെത്തണം. ദരിദ്രരെ കണ്ടെത്തുന്നതോടൊപ്പം അവരുടെ ഇല്ലായ്മകളും കണ്ടെത്തുന്നു.

ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവ നിറവേറ്റുന്നതിലെ അപര്യാപ്തത, അതിനുള്ള വിവിധ കാരണങ്ങൾ എന്നിവ വിശകലനം ചെയ്യണം. അറിവില്ലായ്മ, വിദ്യാഭ്യാസ കുറവ്, വരുമാനകുറവ്, രോഗാതുരത്വം, ശുചിത്വ കുറവ്, ദുശ്ശീലങ്ങൾ ചൂഷണങ്ങൾക്ക് വിധേയമാകൽ, സമ്പാദ്യമില്ലായ്മ, ദുഷ്ചെലവുകൾ, അന്ധവിശ്വാസങ്ങൾ, തൊഴിലില്ലായ്മ മുതലായവ ഇതിന് കാരണമാകാം. ഇവ ഓരോന്നും കണ്ടെത്തി ദൂരീകരിക്കണം.

ഈ പരിഹാരങ്ങൾക്കുള്ള നഗരഭരണ സ്ഥാപനങ്ങളുടെ ഇടപെടലാണ് നിർണ്ണായകം. യഥാർത്ഥ അർഹരെ കണ്ടെത്തി, അവരുടെ ആവശ്യങ്ങൾ യഥാവിധി കണ്ടെത്തി പ്രശ്നപരിഹാരത്തിനുള്ള പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പിലാക്കുകയാണ് കടമ. കേന്ദ്ര-സംസ്ഥാന പദ്ധതികളുമായി ഇതിനെ സംയോജിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്താൽ വിവിധ പ്രശ്നങ്ങൾക്ക് ഒരളവോളം പരിഹാരം കണ്ടെത്താം. ഈ പദ്ധതികൾ നടപ്പിലാക്കിയാലും അവശേഷിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാനാണ് നഗരസഭ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഇപ്രകാരം ലഭ്യമാക്കാവുന്ന വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയോടൊപ്പം ജനപങ്കാളിത്തത്തോടെയുള്ള നിർവ്വഹണത്തിനും നഗരഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. ഇതിനായുള്ള സംയോജിത സാമൂഹ്യ ഇടപെടലാണ് (Convergent Community Action) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി (Anti Poverty Sub Plan). ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ദാരിദ്ര്യ ലഘൂകരണ മിഷനാണ് കുടുംബശ്രീ. ഈ സംഘടനാ സംവിധാനം ഉപയോഗിച്ച് താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രക്രിയയിലൂടെയാണ് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയ്ക്ക് രൂപം നൽകേണ്ടത്.

## 11.4 കുടുംബശ്രീ

ഓരോ മലയാളിയുടേയും നാട്ടുവർത്തമാനങ്ങളിൽ തുടങ്ങി കേരള സർക്കാരിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളിൽ പോലും പ്രധാന സ്ഥാനം പിടിക്കുന്ന പദമായിരിക്കുന്നു ഇന്ന് കുടുംബശ്രീ. ലോകത്തെ ഏറ്റവും വിപുലമായ വനിതാ അയൽക്കൂട്ട ശൃംഖല. വ്യത്യസ്ത വിശ്വാസങ്ങളും രാഷ്ട്രീയ ചിന്താഗതികളും വച്ചു പുലർത്തുമ്പോഴും 44 ലക്ഷത്തോളം സാധാരണക്കാരായ സ്ത്രീകളെ ഒരുമിപ്പിക്കുന്ന സംഘബോധം, രാജ്യത്തും പുറത്തുമുള്ള ഇതര സാമൂഹ്യ സംഘടനകളിൽ നിന്ന് വ്യത്യസ്തത പുലർത്തുന്ന തനിമയുള്ള കാഴ്ചപ്പാടുകൾ, അധികാരവികേന്ദ്രീകരണത്തിന്റെ ലോക മാതൃകയായ ജനകീയാസൂത്രണത്തിന്റെ കണ്ണി, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷത്തേയും ഉൾക്കൊണ്ട് ആത്മവിശ്വാസവും ഉണർവ്വും അവർക്ക് പകർന്ന് നൽകുന്ന പ്രവർത്തനശൈലി കുടുംബ

ശ്രീയെ കേരളത്തിന്റെ പൊതുസാമൂഹ്യ പരിസരത്ത് ശ്രദ്ധേയമാക്കുന്ന സവിശേഷതകളിൽ ചിലതു മാത്രമാണ് ഇവിടെ സൂചിപ്പിച്ചത്.

## 11.5 ലഘു ചരിത്രം

സാധാരണക്കാർക്ക് വായ്പ നൽകുന്നതിനുള്ള അനൗപചാരിക രീതികൾ എക്കാലത്തും നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്നു. തിരുവിതാംകൂർ പ്രദേശത്തെ കെട്ടുതെങ്ങ്, ഞായാറാഴ്ച ചിട്ടി, അരിച്ചിട്ടി, നെല്ല് ചിട്ടി, മലബാറിലെ കുറി കല്ല്യാണം തുടങ്ങിയവ ഇവയിൽ ചിലതായിരുന്നു. ബംഗ്ലാദേശ് ഗ്രാമീൺ ബാങ്കിന്റെ വിജയത്തിന്റെയും അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ വനിതാ സ്വയം സഹായ സംഘങ്ങളിലൂടെ ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ ലോകമെങ്ങും ആരംഭിച്ചിരുന്നു. കേരളത്തിലും ഇതിനു സമാനമായ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1992 ൽ ആലപ്പുഴ പട്ടണത്തിലെ ദാരിദ്ര്യ കുടുംബങ്ങളെ സാമൂഹ്യ പങ്കാളിത്തത്തോടെ കണ്ടെത്തുന്നതോടെയാണ് ഈ പുതിയ മാതൃകയ്ക്ക് തുടക്കം കുറിക്കുന്നത്. ഓരോ കുടുംബത്തിൽ നിന്നും ഓരോ വനിതയെ ഉൾപ്പെടുത്തി 15 മുതൽ 40 വരെ അംഗങ്ങളുള്ള 88 അയൽക്കൂട്ടങ്ങളും, ഈ അയൽക്കൂട്ടങ്ങളെ സമന്വയിപ്പിച്ച് 7 ഏരിയ ഡവലപ്മെന്റ് സൊസൈറ്റികളും (എ.ഡി.എസ്), ഇവയുടെ അപ്പക്സ് സമിതിയായി ആലപ്പുഴ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയും (സി.ഡി.എസ്.) രൂപീകരിക്കപ്പെട്ടു.

ആലപ്പുഴയുടെ വിജയം ഈ പ്രവർത്തനങ്ങൾ മറ്റു പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കാൻ പ്രേരണയായി. തുടർന്ന് മലപ്പുറം ജില്ലയിൽ നഗര–ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ പ്രദേശങ്ങളിലും ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 1996 ഡിസംബർ 26–ന് കേരള സർക്കാരിന്റെ പ്രത്യേക ഉത്തരവിലൂടെ Urban Poverty Alleviation Programme (അർബൻ പോവർട്ടി അലീവിയേഷൻ പ്രോഗ്രാം) എന്ന പേരിൽ കേരളത്തിലെ എല്ലാ നഗരസഭാ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിച്ചു. ഇവിടെ നിന്നാണ് കുടുംബശ്രീ ആരംഭിക്കുന്നത്.

ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളെ തദ്ദേശഭരണസ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള സംഘടനാ സംവിധാനമാണ് കുടുംബശ്രീ. 1998 മെയ് 17–ന് മലപ്പുറത്ത് കുടുംബശ്രീയുടെ ഉദ്ഘാടനം നടന്നു. 1998 നവംബറിൽ കുടുംബശ്രീ ദാരിദ്ര്യനിർമാർജ്ജന മിഷൻ രജിസ്റ്റർ ചെയ്യപ്പെട്ടു.

## 11.6 ഒരു തിരിഞ്ഞുനോട്ടം

1998–ൽ ആരംഭിച്ച കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷന്റെ ഭാഗമായി തുടക്കത്തിൽ കേവലം 7843 അയൽക്കൂട്ടങ്ങളും 616 എ.ഡി.എസ്സുകളും 58 സി.ഡി.എസുകളും മാത്രമാണുണ്ടായിരുന്നത്. അർപ്പണ ബോധത്തിന്റേയും പരസ്പര വിശ്വാസത്തിന്റെയും പ്രാദേശിക വികസന സംസ്കാരത്തിന്റെയും പുതുപൂക്കൾ വിരിയിക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ എന്ന വീട്ടുമുറ്റത്തെ ബാങ്ക് നമ്മുടെ വീട്ടമ്മമാരുടെ ജീവിതത്തിന് കൈത്താങ്ങായി. ദാരിദ്ര്യം മാത്രം കൈമുതലായവർക്ക് കടം വാങ്ങുവാനും തിരിച്ചടക്കുവാനും കഴിയുമെന്ന് നമ്മുടെ മുഖ്യധാരാ ബാങ്കുകളെ ഈ വനിതാകൂട്ടായ്മ പഠിപ്പിച്ചു. പിന്നിട്ട പാതയിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നിറമുള്ള നാഴികക്കല്ലുകൾ നിരവധിയാണ്.

കൊച്ചു കൊച്ചു സ്വയം തൊഴിൽ സംരംഭങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ, പാട്ടകൃഷി, പച്ചക്കറി കൃഷി, സമഗ്ര, സ്വാന്തനം, നേച്ചർ ഫ്രഷ് പാൽ ഉല്പാദന പരിപാടി, അമൃതം പൊടി, കഫേ കുടുംബശ്രീ, ഹരിതകർമസേന ഹെൽപ്പ് ഡെസ്കുകൾ, മാലിന്യ സംസ്കരണ യൂണിറ്റുകൾ, മാസ ചന്തകൾ, ഉത്തരവാദിത്ത ടൂറിസം പരിപാടികളിലെ പങ്കാളിത്തം, കേരളം നേരിട്ട വെള്ളപ്പൊക്കം, കൊറോണ വൈറസ് തുടങ്ങിയ ദുരന്തരംഗങ്ങളിൽ കുടുംബശ്രീ നൽകിയ പിന്തുണ സംവിധാനങ്ങൾ ഇങ്ങനെ നേട്ടങ്ങളുടെ പട്ടിക നീളുന്നു.

## 11.7 സംഘടനാ സംവിധാനം

നഗരസഭാതലത്തിലെ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ പൊതുവേ സി.ഡി.എസ് (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) എന്നുപറയുന്നു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനത്തിന്റെ പ്രാഥമിക തലമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. വാർഡുതല (മധ്യ) സംവിധാനമാണ് എ.ഡി.എസ് (ഏരിയ ഡവലപ്മെന്റ് സൊസൈറ്റി) കുടുംബശ്രീയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളായ സാമ്പത്തിക ശാക്തീകരണം, വനിതാ ശാക്തീകരണം എന്നിവ സാക്ഷാത്ക്കരിക്കുന്നതിന് ഈ മൂന്ന് തലങ്ങളുടെയും ശൃംഖലാ പ്രവർത്തനം അത്യാവശ്യമാണ്.

## 11.8 അയൽക്കൂട്ടം

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ പ്രാഥമിക തലമാണ് അയൽക്കൂട്ടം. ഈ അടിസ്ഥാന ഘടകത്തിൽ ഒരു കുടുംബത്തിലെ 18 വയസ്സ് പൂർത്തിയായ ഒരു വനിത എന്ന കണക്കിൽ 10 മുതൽ 20 വരെ അംഗങ്ങൾ ഉണ്ടാകും. പ്രതിവാര യോഗവും മിതവ്യയ സമ്പാദ്യവുമാണ് അയൽക്കൂട്ടത്തിന്റെ ജീവൻ. അയൽക്കൂട്ടത്തിന് ഒരു പൊതുസഭയും (ജനറൽ ബോഡി) ഒരു ഭരണസമിതിയും ഉണ്ട്. ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും അടങ്ങുന്നതാണ് പൊതുസഭ.

## 11.9 ഭരണസമിതി

അയൽക്കൂട്ട പൊതുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചംഗങ്ങളടങ്ങിയ താണ് ഭരണസമിതി. ഈ അഞ്ചംഗ ഭരണസമിതിയിൽ താഴെപ്പറയുന്ന ഔദ്യോഗിക ഭാരവാഹികൾ ഉണ്ടായിരിക്കും.

1. പ്രസിഡണ്ട്
2. സെക്രട്ടറി
3. വരുമാനദായക വോളണ്ടിയർ
4. ആരോഗ്യ–വിദ്യാഭ്യാസ വോളണ്ടിയർ
5. അടിസ്ഥാന സൗകര്യ വോളണ്ടിയർ

## 11.10 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്.)

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ പ്രധാനപ്പെട്ട തലമാണ് എ.ഡി. എസ്. അയൽക്കൂട്ടങ്ങളുടെയും സി.ഡി.എസ്സിന്റെയും സ്ത്രീശാക്തീകരണത്തിനും പ്രാദേശിക

സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമാർജ്ജനത്തിനും ഉതകുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച നിർത്തുന്ന പ്രധാന പങ്ക് എ.ഡി.എസ് നിർവഹിക്കുന്നു.

## 11.11 പൊതുയോഗം

എ.ഡി.എസ് പരിധിക്കുള്ളിലെ എല്ലാ അയൽക്കൂട്ടങ്ങളിലേയും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചംഗ ഭരണസമിതിയാണ് എ.ഡി.എസിന്റെ പൊതുസഭ. നഗരസഭാ വാർഡ് തലത്തിൽ ഒരു എ.ഡി.എസ് മാത്രമേ രൂപീകരിക്കാൻ പാടുള്ളൂ. സർക്കാരിന്റെ പ്രത്യേക അനുമതിയോടെ രൂപീകരിക്കുന്ന ട്രൈബൽ എ.ഡി.സുകൾക്ക് ഈ നിബന്ധന ബാധകമല്ല. നഗരസഭാ കൗൺസിലർ ആ വാർഡിലെ എ.ഡി.എസ് രക്ഷാധികാരി ആയിരിക്കും.

### 11.11.1 എ.ഡി.എസ് ഭരണസമിതി

എ.ഡി.എസ് ഭരണസമിതിയിൽ പൊതുസഭയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് അംഗങ്ങളാണ് ഉണ്ടാകുക. താഴെപ്പറയുന്ന മൂന്ന് ഭാരവാഹികളും ഉണ്ടായിരിക്കും.

1. എ.ഡി.എസ്. ചെയർപേഴ്സൺ
2. എ.ഡി.എസ്. വൈസ് ചെയർപേഴ്സൺ
3. എ.ഡി.എസ്. സെക്രട്ടറി

തെരഞ്ഞെടുക്കപ്പെടുന്ന 7 ഭരണ സമിതി അംഗങ്ങളെ കൂടാതെ താഴെപ്പറയുന്ന എക്സ് ഒഫീഷ്യോ അംഗങ്ങൾ കൂടി എ.ഡി.എസിന്റെ പൊതുസഭയിലും ഭരണസമിതിയിലും അംഗങ്ങളായിരിക്കും.

1. ഐ.സി.ഡി.എസ്/അംഗൻവാടി പ്രവർത്തക
2. സാക്ഷരതാ പ്രേരക്
3. എ.ഡി.എസ് ഭരണസമിതി തീരുമാനിച്ച് ഭരണസമിതിയിലേക്ക് കോ–ഓപ്റ്റ് ചെയ്യുന്ന രണ്ട് അനുഭവ സമ്പന്നരായ മുൻ എ.ഡി.എസ് ഭരണസമിതി അംഗങ്ങൾ.
4. എ.ഡി.എസ് പ്രദേശത്ത് പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്.

എക്സ് ഒഫീഷ്യോ അംഗങ്ങളിൽ മുൻ ഭരണസമിതി അംഗങ്ങളെ എ.ഡി.എസ് സമിതിയും, മറ്റുള്ളവരെ നഗരസഭാ ഭരണസമിതിയുമാണ് തീരുമാനിക്കേണ്ടത്. എ.ഡി.എസ് ഭരണസമിതിയുടെ ക്വാറം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കും.

### 11.11.2 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)

ചുമതല: പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ഘടക പദ്ധതി, സ്ത്രീ ശാക്തീകരണം, സദ്ഭരണം തുടങ്ങിയ രംഗങ്ങളിലെ വികസനാസൂത്രണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.

### 11.11.3 പൊതുസഭ (ജനറൽബോഡി)

സി.ഡി.എസ് പരിധിയിലുള്ള എല്ലാ ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളിലെയും (എ.ഡി.എസ്) എല്ലാ ഭരണസമിതി അംഗങ്ങളും.

### 11.11.4 ഭരണസമിതി

1. സി.ഡി.എസ്. ഭരണസമിതി അംഗങ്ങളുടെ എണ്ണം എ.ഡി.എസ്.കളുടെ എണ്ണത്തിന്

തുല്യമായിരിക്കും. എല്ലാ എ.ഡി.എസ്.നും സി.ഡി.എസ്–ൽ ഓരോ പ്രതിനിധി ഉണ്ടായിരിക്കണം.

2. സി.ഡി.എസ്. ഭരണസമിതിയിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ ഔദ്യോഗിക ഭാരവാഹികളെ കൂടാതെ മെമ്പർ സെക്രട്ടറി എക്സ് ഓഫീഷ്യോ അംഗമായി ഉൾപ്പെടുന്നതായിരിക്കും ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരിൽ ഒരാൾ ബിപിഎൽ അംഗമായിരിക്കണം.
3. അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികൾ, രണ്ട് മുൻ സി.ഡി.എസ് ഭാരവാഹികൾ എന്നിവർ കൂടി എക്സ് ഓഫീഷ്യോ അംഗങ്ങളായി ഉൾപ്പെടുന്നതായിരിക്കും ഭരണസമിതി.
4. സി. ഡി. എസ്.ന് ആവശ്യമെന്ന് തോന്നുന്ന ഉദ്യോഗസ്ഥരെ ഭരണസമിതി യോഗങ്ങളിൽ ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്.
5. സി.ഡി.എസ്. ഭരണസമിതിയിലും ജനറൽബോഡിയിലും അർഹമായ എസ്.സി./ എസ്.ടി. ആനുപാതിക പ്രാധിനിത്യം ഉറപ്പാക്കണം.

### 11.11.5 എക്സ് ഒഫീഷ്യോ അംഗങ്ങൾ

തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി അംഗങ്ങളെ കൂടാതെ ഭരണസമിതിയിലും പൊതുസഭയിലും താഴെപറയുന്നവർ കൂടി എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും.

1. മെമ്പർ സെക്രട്ടറിയായി നഗരസഭ നിയോഗിക്കുന്ന അനുയോജ്യയാ(നാ)യ ഉദ്യോഗസ്ഥ(ൻ).
2. തദ്ദേശ സ്വയംഭരണ സർക്കാർ നിയോഗിക്കുന്ന അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികൾ.
3. സി.ഡി.എസ്–ന്റെ മുൻഭരണസമിതിയിലെ പരിചയസമ്പന്നരായ രണ്ട് അംഗങ്ങൾ.

പൊതുസഭ മൂന്ന് മാസത്തിൽ ഒരിക്കൽ ചേരണം. ഭരണസമിതി (എക്സ്ഒഫീഷ്യോ അംഗങ്ങൾ ഉൾപ്പെടെ) പ്രതിമാസം രണ്ട് യോഗമെങ്കിലും ചേരണം.

### 11.11.6 വിലയിരുത്തൽ സമിതി

പ്രാദേശിക ഭരണകൂടത്തെയും സി.ഡി.എസ് സംവിധാനത്തെയും ജനാധിപത്യ രീതിയിൽ ഒരുമിപ്പിക്കുന്ന വേദിയാണ് വിലയിരുത്തൽ സമിതി. മൂന്നു മാസത്തിലൊരിക്കലെങ്കിലും നിർബന്ധമായും വിലയിരുത്തൽ സമിതി യോഗം ചേരണം. സി.ഡി.എസിന്റെ കരട് വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള ആശയങ്ങളും വിവരങ്ങളും നൽകുകയും വിവിധ വേദികളിൽ നടക്കുന്ന ചർച്ചകൾക്ക് ദിശാബോധം നൽകുകയും ചെയ്യേണ്ടത് വിലയിരുത്തൽ സമിതിയുടെ ചുമതലയാണ്. അപ്രകാരം വിശദമായ ചർച്ചകൾക്കും തീരുമാനങ്ങൾക്കും വിധേയമാക്കുന്ന വാർഷിക കർമ്മപരിപാടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി മുഖാന്തിരമാണ് കൗൺസിലിന്റെ പരിഗണനയ്ക്ക് എത്തുന്നത്. ഇങ്ങനെ പ്രാദേശിക ഭരണസമിതിയുടെ ആത്യന്തികമായ അംഗീകാരത്തിന് വിധേയമായി നടപ്പാക്കുന്ന കർമ്മപദ്ധതിയുടെ നിർവ്വഹണ പുരോഗതി നിയന്ത്രണവും നേതൃത്വവും നൽകുവാനുള്ള അധികാരവും വിലയിരുത്തൽ സമിതിയ്ക്കാണ്. ഇത്തരം നേതൃത്വ നിയന്ത്രണങ്ങളുടെ ഫലമായി ഉത്തരവാദിത്വപൂർണ്ണമായ ബന്ധവും ആരോഗ്യകരമായ പ്രവർത്തന സംസ്കാരവും തദ്ദേശഭരണ തലങ്ങളിൽ ഉയർന്നു വരണം.

### 11.11.7 വിലയിരുത്തൽ സമിതിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. നഗരസഭ മേയർ/ചെയർപേഴ്സൺ വിലയിരുത്തൽ സമിതിയുടെ അധ്യക്ഷ(ൻ)
2. സി.ഡി.എസ് ചെയർപേഴ്സൺ സെക്രട്ടറി
3. സി.ഡി.എസ് മെംബർ സെക്രട്ടറി – കൺവീനർ
4. നഗരസഭ സെക്രട്ടറി – സമിതി അംഗം
5. നഗരസഭ ഡെപ്യൂട്ടി മേയർ/വൈസ് ചെയർപേഴ്സൺ – സമിതി അംഗം
6. ക്ഷേമകാര്യ/വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ – സമിതി അംഗം
7. നഗരസഭാ ഘടക/വകുപ്പ് മേധാവികളായി ഉദ്യോഗസ്ഥർ – സമിതി അംഗം
8. സി.ഡി.എസ് വൈസ് ചെയർപേഴ്സൺ – സമിതി അംഗം
9. നഗരസഭയിൽ നിന്ന് സി.ഡി.എസ് ഭരണസമിതിയിലേക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കവിയാത്ത വനിതാ ജനപ്രതിനിധികൾ – സമിതി അംഗം
10. സി.ഡി.എസ് ഭരണസമിതിയിലേക്ക് എക്സ് ഒഫീഷ്യോ അംഗങ്ങളായി നിയോഗിച്ചിട്ടുള്ള രണ്ട് മുൻ സി.ഡി.എസ് ഭാരവാഹികൾ – സമിതി അംഗം
11. സി.ഡി.എസ് ലെ വരുമാനദായക വോളണ്ടിയർ, ആരോഗ്യ വിദ്യാഭ്യാസ വോളണ്ടിയർ, അടിസ്ഥാന സൗകര്യ വോളണ്ടിയർ എന്നിവരുൾപ്പെടെയുള്ള സി.ഡി.എസ് സബ്കമ്മിറ്റി ചുമതലക്കാർ – സമിതി അംഗം
12. ബാങ്ക് ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ – സമിതി അംഗം

നഗരസഭകളിൽ വിലയിരുത്തൽ സമിതിയിലെ ആകെ അംഗങ്ങളുടെ എണ്ണം 40 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഒന്നിൽ കൂടുതൽ സി.ഡി.എസുകൾ ഉള്ള നഗരഭരണ പ്രദേശത്ത് അവയുടെ ഏകോപന ചുമതല വിലയിരുത്തൽ സമിതിയ്ക്കാണ്. കൂടാതെ അത്തരം വിലയിരുത്തൽ സമിതിയുടെ സെക്രട്ടറി സ്ഥാനവും കൺവീനർ സ്ഥാനവും നഗരസഭാ ഭരണസമിതിയാണ് തീരുമാനിക്കുന്നത്. മറ്റുള്ളവർ യഥാക്രമം അഡീഷണൽ സെക്രട്ടറിയും അഡീഷണൽ കൺവീനറുമായിരിക്കുന്നതുമാണ്. വിലയിരുത്തൽ സമിതിയുടെ റിപ്പോർട്ട് നഗരസഭാ അദ്ധ്യക്ഷ(ൻ) നഗരസഭ ഭരണസമിതിയിലും സി.ഡി.എസ്. ചെയർപേഴ്സൺ സി.ഡി.എസ് ഭരണസമിതിയിലും യഥാവസരം അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

## 11.12 (ആശ്രയ) അഗതി രഹിത കേരളം (G.O.(MS):252/17/lsgd DT. 12.12.2017)

അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട നിരാലംബരും നിരാശ്രയരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങളെ അഗതികൾ എന്ന് വിളിക്കാം. ഇവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ. ഇപ്പോൾ ഈ പദ്ധതി 'അഗതി രഹിത കേരളം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങളും (9) പ്രത്യേക ക്ലേശഘടകങ്ങൾ (10)ഉം ബാധകമായ കുടുംബങ്ങളെ അയൽക്കൂട്ട സർവേയിലൂടെ കണ്ടെത്തുന്നു.

അഗതി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണം, വസ്ത്രം, ചികിത്സ, പെൻഷൻ, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, മാനസിക ആരോഗ്യത്തിനുതകുന്ന വിധത്തിലുള്ള കൗൺസിലിംഗ് തുടങ്ങിയ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം

നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് കുടുംബശ്രീ മിഷനിൽ നിന്നും പ്രൊജക്റ്റ് കോസ്റ്റിന്റെ 40 ശതമാനം തുകയോ 25 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക ചലഞ്ച് ഫണ്ട് ആയി നൽകുന്നു. ഈ അഗതി പുനരധിവാസ പദ്ധതിക്ക് പ്രധാനമന്ത്രിയുടെ പ്രത്യേക പുരസ്കാരം ലഭിക്കുകയുണ്ടായി.

### 11.12.1 കുടുംബത്തിന് ബാധകമായ ക്ലേശ ഘടകങ്ങൾ

1. ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ
2. ഭവനരഹിതർ/ജീർണിച്ച വീട്ടിൽ താമസിക്കുന്നവർ
3. 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ലാത്തവർ
4. ശുചിത്വ കക്കൂസ് ഇല്ലാത്തവർ
5. ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം. (ഒരു മാസം പത്ത് ദിവസത്തിൽ താഴെ മാത്രം ജോലി)
6. വനിത കുടുംബനാഥയായുള്ള കുടുംബം.
7. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം.
8. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം
9. പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം

### 11.12.2 അധിക ക്ലേശഘടകങ്ങൾ

1. രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ.
2. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ.
3. ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചവർ
4. ഭക്ഷണത്തിനു വക കണ്ടെത്തുവാൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെ ഇല്ലാത്ത കുടുംബം.
5. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ
6. തെരുവുകുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (Juvenile Home) അഗതിമന്ദിരം (Poor Home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം.
7. കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള കുടുംബം.
8. ലൈംഗിക തൊഴിലാളികൾ ഉള്ള കുടുംബം
9. അബല മന്ദിരത്തിൽ താമസിക്കുന്ന വനിതാ അംഗം ഉള്ള കുടുംബം.
10. ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം.

## 11.13 ദാരിദ്ര ലഘൂകരണ പദ്ധതി (Anti Poverty Sub Plan)

ഓരോ കുടുംബത്തിന്റെയും ഇല്ലായ്മകൾ കണ്ടെത്തലാണ് ദാരിദ്ര്യ ലഘൂകരണ ഉപപദ്ധതിയുടെ ആദ്യപ്രവർത്തനം. ഓരോ കുടുംബത്തിൽ നിന്നും ആസൂത്രണ പ്രക്രിയ

ആരംഭിക്കണം. ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവ സ്വയം ആർജ്ജിക്കാൻ കഴിയാത്തത് എന്തുകൊണ്ട്, അതിനുള്ള വിവിധ കാരണങ്ങൾ എന്നിവ വിശകലനം ചെയ്യണം. ഈ കാരണങ്ങൾ ഓരോന്നിനും സ്ഥായിയായ പരിഹാരം കണ്ടെത്താനുള്ള പദ്ധതിയാണ് ദാരിദ്ര്യ നിർമാർജ്ജന ഉപപദ്ധതി.

ബോധവൽക്കരണം, തൊഴിൽ, വിദ്യാഭ്യാസം നൽകൽ, പാർപ്പിടം നൽകൽ, പൗരബോധം വളർത്തൽ, രോഗപ്രതിരോധം, ശുചിത്വ സംവിധാനങ്ങൾ, ആരോഗ്യം നിലനിർത്തുന്നതിനുള്ള പരിപാടികൾ, ദുശ്ശീലങ്ങൾ നിയന്ത്രിക്കുന്നതിനുള്ള കൗൺസിലിംഗ്, സമ്പാദ്യശീലം വളർത്തൽ, പൗരബോധം വളർത്തൽ തുടങ്ങിയ വിവിധ പരിഹാരമാർഗ്ഗങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

ദാരിദ്ര്യ നിർമാർജ്ജന ഉപപദ്ധതി നടപ്പാക്കേണ്ട ചുമതല ദാരിദ്ര നിർമാർജന വർക്കിംഗ് ഗ്രൂപ്പിനാണ്. ദാരിദ്ര്യനിർമാർജ്ജന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായി സംസ്ഥാന സർക്കാർ രൂപം നൽകിയ ദാരിദ്ര്യ ലഘൂകരണ ഏജൻസിയാണ് കുടുംബശ്രീ. ഈ സംഘടനാ സംവിധാനം ഉപയോഗിച്ച് താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രക്രിയയിലൂടെയാണ് ദാരിദ്ര നിർമാർജ്ജന ഉപപദ്ധതിക്ക് രൂപം നൽകേണ്ടത്.

## 11.14 ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കൽ പ്രവർത്തനങ്ങൾ

» വികസനാവസ്ഥ അപഗ്രഥനം ചെയ്യൽ
» അയൽക്കൂട്ട നിർദ്ദേശങ്ങൾ പരിഗണിയ്ക്കൽ
» ഏരിയ/നഗരസഭാ തലത്തിൽ സംയോജനം
» വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ ക്രോഡീകരണം
» സമന്വയ ശില്പശാല
» ഉപപദ്ധതി കരട് തയ്യാറാക്കൽ

വിവിധ കേന്ദ്ര–സംസ്ഥാന സ്കീമുകളേയും നഗരസഭയുടെ പ്രോജക്ട്ടുകളെയും ശരിയായ രീതിയിൽ സമന്വയിപ്പിച്ചാൽ ദാരിദ്ര്യ നിർമ്മാർജ്ജനം പദ്ധതി പ്രാദേശിക പ്രശ്നങ്ങൾക്കുള്ള പ്രായോഗിക കർമ്മപരിപാടി ആയി മാറും.

## 11.15 സാമൂഹ്യ നീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ

സാമൂഹ്യ നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കലാണല്ലോ പ്രാദേശിക സർക്കാരുകളുടെ ഭരണഘടനാപരമായ ചുമതല. അതിനാൽ തന്നെ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, മാറാ രോഗികൾ തുടങ്ങിയവർ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

ഈ രംഗത്ത് നഗരസഭ സ്ഥാപനങ്ങൾ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. കേന്ദ്ര–സംസ്ഥാന വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് നൽകേണ്ടതും സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭയാണ്. പൊതുസമൂഹത്തിന്റെ മുഴുവൻ പിന്തുണയോടെയുള്ള ജനകീയ പ്രവർത്തനം ഈ രംഗത്ത് ഉറപ്പു വരുത്തണം, ഇത്തരം പ്രവർത്തനങ്ങളുടെ സമയബന്ധിതമായ മോണിറ്ററിംഗും നഗരസഭയുടെ ചുമതലയാണ്.

## 11.16 ദേശീയ നഗര ഉപജീവന മിഷൻ (National Urban Livelihood Mission-NULM)

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. 1992-ലെ ഭരണഘടന (ഭേദഗതി 74) ആക്ട് പ്രകാരം, നഗര ദാരിദ്ര്യ നിർമ്മാർജ്ജനം നഗരസഭകളുടെ നിയമപരമായ ബാധ്യതയാണ്. അതിനാൽ, വൈദഗ്ധ്യങ്ങളുടെയും ജീവനോപാധികളുടെയും വികസനം ഉൾപ്പെടുന്ന പരിപാടികളിലും നഗരസഭകൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടത് ആവശ്യമാണ്.

## 11.17 പദ്ധതിയുടെ ഘടകങ്ങൾ

### 11.17.1 സാമൂഹ്യ സംഘാടനവും, സ്ഥാപനങ്ങൾ വികസിപ്പിക്കലും

നഗരപ്രദേശങ്ങളിലെ ദരിദ്രരെ സംഘടിപ്പിച്ച് അവരുടെതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽക്കരിക്കുവാൻ സഹായിക്കുക (Institutionalisation) എന്നത് ഫലപ്രദവും സുസ്ഥിരവുമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലെ ഒരു പ്രധാന ഘടകമാണ്.

### 11.17.2 ദരിദ്രജന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ സാമ്പത്തികശേഷി വർദ്ധിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

### 11.17.3 സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട്

അംഗങ്ങളിൽ 70 ശതമാനം പേരും നഗരപ്രദേശങ്ങളിലെ ദരിദ്രർ ആയിരിക്കുകയും, മുമ്പ് റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ലാത്തതുമായ സ്വയം സഹായ സംഘങ്ങൾക്ക് സംരംഭകത്വ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകുന്നു. കൂടാതെ ഏരിയ ഫെഡറേഷൻ (എ.എ.എഫ്) അവരുടെ പ്രവർത്തനങ്ങൾ നടത്തികൊണ്ടു പോകുന്നതിനായി 50,000 രൂപ വരെയുള്ള റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതാണ്.

### 11.17.4 നഗര ഉപജീവന കേന്ദ്രങ്ങൾ

നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനും, പ്രയോജനകരമായ വിവരങ്ങളും മറ്റ് സേവനങ്ങളും പ്രാപ്യമാക്കുന്നതിനും സൗകര്യപ്രദമായ ഒരു വേദി ലഭ്യമാക്കുക എന്നതാണ് നഗര ഉപജീവന കേന്ദ്രങ്ങളുടെ ലക്ഷ്യം.

### 11.17.5 കാര്യശേഷി വികസനവും പരിശീലനവും

കേന്ദ്ര ഭവന-നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയത്തെയും, സംസ്ഥാനങ്ങളിലെ ദാരിദ്ര്യ ലഘൂകരണയജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളെയും ഉപജീവനോപാധി വികസനം, നഗര ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ അതീവ ഗുണമേന്മയുള്ള സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യുക എന്നതാണ് പരിശീലനവും കാര്യശേഷി വികസനവും എന്ന ഈ ഘടകത്തിന്റെ പ്രധാന ലക്ഷ്യം.

### 11.17.6 ദേശീയ-സംസ്ഥാന-നഗരതല സാങ്കേതിക സഹായം

പദ്ധതി നിർവ്വഹണത്തിനായി കേന്ദ്രതലത്തിൽ നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എൻ.എം.എം.യു) സ്ഥാപിക്കുന്നതാണ്. ഇതിനു പുറമെ, സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും (എസ്.എം.എം.യു) നഗരങ്ങളിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റും (സി.എം.എം.യു) സ്ഥാപിക്കുന്നതിനുള്ള സഹായം കൂടി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 11.18 നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും.

സ്വയം തൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുമുള്ള സാധ്യതകൾ മെച്ചപ്പെടുത്തുവാനുമായി നഗരങ്ങളിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ധ്യം ഉയർത്തുന്നതിനാണ് ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിപണി സാധ്യതകൾക്കനുസരിച്ച് നഗരങ്ങളിലെ ദരിദ്രർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനും അങ്ങനെ അവരെ സ്വയം തൊഴിൽ സംരംഭങ്ങൾ പടുത്തുയർത്താനോ ശമ്പളം ലഭിക്കുന്ന ജോലികൾ നേടാനോ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ സ്ഥിരതയില്ലാത്ത നഗര ദരിദ്രരെയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്.

## 11.19 സ്വയം തൊഴിൽ പദ്ധതി വ്യക്തിഗതവും കൂട്ടുസംരംഭങ്ങളും

നഗരങ്ങളിലെ ദരിദ്രർക്ക്, അവരുടെ നൈപുണ്യത്തിന് ലഭിച്ചിരിക്കുന്ന പരിശീലനത്തിനും വാസനയ്ക്കും പ്രാദേശിക പരിതസ്ഥിതികൾക്കും അനുയോജ്യമായ വിധത്തിൽ ഒറ്റയ്ക്കും കൂട്ടായും ഉള്ള ലാഭകരമായ സ്വയം തൊഴിൽ സംരംഭങ്ങളും സൂക്ഷ്മസംരംഭങ്ങളും സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനു ആയിരിക്കും ഈ ഘടകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ ഘടകത്തിനു കീഴിൽ വ്യക്തിഗതവും കൂട്ടായതുമായ സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും പലിശ സബ്സിഡിയും നൽകപ്പെടും. പദ്ധതി ചെലവിനുള്ള കൂടിയ പരിധി വ്യക്തിഗത സംരംഭത്തിന് 2 ലക്ഷം രൂപയും കൂട്ടായുള്ള സംരംഭങ്ങൾക്ക് 10 ലക്ഷം രൂപയുമാണ്. വ്യക്തിഗത സംരംഭങ്ങളും കൂട്ടു സംരംഭങ്ങളും തുടങ്ങുന്നതിനുള്ള ബാങ്കുവായ്പകളിൽ 7 ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ, പദ്ധതിയുടെ കീഴിൽ സഹായധനമായി (പലിശ സബ്സിഡി) ലഭ്യമാക്കുന്നതാണ്.

## 11.20 തെരുവ് വ്യാപാരക്കാർക്ക് അനുകൂലമായ നഗരാസൂത്രണം

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ സംസ്ഥാനങ്ങളും നഗരങ്ങളും തെരുവു കച്ചവടക്കാരുടെ സർവ്വെ കൃത്യമായ ഇടവേളകളിൽ നടത്തുകയും അവരെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യും. സംസ്ഥാനങ്ങളും നഗരസഭകളും തെരുവു കച്ചവടക്കാർക്ക് അനുകൂലമായ നഗരാസൂത്രണം നടത്തുന്നതിനും തെരുവു കച്ചവടക്കാർക്ക് നഗരത്തിൽ അനുയോജ്യമായ സ്ഥാനം ലഭ്യമാക്കുന്നതിനും ഇത് ഇടയാക്കും.

തെരുവു കച്ചവടക്കാർക്കുള്ള നൈപുണ്യ വികസനവും സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും അതായത് വായ്പകൾ ലഭ്യമാക്കൽ, തെരുവ് വ്യാപാരകേന്ദ്രങ്ങളുടെ വികസനം, സാമൂഹ്യ സുരക്ഷാപരിപാടികൾ സമന്വയിപ്പിക്കൽ

എന്നിവ ഈ പദ്ധതിയുടെ ഉപഘടകങ്ങളാണ്.

## 11.21 നൂതനാശയ-സവിശേഷ പദ്ധതികൾ

നൂതനാശയങ്ങളോടുകൂടിയ പുത്തൻ പദ്ധതികളിലാണ് ഈ ഘടകം ശ്രദ്ധ വെയ്ക്കുന്നത്. നഗര ദരിദ്രരുടെ കൂട്ടായ്മകളെ ഉൾക്കൊള്ളുന്നവയോ നൂതനമായ നൈപുണ്യ വികസന പരിപാടിയോ അടിസ്ഥാന സൗകര്യ വികസനമോ പുതിയ സാങ്കേതികവിദ്യയോ വിപണന തന്ത്രമോ അല്ലെങ്കിൽ ഇതിന്റെയെല്ലാം സമ്മിശ്ര രൂപമോ ആവാം നൂതനാശയം.

സ്വകാര്യമേഖല, വ്യവസായ സംഘടനകൾ സമൂഹാധിഷ്ഠിത സംഘടനകൾ, സന്നദ്ധസംഘടനകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകൾ, ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ–സംസ്ഥാന നഗര വിഭവ കേന്ദ്രങ്ങൾ, അന്തർദേശീയ സംഘടനകൾ ഇവർക്കെല്ലാം പങ്കാളിത്ത രീതിയിൽ നൂതനാശയ–സവിശേഷ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

## 11.22 സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു)

നഗരതലത്തിൽ, നഗര ഉപജീവന മിഷൻ നടത്തിപ്പിന്റെ ചുമതല കോർപ്പറേഷൻ/ മുനിസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിക്കാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെ പറയുന്ന വിധം ആയിരിക്കും.

| ക്രമ നം. | ഉദ്യോഗപ്പേര്/സ്ഥാനപ്പേര് | അംഗത്വം |
|---|---|---|
| 1 | നഗരസഭ സെക്രട്ടറി | അദ്ധ്യക്ഷൻ |
| 2 | എൻ.യു.എൽ.എം ചുമതലയുള്ള ഓഫീസർ | അംഗം |
| 3 | വ്യവസായങ്ങളുടെ ചുമതലയുള്ള ഓഫീസർ | അംഗം |
| 4 | മോഡുലാർ എംപ്ലോയബിൾ സ്കീമിന്റെ ചുമതലയുള്ള ഓഫീസർ | അംഗം |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ | അംഗം |
| 6 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | അംഗം |
| 7 | പൊതുമരാമത്തു വകുപ്പിന്റെ ഏറ്റവും സീനിയറായ ജില്ലാതല ഉദ്യോഗസ്ഥൻ സി.ഇ/എസ്.ഇ/ഇ.ഇ | അംഗം |
| 8 | പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ജില്ലാതലത്തിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥൻ | അംഗം |
| 9 | ഡിസ്ട്രിക്റ്റ് സപ്ലൈ ഓഫീസർ | അംഗം |
| 10 | ബാങ്കുകളുടെ പ്രതിനിധികൾ | 2 അംഗങ്ങൾ |
| 11 | സ്വയം സഹായ സംഘങ്ങളുടെ/ഫെഡറേഷന്റെ പ്രതിനിധികൾ | 2 അംഗങ്ങൾ |
| 12 | സിറ്റി പ്രോജക്ട് ഓഫീസർ | അംഗം &കൺവീനർ |
| 13 | അധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് അംഗം(ങ്ങൾ) | അംഗം(ങ്ങൾ) |

ദേശീയ നഗര ഉപജീവന മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നഗരതലത്തിൽ പരിപാടികൾ നടപ്പിലാക്കുക, നഗരത്തിന്റെ ഉപജീവന വികസനരേഖ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, നഗരതലത്തിൽ ദേശീയ നഗര ഉപജീവന മിഷന്റെ ഭരണവും ധനകാര്യ മാനേജ്മെന്റും നിർവ്വഹിക്കുക തുടങ്ങിയവയെല്ലാം സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ ഉത്തരവാദിത്വമായിരിക്കും.

## 11.23 പ്രധാനമന്ത്രി ആവാസ് യോജന (PMAY)

2022 ആണ്ടോടെ, ഭാരതത്തിന്റെ 75ാം സ്വാതന്ത്ര്യദിനാഘോഷ വേളയിൽ ഭാരതത്തിലെ എല്ലാവർക്കും ഭവനം ലഭ്യമാകണം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ). ഈ പദ്ധതിയിൽ വീടില്ലാത്ത എല്ലാവരേയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കാവുന്നതുമാണ്. കേരളത്തിൽ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന നോഡൽ ഏജൻസി അർബ്ബൻ ഹൗസിംഗ് മിഷൻ ആണ്.

### 11.23.1 പദ്ധതി ലക്ഷ്യം

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി 2015–2022 കാലയളവിലേക്ക് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത്, സംസ്ഥാന/കേന്ദ്രഭരണ പ്രദേശ സർക്കാരുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. അർഹരായ എല്ലാ കുടുംബങ്ങൾക്കും/ഗുണഭോക്താക്കൾക്കും കേന്ദ്ര ധനസഹായത്തോടെ രണ്ടായിരത്തി ഇരുപത്തിരണ്ടോടുകൂടി വാസയോഗ്യമായ വീട് ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം.

പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ പദ്ധതി ഒഴികെ മറ്റു ഘടകങ്ങൾ കേന്ദ്ര ധനസഹായത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്.

ഭർത്താവ്, ഭാര്യ, അവിവാഹിതരായ മക്കൾ എന്നിവർ ചേർന്നതാണ് ഒരു കുടുംബം. ഈ നിർവ്വചനത്തിൽ ഉൾപ്പെട്ടതും രാജ്യത്തിന്റെ ഒരു ഭാഗത്തും വാസയോഗ്യമായ വീടില്ലാത്തവരെയുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുക.

അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെ 30 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണം (കാർപ്പറ്റ് ഏരിയ) ഉള്ള വീട് നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. വീടിന്റെയും മറ്റ് സൗകര്യങ്ങളുടെയും വലിപ്പത്തിൽ കേന്ദ്രമന്ത്രാലയത്തിന്റെ അനുമതിയോടെ മാറ്റം വരുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കും. ഇതിനായി വരുന്ന അധിക സാമ്പത്തിക ബാധ്യത അതാതു സംസ്ഥാന സർക്കാരുകൾ/നഗരസഭകൾ വഹിക്കേണ്ടതാണ്. ചേരി പുനരുദ്ധാരണം, നഗരദരിദ്രർക്ക് സാമ്പത്തികമായി വഹിക്കാൻ കഴിയുന്ന വിധത്തിൽ പങ്കാളിത്തത്തോടു കൂടിയുള്ള പാർപ്പിട നിർമ്മാണം എന്നിവയോടൊപ്പം അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ള ലഭ്യത, വൈദ്യുതി, ശൗചാലയം, റോഡ്, ഓടകൾ, എന്നിവ ഉറപ്പാക്കേണ്ടതാണ്. പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പാ പദ്ധതിയിലും ഗുണഭോക്തൃ കേന്ദ്രീകൃതമായ ഭവന നിർമ്മാണത്തിലും മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്വമാണ്.

### 11.23.2 PMAY ഉപഘടകങ്ങൾ

#### 11.23.2.1 ചേരി പുനഃരുദ്ധാരണം സവിശേഷതകൾ

» ഭൂമിയെ വിഭവമായി പരിഗണിക്കുന്നു.
» സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നു
» പദ്ധതി പ്രായോഗികമാക്കുന്നതിന് ആവശ്യമെങ്കിൽ ഭൂവിനിയോഗ വ്യവസ്ഥ/ സോണിംഗ് നിയമം/എഫ്.എ.ആർ എന്നിവയിൽ ഇളവുകൾ നൽകുന്നു.

#### 11.23.2.2 ഭവന നിർമ്മാണ പലിശ സബ്സിഡി (Credit Linked Subsidy for Housing - CLSH)

» പലിശ സബ്സിഡിയോടു കൂടിയുള്ള ഭവനവായ്പയിലൂടെ നഗര ദരിദ്രർക്ക് സാമ്പത്തികമായി വഹിക്കാൻ കഴിയുന്ന ഭവനങ്ങളുടെ നിർമ്മാണം ലക്ഷ്യമിടുന്നു.
» സാമ്പത്തിക ദുർബ്ബല വിഭാഗത്തിനും താഴ്ന്ന വരുമാന വിഭാഗക്കാർക്കും പലിശ സബ്സിഡിയോടു കൂടിയ ധനസഹായം ലഭ്യമാണ്.
» സാമ്പത്തിക ദുർബ്ബല വിഭാഗത്തിന് (3 ലക്ഷം വരെ വാർഷിക വരുമാനം) നിർമ്മിക്കാവുന്ന ഭവനത്തിന്റെ പരമാവധി വലിപ്പം 30 ച.മീ
» താഴ്ന്ന വരുമാനക്കാർക്ക് (3 ലക്ഷം മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാനം) നിർമ്മിക്കാവുന്ന ഭവനത്തിന്റെ പരമാവധി വലിപ്പം 60 ച.മീ.

#### 11.23.2.3 പങ്കാളിത്ത ഭവന പദ്ധതി (Affordable Housing in Partnership)

» നഗര ദരിദ്രർക്ക് സാമ്പത്തികമായി (കുറഞ്ഞ നിരക്കിൽ) വാങ്ങാൻ കഴിയുന്ന വിധത്തിൽ പങ്കാളിത്തത്തോടുകൂടിയുള്ള പാർപ്പിടങ്ങൾ ലഭ്യമാക്കുക.
» സ്വകാര്യ/പൊതു മേഖലാ സംരംഭകരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന വീടുകളിൽ 35 ശതമാനം സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുകയാണെങ്കിൽ ഈ ഭവനങ്ങളുടെ നിർമ്മാണത്തിന് കേന്ദ്ര ധനസഹായം ലഭിക്കും.

#### 11.23.2.4 ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണവും വിപുലീകരണവും

» വ്യക്തിഗത ഭവനം ആവശ്യമായ സാമ്പത്തിക ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം
» ഇങ്ങനെയുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ പ്രത്യേക പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.
» ഈ പ്രോജക്ടിൽ ഉൾപ്പെടാത്തവരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താവായി പരിഗണിക്കാൻ സാധിക്കുകയില്ല.

കേരളത്തിൽ PMAY ഗുണഭോക്തൃ കേന്ദ്രീകൃത ഭവന പദ്ധതി നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ് മിഷനുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്, PMAY-LIFE വിഹിതങ്ങൾ സംയോജിപ്പിച്ച് ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപയുടെ ധനസഹായം ഇതു വഴി ലഭിക്കുന്നതാണ്. 60 ച.മീറ്റർ കാർപ്പറ്റ് ഏരിയയാണ് പരമാവധി വലുപ്പം അനുവദിക്കുക.

### 11.23.3 ലൈഫ് മിഷൻ

കേരളത്തിലെ ഭൂരഹിതരും ഭവന രഹിതരുമായ മുഴുവൻ കുടുംബത്തിനും വീടുകൾ ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിയാണ് ലൈഫ് മിഷൻ. സാമൂഹിക വികസനം വേഗത്തിലാക്കുന്നതിന് അടിസ്ഥാനമായ അനിവാര്യമായ ഘടകം എന്ന നിലയിലാണ് എല്ലാവർക്കും വീട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം ഭവനരഹിതർക്ക് വീട് വച്ച് നൽകുക എന്ന ലക്ഷ്യവുമായാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. വിവിധ കാരണങ്ങളാൽ മുൻകാലത്ത് ഭവനപദ്ധതികളിൽ നിന്ന് ഒഴിവായിപ്പോയിരുന്ന 1.60 ലക്ഷം കുടുംബങ്ങളും ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ഭവന നിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവനസൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശക്തീകരണം ഉറപ്പ് വരുത്തലാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രധാന സവിശേഷത. വീട് വയ്ക്കാൻ സ്വന്തമായി ഭൂമിയുള്ളവർക്ക് ഉറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുക, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് താമസ സൗകര്യം ഒരുക്കുക എന്നതാണ് പരിപാടി. ഇതോടൊപ്പം ഉപജീവനത്തിനുള്ള പദ്ധതികളും പ്രാഥമിക ആരോഗ്യം, വയോജനങ്ങൾക്കുള്ള പിന്തുണാ പരിപാടികൾ, വിദഗ്ധ ജോലികൾക്കുള്ള പരിശീലനം എന്നിവ നൽകുകയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഭൂമി കണ്ടെത്തുന്നതും പദ്ധതിക്കുള്ള അധിക സാമ്പത്തിക ബാധ്യത നിറവേറ്റുന്നതും വിവിധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ്.

ഒരു നിശ്ചിത കാലയളവിൽ, സമയബന്ധിതമായി, ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് നവകേരള മിഷനിലൂടെ മുന്നോട്ട് വച്ചത്. പഴയ കേരളം പുതുക്കി പണിയലല്ല, പ്രത്യുത, പുതിയൊരു കേരളത്തിന്റെ നിർമ്മിതിയാണ് ഈ പരിപാടിയിലൂടെ സാധ്യമാവുക.

#### 11.23.3.1 ഗുണഭോക്താക്കൾ

» സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ
» ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനെ തുടർന്ന് ഭവനരഹിതരായി തുടരുന്നവർ
» വാസയോഗ്യമല്ലാത്ത വീടുള്ളവർ
» പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ
» ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരെയാണ് മിഷൻ ലക്ഷ്യമാക്കുന്നത്

#### 11.23.3.2 പ്രവർത്തന സമീപനം

» സ്ഥല ലഭ്യതയുള്ളവർക്ക് നഗരസഭകൾ മുഖേന ധനസഹായം
» ഭൂമിയില്ലാത്തവർക്ക് ബ്ലോക്ക്/നഗരസഭ അടിസ്ഥാനത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുക
» പാർപ്പിട സൗകര്യത്തോടൊപ്പം ഉൽപാദന സേവന മേഖലകളിൽ സ്വയം തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ഉപജീവന സുരക്ഷ (Livelihood Security) ഉറപ്പുവരുത്തുന്ന സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക
» പാർപ്പിട സ്ഥലത്ത് വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, പാചക ഇന്ധനം

എന്നീ സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക

### 11.23.4 മത്സ്യത്തൊഴിലാളിക്ഷേമം

#### 11.23.4.1 ഭവന പദ്ധതി

പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിന് അഭയസ്ഥാനം നൽകുന്നതിനായുള്ള പദ്ധതി. ഇതിൽപ്പെടുത്തി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മറ്റി 18-നും 60-നും ഇടയ്ക്ക് പ്രായമുള്ള, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട, കുറഞ്ഞത് 1.5 സെന്റ് സ്ഥലമെങ്കിലുമുള്ള, വീടില്ലാത്ത മത്സ്യ തൊഴിലാളികൾക്കായി ഭവനം നിർമ്മിച്ചു നൽകുന്നതാണ്. മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

#### 11.23.4.2 വിദ്യാഭ്യാസ കൺസെഷൻ പദ്ധതി

രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഇളവുകൾ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ലംപ്സംഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, സ്റ്റൈപെന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി തുടങ്ങിയവ രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് നൽകപ്പെടും. ബന്ധപ്പെട്ട സ്ഥാപനം ജില്ലാ ട്രഷറി ഓഫീസർക്ക് ബില്ല് അയക്കണം. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യ ഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 11.23.5 സമ്പാദ്യവും, ആശ്വാസവും പദ്ധതി

സാമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും, വരുമാനമില്ലാത്ത സമയങ്ങളിൽ ആശ്വാസം എത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭാവന ശേഖരിക്കലും വരുമാനമില്ലാത്ത കാലയളവിൽ ഇരട്ടി തുക വിതരണം ചെയ്യലുമാണ് ഇതിന്റെ ഉദ്ദേശം. രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികൾ (ഉൾനാടൻകടൽ മത്സ്യ തൊഴിലാളികൾ) ആണ് ഇതിന്റെ ഉപഭോക്താക്കൾ. മാസം 75 രൂപാ നിരക്കിൽ 8 മാസം അടയ്ക്കണം, തുടർന്നുള്ള 4 മാസങ്ങളിൽ 300 രൂപാ വീതം തിരികെ നൽകുന്നു. ഉൾനാടൻ മത്സ്യതൊഴിലാളികൾ മാസം 50 രൂപാ നിരക്കിൽ 9 മാസം അടയ്ക്കണം. തുടർന്നുള്ള 3 മാസങ്ങളിൽ 300 രൂപാ വീതം തിരികെ നൽകുന്നു. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 11.23.6 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി

പരമ്പരാഗതമായ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, അതായത് ചെറുതോണികൾക്കും, എഞ്ചിനുകൾക്കും. രജിസ്റ്റർ ചെയ്ത പരമ്പരാഗത മത്സ്യതൊഴിലാളികൾക്കാണ് ഇത് ലഭ്യമാകുക. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസർമാരെയാണ് ഇതിന് സമീപിക്കേണ്ടത്. പ്രീമിയിത്തിന്റെ 75% സംസ്ഥാന ഗവൺമെന്റ് നൽകും.

### 11.23.7 മത്സ്യ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

വാർദ്ധക്യകാല, വിധവാ പെൻഷൻ ആയി മാസം 200 രൂപ അധികമായി നൽകുന്ന പദ്ധതിയാണ് ഇത്. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ/മത്സ്യതൊഴിലാളികളുടെ വിധവകൾക്കാണ് ഇത് ലഭ്യമാകുക. 60 വയസിന് മുകളിൽ പ്രായമുള്ള രജിസ്റ്റർ ചെയ്ത

മത്സ്യതൊഴിലാളികൾക്കും, രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യതൊഴിലാളികളുടെ വിധവകൾക്കും പ്രതിമാസം 200 രൂപ നിരക്കിൽ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് ഇതിനായി സമീപിക്കേണ്ടത്.

### 11.23.8 മത്സ്യ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണം സംഭവിക്കുന്ന കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. മത്സ്യബന്ധന വേളയിൽ സംഭവിക്കുന്ന അപകടമരണം/ഹാർട്ട് അറ്റാക്ക് എന്നിവ സംഭവിക്കുന്നവർക്കാണ് ഇത്. രജിസ്റ്റർ ചെയ്തിട്ടുള്ള കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇത് ലഭ്യമാണ്. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 11.23.9 ബന്ധപ്പെട്ട ജോലിക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അനുബന്ധ ജോലിക്കാർക്ക് അപകട മരണത്തിനുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് ഇതിന്റെ ഉള്ളടക്കം. മത്സ്യമേഖലയിലെ അനുബന്ധ ജോലിക്കാർക്കാണ് ഇത്. മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ബന്ധപ്പെട്ട ജോലിക്കാർക്കും ഇൻഷ്വറൻസ് നൽകുന്നു. മരണപ്പെട്ടയാളിന്റെ അടുത്ത ബന്ധുവിന് ഒരു ലക്ഷം രൂപാ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 11.23.10 നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി

ഒ.ബി.എം മാറ്റുന്നതിനുള്ള സഹായം നൽകുന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 10,000 രൂപ സബ്സിഡി ലഭ്യമാക്കും. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാക്കുക. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് പഴയ ഔട്ട്ബോർഡ് മോട്ടോർ മാറ്റി മത്സ്യഫെഡ് മുഖാന്തിരം പുതിയത് ഘടിപ്പിക്കുന്നതിന് പരമാവധി 10,000 രൂപ നൽകുന്നു. മത്സ്യഫെഡ് ഓഫീസ്/ജില്ലാ മത്സ്യഫെഡ് ഓഫീസറെയാണ് സമീപിക്കേണ്ടത്

### 11.23.11 മത്സ്യ ബന്ധന വല വാങ്ങൽ പദ്ധതി

മത്സ്യബന്ധന വല വാങ്ങുന്നതിന് സഹായമായി (സബ്സിഡിയായി) പരമാവധി 6000 രൂപ നൽകുന്നതാണ്. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാകുന്നത്. 10 എച്ച്പി.യിൽ താഴെ ശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളുടെ ഉടമകളാണ് ഗുണഭോക്താക്കൾ. ഇവർക്ക് വല വാങ്ങുന്നതിന് ഒറ്റത്തവണ സബ്സിഡി നൽകുന്നു. മത്സ്യഫെഡ് ഓഫീസ്/ജില്ലാ മത്സ്യഫെഡ് ഓഫീസർമാരെയാണ് സമീപിക്കേണ്ടത്.

## 11.24 സാമൂഹ്യക്ഷേമം

### 11.24.1 നിർമാല്യ ഹെൽത്ത് ഇൻഷുറൻസ്

വൈകല്യം അനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള ഒരു ആരോഗ്യ ഇൻഷുറൻസ്

പദ്ധതിയാണ് ഇത്. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം മുതലായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് 1,00,000 രൂപയുടെ ഇൻഷ്വറൻസ് ലഭിക്കുന്നതാണ്.

### 11.24.2 ട്രാൻസ്ജന്റർ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതികൾ

ട്രാൻസ്ജന്റർ ആയവർക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കാനുള്ള ധനസഹായം ലഭ്യമാക്കുന്ന പല പദ്ധതികൾ നിലവിലുണ്ട്. തയ്യൽ മെഷീൻ വാങ്ങുന്നതിനായുള്ള ധനസഹായം നൽകുന്ന പദ്ധതി, തന്നത്താൻ ചെറിയ തൊഴിലുകൾ സ്വീകരിക്കുന്നതിനായി 50,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതികളും ഉണ്ട്. അതുപോലെ തന്നെ ട്രാൻസ്ജന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികളും, പഠിക്കുന്ന കാലത്ത് ഹോസ്റ്റൽ ഫെസിലിറ്റി ഉപയോഗിക്കുന്നതിന് ധനസഹായവും ലഭ്യമാണ്. കൂടാതെ പഠിത്തം നിർത്തിയവർക്കായി പഠനം പൂർത്തിയാക്കാനുള്ള സൗകര്യങ്ങളും. അത് പോലെ തന്നെ സെക്സ്–തിരുത്തൽ ശസ്ത്രക്രിയ (Sex Reassignment Surgery) നടത്തണം എന്നുള്ളവർക്ക് ശസ്ത്രക്രിയക്കുള്ള സഹായവും നൽകുന്നതാണ്. നിയപരമായി വിവാഹം കഴിച്ചിട്ടുള്ള ട്രാൻസ്ജന്റർ ദമ്പതികൾക്ക് ധനസഹായവും ലഭ്യമാണ്. ഡ്രൈവിംഗ് ക്ലാസ്സുകൾക്കുള്ള ധനസഹായം നൽകാനുള്ള പദ്ധതിയും ലഭ്യമാണ്.

### 11.24.3 തടവുകാരുടെ കുട്ടികൾക്കും മറ്റ് ആശ്രിതർക്കുമായുള്ള സഹായം

തടവുകാരുടെ കുട്ടികൾക്ക് ഡിഗ്രി വരെ പഠിക്കാനുള്ള ധനസഹായം ലഭ്യമാണ്. ഇത് ലഭിക്കാൻ അവർ ദാരിദ്ര്യരേഖക്ക് താഴെ ആയിരിക്കണം, ജീവപര്യന്തമോ, തൂക്കുകയർ ലഭിച്ച തടവുകാരുടെയോ മക്കൾ ആയിരിക്കണം, 70% മുകളിൽ മാർക്ക് ഹയർസെക്കൻഡറി പരീക്ഷയിൽ ലഭിച്ചിട്ടുണ്ടാവണം.

### 11.24.4 വൈകല്യം ഉള്ളവർക്കായുള്ള സഹായം

ഈ പദ്ധതിയിലൂടെ 40 ശതമാനത്തിൽ കൂടുതൽ അംഗ പരിമിതി അനുഭവിക്കുന്നവർക്ക് എന്തെങ്കിലും ചികിത്സക്കായി സഹായം ലഭ്യമാക്കുന്നതാണ്. പ്രകൃതി ദുരന്തങ്ങളും, ആസിഡ് അറ്റാക്കിന് ഇരയായവർക്കും, പൊള്ളൽ ഏറ്റവർക്കും ലഭ്യമാണ്. ഇങ്ങനെയുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ലഭ്യമാണ്. വീൽ ചെയർ, സ്ക്രീൻ റീഡറോടുകൂടിയ സ്മാർട്ട് ഫോൺ മുതലായ സഹായ ഉപകരണങ്ങൾ വാങ്ങാനുള്ള പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികൾ പ്രകാരമുള്ള സഹായങ്ങൾ കുടുംബത്തിലെ വരുമാനം അനുസരിച്ചാണ് ലഭ്യമാകുന്നത്.

### 11.24.5 വൈകല്യം ഉള്ളവരുടെയും, ബുദ്ധിമാന്ദ്യം ഉള്ളവരുടെയും അമ്മമാർക്ക് ഉള്ള സഹായം

സ്വാശ്രയ എന്ന പദ്ധതിയിൽക്കൂടി ബുദ്ധിമാന്ദ്യം അനുഭവിക്കുന്ന, അല്ലെങ്കിൽ സാരമായ വൈകല്യം അനുഭവിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് സ്വയം തൊഴിൽ സ്വീകരിക്കുന്നതിനായുള്ള ധനസഹായം ലഭ്യമാണ്. 70 ശതമാനത്തിൽ കൂടുതൽ വൈകല്യം ഉള്ളവരുടെ അമ്മമാർ ആയിരിക്കണം. ദാരിദ്ര്യ രേഖക്ക് താഴെ ആയിരിക്കണം.

### 11.24.6 വയോധികർക്കായുള്ള സഹായങ്ങൾ

വയോമിത്രം പദ്ധതിയിലൂടെ മൊബൈൽ ക്ലിനിക് സർവീസ്, പാലിയേറ്റിവ് കെയർ,

ഹെൽപ്പ് ഡെസ്ക് മുതലായ സഹായങ്ങൾ വയോധികർക്കായി ലഭ്യമാണ്. മൊബൈൽ ക്ലിനിക് സർവീസിൽ കൂടി 65–ന് മുകളിൽ പ്രായം ഉള്ളവർക്ക് മരുന്നുകൾ വീടുകളിലേക്ക് സൗജന്യമായി ലഭ്യമാക്കുന്നതാണ്. മന്ദഹാസം എന്ന പദ്ധതിയിൽ കൂടി വയോധികർക്ക് സൗജന്യമായി പല്ലുകളുമായി ബന്ധപ്പെട്ട ചികിത്സക്കുള്ള ധനസഹായം ലഭ്യമാണ്.

#### 11.24.7 മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം നൽകാനുള്ള ഒരു പദ്ധതിയാണ് ഇത്. കുടുംബ വരുമാനം 1,00,000 രൂപയിൽ കൂടുതൽ ആകാൻ പാടുള്ളതല്ല. വീട് വെക്കാനും, ചെറുകിട സംരംഭങ്ങൾ തുടങ്ങാനും, ഭൂമി വാങ്ങുന്നതിനുമായി ഈ പണം ഉപയോഗിക്കാവുന്നതാണ്.

## 11.25 വിദ്യാഭ്യാസം

### 11.25.1 സൗജന്യ സ്കൂൾ യൂണിഫോം സ്കീം രജിസ്ട്രേഷൻ

സൗജന്യ സ്കൂൾ യൂണിഫോം സ്കീം, സംസ്ഥാന സർക്കാരിന്റെയും സർവ്വശിക്ഷാ അഭിയാന്റെയും സംയുക്ത സംരംഭമാണ്. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. സംസ്ഥാനത്തെ സർക്കാർ–എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഇത് ലഭ്യമാണ്. എല്ലാ പെൺകുട്ടികളും പട്ടികവർഗ്ഗ/പട്ടികജാതി വിദ്യാർത്ഥികളും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ആൺകുട്ടികൾക്കും ഇത് ലഭ്യമാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്എസ്എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ടെക്നിക്കൽ വിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന ഒരു എംപവേർഡ് കമ്മിറ്റി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

## 11.26 പട്ടികജാതി/പട്ടികവർഗക്ഷേമം

### 11.26.1 സ്വയം തൊഴിൽ

സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും, സ്വയം സഹായ കൂട്ടങ്ങൾക്കും വായ്പക്ക് അപേക്ഷിക്കാവുന്നതാണ്. അതിൽ 1/3 ഭാഗം സർക്കാർ സബ്സിഡി ആയി നൽകുന്നതാണ്. വരുമാന സംബന്ധമായ നിബന്ധനകൾ ഇല്ല. അപേക്ഷ പട്ടികജാതി ഡെവലപ്മെന്റ് ഓഫീസർക്ക് അയക്കാവുന്നതാണ്.

### 11.26.2 അഭിഭാഷകരായി തൊഴിൽ സ്വീകരിക്കുന്നതിനുള്ള സഹായം

ജൂനിയർ അഭിഭാഷകർ ആയി തൊഴിൽ സ്വീകരിക്കുന്നവർക്ക് ഗ്രാന്റ് രൂപത്തിൽ പുസ്തകങ്ങൾ വാങ്ങാനും, കോടതി വേഷം വാങ്ങാനും, മുറിയുടെ വാടകയ്ക്കും പണം നൽകുന്നതാണ്.

### 11.26.3 ടെക്നിക്കൽ അപ്രന്റിസ്ഷിപ്പ്

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദധാരിയായവർക്ക് ഒരു വർഷത്തേക്ക് ക്ലാർക്ക്ടൈപ്പിസ്റ്റ് ആയി ജോലി നോക്കുന്നതിന് 10,000 രൂപ ഹോണറേറിയം ആയി നൽകുന്നതാണ്.

### 11.26.4 ടൂൾ കിറ്റ്

ITI സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ടൂൾ കിറ്റ് വാങ്ങാനുള്ള സഹായം ലഭിക്കുന്നതാണ്.

### 11.26.5 പുറം രാജ്യങ്ങളിൽ ജോലി നോക്കുന്നതിനുള്ള ധനസഹായം

പുറം രാജ്യങ്ങളിൽ ജോലിക്ക് ശ്രമിക്കുന്നവർക്ക് 1,00,000 രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. ഈ പദ്ധതി കൈവരിക്കണമെങ്കിൽ കുടുംബ വരുമാനം 2.5 ലക്ഷത്തിൽ താഴെ ആയിരിക്കണം. അപേക്ഷകൾ ജില്ല ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് കൊടുക്കാവുന്നതാണ്.

## 11.27 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

### 11.27.1 ശരണ്യ സ്വയം തൊഴിൽ പദ്ധതി

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർ, അവിവാഹിതർ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. 50,000 രൂപ വരെ പലിശരഹിത വായ്പ ലഭിക്കും. അപേക്ഷ നൽകേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആണ്.

### 11.28 റവന്യൂ വകുപ്പ്

### 11.28.1 നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക കുടുംബത്തിലെ വരുമാനം ഉള്ള വ്യക്തി മരിക്കുമ്പോൾ 20,000 രൂപ ധനസഹായം ലഭിക്കും. താലൂക്ക് ഓഫീസിലാണ് അപേക്ഷ നൽകേണ്ടത്.

## 11.29 വനിത-ശിശു വികസന വകുപ്പ്

### 11.29.1 അഭയകിരണം പദ്ധതി

50 വയസ്സിനു മുകളിൽ പ്രായമുള്ള മറ്റു ആശ്രയങ്ങൾ ഒന്നുമില്ലാത്ത വിധവകൾക്കുള്ള ധനസഹായം.

### 11.29.2 മംഗല്യ പദ്ധതി

18-നും 50-നും ഇടയിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകളുടെ പുനർ വിവാഹത്തിന് 25000 രൂപ സഹായധനം ലഭിക്കുന്നു.

### 11.29.3 സഹായഹസ്തം

ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള വിധവകളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനുള്ള പദ്ധതിയാണിത്.

## 11.30 സ്ത്രീകൾ ഗൃഹനാഥ ആയിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ ധനം

അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 300 രൂപ വരെയും ആറു മുതൽ 10 വയസ്

വരെ ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപ വീതവും പ്ലസ് വൺ പ്ലസ് ടു ക്ലാസ്സുകൾക്ക് 750 രൂപ വീതവും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവർക്ക് 1000 രൂപ വീതവും ധനസഹായം.

## 11.31 പടവുകൾ

വിധവകളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ട്യൂഷൻ ഫീസ് നൽകുന്ന പദ്ധതി. സർക്കാർ/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് സഹായം ലഭിക്കും.

**മേൽ വിവരിച്ചത് പോലെയുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ പ്രയോജനം അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള പരിശ്രമം ജനപ്രതിനിധികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്**

## 11.32 ചേരി പരിഷ്കരണം

ഒരു പ്രത്യേക പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാതെ ഒരു പറ്റം ആൾക്കാർ വൃത്തിഹീനമായ അന്തരീക്ഷത്തിലും സാഹചര്യത്തിലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ട് ജീവിക്കുന്ന പ്രദേശങ്ങളിലെ ചേരിപ്രദേശം എന്ന് പറയാം. അതായത് അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വെളിച്ചം, യാത്രാസൗകര്യം പ്രാഥമിക സൗകര്യങ്ങൾ, ആരോഗ്യകരമായ അന്തരീക്ഷം, വാസയോഗ്യമായ പാർപ്പിട സൗകര്യം, നല്ല ശുചിത്വമായ ചുറ്റുപാട് എന്നിവയൊന്നുമില്ലാതെ ഒരു കൂട്ടം ആളുകൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പരിമിതമായ സ്ഥലത്ത് കുടുംബമായോ ഒറ്റയ്ക്കോ താമസിക്കുന്ന പ്രദേശത്തെ ഒരു ചേരിപ്രദേശം എന്ന് പറയാം.

ചേരിനിർമാർജ്ജനം എന്ന ആശയമാണ് മുൻകാലങ്ങളിൽ സർക്കാരിന് ഉണ്ടായിരുന്നത്. 1956–ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ഗ്രാൻഡ് ഉൾപ്പെടുത്തി ഇത് നടപ്പാക്കി തുടങ്ങി. 01.04.1996 മുതൽ ഈ പ്രവർത്തി സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. ഇക്കാലത്ത് നഗരപ്രദേശങ്ങളിലുള്ള ചേരികളിൽ വസിക്കുന്നവർക്ക് സാമാന്യ ജീവിതനിലവാരം ഉറപ്പാക്കുന്നതിനും ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികളാണ് ആവിഷ്ക്കരിച്ച് വന്നിരുന്നത്. നഗരാസൂത്രണ വകുപ്പ് (Town Planning Department) മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി UBS (Urban Basic Services - 1985), NRY (Nehru Rosgar Yojana 1989) UBSP (Urban Basic Service for Poor 1991), SJSRY (Swarna Jayanthi Shahari Rosgar Yojana 1997) തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിരുന്നു.

സമഗ്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണ വകുപ്പ് 1995 കേരളത്തിലെ അംഗീകൃത ചേരികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ നഗരസഭകൾ പരിശോധിച്ചാൽ മേൽ വിവരിച്ച് രീതിയിൽ ഉള്ള ഒട്ടനവധി പ്രദേശങ്ങൾ കണ്ടെത്താനും, ചേരി പ്രദേശങ്ങളിൽ അധിവസിക്കുന്ന ഈ ജനവിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിത സാഹചര്യം മെച്ചപ്പെടുത്താതെയുള്ള ഒരു

വികസനം നഗരവികസനമല്ല. നിലവിലുള്ള പദ്ധതി രൂപീകരണ മാർഗരേഖ പ്രകാരം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവരുടെ വികസന ഫണ്ടിന്റെ കുറഞ്ഞത് 10 ശതമാനം തുകയെങ്കിലും ചേരി വികസന പരിപാടികൾക്കായി നിർബന്ധമായും മാറ്റിവെയ്ക്കേണ്ടതുണ്ട്. ഇതിനുപുറമേ ധാരാളം കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ മേഖലയിൽ നടപ്പിലാക്കി വരുന്നു.

## 11.33 ഉപസംഹാരം

ദാരിദ്ര്യം എന്നത് ബഹുതല സ്പർശിയായ ഒരു അവസ്ഥയാണ്. ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന അവസ്ഥകൾ പരിഹരിക്കുകയും ഇല്ലായ്മകളെ അതിജീവിക്കാൻ പ്രാപ്തമാക്കുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച്, ദാരിദ്ര്യമുക്തമായ കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണവും പരിപാടികളും അനിവാര്യമാണ്. അതി ദരിദ്രരെ സർവ്വെ ചെയ്തു കണ്ടെത്താനും കേവല ദാരിദ്ര്യമുക്തമായ ഒരു കേരളം സൃഷ്ടിക്കുക എന്ന ഹ്രസ്വകാല കർമ്മപരിപാടി കേരള സർക്കാർ രൂപം കൊടുക്കുകയും ചെയ്തിട്ടുള്ള ഈ സന്ദർഭത്തിൽ നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ഇക്കാര്യത്തിൽ കാര്യക്ഷമമായ ഒരു പങ്ക് നിർവഹിക്കാനുണ്ട് എന്ന് ഓർമിപ്പിക്കുന്നു.

# 12

# സാമൂഹ്യക്ഷേമവും സാമൂഹ്യസുരക്ഷ പെൻഷനും

## 12.1 ആമുഖം

ദുരിതങ്ങൾ അഭവിക്കുന്ന, വിവിധതരത്തിൽ ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്ന, പരാശ്രയം വേണ്ടി വരുന്ന, ഒരു നേരത്തെ ആഹാരത്തിന് പോലും വഴിയില്ലാത്ത, ധാരാളം മനുഷ്യരെ നമുക്ക് ചുറ്റും കാണാം. ഇവരെ സഹായിക്കുന്നതിനുള്ള അവസരം നഗരപാലിക സംവിധാനം വഴി ഇന്ന് ലഭ്യമായിട്ടുണ്ട്.

73, 74 ഭരണഘടന ഭേദഗതി ലക്ഷ്യമിടുന്നത് സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമാണ് ഭരണഘടനയിലെ പതിനൊന്നാം പട്ടിക പഞ്ചായത്തുകളുടെയും പന്ത്രണ്ടാം പട്ടിക നഗരസഭകളുടെയും ചുമതലകൾ എന്തെല്ലാമെന്ന് പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുകയെന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണെന്ന് ഊന്നിപ്പറയുന്നു.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നത് നഗരസഭയുടെ ചുമതലയാണ് സമൂഹത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ എന്നിവരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി കൂട്ടായ പരിശ്രമത്തിലൂടെ പരിഹരിക്കാൻ ഉചിതമായ സംവിധാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടത്

ജനക്ഷേമകരമായ വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലെ കാര്യക്ഷമത കൂടി കണക്കിലെടുത്താണ് ഭരണകൂടത്തിന്റെ മികവ് വിലയിരുത്തപ്പെടുന്നത്. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് ജനപ്രതിനിധികളുടെ മുഖ്യ ചുമതല.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കുന്നത്. വ്യക്തിഗത ക്ഷേമമാണ് സാമൂഹ്യക്ഷേമത്തിന്റെ അടിത്തറ. ഈ സംഗതികളിൽ സാമാന്യമായ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

പുതിയ സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ട് ഫലപ്രദമായി

പ്രവർത്തിക്കണമെങ്കിൽ ജനപ്രതിനിധികളുടെ അറിവും അതുവഴി കഴിവും ആത്മവിശ്വാസവും വർദ്ധിപ്പിക്കേണ്ടതുണ്ട്.

## 12.2 ലക്ഷ്യം

» വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക
» പട്ടികജാതി–പട്ടികവർഗ്ഗ വനിതാ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുക
» ഇവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയാനും അതിനുതകുന്ന സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കാൻ ഇടപെടൽ നടത്തുക
» എല്ലാവർക്കും ആരോഗ്യം, ശുദ്ധവായു, ശുദ്ധജലം എന്നിവ ഉറപ്പാക്കുക
» ശുചിത്വമുള്ള നഗരം വാർത്തെടുക്കുക
» എല്ലാവർക്കും വിദ്യാഭ്യാസം
» അർഹരായ എല്ലാവർക്കും സാമൂഹ്യ സുരക്ഷാപെൻഷൻ
» കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക
» എല്ലാവർക്കും വീട്.

സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരമമായ ലക്ഷ്യം. ഇതിന് ഉതകുന്ന പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുക എന്നതാണ് ജനപ്രതിനിധികളുടെ കർത്തവ്യം.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ പ്രാദേശിക വികസനം സാധ്യമാകും വിധമുള്ള പദ്ധതികൾ തയ്യാറാക്കുകയാണ് വേണ്ടത്. ഇത് സംബന്ധിച്ച് മറ്റൊരു അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാപെൻഷന്റെ വിശദവിവരം മാത്രം ഈ അധ്യായത്തിൽ നൽകുന്നു.

## 12.3 സാമൂഹ്യ സുരക്ഷാ പെൻഷനും ധനസഹായങ്ങളും

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പട്ടിക ഒന്നിൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ക്രമനമ്പർ XIII–ൽ 'സാമൂഹ്യക്ഷേമം' എന്ന തലക്കെട്ടിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

» അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകർക്കും പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
» തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
» വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.

ചുരുക്കത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുക എന്നത് മുനിസിപ്പൽ നിയമപ്രകാരം നഗരസഭകളുടെ ചുമതലയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ വഴി നൽകിവന്നിരുന്ന ക്ഷേമപെൻഷനുകൾ അനുവദിക്കുന്നതിനുള്ള അധികാരം നഗരസഭകൾക്ക് കൈവന്നു.

സാമൂഹ്യസുരക്ഷാപെൻഷനുകളും രണ്ട് ധനസഹായങ്ങളുമാണ് തദ്ദേശഭരണസ്ഥാപനങ്ങൾ വഴി അനുവദിച്ച് വരുന്നത്.

## 12.4 പെൻഷൻ

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധാക്യകാല പെൻഷൻ
2. വിധവാ പെൻഷൻ
3. വികലാംഗപെൻഷൻ
4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ
5. കർഷക തൊഴിലാളി പെൻഷൻ

## 12.5 ധനസഹായം

1. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം
2. തൊഴിൽരഹിതവേതനം

## 12.6 സാമൂഹ്യ സുരക്ഷാ പെൻഷൻ –നഗരസഭകളുടെ ചുമതലകൾ

വാർഡ്സഭകൾ മുഖാന്തിരം പെൻഷൻ അർഹരായ മുഴുവൻപേരെയും കണ്ടെത്തുക, അനർഹരായവർ ഗുണഭോക്താക്കളായി വന്നിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുക. ഇതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായം തേടാവുന്നതാണ്.

## 12.7 തുടർനടപടികൾക്ക്

- പെൻഷന് വേണ്ടിയുള്ള അപേക്ഷ തദ്ദേശ സ്ഥാപനത്തിൽ നിന്ന് സൗജന്യമായി നൽകേണ്ടതാണ്.
- അപേക്ഷ സ്വീകരിച്ച് രജിസ്റ്ററിൽ ചേർക്കൽ
- അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ. അന്വേഷണ റിപ്പോർട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി ഭരണസമിതി അംഗീകാരത്തിന് സമർപ്പിക്കൽ
- സമയബന്ധിതമായി തീർപ്പുകൽപ്പിക്കൽ
- പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ഉത്തരവു നൽകൽ, നിരസിച്ചവർക്ക് നിരസിച്ച തിന്റെ കാരണം കാണിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകൽ. ഈ അറിയിപ്പിൽ അപ്പീൽ നൽകാമെന്ന കാര്യവും, അപ്പീൽ അധികാരിയുടെ പേരു വിവരവും കാണിച്ചിരിക്കണം
- അപ്പീലിന്മേൽ സമയബന്ധിതമായി നടപടികൾ
- പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് സഭയുടെ അംഗീകാരം തേടൽ.

## 12.8 പെൻഷൻ പൊതുമാനദണ്ഡം

- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ
- എല്ലാ അപേക്ഷകരും ആധാർ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം
- അപേക്ഷകർ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം
- ഒരാൾക്ക് ഒരു പെൻഷൻ മാത്രം (ഭിന്നശേഷിക്കാർക്ക് ഒഴികെ)

## 12.9 മറ്റ് മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ

### 12.9.1 ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നവർക്ക്:

1. 06.02.2017 മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും
2. 06.02.2017 മുതൽ ഏതെങ്കിലുമൊരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷൻ അല്ലെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ) മാത്രമേ അർഹതയുള്ളൂ.
3. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻകാർക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ് 06.07.2017ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.
4. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾ
   - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
   - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
   - കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
   - കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെ)
   - കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ്
   - കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ്
   - കേരള അങ്കണവാടി വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
   - കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
   - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
   - കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്
   - കൊച്ചിൻ ദേവസ്വം ബോർഡ്
   - മലബാർ ദേവസ്വം ബോർഡ്
   - ഗുരുവായൂർ ദേവസ്വം ബോർഡ്
   - തിരുവിതാംകൂർ ദേവസ്വം ബോർഡ്
   - കൂടൽ മാണിക്യം ദേവസ്വം ബോർഡ്
   - കേരള പ്രവാസി ക്ഷേമനിധി ബോർഡ്
   - കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്
   - കേരള അഡ്വക്കേറ്റ്സ് ക്ലർക്ക്സ് ക്ഷേമനിധി ബോർഡ്
   - കേരള ആധാരമെഴുത്തുകാരുടെയും പകർപ്പ് എഴുത്തുകാരുടെയും ക്ഷേമനിധി ബോർഡ്
5. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷണർമാർ നിലവിൽ മറ്റു സാമൂഹ്യ സുരക്ഷാ

പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവർ ആണെങ്കിൽ അവർക്ക് ഒരു സാമൂഹ്യ സുരക്ഷാപെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

## 12.9.2 ഇപിഎഫ് പെൻഷൻ

പ്രതിമാസം 4000 രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാപെൻഷൻ പൂർണ്ണ നിരക്കിൽ ലഭിക്കും. എന്നാൽ നാലായിരം രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

### 12.9.3 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം പെൻഷൻ

കുടിശ്ശിക അവകാശികൾക്ക് ലഭിക്കുന്നതല്ല.

### 12.9.4 ആധാർ എടുക്കാൻ കഴിയാത്തവർ

എല്ലാം ഗുണഭോക്താക്കളും ആധാർ നമ്പർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആധാർ ഇതുവരെ ലഭിച്ചിട്ടില്ലത്തവർക്ക് സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ് എന്നിവയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി പെൻഷൻ അനുവദിക്കാം. ആധാർ ലഭിക്കുന്നത് വരെയുള്ള കാലയളവിലേക്കാണ് ഈ സംവിധാനം.

പട്ടികവർഗ്ഗത്തിൽപെട്ടവർ, കിടപ്പുരോഗികൾ, 80 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാർ എടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ നിശ്ചിത മാതൃകയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ/ഡോക്ടർ നൽകുന്ന ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ്, മറ്റു പെൻഷനുകൾ വാങ്ങുന്നില്ലെന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കണം.

ഇത്തരത്തിലുള്ള അപേക്ഷകൾ ഡി.ബി.ടി സെല്ലിന്റേയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയോ അനുമതി ലഭിച്ച ശേഷം മാത്രമേ പരിഗണിക്കാവൂ.

മാനസിക രോഗമുളളവർ, ഓട്ടിസം ബാധിച്ചവർ എന്നിവർക്ക് ആധാർ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഐസിഡിഎസ് സൂപ്പർവൈസറുടെ/സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് സഹിതം അപേക്ഷിക്കണം.

### 12.9.5 ഭൗതിക സാഹചര്യങ്ങളും കൂടി പരിശോധിക്കണം

വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റിന് പുറമേ അപേക്ഷകന്റെ ഭൗതികസാഹചര്യം കൂടി അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യണം.

### 12.9.6 പെൻഷന് അർഹതയില്ലാത്തവർ

» അപേക്ഷകൻ കേന്ദ്ര–സംസ്ഥാന സർവീസ് പെൻഷണർ/കുടുംബപെൻഷണർ ആകരുത്.
» ആദായ നികുതി നൽകുന്ന ആൾ ആകരുത്.

» അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ട് ഏക്കറിൽ കൂടുതൽ ഭൂമി ഉണ്ടാകരുത് (പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ബാധകമല്ല)
» 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണമുള്ള ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ
» ഒരു മാസമോ അതിലധികമോ ജയിലിൽ കഴിയുന്നവർ (റിമാൻഡ് ചെയ്യപ്പെടുന്നവരും)
» അംബാസിഡർ കാർ ഒഴികെയുള്ള ആയിരം സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാതെയുള്ള വാഹനങ്ങൾ സ്വന്തമായോ കുടുംബത്തിലോ ഉള്ളവർ ആകരുത്
» ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ഗുണഭോക്താവ് നൽകേണ്ടതാണ്

## 12.10 ഭിന്നശേഷിക്കാർക്കുള്ള പ്രത്യേകപരിഗണന

ഭിന്നശേഷിക്കാർക്ക് വികലാംഗ പെൻഷന് പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ വികലാംഗ പെൻഷൻ ഗുണഭോക്താവ് ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റുന്ന ആളാണെങ്കിൽ മേൽപറഞ്ഞ വിധത്തിൽ രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല.

നിലവിൽ ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചു വരുന്ന ഭിന്നശേഷിക്കാരനായ വ്യക്തിക്ക് വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കും.

തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്ന ഭിന്നശേഷിക്കാർക്ക് ബോർഡ് പെൻഷന് പുറമേ വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. അത്തരക്കാർക്ക് മറ്റു വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതല്ല. (അതായത് ഭിന്നശേഷിക്കാർക്ക് പരമാവധി രണ്ട് പെൻഷനുകൾ മാത്രം).

## 12.11 വിവിധ പെൻഷനുകൾ-നിബന്ധനകൾ

### 12.11.1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

**അർഹത മാനദണ്ഡം**

» 60 വയസ്സ് പൂർത്തിയാവണം
» കേരള സംസ്ഥാനത്ത് മൂന്നു വർഷമെങ്കിലും സ്ഥിരതാമസം ഉണ്ടായിരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
» പ്രായം തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്/പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്നിന്റെ പകർപ്പ്
» മേൽ രേഖകളുടെ അഭാവത്തിൽ വയസ്സ് തെളിയിക്കുന്ന മറ്റു രേഖകൾ ഒന്നും ഇല്ലായെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതിൻമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്
» സ്ഥിരതാമസം തെളിയിക്കുന്നതിന് റേഷൻ കാർഡ് പകർപ്പ്, റേഷൻ കാർഡ് ഇല്ലെങ്കിൽ മേൽവിലാസം കാണിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്
» വില്ലേജ് ഓഫീസിൽ നിന്ന് വരുമാനസർട്ടിഫിക്കറ്റ്

**അന്വേഷണ ഉദ്യോഗസ്ഥൻ**

» റവന്യൂ ഇൻസ്പെക്ടർ/നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ
» തീരുമാനമെടുക്കുന്നതിനുള്ള അധികാരം : നഗരസഭാ കൗൺസിൽ

### 12.11.2 വിധവാ പെൻഷൻ

**അർഹതാ മാനദണ്ഡം**

» വിധവകൾ
» 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവർ
» ഭർത്താവ് ഉപേക്ഷിച്ച് ഏഴുവർഷം കഴിഞ്ഞതും പുനർവിവാഹം ചെയ്യാത്തതുമായ 50 വയസ്സു കഴിഞ്ഞ സ്ത്രീകൾ
» അപേക്ഷ സമർപ്പിക്കുന്ന സമയത്ത് രണ്ടുവർഷമെങ്കിലും കേരളത്തിൽ താമസം ഉണ്ടായിരിക്കണം

**പ്രായപരിധി**

» പ്രായപരിധിഭർത്താവ് ഉപേക്ഷിച്ചുപോയ സംഗതിയിൽ അപേക്ഷകയ്ക്ക് 50 വയസ് കഴിഞ്ഞിരിക്കണം. വിധവ, ഭർത്താവിനെക്കുറിച്ച് വിവരം ലഭ്യമല്ലാത്തവർ (man missing) എന്നിവർക്ക് പ്രായപരിധിയില്ല

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിൽ അപേക്ഷ
» വിധവയാണെങ്കിൽ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്
» ഭർത്താവിനെ കുറിച്ച് വിവരം ലഭ്യമല്ലാത്ത/ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീകളാണെങ്കിൽ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം
» സ്ഥിരതാമസം തെളിയിക്കുന്നതിന് റേഷൻ കാർഡിന്റെ പകർപ്പും റേഷൻ കാർഡിന്റെ അഭാവത്തിൽ മേൽവിലാസം കാണിക്കുന്ന മറ്റേതെങ്കിലും രേഖയുടെ പകർപ്പ്
» വരുമാന സർട്ടിഫിക്കറ്റ്

**അന്വേഷണ ഉദ്യോഗസ്ഥൻ**

» ഐസിഡിഎസ് സൂപ്പർവൈസർ
» തീരുമാനമെടുക്കേണ്ടത് – തദ്ദേശ സ്ഥാപനത്തിന്റെ ഭരണസമിതി
  • പുനർവിവാഹം നടത്തിയിട്ടില്ലെന്ന് വില്ലേജ് ഓഫീസർ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
  • 60 വയസ്സിൽ താഴെയുള്ളവർ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം എല്ലാവർഷവും ഡിസംബർ മാസത്തിൽ നൽകണം. (വില്ലേജ് ഓഫീസർ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

### 12.11.3 വികലാംഗ പെൻഷൻ

**അർഹതാ മാനദണ്ഡം**

» വയസ്സ് പരിധിയില്ല
» അംഗവൈകല്യം സംഭവിച്ചവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ
» ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ പേർക്കും അനുവദിക്കും

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
» സ്ഥിരതാമസം തെളിയിക്കുന്ന റേഷൻകാർഡ് പകർപ്പ് റേഷൻ കാർഡ് ഇല്ലെങ്കിൽ മേൽവിലാസം തെളിയിക്കുന്ന മറ്റൊരു രേഖയുടെ പകർപ്പ്
» അംഗ പരിമിതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (2017 Rights of Persons with Disability Rules Forum-V, VI, VII എന്നിവയിലുള്ള സർട്ടിഫിക്കറ്റ്
» സാമൂഹ്യ സുരക്ഷാ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഹാജരാക്കിയാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യമില്ല.
» വരുമാന സർട്ടിഫിക്കറ്റ്

**അന്വേഷണ ഉദ്യോഗസ്ഥൻ**

» ഹെൽത്ത് ഇൻസ്പെക്ടർ
» തീരുമാനം എടുക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി

### 12.11.4 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

**അർഹതാ മാനദണ്ഡം**

» 50 വയസ്സ് പൂർത്തിയായിരിക്കണം, അവിവാഹിത ആയിരിക്കണം
» കേരളസംസ്ഥാനത്ത് സ്ഥിരതാമസക്കാരായിരിക്കണം
» 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്ക് അപേക്ഷിക്കാവുന്നതാണ്

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
» അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും ഹാജരാക്കണം
» റേഷൻ കാർഡിന്റെ പകർപ്പ്

**അന്വേഷണ ഉദ്യോഗസ്ഥൻ**

» റവന്യൂ ഇൻസ്പെക്ടർ
» തീരുമാനം എടുക്കുന്നതിനുള്ള അധികാരം-നഗരസഭാ കൗൺസിൽ
  • 60 വയസ്സിൽ താഴെയുള്ളവർ പുനർവിവാഹം ചെയ്തിട്ടില്ലയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ/ഗസറ്റഡ് ഓഫീസറിൽ നിന്ന് വാങ്ങി എല്ലാ വർഷവും ഡിസംബർ മാസത്തിൽ നൽകണം. (പ്രസ്തുത സർട്ടിഫിക്കറ്റ് നിശ്ചിത സമയത്തിനകം സമർപ്പിക്കാത്തവരുടെ പെൻഷൻ തടഞ്ഞുവെയ്ക്കാവുന്നതാണ്) (G.O(MS) 97/2020/FIN dtd 23.07.2020)

### 12.11.5 കർഷകത്തൊഴിലാളി പെൻഷൻ

**അർഹതാ മാനദണ്ഡം**

» 60 വയസ്സ് പൂർത്തിയായിരിക്കണം
» കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം

» അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി പത്തു വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമായിരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
» കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രിത്തിന്റെ പകർപ്പ്
» പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖ/പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്
» അവയുടെ അഭാവത്തിൽ അപേക്ഷകൻ അഥവാ അപേക്ഷകയുടെ വയസ്സ് തെളിയിക്കുന്നതിന് മറ്റു രേഖകൾ ഒന്നുമില്ല എന്ന സ്വയം സാക്ഷ്യപത്രത്തിൻ മേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്
» സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ്/മേൽവിലാസം തെളിയിക്കുന്ന രേഖ)
» വരുമാന സർട്ടിഫിക്കറ്റ്

**അന്വേഷണ ഉദ്യോഗസ്ഥൻ**

» കൃഷി അസിസ്റ്റന്റ്
» തീരുമാനമെടുക്കാനുള്ള അധികാരം നഗരസഭ കൗൺസിൽ

## 12.12 ധനസഹായങ്ങൾ

### 12.12.1 തൊഴിൽരഹിതവേതനം

**അർഹതാ മാനദണ്ഡം**

» എസ്എസ്എൽസി പാസായിരിക്കണം (ജനറൽ വിഭാഗം)
» പട്ടികജാതി–പട്ടികവർഗ വിഭാഗം ഭിന്നശേഷിക്കാർ എന്നിവർക്ക് സ്കൂളിൽ പഠിച്ച് എസ്എസ്എൽസി പരീക്ഷയ്ക്ക് ഹാജരായാലും മതി (പത്താം ക്ലാസ് തോറ്റാലും പരിഗണിക്കും)
» കുടുംബ വാർഷിക വരുമാന പരിധി 12,000 രൂപയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്
» പ്രായം 18നും 35നും മധ്യേ (വിദ്യാർഥികൾക്ക് അർഹതയില്ല)
» എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസ്സിനുശേഷം തുടർച്ചയായി മൂന്ന് വർഷം വേണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗം, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്ക് രണ്ടുവർഷത്തെ സീനിയോറിറ്റി മതി.
» എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുള്ളവർ രജിസ്ട്രേഷൻ പുനസ്ഥാപിച്ച കഴിഞ്ഞ മൂന്നു വർഷം പൂർത്തീകരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

» നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
» എസ്എസ്എൽസി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

» എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്
» ആധാർ കാർഡ് പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
» ഭിന്നശേഷിക്കാർ ആണെങ്കിൽ ഭിന്നശേഷി തെളിയിക്കുന്ന രേഖ
» ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം)
» ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജ് (അക്കൗണ്ട് നമ്പർ വരുന്ന ഭാഗം) സ്വയം സാക്ഷ്യപ്പെടുത്തിയത്

**കുറിപ്പ്**

1. 35 വയസ്സ് പൂർത്തിയാക്കുകയോ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ലാപ്സാവുകയോ തൊഴിൽ ലഭിക്കുകയോ സ്വയംതൊഴിൽ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയോ തൊഴിലുറപ്പ് പദ്ധതി പ്രകാരം വ്യക്തിഗത/കുടുംബ വാർഷികവരുമാനം വർധിക്കുകയോ (മറ്റേതെങ്കിലും രീതിയിൽ വരുമാനം വർധിക്കുകയോ) സംസ്ഥാനത്ത് സ്ഥിരതാമസം അല്ലാത്തവർ ആവുകയും ചെയ്യുമ്പോൾ തൊഴിൽരഹിതവേതനത്തിനുള്ള അർഹത നഷ്ടമാകുന്നതാണ്.
2. വരുമാനം നിശ്ചിത പരിധിയിൽ കവിയുമ്പോൾ ആ വിവരം ഗുണഭോക്താവ് തന്നെ നഗരസഭയിൽ അറിയിക്കേണ്ടതാണ്.
3. തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രമാണ് വിതരണം ചെയ്യുന്നത്. ഓരോ തവണയും അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിന് 15 ദിവസം മുമ്പ് ഗുണഭോക്താവിന്റെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില വ്യക്തിഗത-കുടുംബ വാർഷികവരുമാനം, തൊഴിൽ, താമസം (മേൽവലാസം) എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളതല്ല.

ഒരു തവണ വേതനം കൈപ്പറ്റാതെ വന്നാൽ (രേഖകൾ സഹിതം നേരിട്ട് ഹാജരാകാതിരുന്നാൽ) താൽക്കാലികമായും രണ്ടുതവണ തുടർച്ചയായി വേതനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നാൽ സ്ഥിരമായും തൊഴിൽരഹിത വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. എന്നാൽ രോഗം മൂലമോ അടുത്ത ബന്ധുക്കളുടെ മരണം മൂലമോ തുടർച്ചയായി രണ്ടു തവണ ഹാജരാകാൻ കഴിയാത്തവരാണെങ്കിൽ അതിന് മതിയായ തെളിവ് ഹാജരാക്കി വേതനത്തിനുള്ള അർഹത പുനഃസ്ഥാപിച്ച് കിട്ടാൻ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകണം.

**അന്വേഷണ ഉദ്യോഗസ്ഥൻ**

- റവന്യൂ ഇൻസ്പെക്ടർ
- തീരുമാനമെടുക്കുന്നതിനുള്ള അധികാര സ്ഥാനം - നഗരസഭാ കൗൺസിൽ
- അപ്പീൽ അധികാരി - ജില്ലാ കളക്ടർ
- നിലവിലെ വേതന തുക 120 രൂപ, പ്രതിമാസം

### 12.12.2 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം

**അർഹതാ മാനദണ്ഡം**

» വിധവകളുടെ/മൂന്നുവർഷമായി വിവാഹമോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കൾ

- ഭർത്താവ് ഉപേക്ഷിച്ചവരുടെ/ഭർത്താവിനെ കാണാതായിട്ട് 7 വർഷം കഴിഞ്ഞവരുടെ പെൺമക്കൾ
- അവിവാഹിതരായ സ്ത്രീകളുടെ മക്കളും
- വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം
- കുടുംബ വാർഷിക വരുമാനം 2,00,000 രൂപയിൽ കവിയരുത്
- വിവാഹിതയാകുന്ന പെൺകുട്ടി മൂന്ന് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം
- സ്വർണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50,000 രൂപയിൽ കവിയരുത്

**ഹാജരാക്കേണ്ട രേഖകൾ**

- നിശ്ചിത ഫോറത്തിലുള്ള അപേക്ഷ
- അപേക്ഷക വിധവയാണെങ്കിൽ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്
- വിവാഹമോചിത/ഭർത്താവ് ഉപേക്ഷിച്ചവർ/ഭർത്താവിനെ കാണാതായത് തെളിയിക്കുന്ന രേഖ, വിവാഹിതയാവുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്
- വിവാഹം നിശ്ചയിച്ചതു സംബന്ധിച്ച് പ്രതിശ്രുത വരന്റെ സത്യവാങ്മൂലം
- വിവാഹിതരാകുന്ന പെൺകുട്ടി സ്ഥിരതാമസക്കാരിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖ (റേഷൻ കാർഡ് അല്ലെങ്കിൽ മേൽവിലാസം രേഖപ്പെടുത്തിയ മറ്റ് ഏതെങ്കിലും രേഖ)
- വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ

**കുറിപ്പ്**

1. പെൺകുട്ടിയുടെ അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്തി കൊടുക്കുന്ന ആൾക്കോ അല്ലെങ്കിൽ പെൺകുട്ടിക്ക് തന്നെയോ അപേക്ഷ സമർപ്പിക്കാം
2. അഗതിമന്ദിരങ്ങളിൽ താമസിക്കുന്ന പെൺകുട്ടികൾക്ക് അപേക്ഷിക്കാം
3. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷിക്കണം എന്നാണ് നിബന്ധന. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മൂന്ന് വർഷംവരെ മാപ്പാക്കി അപേക്ഷ സ്വീകരിക്കാവുന്നതാണ്. വിവാഹ തീയതി മുതൽ ഒരു വർഷം വരെയുള്ളകാലതാമസം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കും ഒരു വർഷം കഴിഞ്ഞു മൂന്നു വർഷം വരെയുള്ള കാലതാമസം ജില്ലാ കളക്ടർമാർക്കും മാപ്പാക്കാവുന്നതാണ്.
4. ഭർത്താവിന്റെ മരണം സംബന്ധിച്ച് നഗരസഭാ മേയർ/ചെയർപേഴ്സന്റെ സർട്ടിഫിക്കറ്റ് ആയാലും മതി.
5. വിവാഹത്തിനുമുമ്പ് ധനസഹായം കൈപ്പറ്റിയ സംഗതികളിൽ വിവാഹം കഴിഞ്ഞതിന്റെ രേഖ ഒരുമാസത്തിനകം ഹാജരാക്കണം.
6. പ്രായപൂർത്തിയായ ആൺ മക്കളുള്ള കുടുംബത്തിലെ വിധവകളുടെ പെൺമക്കൾക്കും ധനസഹായത്തിന് അർഹതയുണ്ട്.
7. ഒരു പെൺകുട്ടിയുടെ ആദ്യവിവാഹത്തിന് മാത്രമേ ധനസഹായം അനുവദിക്കൂ.

**അന്വേഷണ ഉദ്യോഗസ്ഥൻ**

- ഐ.സി.ഡി.എസ് സൂപ്പർവൈസർ
- തീരുമാനമെടുക്കേണ്ടത് നഗരസഭാ കൗൺസിൽ

» അപ്പീൽ അധികാരി ജില്ലാ കളക്ടർ
» ധനസഹായം മുപ്പതിനായിരം രൂപ

## 12.13 അപ്പീൽ അധികാരികൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം കൈക്കൊള്ളുന്ന തീരുമാനത്തിനെതിരെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നഗരസഭയുടെ കാര്യത്തിൽ ബന്ധപ്പെട്ട നഗരകാര്യ റീജനൽ ജോയിൻ ഡയറക്ടർമാരാണ് അപ്പീൽ അധികാരികൾ. പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായ നടപടികൾ ഉണ്ടാകുന്നില്ലായെങ്കിലും പ്രസ്തുത അപ്പീൽ അധികാരികളെ സമീപിക്കാവുന്നതാണ്.

തൊഴിൽരഹിത വേതനം, വിവാഹ ധനസഹായം എന്നിവയുടെ കാര്യത്തിൽ അതത് ജില്ലാ കളക്ടർമാർ ആണ് അപ്പീൽ അധികാരികൾ. സാമൂഹ്യസുരക്ഷാ പെൻഷന് വേണ്ടി/ധനസഹായത്തിനായുള്ള അപേക്ഷ നിരസിച്ച കൊണ്ടുള്ള അറിയിപ്പിൽ തന്നെ ഇത് സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം അപ്പീൽ സമർപ്പിക്കാവുന്നതാണെന്നും അപ്പീൽ അധികാരി ആരാണെന്നുമുള്ള വിവരം അറിയിക്കേണ്ടതാണ്.

## 12.14 ജാഗ്രത

ഈ അധ്യായത്തിൽ സൂചിപ്പിച്ച സാമൂഹ്യ സുരക്ഷാ പെൻഷനുകളും ധനസഹായവും അർഹതയില്ലാത്തവർ കൈപ്പറ്റുന്നത് ഒഴിവാക്കാനും അർഹരായ പരമാവധി പേർക്ക് സഹായം ലഭ്യമാക്കാനുമുള്ള ജാഗ്രത തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഉണ്ടാകണം. ഒരോ ജനപ്രതിനിധിയും തന്റെ വാർഡിൽ അനർഹരായവർ കടന്നുകൂടിയിട്ടുണ്ടോ എന്ന് കണ്ടെത്തി അവരെ ഒഴിവാക്കുന്നതിനായി മുന്നിട്ടിറങ്ങേണ്ടതാണ്. അതുപോലെതന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെടുന്ന പെൻഷൻകാരുടെ/പുനർ വിവാഹം ചെയ്യുന്ന വിധവകളുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ സേവനം ഈ കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്.

പെൻഷന് വേണ്ടിയുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി അംഗീകരിച്ചതിന് ശേഷം സേവനയിൽ ഡാറ്റാ എൻട്രി നടത്തി സെക്രട്ടറി ഡിജിറ്റലായി ഒപ്പുവെക്കുന്ന തീയതി മുതൽ മാത്രമാണ് ഗുണഭോക്താവിന് പെൻഷൻ ലഭിക്കുന്നത്. ഈ കാര്യത്തിൽ വരുന്ന കാലതാമസം മൂലം നഷ്ടം സംഭവിക്കുന്നത് ഗുണഭോക്താവിനാണെന്ന വസ്തുത കണക്കിലെടുത്ത് സമയബന്ധിതമായി അപേക്ഷയിൽ നടപടി സ്വീകരിക്കുന്നു വെന്ന് ഭരണസമിതിയും/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തണം.

പെൻഷനുകളും ധനസഹായങ്ങളും അനുവദിക്കുന്നത് അതാതു സമയത്ത് തന്നെ വാർഡ് സഭയുടെ പരിഗണനയ്ക്ക് കൊണ്ടുവരികയും വിലയിരുത്തൽ നടത്തുകയും വേണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത ഉറപ്പാക്കണം.

# 13

# ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ഒരു കർമ്മ പരിപാടി

എല്ലാവരേയും ഉൾക്കൊള്ളുന്ന സാമൂഹിക രീതിയുള്ള ഒരു നഗരം സൃഷ്ടിക്കുക എന്നത് സുസ്ഥിര നഗരവികസനത്തിൽ നിർണ്ണായകമായ ഒന്നാണ്. ഇത്തരം ഒരു വികസന പ്രക്രിയക്ക് നേതൃത്വം നൽകേണ്ടത് ഓരോ നഗരസഭയിലേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, പട്ടികജാതി, പട്ടിക വർഗ്ഗക്കാർ മുതലായ പ്രത്യേക പരിഗണന അർഹിക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് വേണ്ടി പ്രത്യേകമായ പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഇതിന് നേതൃത്വം നൽകേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. വിവിധ വിഭാഗങ്ങളിൽ സാമൂഹിക ക്ഷേമ പെൻഷന് അർഹരായവരെ കണ്ടെത്തി അവർക്ക് കൃത്യമായി പെൻഷൻ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഉണ്ട്.

## 13.1 നഗരസഭയുടെ ലക്ഷ്യങ്ങൾ നിർണ്ണയിക്കുക

സാമൂഹിക നീതിയും, എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ നഗരം സൃഷ്ടിക്കുക എന്നത് ആകണം നഗരത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യം. ഇതിനായി ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും, അതിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും, അവയെ വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ വികസിപ്പിക്കുകയും വേണം.

## 13.2 ലിംഗനീതിയിലേക്ക്

നഗരങ്ങളിലെ ലിംഗപദവിയെ സംബന്ധിച്ച വിശദമായ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് എല്ലാ നഗരങ്ങളിലും ഉണ്ടാകണം. ലിംഗ പദവി പഠന രേഖ എല്ലായിടത്തും തയ്യാറാക്കാൻ കഴിയണം. തൊഴിലെടുക്കുന്നവർ, തൊഴിൽ രഹിതർ എന്നിവരുടെ വിവരങ്ങൾ പ്രത്യേകമായി ഉണ്ടാക്കാം.

ലിംഗ നീതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു ജെൻഡർ

റിസോഴ്സ് സെന്റർ ഫലപ്രദമായി പ്രവർത്തിപ്പിക്കാം. സമഗ്ര ലിംഗപദവി വിവര ശേഖരണം, റിപ്പോർട്ട് തയ്യാറാക്കൽ, ലിംഗ പദവി വ്യത്യാസം മറികടക്കാനുള്ള പദ്ധതികൾ തയ്യാറാക്കൽ, അവയുടെ നടത്തിപ്പ് എന്നിവ ജെൻഡർ റിസോഴ്സ് സെന്ററിന്റെ ചുമതലയിൽ കൊണ്ടുവരാം.

സ്ത്രീ പുരുഷ വിവേചനവും ലിംഗ വിവേചനവും വിവിധ മേഖലകളിൽ ക്രമാനുഗതമായി ഇല്ലാതാക്കുന്നതിന് ആകണം ലിംഗ നീതി. ആസൂത്രണത്തിൽ ഊന്നൽ, വിദ്യാഭ്യാസം, തൊഴിൽ പദ്ധതികൾ ഏറ്റെടുക്കുക ഓരോ ഭിന്നശേഷി കുടുംബത്തിനും കുടുംബാധിഷ്ഠിത പദ്ധതി തയ്യാറാക്കുക, ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങളും, സൗഹൃദപരമായ പൊതു അടിസ്ഥാന സൗകര്യങ്ങളും സൃഷ്ടിക്കുക എന്നത് ഭിന്നശേഷി സൗഹൃദപരമായ നഗര നിർമ്മിതിയിൽ നിർണ്ണായകമാണ്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നഗരങ്ങൾ ശിശു സൗഹൃദ പരം ആക്കുക എന്നത് നിർണ്ണായകമാണ്. കുട്ടികൾക്കാവശ്യമായ പൊതുഇടങ്ങൾ, ശിശു സൗഹൃദ സ്ഥാപനങ്ങൾ, കുട്ടികൾക്ക് മാനസിക പിന്തുണ നൽകാനുള്ള സംവിധാനങ്ങൾ, കലാ കായിക കേന്ദ്രങ്ങൾ, കരിയർ ഓറിയന്റേഷൻ കേന്ദ്രങ്ങൾ, വായനശാലകൾ, കുട്ടികളുടെ ജനാധിപത്യ കൂട്ടായ്മകൾ എന്നിവ ശിശു സൗഹൃദ നഗര സൃഷ്ടിയിൽ നിർണ്ണായകം ആണ്. നഗരങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുകയും അവർക്കായുള്ള കുടുംബാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക എന്നത് സുസ്ഥിര നഗര വികസനത്തിൽ നിർണ്ണായകം ആണ്. അനാഥരായ കുട്ടികൾ, ഭിക്ഷാടകർ, കിടപ്പുരോഗികൾ, മാനസിക വൈകല്യങ്ങൾ ഉള്ളവർ തുടങ്ങി പൊതുസംവിധാനം വഴി സംരക്ഷണം ആവശ്യമുള്ളവരെ കണ്ടെത്തി അവരുടെ എല്ലാ മേഖലകളിലും നല്ല പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്ക് നീങ്ങാൻ നഗരസഭക്ക് കഴിയണം ജാഗ്രത സമിതികളുടെ ശക്തമായ പ്രവർത്തനം ഉറപ്പാക്കൽ, സ്ത്രീകളുടെ സംരംഭകത്വ ശേഷി വികസിപ്പിക്കൽ, വിവിധ മേഖലകളിൽ ലിംഗ പദവി തുല്യത ഉറപ്പാക്കൽ എന്നിവയ്ക്ക് എല്ലാം ഊന്നൽ നൽകാൻ കഴിയണം.

വയോജന സൗഹൃദപരമായ നഗരം സൃഷ്ടിക്കുക എന്നത് സുസ്ഥിര നഗര സൃഷ്ടിയിൽ നിർണ്ണായകമാണ്. അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ നൽകുക, വയോജന പരിപാലനത്തിന് സാമൂഹ്യാധിഷ്ഠിത സംഘടനാ രൂപങ്ങൾ ഉണ്ടാക്കുക. വയോജനങ്ങളുടെ സാമൂഹിക കൂട്ടായ്മകൾ ഉണ്ടാക്കുക, സ്ഥാപനങ്ങളെ വയോജന സൗഹൃദപരമാക്കുക എന്നിവയെല്ലാം വയോജന സൗഹൃദ നഗരസഭയുടെ സൃഷ്ടികളിൽ നിർണ്ണായകമാണ്.

ഭിന്നശേഷിക്കാരായ വിവിധ വിഭാഗങ്ങൾക്ക് സൗഹൃദപരമായ ഒരു നഗരം സൃഷ്ടിക്കുന്നതിന് നിരവധി ഇടപെടലുകൾ അനിവാര്യമാണ്. ഭിന്നശേഷിക്കാരുടെ സമഗ്ര ഡാറ്റാ ബാങ്ക് തയ്യാറാക്കുക, വിവിധ തരം ഭിന്നശേഷിക്കാർക്കായി പ്രത്യേ കതരം പദ്ധതികൾ രൂപപ്പെടുത്തുക എന്നിവ ഭിന്നശേഷി സൗഹൃദ നഗരസഭ എന്ന നിർമ്മിതിയിൽ നിർണായകമാണ്.

നഗരത്തിലെ അർഹരായ മുഴുവൻ മനുഷ്യർക്കും സാമൂഹിക സുരക്ഷാ പെൻഷനുകൾ ലഭ്യമാക്കാൻ നഗരസഭകൾ പ്രത്യേക ഇടപെടലുകൾ നടത്തണം. പ്രത്യേക പരിഗണന അർഹിക്കുന്ന വിവിധ വിഭാഗങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കാൻ നഗരസഭകൾക്ക് കഴിയണം. അങ്കണവാടികൾ, പകൽ വീടുകൾ,

ജാഗ്രതാ സമിതികൾ, ജെൻഡർ റിസോഴ്സ് സെന്ററുകൾ എന്നിവ ഇതിൽപ്പെടുന്നു.

ചുരുക്കത്തിൽ നഗരത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ മനുഷ്യർക്കും പിന്തുണ ഉറപ്പാക്കുന്ന ഒരു സംവിധാനം ആയി പ്രവർത്തിക്കാൻ നഗരസഭാതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയണം.